GOVT. RAJIV GANDHI INSTITUTE OF TECHNOLOGY, KOTTAYAM 2008

വൈരുദ്ധ്യങ്ങൾ

CONTRADICTIONS

"Learn latest tools in CAD & MULTIMEDIA from the leaders"



AutoCAD
Mechanical-CAD
Civil-CAD
Electrical-CAD
Architectural-CAD
Multimedia
Project Planning & Management

CADCENTER®

2nd Floor, Brindavan Complex, Opp. Joyalukkas, T B Road, Kottayam-1.
Ph: 0481 - 32 000 74, 32 565 74

The Only Autodesk Authorised Training Center in Kottayam

With Best Compliments From

CADCENTER® MEDIA & ENTERTAINMENT
TWEENS MULTIMEDIA
School of Animation & Special Effects

SERT IT CAMPUS,
2nd Floor, KTM Complex,
Near No.1 Bus Stand,
Changanassery.
Ph: 0481-2429553

Microtech Computers,
CMP Building,
Near Pvt. Bus Stand,
Ponkunnam.
Ph: 04828-222586

Contradictions
Keep existing

In mathematics:Plus & Minus;
In Physics: Action & Reaction
In Chemistry: Protons & Electrons
In War: Offense & Defence;
In Society: The Class Struggle
the mainstream & the side lined
the speaker & the silent

one can't exist without the other



CORRIDOOR
ക്യാമ്പസ്
9

ENGINE
TeKnical
39

കറുപ്പും വെളുപ്പും
കവിതകൾ
77

INTERVAL
സിനിമ. മാധ്യമം. കലകൾ
59

Message

Our college magazine for the year has become a reality and reflects the aspirations, emotion and ambition of all of us, whom belongs to the family of this prestigious institution. Pages of our magazine is rich in creative works, warm with shared emotions, serious in thinking and thoughts provoking in social commitments, which we can experience after having a journey through it. I feel very happy to take a small share of this attempt, by working units a dedicated, capable and talented team of the students of RIT.

As you g through the pages of this magazine, you can see your faces, your images, and your life. Whatever your predecessors contributed, which you have gained and transected to the RIT's cultural environment is visible in this magazine. Your seniors completed the core and left may fill with nostalgia once seeing this magazine and this may come as a reality when you also become an old student of this institution. A glance through the magazine reminds very many moments which you never wants to forget.

Working with limited funds and resources while coping with tight academic schedule is a herculean task. The student team who worked sincerely and committed towards the release of this magazine really deserves praise. I express my extreme pleasure at the moment of release of this magazine.



True
Knowledge
Always
Contradicts
Common
Sense

Biju Augustine P
Staff Editor

CREDITS

Chief Editor
Prof. J.T. Kuncheria
Staff Editor
Biju Augustine P
Student Editor
K. Nithin

Illustrations/Cartoons
Rahul Chandran
Cover
Jamsheed
Photography
Jiju Thomas
Sarath V.K

Layout
Wild Thoughts
Sujin P.S, Tony George
Printing
Penta Offset, Kottayam
Printed & Published by
K. Nithin
on behalf of the principal, RIT, Kottayam

വടവാതൂരിന്റെ ഗന്ധ(ക)ങ്ങൾ

പുറത്തുള്ളത് വൃത്തികേടും അകത്തുള്ളത് വൃത്തിയും എന്നുള്ളത് ഭാരതീയ സങ്കലപമാണ്. അതുകൊണ്ട് നമ്മുടെ മുറ്റം വൃത്തിയാക്കി വയ്ക്കുകയും വീട് വൃത്തിയാക്കി വയ്ക്കുകയും പുറത്ത് എല്ലാ വൃത്തികേടുകൾ സമാഹരിച്ചു വയ്ക്കുകയും ചെയ്യും. ഒരു നഗരം കൂടുതൽ നഗരവൽക്കരിക്കപ്പെടുമ്പോൾ തൃശ്ശൂരുള്ളവരുടെ അഴുക്കൊക്കെ ഇടാനുള്ള സ്ഥലത്തിനാണോ ലാലൂര് എന്നു പറയുക എന്ന ചോദ്യം ഉണ്ടായി തീരുന്നു. കലൂർ അങ്ങനെയാണ് രൂപാന്തരപ്പെട്ടത് കലൂരിനെയും ഒടുവിൽ നഗരം വിഴുങ്ങിയപ്പോൾ നമുക്ക് അങ്ങകലെ കൊണ്ടിടാം എന്നായി. അങ്ങകലെ എന്നൊരു സ്ഥലം എവിടെയുമില്ല.

എം.എൻ വിജയൻ

കോട്ടയത്തിന്റെ സ്വാഗത പലക മൊഴിയുന്നത് "Welcome to the city of Letters and Latex" എന്നാണ്.

അക്ഷരവും റബ്ബർ പാലും തമ്മിലുള്ള അംഗീകരിക്കാനാവാത്ത സഹവർത്തിയോടെ നഗരത്തിന്റെ വൈരുദ്ധ്യങ്ങൾ അവിടെ തുടങ്ങുന്നു.

വടവാതൂർ ഒരു പ്രതീകം മാത്രമാണ്. കോഴിക്കോടിന് ഞെളിയൻ പറമ്പും, തൃശ്ശൂരിന് ലാലൂരും എന്നപോലെ കോട്ടയത്തിന്റെ സ്വന്തം വടവാതൂർ. അനിവാര്യമായ ഒരു സത്യത്തിനു വേണ്ടി ബലിയാടുകളാകേണ്ടി വരുന്ന ഒരു ചെറിയ സമൂഹത്തിന്റെ പര്യായം .

കേരളത്തിന്റെ തെക്കു മധ്യ ഭാഗത്തായി സ്ഥിതി ചെയ്യുന്നു അക്ഷര നഗരിയായ കോട്ടയം. പതിനയ്യായിത്തിൽ പരം കുടുംബങ്ങൾ മാത്രം പാർക്കുന്നു.

പിന്നെ അനവധി ബിസിനസ്സ് /ഓഫീസ്/ബാങ്ക് സ്ഥാപനങ്ങളും, വിദ്യാഭ്യാസ സംരംഭങ്ങളും, കോട്ടയത്തിനോട് കൂട്ടിചേർക്കപ്പെട്ടിരിക്കുന്നു . അതു കൊണ്ടു തന്നെ സാമാന്യം വലിയ ഒരു ഫ്ളോട്ടിംഗ് പോപുലേഷനും ഇവിടെ നിലനിൽക്കുന്നു. അങ്ങനെ കോട്ടയം നഗരം ഏറ്റുവാങ്ങുന്ന ഖരമാലിന്യങ്ങൾക്ക് കണക്കില്ല.

ഈ മാലിന്യങ്ങളെല്ലാം നിക്ഷേപി ക്കപ്പെടുന്നത് വടവാതൂരിലാണ്. നഗരത്തിന്റെ ഹൃദയത്തിൽ നിന്ന് അഞ്ചു കിലോമീറ്റർ ദൂരത്തായി വടവാതൂരിലെ 'ഡംപിംഗ് യാർഡ്' സ്ഥിതി ചെയ്യുന്നു. കെ.കെ റോഡ് എന്ന NH 220 ഉം യാർഡും തമ്മിലുള്ള ദൂരം വെറും പത്തോളം മീറ്റർ മാത്രമാണ്. 1950 കളിലും 60 കളിലും, വടവാതൂരിലെ യാർഡ് കമ്പോസ്റ്റ് നിർമ്മാണത്തിനായിരുന്നു ഉപയോഗിച്ചിരുന്നത് . കാരണം അന്ന് നഗരം ഇത്രയും വികസിച്ചിരുന്നില്ല. നിവാസികളുടെ സംസ്കാരത്തിനും ജീവിത ശൈലിക്കും തനിമ നഷ്ടപ്പെട്ടിരുന്നില്ല.മാലിന്യങ്ങൾ ജൈവവും സംസ്ക്കരിക്കത്തക്കതുമായിരുന്നു. പിന്നീട് കാലക്രമേണ മാലിന്യങ്ങളുടെ സ്വഭാവത്തിലും ഘടനയിലുമെല്ലാം മാറ്റങ്ങൾ വന്നു. കമ്പോസ്റ്റിംഗ് കൂടുതൽ കഠിനമായി. പരിണിതഫലമായി ശരിയായ രീതിയിൽ സംസ്ക്കരണം നടക്കാതെയായി. പലപ്പോഴും മാലിന്യങ്ങൾ കത്തിച്ചു. പരിസ്ഥിതി മലിനീകരണം ഇന്നും നിയന്ത്രണമില്ലാതെ നടക്കുന്നു. ഇവിടെ സുവ്യക്തമാകുന്ന കാര്യം സംസ്ക്കരണം തീർത്തും അശാസ്ത്രീയവും വൃത്തിഹീനവുമാണ് എന്നതാണ്.

ഒരു പ്രൊഫഷണൽ ക്യാമ്പസ്സിന്റെ, ചുറ്റും കണ്ണോടിക്കാനുള്ള വിമുഖത, സ്വാഭാവികമായ ചില അജ്ഞതകൾ, അവയൊക്കെ മറികടക്കാനുളള ശ്രമത്തിനിടയിലാണ് പത്ര റിപ്പോർട്ടുകളിൽ നിന്നും മറ്റും വടവാതൂരിന്റെ വഷളായി കിടക്കുന്ന അവസ്ഥയെ പറ്റി ബോധവാൻമാരായത് .പിന്നീട് എഡിറ്റേഴ്സ് ക്യാമ്പിൽ വച്ചാണ് കോട്ടയത്തിന്റെ ഏക ഗവ എഞ്ചിനീയറിംഗ് കോളേജിലെ മാഗസ്സിനിൽ വടവാതൂർ ഉൾപ്പെട്ടേ പറ്റൂ എന്നും, ആധികാരി കമല്ലെങ്കിലും ഒരു ചെറുവിരലനക്കമെങ്കിലും

നടത്തുവാൻ തുനിഞ്ഞത്. സത്യത്തിൽ അതിന് ശേഷമായിരുന്നു ബസ് യാത്രകളിൽ വടവാതൂരിലെ ദുർഗന്ധം ഞങ്ങളെ ശല്യം ചെയ്യാൻ തുടങ്ങിയത്. പിന്നീട് 'ഒച്ച്' എന്ന പേരിൽ നടത്തിയ വേറിട്ട ക്യാമ്പസ്സ് സർവ്വേയിൽ ഒരുപാടു വിമർശനങ്ങൾക്കു പാത്രമായി വടവാതൂരിനെപ്പറ്റിയുള്ള ചോദ്യം. ക്യമ്പസ്സ് സർവ്വേ യിൽ എന്തിന് അതൊക്കെ ഉൾപ്പെടുത്തി?, എന്താണ് ഉദ്ദേശ്യലക്ഷ്യം? എന്നൊക്കെയായിരുന്നു നിശ്ശബ്ദ വിമർശനങ്ങൾ. പക്ഷേ ഒന്നു സുനിശ്ചയമാണ്, ആ ചോദ്യം വായിച്ചതിന് ശേഷം , വടവാതൂരിലെത്തുമ്പോൾ ശ്രദ്ധിച്ചു തുടങ്ങിയവർ ക്യാമ്പസ്സിലുണ്ട്.

അങ്ങനെ വടവാതൂരിന്റെ ദുർഗന്ധം വമിക്കുന്ന സത്യങ്ങളിലേക്ക് ഞങ്ങൾ നടന്നു കയറി. ആഗസ്റ്റ് 2 ന് ഞങ്ങൾ 3 പേർ വടവാതൂരിലിറങ്ങി. ഡംപിംഗ് യാർഡ് എവിടെയാണെന്ന് ചോദിച്ചു മനസ്സിലാക്കി. ഡംപിംഗ് യാർഡിന്റെ തൊട്ടടുത്തുള്ള പെട്രോൾ പമ്പിലെ ജീവനക്കാരനിൽ നിന്നും തുടങ്ങി. പ്രതീക്ഷിച്ചതു പോലെ മാലിന്യകൂമ്പാരങ്ങളെയും ദുർഗന്ധത്തെയും കുറെ

ചീത്തവിളിച്ചു. ഫോട്ടോ എടുക്കാൻ തുനിഞ്ഞപ്പോൾ വിസ്സമ്മതിച്ചു.

യാർഡിന്റെ ഗേറ്റ് കെ കെ റോഡിൽ നിന്ന് വെറും പത്തോ ഇരുപതോ മീറ്റർ ദൂരത്താണ്. യാർഡിലേക്കുള്ള റോഡിന്റെ തുടക്കത്തിൽ ഗിരിദീപം സ്കൂളിന്റെയും മറ്റും ബോർഡ് കാണാം. ഗേറ്റ് അടഞ്ഞുകിടന്നു. കാവൽക്കാരനില്ലാതെ പൊളിഞ്ഞു കിടക്കുന്ന മുറിയുമുണ്ട്. മാലിന്യകൂമ്പാരം മുന്നിൽ

കാണുമ്പോൾ ഉണ്ടാവുന്ന അറപ്പ്, അവിടെ വിഹരിക്കുന്ന നായ്ക്കളും, കാക്കയുമൊക്കെ തന്നെയാണ് കാവൽക്കാർ എന്നു തോന്നുന്നു.

അതു വഴി കയറുന്നത് ബുദ്ധിയല്ലെന്നതു കൊണ്ട് മുന്നോട്ടു നടന്നു. ടാറിട്ട റോഡിൽ അവിടവിടെ കുഴികൾ. അവയിലേക്ക് ഒലിച്ചിറങ്ങുന്ന കറുപ്പും കാപ്പിയും കലർന്ന മലിനജലം. ക്യാമറയ്ക്ക് കണ്ണു പൊത്തേണ്ടി വരുന്ന രംഗങ്ങൾ വരാനിരിക്കുന്നതേയുണ്ടായിരുന്നുള്ളു .

തീർച്ചയായും, പ്രഥമദൃഷ്ട്യ കുറ്റപ്പെടുത്തുക വയ്യ. യാർഡ്, മെയിൻ റോഡിന് ചേർന്നാണെങ്കിലും 50-ാളം വർഷങ്ങളായി അതവിടെ നിലനിൽക്കുന്നു എന്നത് ,ചുറ്റുവട്ടത്ത് പൂട്ടി പേകേണ്ടി വന്ന ആശുപത്രിയും, നിലനിൽക്കുന്ന വിദ്യാലയവുമൊക്കെ എന്തിന് അവിടെ തുടങ്ങി എന്ന ചോദ്യത്തിലേക്കെത്തിക്കും.

പക്ഷേ, മുന്നോട്ടു നടന്നപ്പോൾ, യാർഡിനു പിന്നിൽ മനുഷ്യർ താമസിക്കുന്ന ഒരു കോളനി തന്നെയുണ്ട് എന്നറിഞ്ഞപ്പോൾ, ആ റോഡ് ലോറികൾക്ക് യാർഡിലേക്ക് കയറാൻ വേണ്ടി മാത്രല്ല ,അവിടുത്തെ നിവാസികളുടെ പോക്കുവരവിന്റെ മാധ്യമം ആണെന്നറിഞ്ഞപ്പോൾ, ഉള്ളിലൊരു നീറ്റലും പ്രതികരിക്കാനുള്ള തീക്ഷണമായ വെമ്പലു മുണ്ടാവുന്നത് സ്വാഭാവികം.

അപ്പോൾ ഉയർന്നു വരുന്ന ചോദ്യം, എന്തിന് ആ മനുഷ്യർ ഇത്തരത്തിലൊരിടത്ത് താമസമാക്കി. ഉത്തരങ്ങൾ വെളിപ്പെടുന്നു. 'രാജീവ് ഗാന്ധി നിർമ്മാൺ യോജന'യിൽ ഉൾപ്പെടുത്തി, നഗരസഭ തന്നെ കുടിയിരുത്തിയ പാവങ്ങളാണ് അവർ.

ഞങ്ങൾ ആരും കാണാതെ യാർഡിന്റെ അകത്തു കയറാൻ കോളനിക്കുള്ളിലൂടെ, കയറ്റിറക്കങ്ങളിലുടെ

മുന്നോട്ട് പോയി. തീപ്പെട്ടി കൂടുകൾ പോലെ വീടുകൾ സമതലമില്ലായ്കയിൽ നിരത്തിയിരിക്കുന്നു

ഒരു വീടിന്റെ മുന്നിലെത്തി അവിടുത്തെ ബിന്ദു ചേച്ചിയോട് കാര്യങ്ങൾ അന്വേഷിച്ചു. വടവാതൂരിൽ പ്രക്ഷോഭങ്ങൾ എല്ലാ വർഷവും നടക്കുന്നു. രാഷ്ട്രീയ, മുതലെടുപ്പുകളിൽ പര്യവസാനിക്കുന്നു.ഇവിടെയും അവർ ഫോട്ടോയെടുക്കാൻ സമ്മതിച്ചില്ല.

സാഹസികമായി ഊടുവഴികളിലൂടെ, വീടുകൾക്കിടയിലൂടെ, താമസക്കാരുടെ കൗതുകത്തിനിടയിലൂടെ, കമ്പിവേലികൾക്കിടയിലൂടെ ഊർന്നിറങ്ങി യാർഡിന്റെ പിന്നിലെത്തി. അവിടെ 'ലാൻഡ് ഫില്ലിംഗ്' എന്ന പ്രതിഭാസത്തിനു വേണ്ടി കുഴിച്ച വലിയ കുഴികൾ. (മാലിന്യങ്ങൾ കുഴികളുണ്ടാക്കി ഇട്ടു മൂടുക എന്ന മറ്റൊരു അശാസ്ത്രീയ തത്വത്തിന്റെ ബാക്കി വെയ്പ്).

കുഴികൾക്ക് സമീപത്ത് ഒരു മൺത്തിട്ടയിൽ നിന്ന് യാർഡിന്റെ ഉള്ളിലെ പ്രോസസിംഗ് യൂണിറ്റിന്റെ ഫോട്ടോയെടുത്തു .അതിനിടെ ശിവദാസൻ എന്നയാളെ പരിചയപ്പെട്ടു. ഈ പ്രശ്നം ഇത്രയും വഷളായതു പുതിയ പ്രോസസിംഗ് യൂണിറ്റ് വന്നതിനു ശേഷമാണത്രേ. 'റാംക്കി' എന്ന ഒരു കമ്പനിയെ കരാറേൽപിച്ചതിനുശേഷം അവർ നടത്തുന്ന അശാസ്ത്രീയ സംസ്ക്കരണത്തിന്റെയും ഉപയോഗിക്കുന്ന കെമിക്കലുകളുടെയും ഭാഗമായിട്ടാണത്രെ ഗന്ധം ഇത്രയും അസഹനീയമായത്. അവിടെ കാൻസർ അടക്കമുള്ള രോഗങ്ങൾ പടരുന്നതിനെപ്പറ്റി പറഞ്ഞു. മാധ്യമങ്ങളുടെ പൊള്ളത്തരത്തെയും വിമർശിച്ചു കൊണ്ട് ഞങ്ങളുടെ സംരംഭത്തിന് ആശംസകൾ നൽകി കടന്നുപോയി.

ഞങ്ങൾ പിന്നിലൂടെ യാർഡിലേക്ക് കയറി. വിമർശിക്കാൻ ആവില്ല. നമ്മൾ കളഞ്ഞ മിഠായി കടലാസുകളെങ്കിലും അതിലുണ്ടാവും. പക്ഷേ ക്യാമറ അറച്ചു പോകുന്ന രംഗങ്ങൾ. ഒരു വൈരുദ്ധ്യമെന്ന പോലെ ഫോട്ടോയുടെ ബാക്ക്ഗ്രൗണ്ടിൽ ഫ്ളാറ്റുകളും

ഗിരിദീപം സ്കൂളും. അശാസ്ത്രീയതയെ വെല്ലു വിളിക്കാതെ വയ്യ. മൂക്കുപൊത്തികൊണ്ട് പിന്നിട്ട വഴികളിലൂടെ നടന്നു.

ശാസ്ത്രീയ വശങ്ങളെ അടത്തറിയുവാൻ വടവാതൂർ സ്റ്റോപ്പിനടുത്ത് പുന്നൻ തോമസ് സാറിന്റെ Tropical of Institute of Ecology- ൽ ചെന്നു. അദ്ദേഹം നടത്തിയ പഠനങ്ങളിൽ സംസ്ക്കരണത്തിന്റെ അശാസ്ത്രീയ തയെയും റാംകി കമ്പനി നടത്തുന്ന Aerobic Decomposition-ലെ അപാകതകളെയും പറ്റി അിറഞ്ഞു. സത്യത്തിൽ വെറും 30 % ആണത്രേ ഈ രീതിയിലൂടെ റീസൈക്കിൾ ചെയ്യപ്പെടുന്നത്. ലാൻഡ് ഫില്ലിംഗ് എന്ന വിഡ്ഢിത്തവും ചോദ്യം ചെയ്യപ്പെട്ടു. ഇവിടെ സംഭവിക്കുന്നത്, 60–70% മാലിന്യം സംസ്ക്കരണയോഗ്യമാണെങ്കിലും നഗരവാസികൾ Segregated waste management സ്വീകരിക്കാതെ ജൈവമാലിന്യങ്ങൾ ഒരു പ്ളാസ്റ്റിക് കവറിലിട്ട് പുറത്തു തള്ളുന്നു. അങ്ങനെ അവ വേർപെടുത്താൻ പറ്റാതെ വരുന്നു.

വീടുകളിൽ വച്ചു തന്നെ സംസ്ക്കരണയോഗ്യവും അല്ലാത്തതുമായവ വേർപിരിക്കണം. ഇത്തരത്തിൽ കുടുംബശ്രീയുടെയുടെയും മറ്റും സഹായത്തോടെ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ Waste management നടത്താം. ഇപ്പോഴത്തെ യാർഡിന്റെ അവസ്ഥയിൽ, നിലനിൽക്കുന്ന കമ്പനിയുടെ കരാർ നിർത്തിച്ച് മാലിന്യ കൂമ്പാരത്തെ മണ്ണിട്ടു മൂടി അതിനു താഴെ ഉണ്ടായിട്ടുള്ള വൻ മീതെയ്ൻ ശേഖ രത്തെ ഡ്രില്ലുചെയ്തു പൈപ്പുകൾ വഴി Street light കൾക്ക് വേണ്ടി ഉപയോഗിക്കാം. പുന്നൻ സാറിന്റെ അഭിപ്രായത്തിൽ ഈ മീതെയ്ൻ ശേഖരം ഒരു മാരക സ്ഫോടക ശേഷിയുള്ള ബോംബിന് സമമാണ്.

"Waste is a wealth unless at a wrong place "

ഇതെല്ലാം സംഭവ്യമാണെങ്കിലും അധികാരികളും അതിലുപരി കുടിവെള്ളം പോലും മലിനമായി കിടക്കുന്ന ചുറ്റു വട്ടത്തുകാരും മുൻ കൈ എടുക്കണം. നമ്മൾ വിദ്യാർത്ഥികൾക്ക്, എഞ്ചിനീയർമാർക്ക് കൂടുതൽ മെച്ചപ്പെട്ട സംസ്ക്കരണ രീതികൾ വികസിപ്പിക്കാൻ ശ്രമിക്കാം, അതിലുപരി മാലിന്യങ്ങളുടെ കാര്യത്തിൽ നമ്മുടെ മുൻകാല ആലസ്യങ്ങളെയും വൈരുദ്ധ്യങ്ങളെയും തിരുത്തിക്കുറിക്കാം.

കെ. നിതിൻ
നിബിൻ തോമസ്
അർജ്ജുൻ

Corridor

ക്യാമ്പസ്

One day I will miss these benches
One day I will miss these walls
One day for me there would be no roll calls
So let me embrace my campus contradictions

പ്രിയ സഖാവേ,

പത്തുവർഷങ്ങൾക്കു മുമ്പ് കോളേജ് ഹോസ്റ്റലിന്റെ കുടുസ്സുമുറിയിൽ കിടക്കാൻ അത്രയൊന്നും സുഖമില്ലാത്ത നമ്മുടെ കട്ടിലിലിരുന്ന് ഏതോ ഒരു വിരഹഗാനം പാടിക്കൊണ്ടിരുന്ന നിന്നെ ഇപ്പോഴും അതേപോലെ ഞാനോർത്തിരിക്കുന്നു. എന്തിനെല്ലാം വേണ്ടി നമ്മൾ പിണങ്ങിയിരിക്കുന്നു. പക്ഷേ നിന്നെ ഞാൻ അത്രയേറെ സ്നേഹിച്ചിരുന്നു. ആ സ്നേഹം ഇന്ന് എന്റെ മനസ്സിന്റെ തടവറ ചാടി പേനത്തുമ്പിലൂടെ വാക്കുകളായി കടലാസിലേക്കു പകർത്തുകയാണ്. ഈ നീണ്ട പത്തുവർഷങ്ങളുടെ മുറിപ്പാടുകൾ ഈ സ്നേഹത്തിലുണ്ട്.

നമ്മൾ എത്രയോ ദൂരം താണ്ടിക്കഴിഞ്ഞിരിക്കുന്നു. തിരിഞ്ഞു നോക്കുമ്പോൾ നിനക്കെന്തു തോന്നുന്നു?

ഒരിക്കലും... യമഹയുടെ അട്ടഹാസങ്ങളെ വകവച്ചിട്ടില്ലാത്ത നീ... നിന്റെ ശാന്തസ്വഭാവം... ഒട്ടും അക്രമാസക്തമല്ലാതിരുന്ന നിന്റെ മനസ്സ്.... പ്രലോഭനങ്ങളുടെ അതിപ്രസരത്തിൽ മയങ്ങിപോകാത്ത അചഞ്ചലമായ ഭാവം... ഞാൻ ഒരു 'താന്തോന്നി'യായിട്ടും നീ എന്നെ സഹിച്ചു നിന്റെ ജീവിതത്തിന്റെ താളം എന്റെ അപശ്രുതിയുമായി ഇടകലർന്നിട്ടും...

നിന്റെ മെലിഞ്ഞ ശരീരത്തിനുള്ളിലെ ആത്മാർത്ഥമായ ആ മനസ്സിനെ ഞാൻ ഇഷ്ടപ്പെട്ടിരുന്നു.

തനിയേ നടന്നു. എന്റെ വഴിയിൽ പകുതിയോളവും നീ കൂട്ടു വന്നു...

സന്ധ്യാനേരങ്ങളിൽ നമ്മൾ പാതയോരത്തെ ജീവിതങ്ങളെ നോക്കി നിന്നു, തീറ്റ തേടി പറന്നു തളർന്ന പറവകൾ സന്ധ്യാംബരത്തിലൂടെ ചേക്കേറാൻ പോകു

അമല | 3 സിവിൽ

ന്നതു നോക്കി നിന്നു. അന്ന് നമ്മുടെ വസന്തകാലമായിരുന്നു. ജീവിതം ചുവന്നിരുന്നു, ആ സന്ധ്യയെപ്പോലെ... എന്റെ മനസ്സിൽ പ്രണയം മൊട്ടിട്ടതും. അത് തളിർത്തതും പൂവിട്ടതും വാടിക്കൊഴിഞ്ഞതുമെല്ലാം നീയുമറിഞ്ഞിരുന്നു. കേവലമായ സൗഹൃദത്തിനപ്പുറം ആഴമേറിയ ആത്മാർത്ഥതയായിരുന്നു എനിക്കു നീ..

പേരാലിന്റെ ചോട്ടിൽ പെറ്റുവീണ കുഞ്ഞിനെപ്പോലെ എപ്പോഴും നിന്റെ തണൽ എന്റെ മേലെയുണ്ടായിരുന്നു.

നിന്റെ ജീവിതം എത്രത്തോളമായി സഖാവേ? ഇപ്പോഴും നിനക്ക് ആ പഴയ മനസ്സു തന്നെയാണോ? അതോ കാലത്തിന്റെ ചക്രങ്ങൾ നിന്റെ മനസ്സിനെയും മാറ്റിയെടുത്തുവോ?

നീ നിന്റെ ആദർശങ്ങളൊക്കെ അതേ പോലെ തന്നെ വഹിച്ചുകൊണ്ടുപോകുന്നുവോ? ഞാൻ ഇവിടെ മരുഭൂമിയിൽ, വൃദ്ധനായ ഒരു ഒട്ടകത്തിനെപ്പോലെ ഭാരമെടുത്തു തളർന്നിരിക്കുന്നു...

പണ്ടേ പ്രവാസിജീവിതം എനിക്ക് ഇഷ്ടമായിരുന്നില്ല, നിനക്കും...

പക്ഷേ ഞാൻ നിർബന്ധിതനായിപ്പോയി സഖാവേ... എന്തുചെയ്യാം അനുഭവങ്ങൾ എന്നെ അത്രത്തോളം മാറ്റിയിരിക്കുന്നു.

നമ്മളൊന്നിച്ചാണല്ലോ വായനശാലയിൽ നിന്ന് വയലാറിന്റെ 'പ്രൊക്രൂസ്റ്റ്സ്' എടുത്തുകൊണ്ടുവന്നു വായിച്ചത് അതു വായിച്ച് പരസ്പരം കേൾക്കുമ്പോൾ... എത്രയോ വിപ്ലവഗാനങ്ങൾ നമ്മളൊന്നിച്ചു പാടി.... അതു നൽകിയ ഓർമകൾ.... പൂർവ്വകാലസ്മരണകൾ നമ്മുടെ രക്തം തിളച്ചുപൊന്തിയിരിന്നു അന്നൊക്കെ...

ഇന്ന് ഒന്നുമില്ല... അഗ്നിയിൽ എരിഞ്ഞു തീർന്നാലും എന്റെ രക്തം തണുത്തുവിറങ്ങലിച്ചിരിക്കും. ഞാൻ പാതിയോളം ചത്തിരിക്കുന്നു സഖാവേ...

ഈ കമ്പനി എന്നെ അത്രയേറെ പിഴിഞ്ഞൂറ്റിയെടുത്തിരിക്കുന്നു. എന്റെ മനസ്സിന്റെ സത്തു മുഴുവൻ...

ഈ കത്തെഴുതിക്കൊണ്ടിരിക്കുന്ന ഈ നിമിഷം എന്റെ മനസ്സിൽ നിറയെ തണുപ്പാണ്.

ആശ്വാസത്തിന്റെ തണുപ്പ്.

ഇതു നീ വായിക്കുന്നു എന്നു സങ്കൽപ്പിക്കുമ്പോൾ നിന്റെ മനസ്സിലൂടെ ഇപ്പോൾ നമ്മുടെ ആർ.ഐ.ടി.യുടെ ക്യാംപസും കുന്നും മലകളും വീഥികളുമൊക്കെ കടന്നു പോകുന്നു എന്നോർക്കുമ്പോഴാണ് സഖാവേ, സൗഹൃദത്തിന്റെ സുഖം ഞാനറിയുന്നത്. നമ്മളൊന്നിച്ചു നടന്ന വഴികളിൽ ആ മണ്ണിന്റെ നെഞ്ചിൽ ആ കാൽപ്പാടുകൾ പതിഞ്ഞിരുന്നില്ലേ?

ആ മൺതരികൾ ഇന്നും അത് ഓർമവച്ചിട്ടുണ്ടാകും ആ മുറി നിനക്കോർമയുണ്ടോ? കോളേജ് ഹോസ്റ്റലിലെ മുട്ടോളം ചെളിയുള്ള നമ്മുടെ സാമ്രാജ്യം? നമ്മൾ അലക്ഷ്യമായി നിരന്നു കിടക്കുന്ന പുസ്തകങ്ങൾ...

ഓർമിക്കാൻ സുഖമുണ്ട്...

തുറന്നിട്ടാൽ കോളേജിന്റെ ഗോപുരം കാണാൻ പാകത്തിലുള്ള ജനാലകൾ....

ആ ജാലകങ്ങളിലൂടെ ഇരുട്ടു പിടിച്ച ആകാശത്തിലേയ്ക്ക് കണ്ണിമയ്ക്കാതെ നോക്കിയിരുന്ന രാത്രികൾ...

അന്നൊക്കെ നക്ഷത്രങ്ങൾ പോലും നമ്മളോട് സംസാരിക്കുമായിരുന്നു...

ഇന്ന് പ്രകൃതിയ്ക്കു പോലും വേണ്ടപ്പെട്ടവരല്ല നമ്മൾ എന്നു തോന്നുന്നുണ്ടോ? എനിക്ക് ആ തോന്നൽ ഇല്ലാതില്ല.

മനസ്സ് ഇരുട്ടുപിടിച്ചിരിക്കുന്നു.

അതിനിടയിൽ എനിക്കു കല്യാണാലോചനകളുണ്ടാകുന്നു സഖാവേ, ഞാനിപ്പോഴും ഒറ്റത്തടിയാണ്...

എനിക്കിനി ഒരു കൂട്ട് കിട്ടിയിട്ട് എന്തു കിട്ടാൻ ?

മടുക്കുകയാണ് ഈ ജീവിതം... (ഭയപ്പെടേണ്ട, ആത്മഹത്യ ചെയ്യാൻ മാത്രം ധൈര്യമുള്ളവനല്ല ഞാൻ എന്നു നിനക്കറിയാമല്ലോ....)

ഈ പത്തു വർഷങ്ങൾ എന്നെ സംബന്ധിച്ചിടത്തോളം ഒട്ടും സജീവമായിരുന്നില്ല. എല്ലാം കൊണ്ടും നിർജീവമായ പത്തു വർഷങ്ങൾ.... എനിക്കു നീ എന്റെ ആരൊക്കെയോ ആയിരുന്നു. ഉള്ളിന്റെയുള്ളിൽ സൗഹൃദത്തിനപ്പുറം ഒരു ആദരവും കൂടി ഞാൻ കാത്തുസൂക്ഷിച്ചിരുന്നു....

(അതു ഞാൻ പ്രകടിപ്പിച്ചിരുന്നില്ല,,, "വെറുതേ എന്തിനാടാ നമ്മൾ തമ്മിൽ ആവശ്യമില്ലാത്ത ദൂരം")

ഒരു കത്തെഴുതുവാൻ പോലും ഇക്കഴിഞ്ഞ കാലങ്ങളിൽ എന്റെ മനസ്സ് തയ്യാറായിരുന്നില്ല. കാരണം ഞാൻ പറഞ്ഞില്ലേ? ഈ കാലയളവിനിടയ്ക്ക്, സദാചാരമൂല്യങ്ങൾക്കൊന്നും ഒരു വിലയുമില്ലാതായി എന്നു തോന്നിയിട്ടുള്ള സന്ദർഭങ്ങൾ വരെയുണ്ടായിട്ടുണ്ട്. ജീവിതം വിരസമായി തോന്നിപ്പോയി.

നമ്മൾ കണ്ട സ്നേഹമൊക്കെ സ്വാർത്ഥതയായിരുന്നു സഖാവേ.. ഞാൻ ജീവിതത്തിന്റെ മുന്നിൽ പകച്ചുനിൽക്കുകയാണ്. എന്തു ചെയ്യേണമെന്നറിയില്ല. അന്നൊക്കെ എന്തെല്ലാം ലക്ഷ്യങ്ങളായിരുന്നു? നിനക്കും..... എനിക്കും.... ഇപ്പൊഴോ?

തിരിച്ചു നാട്ടിലെത്തിയപ്പോൾ സ്നേഹിച്ചിരുന്ന നാടു പോലും എന്നെ ഒരു അപരിചിതനെപ്പോലെ തുറിച്ചുനോക്കുകയായിരുന്നു. നീയും അങ്ങനെയായിരിക്കുമോ? ആളുന്ന അഗ്നിക്കു നടുവിൽ നിൽക്കുന്നതുപോലെ തോന്നുന്നു. പക്ഷേ എനിക്ക് പ്രത്യേകിച്ചൊന്നും തോന്നുന്നില്ല. രക്ഷപെടാനും തോന്നുന്നില്ല. ഉരുകിത്തീരാൻ തോന്നുകയാണ്. ചുറ്റുപാടും കരിന്തിരിയാളുകയാണ്. ഈ "നിരാശ" എനിക്കെവിടെ നിന്നു വന്നു എന്നറിയില്ല. പ്രത്യാശയില്ലാത്ത നിരാശ...

സർവ്വവും കറുപ്പാണ് നമ്മളൊന്നിച്ചു നടന്ന ആ വഴികൾ... ആ കാലം മാത്രമാണ് എന്റെ സ്മൃതിയിലെ സുഖമുള്ള ഓർമ്മകൾ. എന്നെ ആ പഴയ സഹയാത്രികനായി, കൂട്ടുകാരനായി ഓർക്കാൻ കഴിയുന്നുവെങ്കിൽ നീ പ്രതികരിക്കുക... എഴുത്തുകൾക്ക് കൈമാറാൻ അറിയില്ലാത്ത സുഖങ്ങളുണ്ടോ സഖാവേ...? നിർത്തട്ടെ... സ്വന്തം...

Deena Jose | 6 Computer

A Thought to Ponder...

Life ... how short a span of time ? Just a little while to smile and it's all over.

Reach one of us have to go through the ups and downs in life. But, we get so engrossed in these hurdles and hardships of life that the joys and blessings that life has gifted us with become hazy.

But, any adversity in life has to be overcome with a cheerful heart. Theres's no use getting frustrated but one must keep a positive attitude and hope for the best. And imagine, after a long struggle, we could sit back and think how neatly we have handled all the mess.

When you're into a problem, just believe that ithas come up for your good. It is just and opportunity to show the world how patient you remain and tackle it as neatly as possible.

There are many other little things in life that go unnoticed in our struggle to be the most popular person in class, workplace etc.... These are things that may 've been engraved in our minds during our childhood days but now forgetten for behind.

First of all, an immensely important part of life is our family. Enjoy every single minute you spend with your family. honestly.... those few moments can boost up your spirits incredibly. And if you have a younger sibling to pester you, it's even more fun.

Who else could come after your family ? They're our friends. It is not about having many but a couple of good friends who will not leave you stranded even when the whole world is against you.

Now..... the heart, ... Keep it warm with numerous good virtues. But, Please.......... Dont' let your heart become hollow and void with grudge, anger, envy and so on......

Always be what you are and never imitate anybody. Mean what you say and only what you mean.

Hey......... most important .... GOD............ Remember HIM. Always......... every moment of your life. Just speak to HIM. That's the easiest way to pour down your feeling anywhere, anytime.

God responds...... you know that.........?? But HE responds in ways we don't understand.

Not the least, PLEASE SMILE. If you can't, then learn to smile. A smile works miracles, no matter what the situation.

Do we all live this ? Never .... We won't give these things a little thought unless we are in a crisis or something very dear has slipped away.

Well...... that's human nature. So lets be grateful for all that we are live our lives such that even if life gives a thousand reasons to cry, we would have a million reasons to SMILE...

മുച്ചക്ര പൈലറ്റ്

RITയിൽ നിന്നും പുതിയ അക്ഷാംശങ്ങളിൽ ചേക്കേറിയ സാഹിത്യകുതുകി ഒരു കഥയെഴുതി. കഥയുടെ വിഷയവൈരുദ്ധ്യങ്ങൾ എന്തു തന്നെയായാലും കഥയുടെ തുടക്കം ഇങ്ങനെയായിരുന്നു.

ബസ് നിന്നു, പാതി സംശയത്തോടെ. നിമിഷാർദ്ധത്തിൽ കിളി അയാളെ തള്ളി വിട്ടു. ആ ഉന്തലിന് പോയ കാലത്തിന്റെ അതിരുകളിലെത്തിക്കാൻ മാത്രം പ്രാപ്തി യുണ്ടായിരുന്നു.

ശാപമോക്ഷം കിട്ടിയവരെ പോലെ ഇലകൾ പൊഴിച്ച് വശ്യസൗന്ദര്യമുറ്റി നിൽക്കുന്ന റബ്ബർ മരക്കൂട്ടങ്ങൾ തെളിയാൻ തുടങ്ങി.

ജംഗ്ഷന്റെ ഇട്ടാവട്ടത്തിൽ അവിടവിടെ ചില അപരിചിതത്വങ്ങൾ.

എന്നാൽ ഇടതുവശത്തെ മൂലയിൽ, അതേ സ്ഥാനത്ത് ഒറ്റകൈയ്യിലോടുന്ന മുച്ചക്ര

വിമാനത്തിലിരുന്ന് ഗോപാൽജി കൈ വീശുന്നുണ്ടായി രുന്നു.

ഗോപാൽജിക്ക് **RIT**യുടെ വിഹായസ്സിലുള്ള പ്രസക്തി ഇതാണ്.

ഇവിടെ കാൽപ്പാടുകൾ പതിപ്പിച്ച ഒരു മാഷൻമാർക്കും അവകാശപ്പെടാനാവാത്ത അമരത്വം. പഠിച്ചിറങ്ങിയ തലമുറകൾക്ക് തിരിഞ്ഞു നോക്കുമ്പോൾ ഈ കഥാപാത്രത്തെ ഒഴിച്ചു നിർത്തുക അസാധ്യം. ഗോപാലനില്ലാതെ ക്യാമ്പസ് പൂർണമാകുന്നില്ല, ക്യാമ്പ സില്ലാത്ത ഒരു അസ്ഥിത്വം ഗോപാൽജിക്കുമില്ല.

യഥാർത്ഥ പേര് ഗോപാലകൃഷ്ണൻ. ഊര് വടക്കെ മലബാറിലെ പയ്യന്നൂരിനടുത്ത് മാത്തിൽ ഗ്രാമം.

ഇതിൽ കൂടുതലായി ഒന്നും വെളിപ്പെടുത്താറില്ല ഗോപാൽജി. വടക്കു നിന്നും കോട്ടയത്ത് വന്നു പാർത്തതിന്റെ പൊരുളും മുൻകാല ചരിത്രവും(?) എല്ലാം അതിഗൂഢമായി സൂക്ഷിക്കുന്നു.

ക്യാമ്പസ്സിലെ ഒരു മെൻസ് ഹോസ്റ്റലും രണ്ടു ലേഡീസ് ഹോസ്റ്റലുമടങ്ങുന്ന ഭൂരിപക്ഷത്തെ അക്ഷ രാർത്ഥത്തിൽ ഊട്ടുന്നത് ഗോപാൽജിയാണ്.

ഗോപാൽജിയുടെ ശകടം തലങ്ങും വിലങ്ങും നിർത്താതെ പായുന്നതു കൊണ്ടാണ് സമയത്തു ഭോജനം കഴിക്കുന്നതെന്നു സാരം.

എന്നാൽ ഗോപാൽജി ഇല്ലെങ്കിൽ ഇതൊന്നും നടക്കില്ല എന്നല്ല.

ചില വേളകളിൽ ഗോപാലൻ പിണങ്ങി പോകുമ്പോൾ ഭവിഷ്യത്ത് അനുഭവിക്കുന്ന മെസ്സ് സെക്രട്ടറിമാർക്ക് അറിയാം അതിന്റെയൊരു വ്യത്യാസം.

ഗോപാൽജി ഇടയ്ക്ക് അഭിപ്രായങ്ങൾ പടച്ചു വിടും. അവ മുഖവിലക്കെടുക്കുകയും അംഗീകരിക്കുകയും ചെയ്തില്ലെങ്കിൽ പിന്നെ പുകിലായി, ഒച്ചപാടായി. ഒരു വാക്കൗട്ടും ഒന്നോ രണ്ടോ ദിവസത്തേക്ക് മാറി നിക്കലും ഉറപ്പ്. അതു കഴിഞ്ഞ് ഒന്നും സംഭാവിക്കാത്തതുപോലെ ഒരു മടക്കമുണ്ട്. എന്നാൽ ഗോപാലൻ പറഞ്ഞത് നല്ല തിനായിരുന്നു എന്ന് അപ്പോഴേക്കും തെളിഞ്ഞിട്ടുണ്ടാ വും.

ഇപ്പറഞ്ഞതെല്ലാം **RIT** യിൽ കുറേ വർഷങ്ങളായി ഒരാവർത്തനം പോലെ നടക്കുന്നതാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും ഇട യ്ക്കൊരു 'ഡിമാൻഡ്' ആക്കലുണ്ട് ഗോപാൽജിക്ക്. തനിക്ക് ഭയങ്കര തിരക്കാ ണെന്ന പോലെ കടുംപിടിത്തം പിടിക്കും. പക്ഷെ അത്യാവശ്യ സന്ദർഭങ്ങളിൽ സമയം നോക്കാതെ ഗോപാൽജി ഓടിയെത്തിയിട്ടുണ്ടെ ന്നതും ചരിത്രം.

ഒരു സൂക്കേട് വന്ന് ഗോപാലനോടൊപ്പം ആശുപത്രിയിൽ പോയാൽ നമ്മൾ അദ്ഭുത പ്പെടും ഡോക്ടർമാരും, ഇവിടുത്തെ നാട്ടുകാരുമെല്ലാം, ഈ വരുത്തനോട് കുശലം പറയുന്നത് കണ്ട്.

കല്ലാണം കഴിച്ചിട്ടില്ലെങ്കിലും, ഗോപാലകൃഷ്ണൻ എന്ന പേര് അറിഞ്ഞിട്ടതാണെന്ന് അസൂയലുക്കൾ പറയും. മെൻസ് ഹോസ്റ്റലിനെക്കാൾ രണ്ടു ലേഡീസ് ഹോസ്റ്റലുകളിലേക്കാണ് കൂടുതൽ ശ്രദ്ധ എന്ന ആരോ പണം തള്ളിക്കളയുകയും വയ്യ.

ഗോപാൽജി **L.H.** നെ മഹത്വവൽക്കരിച്ച് **M.H** ൽ വന്ന് നടത്തുന്ന പ്രസംഗങ്ങളെ എന്തെന്നില്ലാത്ത ആവേശ ത്തോടെ ചുറ്റും കൂടി നിന്ന് പരിഹസിച്ച് പടിയിറക്കി വിടു ന്നത് ഒരു പതിവാണ്.

ഗോപാൽജിയോടുള്ള നിസ്സീമമായ സ്വാതന്ത്ര്യം ആസ്വദിക്കാൻ ഇവിടത്തുകാർ മത്സരിക്കുമ്പോൾ ബഹു രസങ്ങളായ സന്ദർഭങ്ങളിലേക്ക് നയിക്കപ്പെട്ടിട്ടുണ്ടെന്ന താണ് മറ്റൊരു വസ്തുത.

ഒരിക്കൽ തന്റെ വാഹനം പാർക്കു ചെയ്ത് **MH.** ലെ മെസ്ഹാളിലിരുന്ന് ടിവി കാണുകയായിരുന്നു ഗോപാൽജി. അപ്പോൾ ഫുട്ബോൾ കളിച്ച് തിരിച്ച് വന്ന **MH** ലെ പ്രധാന പയ്യൻസിന് വെമ്പലടക്കാനായില്ല. അവർ ഓട്ടോ അതിവിദഗ്ദ്ധമായി തള്ളികൊണ്ടു പോയി ഇരുട്ടിലൊളിപ്പിച്ചു.

പാവം ഗോപാലൻ, തിരിച്ചു വന്നപ്പോൾ എന്താ കഥ..., പക്ഷെ അപ്രതീക്ഷിതമായി ഗോപാൽജി ആരോടും കാര്യം അന്വേഷിക്കാതെ കോളേജിനെ ലക്ഷ്യമാക്കി നട ന്നു. (മുൻകാല ചരിത്രത്തിലെ പോലെ തന്റെ ശത്രുക്ക ളാരെങ്കിലും പണി തന്നതാണെന്ന് വിചാരിച്ചിട്ടുണ്ടാവും.)

ഒന്നു പൊട്ടിച്ചിരിക്കാമെന്ന് കരുതിയവർ ഓടിച്ചെന്ന് ഗോപാലനെ വിളിച്ച് ഓട്ടോ സസ്നേഹം തിരിച്ചേൽപി ച്ചു.

തന്റെ ചോറ് തൊട്ട് കളിച്ചവരോട് ദിവസങ്ങളോളം പിന്നെ ഗോപാൽജി മിണ്ടിയില്ല. പക്ഷെ ഒത്തുതീർപ്പാ വാതെ നിവൃത്തിയില്ലല്ലോ.

എന്തായാലും ഗോപാൽജി ആളൊരു വിരുതനാണ്. കോളേജിലെ ആരെങ്കിലും വണ്ടിയിൽ കയറാതിരിക്കു മ്പോൾ ഒന്നു നോട്ട് ചെയ്തിരിക്കും. ദിവസങ്ങൾക്കകം ഗോപാൽജി അവരെ കറക്കിയെടുക്കുകയും ചെയ്യും.

പിന്നെകളങ്കമില്ലാത്തതുകൊണ്ട് കോളേജിൽ എവിടെ തെറ്റു കണ്ടാലും, ഒന്നും നോക്കാതെ പറഞ്ഞു നടക്കും.

'എന്തിനാ വെറുതേന്ന്' ചോദിച്ചാൽ, അക്ഷരസ്ഫുട തയുടെ അനന്തതീരങ്ങൾ തേടുന്ന തന്റെ സ്വതസിദ്ധ മായ വടക്കൻ ഭാഷയിൽ മൊഴിയും.

"ഞാനെന്തിന് പേടിക്കന്ന്

എനക്ക് ആരേം പേടീല്ല"

എന്നിട്ട് ഒരഭ്യാസിയെപോലെ ഹാൻഡിൽ വലിച്ച് നിമി ഷവേഗത്തിൽ അപ്രത്യക്ഷനാകും...

So, there you are! Uhoh..... isn't that your mobile ringing ? Quick attend to it. OK. that was a missed call, right ? Never mind. Coming back, I really didn't know how to start an article like this, but with an introduction let me hit right into the bush. It's all all about the good old 'missed call' (You guessed it right) Good. Just take a look around, what do you see ...? people ? agreed... Anything more? yes their mobile phones (considered as something next to oxygen). The other day, my friend was giving me an account of the number of missed calls, she receives daily phone!! I know, all this is not something new to you. For your interest, I am not here to develop advanced theories is the communication field.

Let me present before you, the all new and intersting dimension for this ubiquitous 'missed calls' (dont tell me, you already know about it.) For a few seconds, just close your eyes and concentrate. Heard something ? May be, it takes time, but in the end you will hear something pulsating and vibrant..... the voice of your heart. Yes, I am talking about that missed call (Please read it as the call you missed) from somewhere deep within, your inner self. Now just incase, if that call has a pulse that beats with a weary rythm, you do have a long way to go. simply let open the windows of your heart and let the sunlight bounce in and mitigate the darkness of ignorance caused due the missed call. (Am I beginning to sound preposterous ? the hopefully not).

I know what you are thinking. It what is this call, that I missed so long ? Relax. I can explain. Why dont you try to focus at the distant horzon, the blue skies and green fields (All too familiar eh?) Well, in fact, if you listen carefully, every element, in nature in its blissful silence is 'calling' you. What I feel is, this call is in essence an echoe of the inner call.

This inner call, which can change your destiny, by igniting your senses has a deep message for you (call it sms, if you like). Firstly, it entreats you to rekindle the flames of your heart and radiate warmth and cheer, wherever you are. Secondly, it urges you to utilize the untapped potential within you for the collective upliftment of tjhe weaker sections of society. Thirdly, the cardinal point of the inner cell, is the existance of an inner and outer world for each and every individual. Success in the outer world is meaningless, if one can't attain success in one's own inner world.

Are you thinking, all this is beyond discussion and dialogue ? Thats a big No. No. You are never too late to begin another innings in your life listening to that call (which you happened to miss so long)

Sharon | 3 Electrical

Miss Not, All Missed Calls

Which sparks off your deepest desires by crossing all the hurdles one after the other and enable you to pursue your goals relentlessly. Never ever miss that call. (No matter how soft it may be) urging you to wake up and work hard to make this world a better place to live in for your self, your family, your friends, your nation and for the entire human race.

Uhoh! Isn't that your mobile ringing again....? Must be another missed call. ha.... ha.....

escube
technologies pvt. ltd.

ESCUBE TECHNOLOGIES PVT.LTD.
Sasthamangalam,Trivandrum,Kerala-695010
www.escubeindia.com, PH :0471-2317518,2316770
Exclusive Training Partner for IBM Mainframe,AS/400 and BPO Courses
(C-Dit, Govt.of Kerala)

APPLICATION AND SELECTION PROCEDURE for IBM Mainframe and AS/400

Request along with a DD of Rs. 250 drawn in favour of 'Registrar,C-Dit' payable at Trivandrum is to be forwarded to the 'Head,TED,C-dit,Chitranjali Hills,Thiruvallom PO,Trivandrum-27 and register online at www.escubeindia.com/registration .htm
Selection will be based on the admission test and academic performance

Eligibility:
B.Tech/MCA/MSc.(IT,CS) with 60 % and above for Graduation ,+2,and 10 th
Those who have applied during the last six months need not apply
For Further Details-Contact: 0471-2316770,2317518

PROGRAMME HIGHLIGHTS :

Exclusive placement oriented programme with campus interviews,Regular Recruitment drives,Excellent trackrecord in Placement,86% of previous candidates hired by leading MNC's,Programme includes project module as per industry procedure and standards

APPLICATION AND SELECTION PROCEDURE for IBM BPO Training Programme

Request along with a DD of Rs. 100 drawn in favour of 'Registrar,C-Dit' payable at Trivandrum is to be forwarded to the 'Head,TED,C-dit,Chitranjali Hills,Thiruvallom PO,Trivandrum-27 and register online at www.escubeindia.com/registration .htm
Selection will be based on the admission test and academic performance

Eligibility:
Any Degree/Diploma
For Further Details-Contact: 0471-6571155

സുപ്രൻ

ആൺകുട്ടിക്കാലം

ക്യാമ്പസിലെ വേറിട്ടൊരു വ്യക്തിത്വത്തെക്കുറിച്ച് ഒരു വെടിവട്ടം...

തൃശ്ശൂർ ജില്ലയ്ക്ക് എന്നും അപമാനമായ നിയോജക മണ്ഡലത്തിൽ ആകെയുള്ള രണ്ടു വീട്ടിൽ 1-ാം നമ്പർ വീട്ടിൽ വസുദേവരുടെയും ദേവകിയുടേയും എട്ടാമത്തെ പുത്രനായി ദ്വാപരയുഗത്തിൽ ജനനം. ജനനസമയത്തു തന്നെ അങ്കിൾ കംസനെ ഭയന്ന് വസുദേവൻ കുട്ടയുമായി അമ്പാടിയിൽ കൊണ്ട് ചെന്നാക്കി. അവിടെ രാധ (വയസ് - 12) എന്ന മൈനർ പെൺകുട്ടിയെ വാക്കുകൊടുത്ത് പറ്റ്ച്ച് കാളവണ്ടിയിൽ കള്ളവണ്ടി കയറി മധുരയ്ക്ക് വിടുന്നു. വിവാഹ പ്രായമായപ്പോഴേക്കും ത്രേതായുഗമായിക്കഴിഞ്ഞിരുന്നു. മത്സരവേദിയിൽ ഡ്യൂപ്ലിക്കേറ്റാണെന്നറിയാതെ ത്രയംബക വില്ല് കുലയ്ക്കാനെടുത്തപ്പോൾ ഒന്നൊടിഞ്ഞതിനു ജനകന് ഫൈനും അടച്ച് സീതയെ സ്വന്തമാക്കി. തുടർന്ന് അച്ഛൻ ഭാര്യ നമ്പർ 2ന് കൊടുത്ത ഓൾഡ് പ്രോമിസ് പാലിക്കാനായി 14 വർഷം കാട്ടിൽ. അവിടെ തനിക്കു നേരേ കുരച്ചുകൊണ്ടുവന്ന നായുടെ വായിൽ 14 അമ്പുകൾ എയ്തുകയറ്റിയതിന് സ്വന്തം പെരുവിരൽ ഗുരു ദ്രോണർക്ക് സ്പെഷ്യൽ ട്യൂഷൻ ഫീസായി നൽകി യാത്ര തുടർന്നു...

ഇടയ്ക്കെപ്പോഴോ ബോധിവൃക്ഷ ചുവട്ടിൽ പൈന്റടിക്കാൻ ഇരുന്നപ്പോൾ തലയിൽ ആപ്പിൾ വീണ വാശിക്ക് ഗുരുത്വാകർഷണ ബലം കണ്ടെത്തി. കുളിക്കണമെന്നു തോന്നിയപ്പോൾ ജോർദ്ദാൻ നദിയിൽ ജ്ഞാന സ്നാനം. ഒപ്പം ഒരു നല്ല വഴികാട്ടിയായ ശിഷ്യനെ കിട്ടി യൂദാസ് വെറും 30 സിൽവർ കോയിൻസിനു വേണ്ടി യൂദാസ് ചുംബിച്ചു ചൂണ്ടികൊടുത്തപ്പോൾ യഹൂദൻമാരാൽ കുരിശേലറ്റപ്പെട്ടു. മൂന്നാംനാൾ കുരിശിൽ നിന്നും ചാടിയിറങ്ങി ഒറ്റ പാലായനം! മക്കയിൽ നിന്നും മദിനായിലേക്ക്, അപ്പോൾ വയസ്സ് മധുരപതിനേഴ്. പിന്നെ ഫിഡലിനൊപ്പം ഗ്രാൻമാ പടയേറ്റത്തിന്. തിരിച്ചുവരവ് കാരിരുമ്പിന്റെ കരുത്തുള്ള (കമ്പി) നാസി സ്വേച്ഛാധിപതിയായി. യഹൂദൻമാരോടുള്ള പഴയ കണക്ക് ഇവിടെവച്ച് തീർക്കുന്നു.

ദക്ഷിണാഫ്രിക്കയിൽ നിന്നും കയറിയ തീവണ്ടിയിൽ നിന്നും ഇറക്കി വിട്ടത് ആലുവാ റെയിൽവേ സ്റ്റേഷനിൽ. ജേർണലിസം പഠിക്കണം എന്ന മോഹവുമായി വന്നുപെട്ടത് **RIT** യുടെ തിരുനടയിൽ. **RIT,** ബർത്ഡേ ട്രീറ്റായി സ്വന്തം കൂട്ടുകാരന്റെ ഇടികൊണ്ട് ചോര തുപ്പുന്നവന്റെ കൺഡൊണേഷൻ അടയ്ക്കാൻ കാശില്ലാതെ സ്വന്തം മൊബൈൽ ഫോൺ വിൽക്കുന്നവന്റെ **RIT**. അസൈൻമെന്റ് വെച്ചതിൽ പേപ്പറിന്റെ കനം കുറഞ്ഞതിന് കുട്ടികളെ ശാസിച്ച് ഇന്റേണൽ മാർക്കു കുറയ്ക്കുന്ന അധ്യാപകരുടെ **RIT** ഫീസ് കെട്ടിവയ്ക്കാൻ പറഞ്ഞു... സർക്കാരിന്റെ ഗജനാവിൽ അഞ്ചുപൈസ ഇല്ല എന്നു പ്രാരാബ്ധം പറയാൻ പഠിപ്പിച്ച മുൻമുഖ്യൻ ആന്റണിയെ മനസിൽ ധ്യാനിച്ചു കുടുംബത്തിന്റെ ആധാരം ഉയർത്തിക്കാട്ടി വഴിയാധാരമായ ഒരു കഥ പറഞ്ഞു... അഡ്മിഷനായി എന്നുപറഞ്ഞ് ഒരു മഞ്ഞകാർഡ് കൈയിൽ തന്നു. പിന്നെയങ്ങോട്ട് സീരിസ്ടെസ്റ്റ്, അസൈൻമെന്റ്, സെമിനാർ. പ്രോജക്ട്... ഇടയ്ക്കാരോ ചോദിച്ചു. "വൈകിട്ടെന്താ പരിപാടി" ഇടതുതോളിൽ ഇടിവെട്ടേറ്റവനെപ്പോലെ ചരിഞ്ഞുനിന്ന് കൃസൃതി ചിരിയോടെ മറുപടി പറഞ്ഞു.

"സഫറോംകി സിന്ദഗി ജോ കഭി നഹി ഖദം ഹോ ജാത്തീ ഹേ"

ജിജു തോമസ് | 7 ഇലക്ട്രിക്കൽ



I Can but I won't

നിന്നെ പ്രിയപ്പെട്ടവളെ എന്നൊന്നും ഞാൻ വിളിക്കില്ല. സ്നേഹത്തോടെ ഒരു വാക്കുപോലും പറയില്ല. കണ്ണ് നനക്കുകയോ തുടക്കുകയോ ഇല്ല. എന്റെ പ്രണയം ഒരിക്കലും നിന്നെ അറിയിക്കില്ല.

ഒന്നും പറയാതിരിക്കുന്നത് ഭയന്നിട്ടൊന്നുമല്ല. ഈ വികാരം പ്രണയമല്ലെന്ന് എനിക്ക് അറിയാവുന്നതുകൊണ്ടല്ല. പ്രണയം പുറത്തു പറയാത്തതാണ് നല്ലതെന്ന് ആരും പറഞ്ഞതുകൊണ്ടുമല്ല. സത്യമായിട്ടും എനിക്ക് നിന്നെയും നിന്നക്കന്നേയും അറിയാത്തതുകൊണ്ട് മാത്രമാണ്.

നമ്മൾ ആദ്യം കണ്ടത് മരച്ചുവട്ടിലും പൂന്തോട്ടത്തിലും വച്ചല്ല മെക്കാനിക്കൽ വർക്ക്ഷോപ്പിന്റെ ഇടവഴിയിൽ വച്ചോ ഇലക്ട്രിക്കൽ ബ്ലോക്കിന്റെ ഉള്ളിൽ വച്ചോ ആണെന്നു തോന്നുന്നു. അന്ന് നമ്മൾ നോക്കി ചിരിച്ചില്ല. കണ്ണുകളിൽ നോക്കിനിന്നില്ല വെറുപ്പ് പുറത്തൊട്ടും കാണിച്ചുമില്ല. നടന്നകലുമ്പോൾ തിരിഞ്ഞൊന്നു നോക്കി പോലുമില്ല കാരണം നമ്മൾക്കന്ന് പരസ്പരം അറിയില്ലല്ലോ....

എപ്പോഴോ തമ്മിലൊന്നു മിണ്ടി നമ്മൾ വഴക്കിട്ടു പിണങ്ങുന്ന കൂട്ടുകാരുമായി ദേഷ്യത്തിന്റെ ഓരോ തുള്ളിയും മനസ്സിന്റെ മൂലയ്ക്ക് ഒളിപ്പിച്ച് മുഖാമുഖം നോക്കി നമ്മൾ ചിരിച്ചു നിന്നു. ആരെയൊക്കെയോ ബോധിപ്പിക്കാൻ പരിസരങ്ങളുമായി പൊരുത്തപ്പെട്ട് സമവായത്തിലെത്തി ചേർന്നു. മനസ്സിലുള്ള ദേഷ്യം അവിടെത്തന്നെയിരുന്ന് പുകയുന്നുണ്ടല്ലോ? സ്നേഹവും ദേഷ്യവും ഒരിക്കലും ഒന്നാവില്ല.

നിന്നെ ഞാൻ ജീവനുതുല്യമൊന്നും സ്നേഹച്ചിട്ടില്ല. നിനക്കെന്നോടുള്ള ഇഷ്ടം ഉറുമ്പോളം ചെറുതൊന്നു മല്ലെന്നും എനിക്കറിയാം നീ എന്നോട് സ്നേഹത്തോടെ സംസാരിച്ചാൽ എനിക്കത് ഉൾകൊള്ളാനാവില്ല. നിന്റെ വെറുപ്പ് ആഗ്രഹിച്ചാണ് ഞാൻ നിന്റെ നല്ല വാക്കുകളിൽ നിന്നു ഒഴിഞ്ഞുമാറുന്നത്. നീ ചിലരിൽ നിന്നും എന്നെ മാറ്റി നിർത്തുമ്പോൾ സന്തോഷം തോന്നും കാരണം അങ്ങനെയെങ്കിലും നീ എന്നെ പരിഗണിക്കുന്നുണ്ടല്ലോ...

അപൂർണ്ണമായ ഈ എഴുത്ത് നിനക്ക് സമ്മാനിക്കുന്നത് എന്റെ ഇഷ്ടം അറിയിക്കാനൊന്നുമല്ല. നമ്മൾ തമ്മിലുള്ള അകലം അറിയിക്കാനാണ്. ഒരിക്കലും ആരംഭിക്കാത്തതുകൊണ്ട് നമ്മുടെ പ്രണയം അവസാനിക്കുകയേ ഇല്ല. തുടക്കവും ഒടുക്കവും ഇല്ലാതെ അത് അനന്തമായ് നീണ്ടുപോകും.

എന്നെ അറിയാതെ നീ ആരുടെയോ ജീവിതത്തിലേക്ക് ഇറങ്ങിച്ചെല്ലും. നിന്നെ അറിയാതെ ഞാൻ ആരുടേയോ ജീവിതവും തൂക്കി നടന്നുപോവുകയും ചെയ്യും.

ആരോ പറഞ്ഞ വാക്കുകൾ ഞാൻ ഓർത്തു പോകുന്നു...

"Looking back I have this to regret that toooften when I loved i didn't say so"

Josen Jose | 8 Civil

മൂട്ടകൾ കടിക്കട്ടെ

At 10'oclock "early morning" you would be scratching your butts with your left hand and wondering which **....*** was disturbing your wonderful sleep. By the time you realize that it was the mootta on the cot you would be scratching yourself with both your hands from head to toe. This is how most inmates of MH usually wake up each day. Jumping out of the disaster cursing the insects forefathers and dear ones you start asking yourself how you ended up there and how you came to be naked. The tempting scent from the room would normally be from the mess reminding you of the empty belly you slept with the night before, but at MH this scent would be of a dead rat lying in the room brought by the cat in the night. Without loosing much time you try to start the daily morning exercise. This would include searching each drawer of each room for a milli of paste and soap or to get a bucket and mug without holes or cracks. The lack of time and busy schedule may force many to abandon the introductory part but some of us still enjoy doing it especially when we do it together. The shining Indian closet would give you an idea of how many humans used it for the past one hour. Now you come to a conclusion as to whether it is a Sunday or a working day, because on all working days you would sit there wondering if you were living with pigs. A pair of clothes from two extreme ends of the hostel would make you a "complete man" even though you don't own any. Walking out of the hostel you peep into the mess hall to make sure it was the cleaner crouching before the TV set. The five minute walk up to the department is where your mind starts working or start to think of making things that might take you to your seat from the place where you woke up, without you even moving a limb. Finally coming up with a practical solution you would start congratulating yourself. This happiness ends when you reach the door of your class. It becomes pain when you see your HOD rocking the morning hours of the class. Hiding behind the big pillars and under the steps you manage to escape getting noticed by the HOD who has just finished explaining things beyond your imagination.

Your next aim would be to catch a seat in some corner of the class so that the beast for the next hour would not swallow you. On the way into the class you would be caught in the wave that flows out of the class for a cup of tea or some chit chat in the car porch. Placing yourself into what you feel is the weakest point of the class. At the end of the deep breath you've just taken, your classmate, a girl who would be someway attracted towards you, pleads you to write and submit the days assignment. At this moment you might ask yourself why she's behaving to you this way. Taking advantage of the situation and promising to bring the world at her feet you make her submit the assignments for the day. This can turn out into disaster if you fail to smile at her in between classes. Scribbling the design notes into the multi utility note books in the next hour you start wondering how wonderful the subject is and how proud you are to be an engineer. Your subconscious mind takes you on a journey across the world's biggest construction sites, where you stand guiding every personnel at site making it look like the age of empires you were playing yesterday night. When you finish fortifying yourself and spent some time resting you are being attacked by your room mate in the other part of the T section. Although you try to hold on to your empire, you loose badly. This would happen when all the classmates start bugging you to answer the roll call. Trying to come back to normal senses you spring up and shout a number that establishes the fact that you were present in the class. The sudden impact of your roll call would be bursting laughter from all your classmates making you feel so disgusted. The design teacher closes her books and leaves the class morning 11:00 and you desperately need to sleep. You start bugging the class rep to check whether the tutor for the next hour is on leave or not. But you are stereotyped and would not allow yourself to believe the other way. Her looks make you feel you've never seen her before and after a few enquiries you realize that you've missed quite a lot of classes. Your heart rejoices and jumps into part when she says she's just going to take half an hour. But your countdown to the end of the hour turns out to be useless and each second passing by becomes a pain.

At last at 12:15 she would start planning of stopping, but the assignments.... she would then take another 15 minutes. Running out of the classroom feeling so happy that you got attendance for two hours today you start mocking at those of your friends who were hiding behind the walls just like what you did previously. To add to your happiness the class rep announces that there ain't no classes in the afternoon. Justifying your stand on going for movie, you and your gang fetch some money and check out the worst movie showing lately. Tamil blockbusters are usually common. If your justification was not successful you would be sleeping on your bed or playing somewhere around the college (which only few people do). But if you are lucky you return only at 9:00. At MH you usually don't go for movies but sit in front of somebody's system and watch these blockbusters scratching yourselves often and throwing the wooden chair to the floor a thousand times. The mission to catch the first in the chicken queue is often a fight and is mostly a flop, either because there would be some senior or there would be this junior stronger than you. Happy that you got to get some bit of the curry you wash your plate. The mess would have become a band room by then. Nights at RIT MH grow dangerous. You never know, things like bombs can send you rocketing out of the room or a coupe might occur and the entire MH would make you so filthy running around roaring like hooligans around the corridors, stating it was someone's ------- birthday. Even though sitting in front of MH'tv is painful, inmates do it especially during football/cricket matches roaring with noise at times. Sticking posters and planning daily events of college is so frequent in MH that at night we get to undertake so many responsibilities and a big "Things to do list".

RIT MH has always been a home for every RIT MH inmate. A home with so many dear ones. A home with so many blessings. A home with lot of surprises. A home with the ultimate freedom of living a life you would always dream of wanting to. The two years of my life at RIT MH would always stand apart from the rest of the years in my life. Never again would I be able to roar like a lion at night. Never again would I be able to live like in MH....

And I think things would be similar for my LH Counterparts... ▲

COLLEGE UNION 2008

CHAIRMAN
Sijeesh Joshi

VICE CHAIRPERSON
Aishwarya Raj

GENERAL SECRETARY
Sooraj M

ARTS CLUB SECRETARY
Rakesh S Sekar

UUC
Adil Nasser

UUC
Shabin M A



MAGAZINE EDITOR
Nithin K

BUS REPRESENTATIVE
Rejoy Koithara

LADY REPRESENATIVE
Keerthi T

LADY REPRESENTATIVE
Lakshmi Mohanlal

YEAR REPRESENTATIVES

MTECH REP
Baji krishnan

MCA REP
Monu Renjith

4TH YEAR REP
Anand Krishnan

3RD YEAR REP
Benjamin Philip

2ND YEAR REP
Abhishek

I'ST YEAR REP
Shine

ASSOCIATION SECRETARIES

MCA
Rajesh

ELECTRONICS
Shammy p S

ELECTRICAL
Binu Philip

COMPUTER
Rubin



CIVIL
Sarath Joshi

MECH
Sabeeel

UNION NOMINEES

SPORTS SECRETARY
Krishnakumar R Nair

SC/ST REP
Sarath sasi

MUSIC CLUB
Jansher

LINUX FORUM
Dinesh R

FILM CLUB
Raje3sh V

OPEN FORUM
Sujin P S



DANCE CLUB
Athira Sidharthan

QUIZ CLUB
Naveen Hariharan

വൈരുദ്ധ്യത്തെ തേടിയവർ

MAGAZINISTS


Vinod K

Nibin Thomas


Athira Sidharthan

Anand P K

Vineesh P

Rahul Chandran


Rahul K s

Mahesh

Aswathy Madhu

Nikhil Joy

Suith S

Anpu Ajith Thampi

Jisha P Sainudeen


Jin Sebastian

Jyothis P Varier

Arjun

Talents

Jerone

കലാതിലകം
കേളി 2008

Fezin

കലാപ്രതിഭ
കേളി 2008

Praveen



1st prize, English Short Story
M.G. University Youth Festival

Adil Nasser

M.G. University Union Executive
Committee Member

College Band
"All Noise"

Chess Team
M.G. University zonal Runners Up

FOOT BALL TEAM

CRICKET TEAM

Transitions



മൊബൈൽ ഫോണുകൾ അപ്പോൾ ക്യാമ്പസിൽ പ്രചാരത്തിലായിത്തുടങ്ങിയതേയുള്ളൂ... അതുകൊണ്ട് രണ്ടുവർഷം മുൻപുള്ള 'പ്രാചീന കാലഘട്ടം' കണക്കിലെടുത്ത് വായിച്ചു തുടങ്ങുക...

(ഈ ലേഖനത്തിലെവിടെയെങ്കിലും ജീവിച്ചിരിക്കുന്നവരോ മരിച്ചവരോ ആയി എന്തെങ്കിലും സാദൃശ്യം തോന്നുന്നുണ്ടെങ്കിൽ അത് 'തികച്ചും യാദൃച്ഛികം' മാത്രം)

ഗുൽമോഹർ മരം അപ്പോൾ പൂത്ത് തുടങ്ങുന്നുണ്ടായിരുന്നതേയുള്ളൂ. ആ മരത്തണലിൽ അവർ രണ്ടുപേർമാത്രം - ആസിഫും രഹ്നയും. കളിച്ചും ചിരിച്ചും ഇണങ്ങിയും പിണങ്ങിയും സന്തോഷങ്ങളും പരിഭവങ്ങളും പങ്കുവെച്ചും ഐസ്ക്രീം നുണഞ്ഞും എത്ര നേരമായി അവർ അവിടെ! ഇടയ്ക്കിടെ രഹ്നയുടെ തലയിൽ വീഴുന്ന ഗുൽമോഹർ ഇലകൾ ആസിഫ് തട്ടിമാറ്റിക്കൊണ്ടേയിരുന്നു. ഒരു പക്ഷേ അത് അവളുടെ മുടിയുടെ ഭംഗികുറയ്ക്കുന്നതായി അവന് തോന്നിക്കാണും (എന്താ ആസിഫിന്റെ തലയിൽ ഇലയൊന്നും വീഴുന്നില്ലേ, രഹ്നയ്ക്കു തട്ടാൻ, എന്നായിരിക്കും മനസ്സിൽ വന്നത്. കഥയിൽ ചോദ്യമില്ല.)

ഇവർ 'ലൈനാ'ണെന്നായിരിക്കും ചില ശുദ്ധാത്മാക്കളുടെ വിചാരം. കഷ്ടം നമ്മൾക്കല്ലേയറിയൂ, അവർ 'Thick Friends' മാത്രമാണെന്ന്.

അതേ, ഇത് ക്യാമ്പസുകളിൽ 'Thick Friends' നിറഞ്ഞാടുന്ന കാലം. ക്ലാസ്റൂമിലും സ്റ്റെയർകെയ്സിലും Library-യുടെ

രാകേഷ് എസ്. ശേഖർ | 8 ഇലക്ട്രോണിക്സ്

Thick Friends

മുൻപിലും (സൈഡിലും) കഫറ്റേരിയയുടെയടുത്തും Ad-block-ലും എന്നു വേണ്ട, എവിടെ നോക്കിയാലും 'Thick friends' മാത്രം. തിക്ക് ഫ്രണ്ട്സ് എന്താണെന്ന് ഇനിയും മന സ്സിലാകാത്തവർക്ക്- (Over) intimate 'Friends' ആയ ആൺകു ട്ടികളെയും പെൺകുട്ടികളെയും ക്യാമ്പസ് ഇന്ന് 'Thick friends' എന്ന ചെല്ലപേര് ചൊല്ലി വിളിക്കുന്നു.

ആദ്യമായി അവർ തമ്മിൽ കാണുമ്പോഴോ പരിചയപ്പെടു മ്പോൾ അസ്വാഭാവികമായിട്ടൊന്നും സംഭവിക്കുന്നില്ല ('പ്രഥ മദൃഷ്ട്യാ' Thick Friends ആകുന്നില്ലെന്ന് ചുരുക്കം) എന്നാൽ, കാലം അവരെ Thick ആക്കി മാറ്റുന്നു. അതായ ത്, ചിലപ്പോഴൊക്കെ ഒരാളോട് കൂടുതൽ മിണ്ടാൻ അവ സരം കിട്ടുന്നു. ചിലപ്പോൾ ലാബിൽ വച്ചാകാം, Class -ൽ തന്നെ വച്ചാകാം, Bus-Stop-ലേക്കു നടക്കുമ്പോഴാകാം, ടൂറിൽ വെച്ചാകാം... അങ്ങനെ... അങ്ങനെ... എങ്ങനേങ്കിലും...

...പിന്നെ, കൂടെ കൂടെ ഫോൺ ചെയ്യുന്നു. അങ്ങനെ കൂടു തലായി മിണ്ടുന്നു. ഇനിയും മിണ്ടാൻ ആഗ്രഹിക്കുന്നു. ഇപ്പോ ഴോ, മിണ്ടികൊണ്ടേയിരിക്കുന്നു...

അവർ എപ്പോഴാണ് Thick Friends ആയതെന്ന് അവർക്കു പോലുമറിയില്ല. എപ്പോഴോ, എങ്ങനെയോ... (എന്തൊക്കെ യായാലും ഇപ്പോൾ ആയി, അതു മതി...)

(എന്തായാലും, അവർ ലൈനല്ല എന്നോർക്കണം)

നമ്മുടെ കൊച്ചു കൊച്ചു സന്തോഷങ്ങളും പരിഭവങ്ങളും സങ്കടങ്ങളും പങ്കുവെയ്ക്കാൻ ഒരു നല്ല സുഹൃത്ത്. .(Actually... സ്നേഹത്തിനായി വിങ്ങിപൊട്ടുന്ന രണ്ട് ഹൃദയങ്ങൾ ഒരുമിക്കുമ്പോഴാണോ Thick Friends എന്ന പ്രതിഭാസം ഉട ലെടുക്കുന്നത്, പ്രഭോ?)

(അതിന് boys-ന് boysും girls-ന് girlsും ഉണ്ടല്ലോ. ഉണ്ട് ... എന്നാലും... അതാണോ അതിന്റെയൊരുരു ഇത്... ങ്ങും?... ഏത്..? അത് തന്നെ ഇഷ്ടാ...)

ഇനി തിക്ക് ഫ്രണ്ട്സിന്റെ ചില Common characteritics-ലേക്കു കടക്കാം

ഫോൺ വിളിയാണ് അതിൽ പ്രധാനപ്പെട്ടത് എന്നാൽ 'പ്രണയ കുസുമങ്ങളെ' പോലെ 24 മണിക്കൂറും ഇവർക്ക് അതല്ല പണി (അവർക്കും 1 ദിവസം 24 മണിക്കൂറേയുള്ളു) എന്നാൽ ഒന്നോ രണ്ടോ ദിവസത്തിൽ ഒരിക്കലോ മറ്റോ... (തമ്മിൽ കണ്ടില്ലെങ്കിൽ?.) കണ്ടെങ്കിൽ രണ്ടോ മൂന്നോ ദിവ സങ്ങളിൽ ഒന്നോ... (രണ്ടോ...) (ഇത് 'മൊഫൈൽ' ഇല്ലാത്ത പട്ടിണി പാവങ്ങളുടെ കാര്യം).

ഇനി ജീവിക്കാൻ വകയുണ്ടെങ്കിലും Mobile ഇല്ലാത്ത ദരി ദ്രവാസികളുടെ കാര്യം,

'മിസ്സടി മിസ്സടി മിസ്സടി...' അതേ, റൂമിൽ

മിസ്സടി മാത്രമേ കേൾക്കാനുള്ളു.

(2 പേരുടേയും അവസ്ഥ ഇതാണെങ്കിൽ... എന്റെമ്മേ...) ഇനി 'അബദ്ധവശാൽ' നമ്മളെപോലുള്ള പാവങ്ങൾ ആ കോൾ ഒന്ന് അറ്റന്റ് ചെയ്താൽ, തീർന്നു. അന്നത്തെക്കാര്യം തീർന്നു. (കാരണം, വല്ലവന്റെയും കാശ് പോണ ദെണ്ണം വിളി ക്കുന്നവർക്കില്ലേലും വിളിപ്പുറത്തെത്തുന്നവർക്കാ ണെല്ലോ ഉള്ളത്.)

അല്ല, എന്തിനാ ഈ മിസ്സടി?

Whenever u want to see me

Just dial the mobile,

I'm only a miss call away

എന്നു വല്ല കാർഡിലും എഴുതി എപ്പോഴെങ്കിലും കൊടുത്തു കാണും. (ബാക്കിയുള്ളവന്റെ ഉറക്കം കെടുത്താൻ!)

(വാൽക്കഷ്ണം: ചിലരുണ്ട് അവരുടെ ഹോസ്റ്റ ലിൽ കറന്റ് പോയാൽ, വിളിച്ചു ചോദിക്കും മറ്റേ യാളുടെ ഹോസ്റ്റലിൽ (അതും വല്ലവന്റെ ഫോണിൽ) അവിടെ കറണ്ടുണ്ടോന്ന്? ഇല്ലെങ്കിൽ, ഇയാള് ഉണ്ടാക്കികൊ ടുക്കുമോ?

ഓ, ചിലപ്പോൾ മെഴുകുതിരി കൊണ്ടു ചെല്ലാനായിരിക്കും. സ്വന്തം റൂമിൽ മെഴുകുതിരി പോയിട്ട് ഒരു തീപ്പെട്ടി കൊള്ളി പോലും ഇല്ലെന്നോർക്കണം)

ഇനി, 2 പേർക്കും Mobile ഉണ്ടെങ്കിലുള്ള കാര്യം തീർന്നു. രാവിലെ, എണീക്കാൻ ഒരു message ഉറങ്ങാൻ ഒരു message ഇതിന്റെയിടയ്ക്ക് കുറേ മെസ്സേജ്. (ഇനി നമ്മളെപോ ലുള്ള പാവങ്ങൾ വീട്ടിലേയ്ക്കു അത്യാവശ്യമായിട്ട് ഒരു കോൾ/ മെസ്സേജ് ചോദിച്ചാലോ, "അളിയാ, ബാലൻസ് ഇല്ല ളിയാ"...) ...ഹ് ആ...

(എന്തായാലും അവർ ലൈനല്ല എന്നോർക്കണം)

ഇനി ചില Thick Friends മൊട്ടിടുന്ന കാലമാണ് "Tour"മൊട്ടിട്ടവ പുഷ്പിക്കുന്ന കാലവും. ടൂറിന്റെയിടയ്ക്ക് അവർ എപ്പോഴും ഒരുമിച്ചായിരിക്കും. ഇരിക്കാനും നടക്കാനും കാഴ്ചകൾ കാണാനും, ഷോപ്പിംഗിനും എല്ലാത്തിനും.

(ഇനി, അവർ ലൈൻ ആയിരിക്കുമോ....? ഏയ്... അല്ല...) എങ്ങനെയൊക്കെ ചെയ്യുമ്പോഴാണ് ചില Thick Frieds ആവിർഭവിക്കുന്നതും.

Thick Friends - ഉള്ളവർക്ക് ബോർ ക്ലാസ്സസ് ആയിരിക്കും ഏറ്റവും രസം (അറ്റൻഡൻസ്-നായ് മാത്രം ക്ലാസിലിരിക്കുന്ന പാവങ്ങൾക്കും അതാണ് രസം). ഇരിക്കുന്നത് TF-ന്റെ തൊട്ടു പിറകിലോ സൈഡിലോ ആണെങ്കിൽ ശുഭം. (അ ടുത്തിരിക്കാൻ സമ്മതിക്കാത്തതിന് കർത്താവിന് സ്തുതി) ഇത്തിരി ദൂരത്താണെങ്കിലും കുഴപ്പമില്ല. പേപ്പർ ചിറ്റ്സ് ഉണ്ടല്ലോ പാസ് ചെയ്യാൻ. അടിപൊളി കമ്മ്യൂണിക്കേഷൻ.

ഇനി പരീക്ഷക്കാലമായാലോ Thick-ും Thick അല്ലാത്തതും. എല്ലാം ഇറങ്ങും കോളേജിലോട്ട് എന്തിന് കംമ്പയിൻഡ് സ്റ്റഡിയ്ക്ക് (ഒരക്ഷരം എങ്കിലും പഠിച്ചാൽ ഭാഗ്യം, മഹാഭാഗ്യം). തൊട്ടടുത്ത റൂമിൽ (ചിലപ്പോൾ സ്വന്തം റൂമിൽ) ആയിരിക്കും ക്ലാസിലെ 'ബുജി'. എന്നാലും അവ രോട് ചോദിക്കില്ല. ഇനി പറഞ്ഞു തന്നെങ്കിലോ! മറ്റേ മണ്ടൻ (അഥവാ മണ്ടി) വന്നു പറഞ്ഞു തന്നാലേ അങ്ങോട്ടു തല യിൽ കയറത്തുള്ളു.

(പഠിക്കുന്നവർ പഠിച്ചോട്ടെ! അതിനിപ്പോൾ നമുക്കെന്താ...? ങ്ങും)....

(അവർ തമ്മിൽ ലൈൻ ആകാൻ ഒരു വഴിയും ഞാൻ കാണുന്നില്ല. നിങ്ങളോ?.. അല്ല, ഇനി വല്ല ഊടുവഴിയും ഉണ്ടെങ്കിലോ? നമുക്കു നോക്കാം...)

മനസ്സുകളുടെ അടുപ്പം എത്രത്തോളം പവിത്രമാകുന്നുവോ അത്രത്തോളം തീവ്രവും ദീപ്തവുമാകുമല്ലോ. ഇത്രയും വായിച്ചു കഴഞ്ഞപ്പോൾ തന്നെ Thick Friends ന്റെ തീവ്രത നിങ്ങൾക്കു മനസ്സിലായിക്കാണുമല്ലോ. നല്ല Thick ആയി കഴിയുമ്പോഴേയ്ക്കും അവരുടെ മനസ്സുകളിൽ നിന്ന് പറിച്ചു മാറ്റാനാകാത്ത എന്തോ ഒന്ന് പരസ്പരം അവരവിടെ സൃഷ്ടിച്ചു കഴിഞ്ഞിരിക്കും. ഒരു ദിവസം പോലും തമ്മിൽ കാണാതിരിക്കാനോ... മിണ്ടാതിരിക്കാനോ......

(ഹോ, അതൊന്നു ആലോചിക്കാൻ കൂടി വയ്യ)

എന്തൊക്കയായാലും അവർ 'വെറും' ഫ്രണ്ട്സല്ല. അവർ പരസ്പരം ഒരുപാടൊരുപാട് ഇഷ്ടപ്പെടുന്നു... സ്നേഹിക്കു ന്നു... (പ്രണ.....?)

I mean, they love each other very much

(അപ്പോൾ അവർ തമ്മിൽ...??)

അവർ എപ്പോഴും പരസ്പരം സംസാരിക്കാൻ ആഗ്രഹി ക്കുന്നു (സംസാരിച്ചു കൊണ്ടേയിരിക്കാൻ....) ഒരു തരം പൊസ്സസ്സീവ്നസ് രണ്ടു പേരും ഫീൽ ചെയ്യുന്നു (Had he be myown 'Friend'...) (അപ്പോൾ, അവർ തമ്മിൽ ശരി

ക്കും...??,

ഫ്രീ-hourകളിലും ക്ലാസ് കഴിഞ്ഞും അവർ വെറുതേ കലാലയത്തിലെ ടാറിട്ടതും ടാറിടാതത്തതുമായ വീഥികളിൽ കൂടി സല്ലപിച്ചു നടക്കുന്നു. ഒരു പക്ഷേ... ഇളങ്കാറ്റിൻ പറന്നു വീഴുന്ന പൂവുകൾ പുൽകൊടികളോടു ചോദിക്കുന്നുണ്ടാകാം...

"ഇവർ തമ്മിൽ...??!!

(നാട്ടുകാരും ഇതേ ചോദ്യം തന്നെയാണ് ചോദിക്കുന്നത്. അല്ല, ഈ നാട്ടുകാർക്ക് എന്തുവാ ചോദിക്കാൻ പാടില്ലാത്തത്? ഇന്നാളൊരുത്തൻ എന്നോടു ചോദിക്കുവാ, ഈ പൂവും പുൽക്കൊടിയും തമ്മിൽ എങ്ങനെയാ... സെറ്റപ്പ് ആണോന്ന്...!!

അല്ല, ഈ ലൈനാണെന്ന് പറയുന്നവർ തമ്മിലും ഇങ്ങനെയാക്കെ തന്നെയല്ലേ? (അല്ല...? ഇങ്ങനെയൊക്കെ തന്നെയല്ലേ..? ലൈനടിക്കാൻ ഇതു വരെ റ്റൈം കിട്ടിയില്ല. അതുകൊണ്ട് ചോദിച്ചതാ) പരസ്പരം ഒരുപാടൊരുപാട് ഇഷ്ടപ്പെട്ട്, ഒരുപാടൊരുപാട് സല്ലപിച്ച് ഒരുപാടൊരുപാട് Miss call ചെയ്ത് (Calls which say 'I really miss u') ഒരുപാടൊരുപാട് SMS അയയ്ച്ച്.. അങ്ങനെ ഒരുപാടൊരുപാട്

ഒരു പക്ഷെ...

അവർ തമ്മിൽ മനസ്സിൽ ഭയങ്കര ലവ് ആയിരിക്കുമല്ലേ. പരസ്പരം പറയാതെ... അത് മനസ്സെന്ന മാന്ത്രിക കളിച്ചെപ്പിൽ സൂക്ഷിച്ച്... അങ്ങനെയങ്ങനെ.... [അല്ലെങ്കിലും, മനസ്സിൽ തന്നെ സൂക്ഷിക്കുന്ന പ്രണയം അതിനിർവാച്യമായ ഒരനുഭൂതിയാണല്ലോ. (അതിനു റ്റൈം കിട്ടിയായിരുന്നു)]

എല്ലാ Thick Friends ും ഇങ്ങനെയാണെന്ന. Conclusion -ൽ എത്താൻ വരട്ടെ നമ്മുക്ക് മറ്റുള്ള ചില കേസുകൾ കൂടി നോക്കാം.

ചിലപ്പോൾ ഒരാൾക്കു ഭയങ്കര ലവ് ആയിരിക്കും, ഒരാൾക്കു ഭയങ്കര ഫ്രണ്ട്ഷിപ്പും (തീർന്നില്ലേ എല്ലാം....) അയാൾ ആ ലവ് പറഞ്ഞൂന്നിരിക്കട്ടെ...

(എന്തു സംഭവിക്കും?, എന്തും സംഭവിക്കാം....)

"ആസിഫ്, എന്നാലും നീ എന്നോടിത്..... ഈ എന്നോട്... ഈ ഇത്... ഔീ....ഔീ....ഔീ...."

"രഹ്ന, ഞാനുദ്ദേശിച്ചത്....."

"ഔീ... നീയൊന്നും പറയേണ്ട. എന്നാലും നീ എന്നോടിത്..."

"രഹ്ന..."

"എന്നാലും നിനക്കെങ്ങനെ തോന്നിയടാ എന്നോടിതു പറയാൻ.....ഔീ... നീ.... നീ എന്റെ നല്ല ഫ്രണ്ട് അല്ലേടാ... അയ്യോ... ഞാനിതെങ്ങനെ സഹിക്കും....? ഔീ..."

ഒരു കാലത്ത് ജനങ്ങളുടെ ആഘോഷങ്ങളും, ആചാരങ്ങളും പ്രതിഷേധങ്ങളും, അവർക്കിടയിൽ നിലനിന്നിരുന്ന ഒരുമയെയും എന്ന് വേണ്ട. അവരുടെ ജീവിതാനുഭവങ്ങൾ വരെ നാടൻ കലാരൂപങ്ങളിലൂടെ അവതരിപ്പിക്കപ്പെട്ടപ്പോൾ അവ കൂടുതൽ ജനകീയമായി. തെയ്യം, കോൽക്കളി തുടങ്ങിയവ മാത്രമാണ് ഇന്നു നമുക്കിടയിൽ പരിചിതമായി ഉയർന്നു നിൽക്കുന്ന നാടൻ കലാരൂപങ്ങളിൽ ചിലത്. ഇതിൽ മധ്യതിരുവിതാംകൂറിൽ ഉടലെടുത്ത പടയണിയാണ് ശരിയവെളിച്ചം പോലുമില്ലാതെ ഇന്നും മറഞ്ഞു കിടക്കുന്നത്. വടക്ക് മാപ്പിളമാരും തെക്ക് ഹിന്ദുക്കളും നടത്തി വരുന്ന കേരളത്തനിമ കാണിക്കുന്ന കോൽക്കളിയാണ് എടുത്തു പറയത്തക്ക രീതിയിലെങ്കിലും നിലനിന്നു പോവുന്ന മറ്റൊരു നാടൻ കലാരൂപം. ഇത്തരം, അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന കലാരൂപങ്ങളെക്കുറിച്ചും അവ ഒരു കാലത്ത് കേരളജനതയ്ക്ക് സമ്മാനിച്ച ചൈതന്യത്തെക്കുറിച്ചും ചിന്തിക്കാതെ വയ്യ.

കേരളത്തിന്റെ സാംസ്കാരിക ചൈതന്യത്തിൽ പ്രധാനപങ്ക് വഹിച്ച കലാരൂപങ്ങളും അവയുടെ അധഃപതനങ്ങളിലേക്കും നമുക്ക് ഒരെത്തിനോട്ടം നടത്താം.

പടയണി

മധ്യതിരുവിതാംകൂറിന്റെ കലാസാംസ്കാരികതയുടെ തലപ്പത്തുനിന്ന നാടൻ കലാരൂപമാണ് പടയണി. തപ്പു വാദ്യങ്ങളുടെ അകമ്പടിയോടെയെത്തുന്ന കോലങ്ങളാണ് പടയണിയിലുടനീളം കാണുന്നത്. ദാരിക നിഗ്രഹം കഴിഞ്ഞുവന്ന കാളിയെ ശാന്തയാക്കുവാൻ പരമശിവനും ദേവന്മാരും കോലം കെട്ടി തുള്ളിയതിന്റെ ഓർമ്മയാണ് പടയണി. മധ്യതിരുവിതാംകൂറിൽ ഉടലെടുത്തത്. വായ്ത്താരിക്കനുസരിച്ച് തപ്പുമേളം ഉണരുകയും അവ കോലങ്ങളുടെ പദചലനങ്ങളുടെ വേഗതയ്ക്കൊപ്പം ഉയരുകയും ചെയ്യുമ്പോൾ പടയണി എന്ന കലാരൂപം മനോഹാരിത കൈവരിക്കുകയായി. മുഖത്തെഴുത്തുകൊണ്ട് കോലങ്ങളെ പടയണിക്ക് അനുയോജ്യരാക്കുകയും കെട്ടിയ കോലങ്ങൾ അവരുടേതായ വായ്ത്താരികൾക്ക് ഈണം പകർന്ന് തപ്പുമേളങ്ങൾക്കനുസരിച്ച് താളാത്മകമായി ചുവടുകൾ വെക്കുകയും ചെയ്യുന്നു.

ഗണപതി, പക്ഷി, മറുത, കാലൻ പിശാച്, കുതിര, മാടൻ എന്നിങ്ങനെ പേരുകളുള്ള കോലങ്ങളാണ് കെട്ടിയാടുന്നത്. നിറപകിട്ടുകൊണ്ട് മനോഹാരിത വിളിച്ചോതുന്ന തരത്തിലുള്ള ഇത്തരം കോലങ്ങളാണ് മധ്യതിരുവിതാംകൂറിന്റെ കലാസാംസ്കാരികതയ്ക്ക് മോടികൂട്ടിയിരുന്നത്. എന്നാൽ ഇന്ന് ഇവയെല്ലാം അണിയറയിലേക്ക് ഊളിയിട്ടു കഴിഞ്ഞു. സാംസ്കാരികതയുടെ അധഃപതനം എന്ന് ഇതിനെ പറയാതെ വയ്യ ! ഇന്ന് അരങ്ങിലെത്താൻ ഒരിറ്റു സാധ്യതപോലുമില്ലാത്ത പടയണിക്ക് പക്ഷേ ഒരു കാലത്ത് മധ്യതിരുവിതാംകൂറിനെ ഇളക്കിമറിക്കാൻ കഴിഞ്ഞിരുന്നു എന്നതാണ് സത്യം. മുഖമെഴുത്തുകാരും തപ്പുമേളക്കാരും കോലംകെട്ടുകാരും അസ്തമിച്ചപ്പോൾ ഒരു ഉണർവ്വെന്ന സ്വപ്നം പോലും പടണിക്ക് കൈവിട്ടുപോയിരിക്കുന്നു. ഈ നാടൻകലകളുടെ തിരിച്ചുപോക്കിനെ സൂചിപ്പിക്കുന്നു.

തെരുവുനാടകം

ഓരോ രാജ്യത്തുമുണ്ടാകുന്ന സാമൂഹ്യ രാഷ്ട്രീയ മൂല്യച്യുതികളെയും സംഭവ വികാസങ്ങളെയും താളമേളങ്ങളോടെ തന്മയത്വത്തോടെ ജനങ്ങളിലെത്തിക്കുന്ന ഒരു ദൃശ്യാവിഷ്കാരമാണ് തെരുവുനാടകം. തങ്ങൾക്കുചുറ്റും നില നില്ക്കുന്ന ശോചനീയാവസ്ഥയെക്കുറിച്ച് ജനങ്ങളെ ബോധവന്മാരാക്കുവാനും പ്രധാന കവലകളിൽ അരങ്ങേറുന്ന ഈ കലാരൂപത്തിനാവുന്നു. അവതരണ ശൈലി കൊണ്ട് വേറിട്ടു നില്ക്കുന്ന തെരുവു നാടകങ്ങൾ, ഒരുകാലത്ത് സാധാരണക്കാരന് അവന്റെ നാടിനെക്കുറിച്ചറിയുവാനുള്ള ഒരു മാധ്യമവും ആയിരുന്നു. സന്ദർഭത്തിനൊത്ത ലളിതമായ ഈരടികളും താളാത്മകമായ ചലനങ്ങളും തെരുവുനാടകങ്ങളെ ജനകീയമാക്കിയിരുന്നു.

ഓരോ തെരുവുനാടകങ്ങളും കാണികളെ മുഴുവൻ പല ലക്ഷ്യങ്ങളെക്കുറിച്ച് ഉദ്ബോധരാക്കി. രാഷ്ട്രീയവും സാമൂഹികവുമായ അവരുടെ അവബോധനത്തിൽ മാറ്റങ്ങൾ വരുത്തി തെരുവു നാടകങ്ങൾ. പലപ്പോഴും നീചഭരണകൂടങ്ങളും സമൂഹത്തിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങളും കെട്ടിപ്പൊക്കിയ കപടതയെ അപ്പാടെ തകർക്കുന്ന വിധത്തിലുമായിരുന്നു.

ജനാധിപത്യത്തെ സംരക്ഷിക്കുക എന്നതാണ് മിക്കതെരുവുനാടകങ്ങളും ജനങ്ങൾക്ക് നൽകുന്ന സന്ദേശം. വർഗീയ കലാപങ്ങളും അവയുണ്ടാക്കുന്ന സാമൂഹ്യ സാമ്പത്തിക പ്രശ്നങ്ങളും തെരുവുനാടകങ്ങൾ എടുത്തുകാട്ടി അന്തമില്ലാത്ത അന്ധവിശ്വാസങ്ങളെയും, യുക്തിചിന്തയില്ലാത്ത ചെയ്തികളെയും, മാനവ മനസ്സാക്ഷിക്കു നിരക്കാത്ത ഉച്ചനീചത്വങ്ങളെയും തുറന്ന് വിമർശിച്ചു മത തീവ്രവാദങ്ങൾക്കെതിരെയും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെയും പ്രതികരിച്ചു.

അനീതിക്കെതിരെ പൊരുതുന്ന അഭിനേതാവിന്റെ വികാരം കാഴ്ചക്കാരനിലേക്കും പകരുന്ന ഒരു വേദിയായി മാറുന്നു തെരുവു നാടകങ്ങൾ. "നാമെല്ലാം ഒന്നാണ്; നമ്മുടെ ലക്ഷ്യം ഒന്നാണ്" എന്ന മഹത്തായ ആശയം കാണികളുടെ മനസ്സിലെത്തിക്കുന്നത് വഴി ദേശീയോദ്ഗ്രഥനത്തിന്റെ ആദ്യചുവടുകൾ ജനങ്ങൾക്കിടയിൽ നിന്ന് തന്നെ തുടങ്ങുകയാണ് ചെയ്യുന്നത്.

പക്ഷേ കാലം മാറിയപ്പോൾ വിവരസാങ്കേതിക വിദ്യയുടെ വികസനത്താൽ ദൃശ്യമാധ്യമങ്ങളുടെയും

മറ്റും വന്നതോടെ തെരുവു നാടകങ്ങളുടെ പതനവും ആരംഭിച്ചു. ദൈനംദിന തിരക്കുകളുമായി ജനങ്ങൾ സ്വയം ഉൾവലിഞ്ഞപ്പോൾ തെരുവുനാടകങ്ങൾ പാടെ അപ്രത്യക്ഷമാകാൻ തുടങ്ങി. കാഴ്ചക്കാരുടെ അഭാവം തന്നെയായിരുന്നു പ്രധാന കാരണം. സ്വന്തം വീട്ടിലെ സ്വീകരണമുറിയിലിരുന്ന് ലോകത്തെ സകലസംഭവങ്ങളും വിരൽത്തുമ്പിന്റെ നിയന്ത്രണത്താൽ ആസ്വദിക്കുവാൻ കഴിഞ്ഞതോടെ തെരുവു നാടകങ്ങളുടെ ഈരടിപ്പാട്ടുകളും ആരവങ്ങളും കേൾക്കാതെയായി. ഇത് ഈ മേഖലയിൽ പ്രവർത്തിച്ചിരുന്ന കലാകാരന്മാർക്ക് തിരിച്ചടിയായി. വയറ് കഴിഞ്ഞ് പോകണമെങ്കിൽ മറ്റെന്തെങ്കിലും തൊഴിൽ ചെയ്തേ പറ്റൂ എന്നത് ഇത് നടത്തിയിരുന്ന സംഘാടകർക്കും വെളിപ്പെട്ടു. അഭിനേതാക്കളുടെ അഭാവവും ഇതിന് കാരണമായി.

മറ്റ് ദൃശ്യാവിഷ്കരണങ്ങളെപ്പോലെ നയനാനന്ദകരമായ കാഴ്ചകൾകൊണ്ട് ഒരു മായികലോകം സൃഷ്ടിച്ച് പ്രേക്ഷകരെ പിടിച്ചിരുത്താൻ കഴിയാതെ പോയതുകൊണ്ടും സാങ്കേതികവിദ്യകൾ വളരെ പരിമിതമായതുകൊണ്ടും ആധുനിക സമൂഹം ഇതിനെ പൂർണ്ണമായും തഴഞ്ഞു.

ഫാഷൻഭ്രമവും പാശ്ചാത്യ-അനുകരണങ്ങളും കൊണ്ട് പിടിച്ച ഇന്നത്തെ യുവതലമുറ തെരുവുനാടകങ്ങളെ പരിഹാസത്തോടെയാണ് കാണുന്നത്. അതിന്റെ അന്തസത്തയെ ഉൾക്കൊള്ളുവാനോ അത് അവതരിപ്പിക്കുവാൻ ആ കലാകാരന്മാർക്ക് പ്രേരകമായ കാര്യം എന്തെന്നോ ചിന്തിക്കാൻ ഇന്നത്തെ യുവതലമുറയ്ക്കാവുന്നില്ല. സാമൂഹ്യബുദ്ധിജീവികൾ സമൂഹത്തിന്റെ ജീർണ്ണതക്കെതിരെ വാതോരാതെ പ്രസ്താവനകൾ ഇറക്കുന്നതല്ലാതെ തങ്ങൾക്ക് പ്രതികരിക്കുവാൻ പറ്റിയ ശക്തമായ മണ്ഡലമാണ് തെരുവുനാടകങ്ങൾ എന്ന് മനസ്സിലാക്കുന്നുമില്ല.

കേരളത്തിലെ തനതു കലാരൂപങ്ങളിൽ ഉൾപ്പെടാതിരുന്നതിനാലാവണം തെരുവു നാടകങ്ങൾ നിന്നുപോവാതെ സംരക്ഷിക്കുവാൻ ഭരണകൂടം നടപടികൾ എടുക്കാത്തത്. കലയുടെ രാജാവായ കഥകളിയും, ഓട്ടൻതുള്ളൽ, തെയ്യം, ചാക്യാർകൂത്ത്, കൃഷ്ണനാട്ടം, കൂടിയാട്ടം എന്നീ അനുഷ്ഠാന കലകളും, ഭരതനാട്യം, മോഹിനിയാട്ടം എന്നീ നൃത്തരൂപങ്ങളും നിലനിൽക്കുവാനായി സ്ഥാപിച്ച കേരള കലാമണ്ഡലവും ഈ കലാരൂപത്തെ ഒഴിച്ചുനിർത്തി. ഒരു കാലത്ത് സമൂഹത്തിന്റെ സകല മിടിപ്പുകളെയും ആവിഷ്കരിച്ചിരുന്ന തെരുവു നാടകങ്ങൾ ഇന്ന് അപൂർവ്വം ചില കലാമേളകളിൽ മാത്രമാണ് കാണാനാവുന്നത്.

കേരളത്തിലെ ഏറ്റവും വലിയ കലാമേളയായ യുവജനോത്സവത്തിൽ തെരുവുനാടക ഒരിനമായി ഉൾപ്പെടുത്തിയത്, ഇതിന്റെ മൂല്യത്തിന് കാര്യമായ ഉയർച്ചയൊന്നും നൽകിയില്ലെങ്കിലും, ഇത്തരം വേദികളിൽ തെരുവുനാടക സ്മരണയെങ്കിലും ഉണ്ടാക്കുന്നുണ്ട് എന്നോർത്ത് നമുക്ക് സമാധാനിക്കാം. എങ്കിലും പ്രതീക്ഷകളുടെ വേലിക്കെട്ടുകൾക്കപ്പുറം അത് ഒത്തിരി ദൂരം പിറകോട്ട് പോയിരിക്കുന്നു— കേരളത്തിന്റെ സാംസ്കാരിക ഇതിഹാസത്താൾ നിലനില്ക്കും എന്നതിന് ചോദ്യ ചിഹ്നമുയർത്തും മാതിരി ഒരിക്കലും കരകയറാൻ കഴിയാത്ത കയങ്ങളിലേക്ക്....

തെയ്യം

തെയ്യം തിറകളും കാവുകളും മതമൈത്രിയെ സൂചിപ്പിക്കുന്നു. ഒരു സമൂഹത്തിന്റെ ഒത്തുചേരൽ. കാവുകളിൽ തെയ്യം തിറയുടെ രൂപത്തിൽ ഉറഞ്ഞാടുമ്പോൾ വിശ്വാസങ്ങളുടെയും ആരാധനയുടെയും കണ്ണുകൾ കോലങ്ങളുടെ മേൽ പതിയുന്നു. മുഖത്തെഴുത്ത് പൂർണ്ണമായും ഉപയോഗിക്കുന്ന കലാരൂപമാണ് തെയ്യം. വിവിധതരം തെയ്യക്കോലങ്ങൾക്ക് വേണ്ടി ഏകദേശം നൂറിൽപരം മുഖത്തെഴുത്തുകളുണ്ട്.

ഉത്തരകേരളത്തിലാണ് തെയ്യവും തിറയും അനുഷ്ഠിച്ചു പോരുന്നത്. പാരമ്പര്യ കലാകാരന്മാരാണ് കോലങ്ങൾ കെട്ടിയാടുന്നത്. കോലം കെട്ടിക്കഴിഞ്ഞാൽ പിന്നെ ആ കോലം ദൈവരൂപമായി മാറും എന്നാണ് വിശ്വാസം. തരംതിരിക്കുകയാണെങ്കിൽ ഉഗ്രമൂർത്തികൾ, സർപ്പദൈവങ്ങൾ മലദൈവങ്ങൾ തുടങ്ങി ഒട്ടനവധി ആരാധനാ ദൈവങ്ങളുണ്ട്. വിശ്വാസങ്ങൾക്കും അനുഭവപാഠങ്ങൾക്കും അനുസരിച്ച് ആരാധനയുടെ സ്വഭാവത്തിനും വ്യത്യാസം കണ്ട് വരുന്നു. നേർച്ചയായും, ശാപമോക്ഷമായും തിറകൾ നടത്തുന്ന കുടുംബങ്ങൾ ഉത്തര കേരളത്തിലുണ്ട്. ഇവരെല്ലാം തന്നെ തങ്ങളുടേതായ ലക്ഷ്യപ്രാപ്തിക്കുവേണ്ടിയാണ് തെയ്യം കൊണ്ടാടുന്നത്. തെങ്ങോല, പട്ട്, മറ്റ് ചമയാഭരണങ്ങൾ തുടങ്ങിയ അലങ്കാര വസ്തുക്കൾ ദേഹത്തണിഞ്ഞ് പീഠത്തിലിരിക്കുന്ന തെയ്യക്കോലങ്ങളെ ആരാധനയോടെ ഓരോ വ്യക്തിയും തൊഴുതു നിൽക്കുന്നു. കോലം കെട്ടിയാടുന്ന ദൈവങ്ങളെ ബഹുമാന്യതയോടെ ആരാധിച്ചില്ലെങ്കിൽ ഉഗ്രശാപം കിട്ടുമെന്നാണ് ഉത്തരകേരളീയരുടെ വിശ്വാസം. ആചാരങ്ങൾക്കനുസരിച്ച് തീയിലും മറ്റും നൃത്തമാടുന്ന ദൈവങ്ങളും അമ്പും വില്ലുമെടുത്ത് ഉറഞ്ഞാടുന്ന ദൈവങ്ങളുമുണ്ട്. വണ്ണാൻ, മലയൻ, പുലയൻ തുടങ്ങിയ സമുദായക്കാർക്കാണ് തെയ്യക്കോലങ്ങൾ കെട്ടിയാടുവാനും മുഖമെഴുത്ത് ചെയ്യുവാനുമുള്ള അവകാശം.

നാടൻ കലാരൂപങ്ങളിൽ ഒരു പടിയെങ്കിലും മുന്നിൽ, ജനങ്ങളുടെ ഇടയിൽ ഇന്നും പിടിച്ചുനിൽക്കുന്ന കലാരൂപമാണ് തെയ്യം. കാലത്തിനൊപ്പം ഒരു പക്ഷേ കാവും, പറമ്പും തിറയുമെല്ലാം അപ്രത്യക്ഷമായേക്കാം.. എങ്കിലും ഉത്തരകേരളീയരുടെ

മനസ്സിലേക്ക് ഭക്തിയോടെയെങ്കിലും തെയ്യക്കോലങ്ങൾ ഓടിയെത്തും.. ചുവപ്പു പട്ടുടുത്ത രാത്രികളിലും, ഉച്ചവെയിലിലും ഉറഞ്ഞാടുന്ന തെയ്യക്കോലങ്ങൾക്ക് ഉടയാൻമാർ കാലത്തിനൊപ്പം മാറിപ്പോവാതിരുന്നാൽ മതിയായിരുന്നു. അസ്തമിച്ചുകൊണ്ടിരിക്കുന്ന നാടൻ കലാപൂരങ്ങളുടെ പട്ടികയിൽ തെയ്യത്തിന്റെ സ്ഥാനമെങ്കിലും നിലനിന്നു പോയിരുന്നെങ്കിൽ കേരളീയ സാംസ്കാരിക ചൈതന്യത്തിന്റെ അധഃപതനം ഒരു വേലിക്കെട്ടിൽ തങ്ങിനിൽക്കുമായിരുന്നു.

കോൽക്കളി

കോൽക്കളി എന്ന നാടൻ കല രൂപപ്പെട്ടത് വടക്കേ മലബാറിലാണ്. വടക്ക് മാപ്പിളമാരും തെക്ക് ഹിന്ദുക്കളും ഇത് നടത്തിവരുന്നു. മലപ്പുറത്താണ് മാപ്പിളക്കോൽക്കളി രൂപപ്പെട്ടത്. പനയിൽ നിന്നാണ് കോൽക്കളിക്കുള്ള കോലുണ്ടാക്കുന്നത്. കോലുകളിൽ പലനിറങ്ങളുള്ള പേപ്പറുകൾ ചുറ്റുന്നത് വടക്കേ മലബാറിൽ ചിലയിടങ്ങളിൽ കണ്ടുവരാറുണ്ട്. കോൽകളി എന്നത് ഒരു അനുഷ്ഠാന കലയായി കണക്കാക്കപ്പെട്ടിട്ടില്ല. നാടൻ കലാരൂപങ്ങളിൽ കോൽക്കളിയുടെ സ്ഥാനം വളരെ മുന്നിലുണ്ടാവും എന്നതിൽ സംശയമില്ല.

കോലടിയുടെ താളത്തിൽ ഇശലുകൾ പാടി പതിനാലു പേരടങ്ങുന്ന സംഘമാണ് മാപ്പിളക്കോൽക്കളി കളിച്ചു പോരുന്നത്. ഇശലുകളുടെ താളവും കോലടിയും മുഴങ്ങിക്കൊള്ളുമ്പോൾ ഈ നാടൻ കലാരൂപം അതിന്റെ അഭിമാനഘട്ടത്തിൽ എത്തുകയായി. കോൽക്കളി കലാരൂപമായി ഇന്ന് വേദികളിൽ നിറഞ്ഞു നിൽക്കുക കുറവാണ്. ഇശലുകളുടെ താളത്തിലുള്ള കോലടിശബ്ദവും പോയ്മറഞ്ഞു എന്ന് പറയാം. കേരളത്തിന്റെ കലാസാംസ്കാരികത ഉയർത്തുവാൻ കോൽക്കളി വഹിച്ച പങ്ക് വളരെ വലുതാണ്. എന്നാൽ ഇന്ന് ചില മത്സരവേദികളിൽ മാത്രം ഒതുങ്ങി നിൽക്കുകയാണ് കോൽക്കളി. വൈകാതെ ഓരോർമ്മയായി കോൽക്കളിയും മാറിയേക്കാം. കോൽക്കളി എന്നതുകൊണ്ട് കോലുകൊണ്ടുള്ള വെറുമൊരു കളിയാണെന്ന് ചിന്തിച്ചാൽ തെറ്റി- പ്രയത്നങ്ങളൊരു കൂടം തന്നെ കോൽക്കളിക്കുണ്ട്. എന്തു തന്നെയായാലും എത്രനാൾ നാം ഈ പേരോർക്കുമെന്ന് അറിയില്ല. വർഷങ്ങൾ മരിക്കുമ്പോഴൊരു പക്ഷേ- കലാസ്പുതാളുകളിൽ മാത്രം കോൽക്കളി എന്ന പേര് ഒതുങ്ങിനിൽക്കുന്ന ഒരു കാലവും വന്നെത്തും.

ചുരുക്കത്തിൽ മുകളിൽ പ്രതിപാദിക്കപ്പെട്ട നാടൻ കലകളെല്ലാം അതിന്റേതായ മൂല്യച്യുതി നേരിട്ടുകൊണ്ടിരിക്കുന്നവയാണ്. ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ പ്രശ്നങ്ങൾ അവയെ അലട്ടുന്നു. ഒരു പക്ഷേ അത് ഏത് മേഖലയിലുള്ള പ്രശ്നം ആയാലും കലകളുടെ പ്രശ്നമേഖലയിലെത്തിനോട്ടം നടത്താൻ നമുക്ക് സമയം കണ്ടെത്താൻ കഴിയാത്തതുകൊണ്ടാവണം നാം മടികാണിക്കുന്നത്. ജാതിയുടെയും സമുദായത്തിന്റെയും വേലിക്കെട്ടുകൾ തകർത്ത് കലകളെ വീണ്ടെടുത്ത് കൂടുതൽ ജനകീയ മാക്കുകവഴിമാത്രമേ കലകൾക്കിനി ആയുസ്സുള്ളൂ. ഇന്ന് നാം ഈ കലകളോട് കാണിക്കുന്ന സാമീപ്യം കേരള സാംസ്കാരികതയ്ക്ക് നാം സമ്മാനിക്കുന്ന കയ്പുള്ള ഒരു പറ്റം ഓർമ്മകളാവാം. മറഞ്ഞുകൊണ്ടിരിക്കുന്ന കലകൾ പലതും ഒരിക്കലും തിരിച്ചെത്തി ഒരെത്തിനോട്ടം നടത്താൻ കഴിയാത്തവണ്ണം അധഃപതിച്ചിരിക്കുന്നു.. അരങ്ങിൽ നിന്ന് അണിയറയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നവയെല്ലാം നമുക്ക് സംരക്ഷിക്കാം. നമ്മുടെ നാടൻ തനിമ നിലനിന്നുപോവാൻ. പറയുന്നതിനേക്കാൾ പ്രവൃത്തിയെന്നത് കഠിനമാണ് എന്ന സത്യം മറച്ചുവച്ചുകൊണ്ട് നമുക്ക് അവയെ തിരിച്ചെത്തിക്കാൻ കഴിയില്ലെങ്കിലും നമുക്ക് കാത്തിരിക്കാം.

COLLEGE MAGAZINE 2008

അവതരിപ്പിക്കുന്നു

‘ഒച്ച്’

more than just thinkinG.....

1 താങ്കളുടെ കൈവശം ഇപ്പോൾ എത്ര ലൈബ്രറി കാർഡ് ഉണ്ട് ?
a) 0 **15.6** %
b) 1 **10.6** %
c) 2 **12.9** %
d) 3 **60.9** %

2 ഒളിമ്പിക്സിന് ഇന്ത്യയ്ക്ക് എത്ര മെഡൽ കിട്ടും എന്നാണു നിങ്ങൾ കരുതുന്നത് ?
a) 0 **20.8**%
b) 1- 5 **62** %
c) 6-10 **8.6** %
d) അതിനു മുകളിൽ **8.6** %

3 നിങ്ങൾ എപ്പോഴെങ്കിലും ഇൻലന്റിൽ കത്തെഴുതിയിട്ടുണ്ടോ?
a) ഉണ്ട് **67.9** %
b) ഇല്ല **28.6** %
c) ബാധകമല്ല **3.5** %

4 കോട്ടയത്തിനും നെടുങ്കുഴിക്കും മധ്യേ വടവാതൂരിൽ എത്തുമ്പോൾ നിങ്ങൾ മൂക്കുപൊത്താറുണ്ടോ ?
a) ഉണ്ട് **65.4** %
b)ഇല്ല **15.9** %
c) ശ്രദ്ധിച്ചിട്ടില്ല **18.7** %

5 നാളെ ഹർത്താൽ ആണ് എന്നറിയുമ്പോൾ നിങ്ങൾക്കുണ്ടാകുന്ന വികാരം എന്താണ് ?
a) സന്തോഷം **48.3**%
b) ആശ്വാസം **26**%
c) സങ്കടം **8.7**%
d) ഇവയൊന്നുമല്ല **17**%

6 നിങ്ങൾ എന്തിനാണ് ക്ലാസ്സിൽ പോകുന്നത് ?
a) പഠിക്കാൻ **34**%
b) അറ്റൻഡൻസിന് വേണ്ടി **53.8**%
c) ചില പ്രത്യേക മുഖങ്ങൾ കാണാൻ **12.2**%

7 ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ കോളേജ് യൂണിയന് ഏത് ഗ്രേഡ് നൽകും?
a) A+ **24.4**%
b) A **42**%
c) B+ **16.4**%
d) B **9.1**%
e) അതിൽ താഴെ **8.1**%

8 എന്തുകൊണ്ടാണ് നിങ്ങൾ പ്ലെയ്സ്മെന്റ് ആഗ്രഹിക്കുന്നത് ?
a) പണത്തിനു വേണ്ടി **25**%
b) മനഃസമാധാനത്തിന് വേണ്ടി **26**%
c) മറ്റുള്ളവരെ ബോധിപ്പിക്കാൻ **15.6**%
d) ഇവയൊന്നുമല്ല **33.4**%

9 ക്യാമ്പസ്സിൽ ആത്മാർത്ഥമായൊരു പ്രണയമുണ്ടോ ?
a) ഉണ്ട് **24.4**%
b) ഇല്ല **51.8**%
c) ശ്രദ്ധിച്ചിട്ടില്ല **23.8**%

10 കോളേജ് മാഗസിന്റെ പേര് ഇതിലേതെങ്കിലുമാകുന്നതിൽ നിങ്ങൾക്ക് യോജിപ്പുണ്ടോ ?
1) വെടിക്കെട്ട്
2) ചൂണ്ട
3) ഇരുട്ടിന്റെ ചിറകിൽ ഒരു ഈയാംപാറ്റ
4) Broken Chains

a) ഉണ്ട് **51.8**%
b) ഇല്ല **48.2**%

Credibility Vs Circulation

മാധ്യമ സംസ്കാരത്തിലെ വൈരുദ്ധ്യങ്ങൾ

Adil Nasser | 7 Electrical

വായിച്ചും വായിപ്പിച്ചും മാധ്യമങ്ങൾ അക്ഷരങ്ങളിലൂടെ സൃഷ്ടിച്ച അത്ഭുതങ്ങൾ മനുഷ്യന് അവന്റെ സാമൂഹ്യ ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിലേക്ക് കനപ്പെട്ട സംഭാവനകളാണ് നൽകിയത്. അത്യാധുനിക സാങ്കേതികതയുടെ മികവിൽ, മാധ്യമങ്ങൾ വളരുകയും, വികസിക്കുകയും ചെയ്തു കൊണ്ടിരുന്നു. അടിച്ചമർത്തപ്പെട്ടവർക്ക് പോരാടാനുള്ള കരുത്തു നൽകിയും മാധ്യമങ്ങൾ നൽകിയ സേവനങ്ങൾ ഒട്ടനവധിയാണ്. ഇന്ത്യൻ സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ അക്ഷരങ്ങളുടെയും, ആശയങ്ങളിലൂടെയും വീര്യം പകർന്നത് മാധ്യമങ്ങളായിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ മുഖ്യപങ്ക് വഹിച്ചിട്ടുള്ളതും മാധ്യമങ്ങളാണ്. അത്തരത്തിൽ മാധ്യമങ്ങൾ തുടർന്നുള്ള സ്വാതന്ത്ര്യ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകർന്നു നൽകി.

കാലപ്രവാഹത്തിൽ സാമൂഹ്യ സംവിധാനങ്ങൾക്ക് പലതിനും അപഭ്രംശം സംഭവിച്ച കൂട്ടത്തിൽ മാധ്യമങ്ങളും അവയുടെ പ്രഖ്യാപിതലക്ഷ്യത്തിൽ നിന്നും അകലുന്ന കാഴ്ച്ചയാണ് കാണുന്നത്. ദൃശ്യ മാധ്യമങ്ങളോട് കിടപിടിച്ച് നിൽക്കാനാകാതെ ശ്രവ്യ, അച്ചടി മാധ്യമങ്ങൾ ചക്രശ്വാസം വലിക്കുകയാണ്. മറ്റു രംഗങ്ങളിൽ മത്സരങ്ങൾ ഗുണനിലവാര ഉയർച്ചയിലേക്ക് നയിക്കാറുണ്ടെങ്കിലും മാധ്യമങ്ങൾക്കിടയിലുള്ള മത്സരങ്ങൾ പലപ്പോഴും നിലവാരത്തകർച്ചയ്ക്ക് കാരണമാവാറുണ്ട്. പത്രാധിപർ നിശ്ചയിച്ചിരുന്ന മാധ്യമനിലപാട് പത്രമുടമയിലേക്ക് മാറിയത് ഗുരുതരമായ പരിണാമമായിരുന്നു. Times of India യുടെ ഇന്നത്തെ അവസ്ഥ ഇതിനെ ഉദാഹരിക്കും.

മാധ്യമത്തെ ബിസിനസ്സാക്കി മാറ്റുമ്പോൾ അത് കാപട്യമാർന്ന ഒന്നായി മാറും. യഥേഷ്ടം മുതൽമുടക്കുള്ള ഒരു വ്യവസായ സംരംഭമായി മാധ്യമലോകം മാറിയപ്പോൾ, ആദായം കൂടുതലുണ്ടാക്കുന്ന 'വിക്രികകൾ' മാധ്യമ തന്ത്രങ്ങളായി രംഗത്തു വന്നു. രക്തബന്ധങ്ങൾപോലും ലാഭനഷ്ടങ്ങളുടെ അളവുകോലുകൾ വച്ചുനോക്കി കാണുന്ന ഒരു സംസ്ക്കാരത്തിൽ' മാധ്യമങ്ങൾ കമ്പോളത്തിലെ വിൽപ്പനചരക്ക് മാത്രമാവുകയാണ്. ഉപഭോക്താക്കളുടെ തൃപ്തിമാത്രം പരിഗണിച്ച് സത്യത്തെ വളച്ചൊടിച്ച് എഴുതുകയും, പറയുകയും, കാണിക്കുകയും ചെയ്യുന്ന രീതിയാണ് മാധ്യമങ്ങൾ ഇന്ന് സ്വീകരിച്ചിരിക്കുന്നത്. പത്രങ്ങളിലും മറ്റാനുകാലികങ്ങളിലും ലൈംഗികാതിപ്രസരമുള്ളതും അശ്ലീലചുവയുള്ളതുമായ ചിത്രങ്ങളും, ലേഖനങ്ങളും നിറയുന്നതും ഉപഭോക്താക്കളെ പരിഗണിച്ചു മാത്രമാണ്.

മാന്യമായ ഒന്നിനെ മഹത്വപ്പെടുത്താനും, അധമമായതിനെ അധിക്ഷേപിക്കാനുമുള്ള കഴിവ് മാധ്യമങ്ങൾക്ക് ഇന്ന് നഷ്ടമായിരിക്കുന്നു. കാരണം അവർ വിപണിയിലെ പ്രതിചലനങ്ങളെ ഭയപ്പെടുന്നു. സാമൂഹ്യ പ്രശ്നങ്ങളിലും രാഷ്ട്രീയ വിഷയങ്ങളിലും ഇടപെടുമ്പോൾ പൊതുനന്മയ്ക്കും, രാഷ്ട്ര ക്ഷേമത്തിനും അപ്പുറം സ്വന്തം ഉപഭോക്താക്കളെ തൃപ്തിപ്പെടുത്താനുള്ളതായി പത്രധർമ്മം ഇന്ന്.

മാന്യമായ ഒന്നിനെ മഹത്വപ്പെടുത്താനും, അധമമായതിനെ അധിക്ഷേപിക്കാനുമുള്ള കഴിവ് മാധ്യമങ്ങൾക്ക് ഇന്ന് നഷ്ടമായിരിക്കുന്നു. കാരണം അവർ വിപണിയിലെ പ്രതിചലനങ്ങളെ ഭയപ്പെടുന്നു. സാമൂഹ്യ പ്രശ്നങ്ങളിലും രാഷ്ട്രീയ വിഷയങ്ങളിലും ഇടപെടുമ്പോൾ പെതുനന്മയ്ക്കും രാഷ്ട്ര ക്ഷേമത്തിനും അപ്പുറം സ്വന്തം ഉപഭോക്താക്കളെ തൃപ്തിപ്പെടുത്താനുള്ളതായി പത്രധർമ്മം ഇന്ന്. പത്രമുതലാളിയുടെയും, പരസ്യദാതാക്കളുടെയും ഇംഗിതത്തിനനുസരിച്ച് പാവക്കൂത്ത് നടത്തുന്ന ചരടുവലിക്കാരായി പത്രസമൂഹം തന്നെ ഇന്ന് അധഃപതനത്തിലേക്ക് കൂപ്പുകുത്തുവാൻ തുടങ്ങി. വാർത്തകൾ വിവാദങ്ങളാക്കി ശ്രദ്ധപിടിച്ചു പറ്റുക എന്ന തന്ത്രം സർവ്വഥാ അംഗീകരിക്കപ്പെട്ടു. വാർത്തയെയും, സംഭവങ്ങളെയും 'സെൻസേഷണലൈസ്' ചെയ്തു കൊണ്ടുള്ള കച്ചവട മാധ്യമതന്ത്രങ്ങൾ വ്യാപകമായ പ്രതിഫലനങ്ങളാണ് ഉണ്ടാക്കിയത്. ഒറ്റപ്പെട്ടതും അപ്രധാനവുമായ സംഭവങ്ങളെ പർവ്വതീകരിച്ചും, പൊടിപ്പും തൊങ്ങലും വെച്ചുള്ള അവതരണവും നിത്യസംഭവങ്ങളായി. അപ്രസക്തമായ വിഷയങ്ങൾ അതീവ പ്രധാന്യമുള്ളതായി ചിത്രീകരിക്കപ്പെട്ടു യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്ത വർത്തകൾ മെനഞ്ഞെടുക്കുക എന്നത് ആധുനിക മാധ്യമലോകത്തിന്റെ വിനോദമായി തീർന്നിരിക്കുന്നു. വാർത്തകൾ ഉണ്ടാകുന്നതിനു പകരം, വാർത്തകൾ ഉണ്ടാക്കുന്നതിനുള്ള തത്രപ്പാടിൽ നഷ്ടപ്പെടുന്നത് മാധ്യമങ്ങളുടെ നൈതികഭാവമാണ്. ദുരന്തങ്ങളെ ആഘോഷമാക്കി മാറ്റുന്ന മാധ്യമങ്ങളുടെ ഈ ഉത്സാഹം തിരസ്ക്കരിക്കപ്പെടേണ്ട വിപത്ത് തന്നെയാണ്. ഇത്തരത്തിൽ ആവശ്യമില്ലാത്തതിന് അമിത പ്രാധാന്യം കൊടുക്കുകയും, അർഹിക്കുന്നതിന് പ്രാധാന്യം നൽകാതിരിക്കുകയും ചെയ്യുകവഴി ആരുടെയെക്കേയോ, താൽപ്പര്യങ്ങൾക്കു വഴങ്ങി മാധ്യമങ്ങൾ വിധേയരാവുന്ന 'വൈരുദ്ധ്യങ്ങൾ'

നമുക്ക് വെളിവാവുകയാണ്.

അച്ചടി മാധ്യമങ്ങളിൽ വരുന്ന തലവാചക കസർത്തുകളാണ് ചർച്ച ചെയ്യപ്പെടേണ്ടുന്ന മറ്റൊരു കാര്യം. തലവാചകങ്ങൾ വാർത്തകളുടെ ഹൃദയത്തെക്കുറിച്ച് വായനക്കാരുടെ മനസിൽ ഒരു നെഗറ്റീവ് ഇംപാക്ട് (Negative Impact) ആണ് സൃഷ്ടിക്കുന്നത്. മാധ്യമങ്ങൾ വാർത്തയെ റിപ്പോർട്ട് ചെയ്യുന്നു എന്നാൽ ഇത്തരം തലവാചകങ്ങളിലൂടെ അതിന്റെ അന്തസത്തയെ നശിപ്പിക്കുകയും ചെയ്യുന്നു. തിരക്കിട്ട ഇന്നത്തെ ലോകത്ത്, മാറുന്നലോകക്രമത്തിന്റെ വക്താക്കളായി തലവാചകങ്ങളിലൂടെ മാത്രം കടന്നുപോവുന്ന ജനങ്ങൾ വാർത്തകളെ തെറ്റായി ധരിക്കുകയും, പിന്നീട് അതിനെ തെറ്റായി വ്യാഖ്യാനം ചെയ്യുകയും ചെയ്യുന്നു. ഇതിനൊരുദാഹരണമായി സർക്കുലേഷനിൽ വലിയ മലയാളിപത്രമെന്ന് അവകാശപ്പെടുന്ന പത്രത്തിൽ വന്ന വാർത്ത: ഷെയർ മാർക്കറ്റിലെ അഴിമതി വൻ വാർത്താപ്രാധാന്യം നേടിയ കാലത്താണ് സഖാ: ഇ.എം.എസ്. അന്തരിക്കുന്നത്. തന്റെ സർവ്വസ്വത്തുക്കളും റോയൽറ്റിതുകയും പാർട്ടിക്ക് എഴുതിവെച്ച ഇം.എം.എസ് 500 രൂപയുടെ ഒരു ഷെയർ മകൻ ശ്രീധരന്റെ പേരിൽ നിക്ഷേപിക്കുകയുണ്ടായി. പ്രസ്തുത പത്രത്തിൽ ഈ വാർത്തയ്ക്ക് വന്ന തലക്കെട്ട് ഇങ്ങനെയായിരുന്നു "ഇ.എം.എസ്സിന്റെ ഷെയറുകൾ മകൻ ശ്രീധരന്" ! തലക്കെട്ട് മാത്രം വായിക്കുന്ന വായനക്കാർ മനസിലാക്കുന്നത് ഹർഷദ് മേത്തയെ പോലെ ഇ.എം.എസ്സും ഷെയറുകളിൽമേൽ അഴിമതി നടത്തി എന്നാണ്!. ഇതാണ് അവസ്ഥ. ചില മാധ്യമങ്ങൾ തലക്കെട്ടുകളിൽ മാത്രമല്ല വാർത്തയൊന്നാകെ അട്ടിമറിക്കുന്നു. അതിനുപിന്നിലുള്ള ഗൂഢലക്ഷ്യങ്ങൾ രാഷ്ട്രീയമാവാം, മതപരമാവാം, വ്യക്തിപരമാവാം. പക്ഷെ ഇത്തരത്തിൽ കമ്പോളത്തിൽ വാർത്തകൾ വിൽക്കുന്നതിനെ പത്രധർമം എന്നു വിളിക്കാൻ കഴിയില്ല മറിച്ച് അതിനെ 'മാധ്യമവ്യഭിചാരം' എന്നു പേരിട്ടുവിളിക്കണം.

മാധ്യമങ്ങളുടെ ആവിഷ്ക്കാരശൈലിയെ എങ്ങനെ (എന്തുകൊണ്ട്) കോർപ്പറേറ്റ് മൂലധനശക്തികൾ സ്വാധീനിക്കുന്നു എന്നത് സമകാലീന സമൂഹത്തിൽ വളരെ ഗഹനമായ ചിന്തയ്ക്ക് അർഹമായ വസ്തുതയാണ്. പത്രമാധ്യമങ്ങൾ 'മാധ്യമധർമം' എന്ന ആശയത്തെയും കൈമുതലായി ഉണ്ടെന്നുപറയപ്പെടുന്ന Ideology യുമൊക്കെ മാറ്റിനിർത്തി, വ്യവസ്ഥാപിതമായ വ്യാവസായിക തൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് തയ്യാറാവുന്നു. അത് സാമൂഹ്യനീതിയ്ക്ക് നേരെയുള്ള അവഹേളനമാണ്. ഇന്ത്യയിലെ ഏറ്റവും പാരമ്പര്യമുള്ള പത്രങ്ങളും, സർക്കുലേഷന്റെ മാനദണ്ഡത്തിൽ മുൻപന്തിയിലാണ് എന്ന് അവകാശപ്പെടുന്ന പത്രങ്ങളും വാർത്തകൾക്കുള്ള പേജുകൾ കൂടി പരസ്യങ്ങൾ അടക്കം മറ്റ് വിനോദങ്ങൾക്കുമാണ് നൽകുന്നത്. വാർത്താദാരിദ്ര്യം നേരിടാത്ത നമ്മുടെ രാജ്യത്ത് വാർത്തകളെക്കാൾ കൂടുതൽ പരസ്യങ്ങൾക്കാണ് പ്രാധാന്യം. ഷെയർമാർക്കറ്റുകളിലും, വ്യവസായ സംരഭങ്ങളിലും ഈ മാധ്യമരാജാക്കൻമാർ പ്രാതിനിധ്യം ഉറപ്പിക്കുമ്പോൾ സംരക്ഷിക്കപ്പെടുന്നത് കോർപ്പറേറ്റ് ഭീമൻമാരുടെയും, ചില വ്യക്തികളുടെയും താൽപര്യങ്ങളാണ്. ദൃശ്യമാധ്യമങ്ങളും ഈ രീതി അവലംബിക്കുന്നുണ്ട്. ഇത് നാനാവിധത്തിലുള്ള മാധ്യമങ്ങളുടെയും വിശ്വാസ്യത നശിപ്പിക്കും. വമ്പിച്ച ലാഭം കൊയ്യാൻ സ്വർണ്ണമഴയും, തംബോലയുമൊക്കെ ഫുൾപേജുകളിലായി നിറയുമ്പോൾ ചിത്രത്തിൽ നിന്നു മായ്ക്കുന്നത് സംസ്ക്കാരമുള്ള വാർത്തകളാണ്. ഉത്പാദന ചിലവിലെ വർദ്ധനവ് പത്രവില വർദ്ധിപ്പിച്ച് പരിഹരിച്ചിട്ടുകൂടിയും, സാമൂഹ്യതാൽപ്പര്യങ്ങളെ തമസ്ക്കരിച്ചുകൊണ്ട് അഡ്വൈർറ്റസിംഗ് ഏജൻസി മാത്രമായി നിലനിൽക്കുന്നത് ഈ മാധ്യമചക്രവർത്തിമാർക്ക് തീരെ ഭൂഷണമല്ല.

ദൃശ്യമാധ്യമങ്ങളിലെയും, അച്ചടിമാധ്യമങ്ങളിലെയും വാർത്തകൾ രാഷ്ട്രീയത്തിന്റെ കുത്സിത തന്ത്രങ്ങളിൽ അകപ്പെട്ടുപോകുന്നത് സ്ഥിരം കാഴ്ചയാണ്. രാഷ്ട്രീയ കക്ഷികൾ പത്രസ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തുന്നു എന്നു പറയുന്നതാണ് കൂടുതൽ ശരി. രാഷ്ട്രീയ നേതാക്കളുടെ അഭിപ്രായ സ്വാതന്ത്ര്യത്തിനും തദ്വാര പൊതു അഭിപ്രായ രൂപീകരണത്തിനും അച്ചടി, ദൃശ്യമാധ്യമങ്ങൾ സഹായകമാണ്. എന്നാൽ ഇന്ന് ചാനലുകളും, പ്രസിദ്ധീകരണങ്ങളും തെരഞ്ഞെടുപ്പ് പ്രചരണത്തിനും സ്വന്തം രാഷ്ട്രീയകക്ഷിയുടെ അന്തസ്സു വർദ്ധിപ്പിക്കുന്നതിനുമാണ് പ്രവർത്തിക്കുന്നത്. ഇതിന് അപവാദമായി പ്രവർത്തിക്കുന്ന വളരെകുറച്ച് മാധ്യമസംരഭങ്ങൾ മാത്രമേയുള്ളൂ.

സാമൂഹ്യ നീതി ഉയർത്തി പിടിക്കുന്ന പത്രങ്ങൾ കുറവാണെന്നത് ഖേദകരം തന്നെ. പഴയകാല വിപ്ലവപ്രസിദ്ധീകരണങ്ങളും, പത്രങ്ങളും നിസ്വാർത്ഥമായ സാമൂഹിക നീതിയുടെയും, പ്രത്യയശാസ്ത്രങ്ങളുടെയും ഉദാഹരണങ്ങളായിരുന്നെങ്കിൽ പിന്നീട് അവയുടെ പ്രസക്തി ആനുകാലികമായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതായി സംശയിക്കേണ്ടിയിരിക്കുന്നു.

പ്രാധാന്യമർഹിക്കുന്ന വാർത്തകളെ വിഴുങ്ങുന്ന, അതുവഴി കീശവീർപ്പിക്കുന്ന മാധ്യമങ്ങളുടെ പേരുകൾ വിമർശിക്കപ്പെടേണ്ടവ തന്നെ. ജെയിംസ് അഗസ്റ്റിൻ എന്ന അധ്യാപകന്റെ കൊലപാതകം, S.M.E. റാഗിംങ് കേസിലെ പ്രതികളെ രക്ഷിക്കാൻ ഉന്നത ഉദ്യോഗസ്ഥരോടൊപ്പം സർക്കുലേഷൻ ഭാഷയിൽ 'പ്രചാരമുള്ള പത്രം' നടത്തിയ ശ്രമങ്ങൾ തുടങ്ങിയവ മതിയാവും മേൽപ്പറഞ്ഞ വാചകത്തെ സാധൂകരിക്കാൻ. ഏഴാംക്ലാസിലെ പാഠപുസ്തകവിവാദം പല പത്രങ്ങളും റിപ്പോർട്ട് ചെയ്ത രീതി (കുരിശുയുദ്ധ വിളികൾക്ക് വഴിതെളിച്ച രീതി) മാത്രം മതിയാവും പലതിന്റേയും ചെമ്പ് വെളിവാകാൻ. ഇത്തരത്തിൽ ചെങ്ങറയിൽ കിടക്കാനിടം തേടുന്നവർക്ക് സഹായം നൽകാതെ, ഗോൾഫ് ക്ലബിന്റെ വാർത്തകളിലൂടെ രാഷ്ട്രീയ മുതലെടുപ്പ് നടത്തുന്ന മാധ്യമ സിൻഡിക്കേറ്റുകൾ വിമർശിക്കപ്പെടേണ്ടതാണ്.

അക്ഷരങ്ങളെ തെരുവിൽ ചുട്ടുകരിക്കുന്ന കാട്ടുനീതിയ്ക്ക് ഒത്താശ പാടുവാനല്ല, മറിച്ച് ധൈഷണിക മണ്ഡലങ്ങളെ സ്വാധീനിക്കുന്ന വാർത്തകളിലേക്കുള്ള കണ്ണുകളാവണം മാധ്യമങ്ങൾ. സമൂഹത്തെ വീക്ഷിക്കാനുള്ള സാധാരണക്കാരന്റെ കണ്ണടകളാവട്ടെ മാധ്യമങ്ങൾ എന്നു നമുക്ക് പ്രത്യാശിക്കാം.

INVESTIGATIVE STORY

അൽ അമീർ 7 ഇലക്ട്രിക്കൽ



ബോംബ് കഥ

16-03-2007, വെള്ളിയാഴ്ച 3.45 A.M. RIT M.H.

ഒരു ബോംബ് പൊട്ടി, ക്യാമ്പസ്സിലെ സൗഹൃദങ്ങൾക്കു മുകളിൽ, സ്വാതന്ത്ര്യത്തിനു മുകളിൽ പ്രവചനങ്ങൾക്കു വിധേയമായ സ്വാഭാവിക ഷെഡ്യൂളിനു മുകളിൽ.

* * *

പിന്നീട് RIT യുടെ ചെയർമാനായി മാറിയ സിജീഷ് ജോഷി. MH ലെ നിതാന്തത്ഭുതമായ അണ്ടർഗ്രൗണ്ട് ഫ്ളോറിലെ 105-ാം നമ്പർ മുറിയിലിരുന്ന് Internet- ൽ അസ്ഥിത്വം തേടുന്നു സിജീഷ്. വെട്ടം ഒഴിഞ്ഞിട്ടില്ല. രാത്രീ ഞ്ചരൻമാർ മെസ്സ്ഹാളിലും മറ്റുമായി ഉണർന്നുറങ്ങുന്നു. ഒരൊറ്റ മനസ്സോടെയുറങ്ങുന്ന സിജീഷിന്റെ റൂംമേറ്റ്സ്; കെ. കെ. ജോബി, രഘു, റിന്റോ. പുറത്തെ ഇരുട്ടിൽ രണ്ടു നിഴലുകൾ നീങ്ങിയിരിക്കാം. തിരി കൊളുത്തപ്പെട്ടു.

എന്തിനുവേണ്ടി എന്നതിനെ അപ്രസക്തമാക്കി കൊണ്ട് അത് പൊട്ടിത്തെറിച്ചു. ജനൽചില്ലിനെ തുളച്ചു കൊണ്ട് തീ റൂമിലേക്ക് ഇരച്ചു കയറി. ഒന്നാം നിലയിലെ മെസ്ഹാൾ വരെ തീനാളം ഉയർന്നു. കനത്ത ശബ്ദം ഉണർന്നിരുന്ന സിജീഷിനെ സ്തബ്ദനാക്കി. എന്താണ് സംഭവിക്കുന്നതെന്ന് തിട്ടപ്പെടുത്താനാവാത്ത നിസ്സഹായത. താഴത്തെ പേപ്പറുകളിലേക്ക് കൂടി തീ ലയിച്ചപ്പോൾ ജോബിയും ഉണർന്നു. ജനലിനോട് ചേർന്നു നിന്ന മേശപ്പുറത്തേക്ക് കൂടി അഗ്നി പടർന്നു, ആ മേശ അവിടെയില്ലായിരുന്നുവെങ്കിൽ ഒരു പക്ഷെ... കുപ്പിച്ചില്ലിനും, തീനാളങ്ങൾക്കും മറ്റു സാധ്യതകൾ തെളിഞ്ഞേനെ. M.H. ലെ മഹാഭൂരിപക്ഷം ഉണർന്നു.

കനത്ത ശബ്ദം ഉണർന്നിരുന്ന സിജീഷിനെ സ്തബ്ദനാക്കി. എന്താണ് സംഭവിക്കുന്നതെന്ന് തിട്ടപ്പെടുത്താനാവാത്ത നിസ്സഹായത. താഴത്തെ പേപ്പറുകളിലേക്ക് കൂടി തീ ലയിച്ചപ്പോൾ ജോബിയും ഉണർന്നു. ജനലിനോട് ചേർന്നു നിന്ന മേശപ്പുറത്തേക്ക് കൂടി അഗ്നി പടർന്നു, ആ മേശ അവിടെയില്ലായിരുന്നുവെങ്കിൽ ഒരു പക്ഷെ...

പൊട്ടാതെ കിടന്ന പെട്രോൾ ബോംബ്

ഉണരാത്തവർ ഉണർത്തപ്പെട്ടു. ഉണ്ടായത് short Circuit അല്ല എന്ന തിരി ച്ചറിവ് വെള്ളമൊഴിച്ച് തീയണയ്ക്കാൻ പ്രേരണയായി മിനിറ്റുകൾക്കകം വാർഡനും പ്രിൻസിപലും പിന്നെ പാമ്പാടിയിലെ പോലീസ് പടയും M.H. ലെ പിന്നാമ്പുറത്തെത്തി. ബോംബിന്റെ നിഷ്പത്തി തേടിയുള്ള അന്വേഷണങ്ങൾ അവിടെ തുടങ്ങുന്നു. ഫോറൻസിക് വിദഗ്ധരും, പോലീസ് നായയും വന്ന് ചടങ്ങുകൾ നടത്തി. ക്യാമ്പസ് കൗതുക ത്തോടെ എല്ലാം നോക്കിനിന്നു. ബോംബിന്റെ ഗന്ധം പോലീസ് നായയെ M.H. നു പിന്നിലെ വലിച്ചെറിയപ്പെട്ട ഭക്ഷണ പദാർത്ഥങ്ങളി ലാണ് കൊണ്ടെത്തിച്ചത് എന്നത് ഒരു വൈരുദ്ധ്യമാകാം.

7 മണിയായപ്പോഴേക്കും ഹോസ്റ്റലിനു ചുറ്റും സമ്പന്നമായ ഒരു ആൾക്കൂട്ടം രൂപപ്പെട്ടിരുന്നു. നിശബ്ദമായ ചർച്ചകൾ പുരോഗമിച്ചു. ചിലർ ഒരു ഡിറ്റക്റ്റീവ് നോവലിന്റെ ലാവണ്യത്തോടെ നേരിട്ടുകണ്ട ധ്വനിയിൽ വിശദീകരിക്കുന്നു. ആ നിമിഷത്തിന്റെ നടുക്കം അനുഭവി ച്ചവർക്കൊഴിച്ച് അവിടെ കൂടിയവർക്കെല്ലാം ഏതാണ്ട് ഒരേ വികാരമാ യിരുന്നു.

“ആദ്യമായിട്ടാണ് ഒരു കള്ളനെ നേരിട്ട് കാണുന്നത്” എന്നു പറ യുന്ന പ്രതീതിയിൽ സ്വന്തം അന്തരീക്ഷത്തിൽ ഒരു ബോംബ് പൊട്ടി യതിന്റെ കൗതുകം അവർ ആസ്വദിക്കുകയായിരുന്നു.

പിന്നെയും അരമണിക്കൂറോളം കഴിഞ്ഞപ്പോൾ അപ്രതീക്ഷിതമായ ഒരു കണ്ടുപിടുത്തം നടന്നു. അടുത്ത ഞെട്ടലിനുള്ള വകയുണ്ടായി അത്രയും പോലീസുകാരും കാഴ്ചകാരും നിരന്നു നിന്നിട്ടും ശ്രദ്ധി ക്കാതിരുന്ന വസ്തുത. നിരീക്ഷണനിപുണനായി ചുറ്റും കണ്ണോടിച്ച ഉദ്യോഗസ്ഥനാണ് അതു കണ്ടെത്തിയത്. 105–ാം നമ്പർ മുറിക്ക് സമാ ന്തരമായി മറുവശത്തെ 101–ാം നമ്പർ മുറിയുടെ, ജാലകത്തറ്റത്ത് തിരി കെട്ടുപോയ ഒരു പെട്രോൾ ബോംബ്. കെട്ടുപോയ തിരിക്ക്, ബോംബിനു നേരെ തല വെച്ചു കിടന്ന അഭിലാഷിന്റെ അതേ ഭാവം. വഴി മാറി പോയ ഒരു ദുരന്തത്തിന്റെ ശേഷിപ്പ്.

എന്തിന്? ആര് ? ആർക്കെതിരെ? എന്നിങ്ങനെ ചോദ്യങ്ങൾ മാത്രം അവശേഷിച്ചു. മുൻദിവസങ്ങളിൽ ക്യാമ്പസിലുണ്ടായ ചില പ്രശ്ന ങ്ങളുടെ ബാക്കി പത്രമെങ്കിൽ, അതിൽ ഉൾപെട്ടിട്ടില്ലാത്തവരുടെ റൂമു കളിൽ ബോംബ് സ്ഥാപിച്ചതിന്റെ ലോജിക്ക്? വൊക്കാൻ എളുപ്പമുള്ള റൂമുകൾ തിരഞ്ഞെടുത്തതായിരിക്കാം ഇനിയുമൊരുപക്ഷെ ഒന്നു പേടി പ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ, പുറത്തു നിന്നുള്ള ചില കക്ഷികൾ സംഭവവികാസങ്ങളെ മുതലെടുത്തതായിരിക്കാം.

പിറ്റേന്ന് മാധ്യമധർമ്മത്തിന്റെ വിശുദ്ധിയും ക്യാമ്പസ്സ് അറിഞ്ഞു. മലയാളത്തിലെ പ്രശസ്തമായൊരു പത്രം എഴുതിയത് “രാജീവ് ഗാന്ധി എൻജിനീയറിംഗ് കോളേജിൽ ബോംബ് സ്ഫോടനം. ഹോസ്റ്റലിൽ നിന്ന് വടിവാളും മറ്റു മാരകായുധങ്ങളും കണ്ടെടുത്തു.” വാർത്ത വായിച്ച ഹോസ്റ്റൽ നിവാസികൾ ഇതൊന്നും ഞങ്ങളറിഞ്ഞില്ലല്ലോ എന്നു വാ പൊളിച്ചു. ഹോസ്റ്റൽ നിവാസികളുടെ വിരലടയാളമെടു ത്തു. പിന്നീട് ഒരു മാസക്കാലത്തോളം ഒരു പറ്റം പോലീസുകാർ MH ൽ താമസിച്ചു. ചായകുടിച്ച്, ചോറുണ്ട്, നനച്ച അവിലും വടയുമെല്ലാം തിന്ന്, ടി.വിയും കണ്ട് അവിടുത്തെ ആളുകളായി. വളരെ പെട്ടെന്ന് ക്യാമ്പസ്സും ഹോസ്റ്റലുമെല്ലാം ട്രാക്കിലേക്ക് തിരിച്ചു വന്നു.

പിന്നീടെപ്പോഴോ പോലീസിനെ കാണാതായി ക്യാമ്പസ്സ് ആ മുറി പ്പാട് മറന്നു തുടങ്ങി

ഇപ്പോഴും, അന്വേഷണം തുടരുന്നുണ്ടായിരിക്കാം ഇന്ത്യൻ നഗര ങ്ങൾ ഹൈടെക് സ്ഫോടനങ്ങളെ പറ്റി സംസാരിക്കുമ്പോൾ, നമുക്ക് ചർച്ച ചെയ്യാൻ ഒരു പെട്രോൾ ബോംബെങ്കിലുമുണ്ടല്ലോ...

ഇനിയും, അതൊരു ചുരുളഴിയാത്ത ഫിക്ഷനായി തുടർന്നേക്കാം, തലമുറകൾക്ക് കഥകൾ മെനയാനായി...

കറുപ്പും
വെളുപ്പും



കറുപ്പിന് വെളുപ്പും
വെളുപ്പിന് കറുപ്പും
എന്നപോലെ
ഒന്നിന് മറ്റൊന്നില്ലാതെ
പൂർണ്ണമാവാത്ത
വൈരുദ്ധ്യത്തിന്റെ
വരിക്കൂട്ടുകൾ

കവിതകൾ

അജു ജോസഫ് | 3 ഇലക്ട്രോണിക്സ്

കവിത ആർക്കു വേണ്ടി? വളരെ പ്രസക്തമായ ചോദ്യം, കേവലം വിമർശകർക്കോ പണ്ഡിതനോ വേണ്ടി ആവരുത്. സാധാരണക്കാരനു അർത്ഥഗ്രഹണം സാധ്യമല്ലെങ്കിൽ കവിത കടലാസിനു മാത്രം ഉപകരിക്കുന്നതാകും. സാധാരണക്കാരിൽ നിന്നകലുന്ന കവിതയും കവിയും കാലവർഷത്തിൽ ഒലിച്ചു പോയേക്കാം. വിമർശനങ്ങൾക്കു മുന്നിൽ തളരുന്ന കവികൾ നമുക്കാവശ്യമില്ല. വ്യക്തിനിഷ്ടമായ അളവുകൾ കൊണ്ടു സാഹിത്യ സൃഷ്ടിയെ സമ്പൂർണ്ണമായി അപഗ്രഥിക്കാം എന്നു കരുതുന്ന വിമർശകരും വേണ്ടതില്ല.

കാവ്യലോകം...

സമകാലിക മാധ്യമങ്ങളിൽ വായിക്കാൻ കിട്ടിയ

കാവ്യങ്ങൾ തന്ന പ്രചോദനം ലേഖനമായി

പരിണമിച്ചിരിക്കുന്നു. ഭാഷയുടെ ശക്തരായ വക്താക്കളായ കവികളോട് ഒന്നു രണ്ടു വാക്കുകൾ. കവിതകൾ അർഥഗംഭീരമല്ലെങ്കിൽ വായിച്ചതിനപ്പുറം കവിത

പിണത്തിനു സമം, അൽപ്പമെങ്കിലും ചിന്തിക്കാൻ

അവസരം ഉണ്ടാവണം. ഏകതാളത്തിലുള്ള സംഗീത കച്ചേരി സംഗീത സാമ്രാട്ടുകൾക്ക് ആസ്വാദ്യമാവാം

എന്നാൽ സാധാരണ ആസ്വാദകനും കവിത ആസ്വാദ്യകരമാകണമെങ്കിൽ അതിൽ

ശ്രവണസുഖവും ലാളിത്യവും അവിഭാജ്യ ഘടകമാകണം. കാവ്യത്തിൽ എല്ലാം വ്യക്തതയോടെ പറയണമെന്നില്ല, സഹൃദയനു ആശയങ്ങൾ നൽകിയാൽ മതി ശിഷ്ടം അവൻ കവിതയിൽ കണ്ടെത്തിക്കൊള്ളും. വ്യംഗ്യത്തിന്റെ ഭംഗി ഒരിക്കലും കളയരുത്, ഉപമകൾക്കു പുതുമ വേണം. ഉപയോഗിച്ചു പഴകിയ ശൈലികൾക്കു പിറകെ പോവരുത്. സ്വന്തം പ്രതിഭയുടെ സ്പന്ദനങ്ങൾ ശ്രവിച്ച് മുന്നേറുക, കാലപ്രവാഹ ത്തിൽ തനതായ ശൈലി നിങ്ങൾക്ക് കരഗതമാകും. വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ധൂർത്താവാം, എന്നാൽ അപൂർണ്ണത നിഴലിക്കുന്നവ കഴിവതും ഒഴിവാക്കുക.

കവിത ആർക്കു വേണ്ടി? വളരെ പ്രസക്തമായ ചോദ്യം, കേവലം വിമർശകർക്കോ പണ്ഡിതനോ വേണ്ടി ആവരുത്. സാധാരണക്കാരനു അർത്ഥ ഗ്രഹണം സാധ്യമല്ലെങ്കിൽ കവിത കടലാസിനു മാത്രം ഉപകരിക്കുന്നതാകും. സാധാരണക്കാരനിന്നകലുന്ന കവിതയും കവിയും കാലവർഷത്തിൽ ഒലിച്ചു പോയേക്കാം. വിമർശനങ്ങൾക്കു മുന്നിൽ തളരുന്ന കവികൾ നമുക്കാവശ്യമില്ല. വ്യക്തിനിഷ്ടമായ അളവുകൾ കൊണ്ടു സാഹിത്യ സൃഷ്ടിയെ സമ്പൂർണ്ണമായി അപഗ്രഥിക്കാം എന്നു കരുതുന്ന വിമർശകരും വേണ്ടതില്ല.

സാധാരണ അഭ്യസ്തവിദ്യനു അർത്ഥ ഗ്രഹണം സാധ്യമല്ലാത്ത സൃഷ്ടികളുടെ വമ്പിച്ച കൂട്ടം പല സമകാലിക പ്രസിദ്ധീകരണങ്ങളിലും സ്ഥാനം കണ്ടെത്തുന്നു. പൊതുവിലുള്ള നിലവാര തകർച്ചയോ? അതോ കാലഘട്ടത്തിന്റെ പ്രേരണയാലുള്ള അപചയമോ? രണ്ടുമല്ല സർഗ്ഗാത്മകത തീരെയില്ലാത്ത എഴുത്തുകാർ. എഴുത്തു തുടങ്ങിയ യുവ കവികളെയും മറ്റും തമസ്കരിക്കുന്ന ശക്തികൾ സജീവം. യുവ തലമുറയുടെ കാവ്യ ചർച്ചകൾക്ക് വേദിയാവേണ്ട മാസികകൾ അറുപതുകൾക്കപ്പുറമുള്ള രചയിതാക്കളുടെ കൃതികളിൽ ആനന്ദിക്കുന്നു.

സാഹിത്യ ലോകത്തെ സുപ്രസിദ്ധരെ ഒഴിച്ചു നിർത്തിയാൽ കഴിഞ്ഞ ഒരു ദശകത്തിനുള്ളിൽ മലയാള സാഹിത്യത്തിൽ ചങ്ങമ്പുഴയോടോ, വയലാറിനോടോ താരതമ്യപ്പെടുത്താവുന്ന ഒരു കവിയുടെ ഉദയം ഉണ്ടായില്ല. വല്ലപ്പോഴും ചില പ്രതിഭകൾ അതും പലപ്പോഴും രണ്ടും മൂന്നും കൃതികൾ പിന്നെ പേരു പോലും കേൾക്കില്ല. അൽപ്പം വിഷമത്തോടെയെങ്കിലും ഒരു കാര്യം സമ്മതിക്കേണ്ടിയിരിക്കുന്നു. ജനങ്ങളുടെ മുഖ്യധാര വായനയുടെ ലോകത്തു നിന്നും ഭാഷാ കവിയും കവിതയും അകന്നിരിക്കുന്നു. കാവ്യ ശകലങ്ങളിലൂടെ ജ്ഞാന സമ്പാദനം നടത്തിയിരുന്ന ഭാരതീയ പാരമ്പര്യത്തിനു ക്ഷതമേറ്റിരിക്കുന്നു. പകരം ഗദ്യത്തിലും മറ്റു പ്രസ്താനങ്ങളിലും അവർ ആശ്രയം കണ്ടെത്തുന്നു. കവിതയും ഇതര സാഹിത്യവും ബുദ്ധിജീവികൾക്കു മാത്രം ഉള്ള പ്രവർത്തനമായി പൊതുജനം വിചിന്തനം ചെയ്തു തുടങ്ങിയിരിക്കുന്നു. തുടക്കക്കാരുടെ കൃതികൾ വ്യവസ്താപിത താൽപര്യക്കാർ പുറംതള്ളുന്നു, പകരം മുതിർന്ന എഴുത്തുകാരുടേ സചിത്ര ലേഖനങ്ങൾ അരങ്ങു വാഴുന്നു.

ദൃശ്യ മാധ്യമങ്ങളുടെയും ശ്രവ്യമാധ്യമങ്ങളുടെയും അതിപ്രസരം വാമൊഴിയെ വക്രീകരിച്ചിരിക്കുന്നു. പ്രാദേശിക ഭാഷാ വ്യതിയാനങ്ങൾ ഭീഷണിയിൽ. ഈ പൊതുവായ ഭാഷാ പരിണാമ പ്രക്രിയ കവിതയെയും ബാധിച്ചിരിക്കുന്നു. ഗദ്യ പദ്യ ഭേദമില്ലാതെ വാക്കുകൾ പ്രയോഗിക്കപ്പെടുന്നു. വൃത്താലങ്കാരങ്ങൾ ഉപയോഗിക്കപ്പെടുന്നില്ല. കീർത്തിയാർജ്ജിച്ച പഴയ പല കൃതികളും സാഹിത്യ ചോരന്മാർ പുതുമയുടെ പേരിൽ അവതരിപ്പിക്കുന്നു. പരിഭാഷകളുടെയും തർജ്ജമകളുടേയും എണ്ണം കുറഞ്ഞിരിക്കുന്നു.

കാവ്യ ലോകത്ത് പ്രാസ സംവാദം നിലനിന്നിരുന്ന കാലം അനേകം കൃതികളിറങ്ങി, ന്യൂനതകൾ ആരോപിക്കനാണെങ്കിലും ഇരു ചേരികളും മറു ചേരികളുടെ കൃതികളെ വിമർശനബുദ്ധിയോടെ സമീപിച്ചു. തൽഫലമായി കൃതികൾ വ്യത്യസ്ത കോണുകളിൽ നിന്നു അപഗ്രഥിക്കപ്പെട്ടു. ഇത്തരത്തിലുള്ള ചേരികൾ ഇന്നില്ല പകരം വ്യക്തിപരമായ ചേരികൾ മാത്രം. അപരനെ അപമാനിക്കുന്ന ചേരികൾ സജീവം. സാമൂഹ്യ മാറ്റങ്ങൾ ജന

സാധാരണ അഭ്യസ്തവിദ്യനു അർത്ഥ ഗ്രഹണം സാധ്യമല്ലാത്ത സൃഷ്ടികളുടെ വമ്പിച്ച കൂട്ടം പല സമകാലിക പ്രസിദ്ധീകരണങ്ങളിലും സ്ഥാനം കണ്ടെത്തുന്നു. പൊതുവിലുള്ള നിലവാര തകർച്ചയോ? അതോ കാലഘട്ടത്തിന്റെ പ്രേരണയാലുള്ള അപചയമോ? രണ്ടുമല്ല സർഗ്ഗാത്മകത തീരെയില്ലാത്ത എഴുത്തുകാർ. എഴുത്തു തുടങ്ങിയ യുവ കവികളെയും മറ്റും തമസ്കരിക്കുന്ന ശക്തികൾ സജീവം. യുവ തലമുറയുടെ കാവ്യ ചർച്ചകൾക്ക് വേദിയാവേണ്ട മാസികകൾ അറുപതുകൾക്കപ്പുറമുള്ള രചയിതാക്കളുടെ കൃതികളിൽ ആനന്ദിക്കുന്നു.

തയിൽ നിന്നു അബദ്ധ വിശ്വാസങ്ങളെ ഒഴിപ്പിച്ചെങ്കിലും പല പഴഞ്ചൽ ധാരണകളും അവശേഷിക്കുന്നു. കവിയെന്നാൽ എന്തോ അല്പം ചിത്തഭ്രമമുള്ള ആളെന്നും മുടിയും താടിയും അധികം ഉള്ള ആളെന്ന് 'ക്ലീഷേ ധാരണ' രൂഢമൂലമായി തുടരുന്നു. ചില കാലഘട്ടങ്ങളിൽ ചില സാഹിത്യകാരന്മാർ ജീവിത ശൈലികളിലൂടെ വ്യത്യസ്തരായിരുന്നിരിക്കാം, ഇതു മൂലം എല്ലാ സാഹിത്യകാരന്മാരും അസാമാന്യരാണെന്ന വാദം ബാലിശം. ഭാരതീയ പാരമ്പര്യങ്ങൾ കവിക്കു കൽപ്പിക്കുന്ന സ്ഥാനം വളരെ ഉന്നതമെന്നതു ശ്രദ്ധേയം.

കാവ്യങ്ങൾ പൊതുവേ ശ്രവണ സുഖം നൽകുന്നവയാണ്, താള നിബദ്ധമായ കാവ്യമാണു കേൾക്കാൻ ഇമ്പമുള്ളത് ചലച്ചിത്ര ഗാനങ്ങളെ അമ്പരപ്പിച്ച ചങ്ങമ്പുഴയുടെ കവിതകൾ കവികളെ ഇന്നും ആവേശഭരിതരാക്കുന്നു. ശബ്ദ സംബന്ധിയായ കാവ്യ ചർച്ചയിൽ പ്രഥമ സ്ഥാനം പ്രാസത്തിനു തന്നെ, വേണ്ട രീതിയിൽ പ്രാസം സന്നിവേശിപ്പിച്ചാൽ കവിത കൂടുതൽ സ്വീകര്യമാവും. അർത്ഥമില്ലാത്ത കാവ്യം മതിപ്പുളവാക്കില്ല. കവിതയും ഗാനവും തമ്മിലുള്ള അതിർത്തി നേർത്തതത്രേ. കാവ്യത്തിനു സമസ്ത ഭാഷകളിലും നിയതശൈലിയുണ്ട്, ഗാനത്തിനു പൊതുവിൽ നിയമങ്ങൾതുലോം കുറവാണ്.

കവിതയിൽ വിട്ടുവീഴ്ചകൾ ഒരു പരിധി വരെ അനുവദനീയം, രചയിതാവിന്റെ നിപുണതയുടെ തോതിൽ ഏറിയും കുറഞ്ഞും വരാം. ഒരിക്കലും കാവ്യത്തിന്റെ തനിമ നഷ്ടപ്പെടരുത്, ഔചിത്യത്തോടെ ചെയ്യാത്ത പക്ഷം കവിയെ, കപി എന്നു പറയാം. ആഴവും പരപ്പുമില്ലാത്ത കാര്യങ്ങൾക്ക് കവി ഔചിത്യം പാലിക്കണമെന്നില്ല. കലാമൂല്യം ദൃശ്യമാവേണ്ട കാവ്യങ്ങളിൽ ഒരു വിധത്തിലുള്ള കുറവുകൾ അനുപേക്ഷണീയമല്ല. ഒരു കാലഘട്ടത്തിന്റെ മുദ്രയാവണം കാവ്യം നൂറ്റാണ്ടുകൾക്കപ്പുറം ഭാഷയുടെ വേരുകൾ അന്വേഷിക്കുന്ന ഏവനും കാവ്യങ്ങൾ മാർഗ്ഗദർശിയാവണം.

ഏതെങ്കിലും, നിശ്ചിത രീതിയിൽ മാത്രമേ കാവ്യ രചന പാടുള്ളൂ എന്ന് ശാഠ്യം നന്നല്ല. ഭാഷാ

പാണ്ഡിത്യം ഇല്ലെന്നതിനാൽ മാത്രം കവികളെ അവഹേളിക്കേണ്ടതില്ല. വൃത്തവും അലങ്കാരവും മാത്രമല്ല കാവ്യം എന്നുള്ള കാര്യം വിസ്മരിക്കേണ്ടതില്ല. യാതൊരുവിധ പാണ്ഡിത്യമില്ലെങ്കിലും കാവ്യ രചനയിൽ ശോഭിച്ച പ്രതിഭകൾ പലരുണ്ട് എന്നതിൽ യുവകവികൾക്കു ആശ്വസിക്കാം. ആ കവികളുടെ അസാമന്യ സൃഷ്ടി പാടവം ഒന്നു മാത്രമാണോ വിജയത്തിനാധാരം. ഈ ഗണത്തിൽ ഉൾപ്പെടുന്നവയെന്ന് കപട കവികൾ ഊറ്റം കൊള്ളുന്ന പല കാവ്യങ്ങളും ശ്മശാന സമങ്ങളത്രെ, ഇവയെ സൂക്ഷിക്കണം, കവിതയിലെ വാക്യ പ്രയോഗം സമ്പൂർണ്ണമല്ല, ആ നിലയിൽ കാവ്യ ലോകത്തിനു ഇനിയും വസന്തങ്ങൾ ബാക്കി....

മാതൃകകൾക്കു വേണ്ടിയുള്ള അന്വേഷണമാണു യുവകവികളെ അലട്ടുന്ന പ്രധാന ചിന്ത. കവികൾ രണ്ടോ മൂന്നോ ഉള്ളെന്ന ധാരണ അരുത്. മഹത്തായ കാവ്യ മാതൃകകൾ ലോകത്തെല്ലായിടത്തും ഉണ്ടായിട്ടുണ്ട്. രാജ്യത്തിനു പുറത്തുള്ള മാതൃതകകൾ അന്യമെന്ന ചിന്ത ആപൽക്കരം. പാരമ്പര്യ വിശ്വാസങ്ങളെ മാത്രം നമ്പിയാൽ പോര. കൂപമണ്ഡൂകമായി കഴിയുന്നതിൽ അർത്ഥമില്ല. മാനുഷിക പ്രശ്നങ്ങളെ കൈകാര്യം ചെയ്താൽ ഏതൊരു കവിയും എവിടെയും സ്വീകാര്യനാണ്. പ്രായോഗിക രചനാപാടവങ്ങൾ സ്വായത്തമാക്കാൻ വിവിധ കവികളുടെ കൃതികൾ പരിചയപ്പെടുന്നതു വഴി സാധ്യമാവും. ലോക ക്ലാസിക്കുകളിൽ പലതും ജന്മം കൊണ്ട ഭാരതത്തിൽ എന്തുകൊണ്ടോ പാരമ്പര്യ സമ്പ്രദായങ്ങൾക്കു അതീതമായ കാവ്യ പ്രസ്ഥാനങ്ങൾ പടിഞ്ഞാറു നിന്നും വരേണ്ടി വന്നു. അവയെല്ലാം പ്രചുര പ്രചാരം നേടുകയും ചെയ്തു. പക്ഷെ ആ വസന്തകാലത്തിനിപ്പുറം കിഴക്കും പടിഞ്ഞാറും തമ്മിലുള്ള സംവാദങ്ങൾ നിലച്ച മട്ടാണ്. സസൂക്ഷ്മം കൈകാര്യം ചെയ്തില്ലെങ്കിൽ സ്ഖലിതങ്ങൾക്കിടവരാം. കവിത രചിച്ചത് കഥയായി മാറും, കവിതയായി വിതച്ചതു കഥയായി മാറിപ്പോയേക്കാം.

കാവ്യലോകത്തെക്കുറിച്ചും കവികളെക്കുറിച്ചും പൊതുജനങ്ങളിൽ അബദ്ധ ധാരണകൾ വളർന്ന സാഹചര്യം സംശയമന്യേ കപട കവികളുടെ കുപ്രസിദ്ധിയാവാം. ഏതാനും വാക്കുകൾ കൂട്ടിവച്ചാൽ കവിതയാകുമെന്ന് കപട കവികൾ. കപട കവികളുടെ യാന്ത്രിക കാവ്യങ്ങൾ പേടിച്ചു പലരും പുസ്തകം മടക്കുന്നു. ഇത്തരത്തിലുള്ള കപട കവികൾ മൂലം ഭാഷാ സാഹിത്യത്തിൽ നിന്നും സാമാന്യജനം അകലുന്നു. കൃതികളെക്കാൾ ബൃഹത്തായ വിമർശനങ്ങളും മറ്റും മാസികകൾ അവതരിപ്പിക്കുന്നു. സൃഷ്ടി സ്ഥിതി സംഹാരങ്ങൾ തമ്മിലുള്ള സ്വാഭാവിക അനുപാതം മൂഢന്മാർ ഉല്ലംഘിക്കുന്നു. ഉൽപ്പതിഷ്ണുക്കളായ എഴുത്തുകാരെ മാസികകൾ പ്രോത്സാഹിപ്പിക്കണം. മുതിർന്ന എഴുത്തുകാരും പുതിയ തലമുറയും തമ്മിലുള്ള സംവാദങ്ങൾ തുടരണം.

യുവത്വം വിട്ടു വാർദ്ധക്യം ബാധിച്ച കവികൾ യുവനിരയ്ക്കു അവസരം നൽകുകയും മാർഗനിർദേശം നൽകുകയും വേണം. പുസ്തകങ്ങളിലൂടെ മാത്രം കവിത നിലനിൽക്കുമെന്നു കരുതുക പ്രയാസം. കാവ്യങ്ങളുടെ ദൃശ്യ ശ്രാവ്യ ആവിഷ്ക്കാരങ്ങൾ കൂടി ശ്രദ്ധിക്കണം. യുവനിരയുടെ കാവ്യങ്ങൾ കൂടി പ്രസാധകർ സ്വീകരിക്കണം. ഞങ്ങളെല്ലാം എഴുതി കഴിഞ്ഞു ഇനിയൊന്നിനും ഇടമില്ല എന്ന ധാർഷ്ട്യം പലരും ഉപേക്ഷിക്കണം. പുത്തൻ തലമുറ കാവ്യലോകത്ത് തുടരണമെങ്കിൽ അവരുടെ കൃതികളും മറ്റും ആനുകാലികങ്ങളിൽ കൂടുതലായി ഉൾപ്പെടുത്തണം, അങ്ങനെ കാവ്യം തലമുറയിൽ നിന്നും തലമുറയിലേക്കു പടർന്നു പന്തലിക്കട്ടെ!

വിനീഷ് പി. | 5 മെക്കാനിക്കൽ

മത്ത്

എന്തിനാണിന്നും കണ്ണുനിറഞ്ഞത്
അതിനിയും വഴിയൊഴിഞ്ഞില്ലേ...?
പുകച്ചുരുളുകൾ ഊതിപ്പറപ്പിച്ച് മടുത്തു
ഒരു ഗ്ലാസുകിട്ടിയെങ്കിൽ...
മദ്യം മനസ്സിനെ തളർത്തിയിരിക്കുന്നു.
ഇന്നലയാണതോർത്തത്
ഇന്നും കാത്തിരുന്നവർ വന്നില്ല
കുപ്പിതുറന്നു കുപ്പിയിൽ ലയിച്ചു
അവസാനത്തെപുകകൊണ്ട്
ഫിൽട്ടർ കത്തിപ്പോയി
ഹോ! ഇന്നലത്തത്ര കത്തിയില്ല സമാധാനം! !!
എന്നിട്ടും തലയ്ക്കൊരുപെരുപ്പം
അതെന്താ വഴിമാറ്റിത്തരാത്തത്...?
ഇനി നാളത്തേക്ക് സൂക്ഷിക്കേണ്ടേ...
കവറടക്കമിരിക്കട്ടെ... നനുത്തുപോവില്ല...
വീണ്ടുംനടന്നു, കാലുതളർന്നു
തുടയിലെവിടെയോ ഒരു വിറ....
കുറച്ചിരിക്കാം...
നല്ലൊരു ഏമ്പക്കംവന്നു... നല്ല റമ്മ്...!!!
ഇവിടെ അന്തിയുണ്ണാൻ ഒന്നുമില്ല
പ്രാതലിനും...
ഇറങ്ങിനടന്നു... വീണ്ടും തിരിച്ചും കയറി
അതിനിയും വഴിമാറിയില്ല...
ചാരംവീണ് കൈപൊള്ളി, കിടന്നുവലിച്ചത്
കൊണ്ടാവാം!
മെല്ലെപുതപ്പ്മാറ്റി കൈയ്യൊന്നുനോക്കി.
പുറത്ത് നല്ലമഴ...
വിട്ടുപോയ കാൽ ഭാഗത്തുകൂടിപുതപ്പിട്ട്
ഒറ്റയുറക്കം...
അതുവഴിമാറെണ്ടായിരുന്നു
നല്ല സുഖം...

വേറിട്ട കാഴ്ചകൾ

അജയൻ / 7 ഇലക്ട്രോണിക്സ്

ആരോ നിറങ്ങളെ ചാലിച്ച് കൂട്ടിയ
ആഷാഢമാസത്തിലൂടെ
ആദ്യാനുരാഗമേ ആശ്ലേഷകാവ്യമേ
വന്നു നീ എൻ മുന്നിൽ നിന്നു
പൂത്തമരങ്ങളും പുളിനങ്ങളും
എന്നിൽ അറിയാതെ കവിത രചിച്ചു
കാലം ഉറങ്ങിക്കിടന്നു ഞാൻ മാത്രം
നടന്നു നീങ്ങുന്നതിൻ മുന്നിൽ
യാത്രയിൽ ഞാൻ കണ്ട കാഴ്ചകൾ
അത്രയും അൻപേ മനോഹരം തന്നെ
രാവിൻ നിലാവിന്റെ മാദക സൗന്ദര്യം
ആദ്യമായി ഞാനന്നറിഞ്ഞു
അർക്കന്റെ ചുട്ടുപൊള്ളിക്കുന്ന ചൂടിലും
നിർലോഭനായി ഞാൻ നടന്നു.

സർവ്വലോകങ്ങളും നേടിയെടുത്തൊരു
യോദ്ധാവിനെപ്പോലെ ഞാനെൻ
പാദങ്ങൾ മണ്ണിലായി ഊന്നി മണൽത്തരികൾ
ഞെക്കി ഞെരുക്കി ഞാൻ തിങ്ങി
തെല്ലകലത്തായി കണ്ടുഞാൻ
വീണു മൺ പൂണ്ടൊരു മർത്യ ശരീരം
കാലാൽ കവച്ചു ഞാൻ നീങ്ങി
ക്ഷണികമായ് കണ്ടുഞാൻ ആ മുഖം വ്യക്തം!
പിന്നിട്ട ദൂരങ്ങൾ വേറിട്ട കാഴ്ചകൾ
ഇല്ല തിരിച്ചിനി സത്യം...

ലക്ഷ്യബോധം വീണുടഞ്ഞുവോ അതോ
മനസ്സിൽ നിറങ്ങൾക്ക് മങ്ങൽ പിടിച്ചുവോ
എന്തൊക്കെയോ നഷ്ടമായെന്ന തോന്നൽ
ഇന്ന് എന്റെയുള്ളിലും വീശിത്തുടങ്ങിയോ
പോവാം തിരിച്ചെന്ന മോഹം വൃഥാ
മനസ്സിന്റെ ജാലകത്തിൽ നിന്നെത്തിനോക്കുന്നുവോ

വീണു ഞാൻ മണ്ണിലായി ഞെക്കി
ഞെരിച്ചൊരെൻ കാലടിപ്പാടുകളിൽ മെല്ലെ
ഓർക്കുന്നു ഞാനാമുഖം ഇന്ന് വ്യക്തമായി
എന്റെയുള്ളിൽ മിന്നി മറഞ്ഞതത്രയും
കണ്ടിരുന്നു ഞാൻ കവച്ചു കാൽ വെക്കവേ

ജീവന്റെ നാളം അണയാൻ തുടങ്ങുന്നു
നേർത്തൊരു മിഴിയിതൾ അടയാൻ വിതുമ്പുന്നു
ആരോ നടന്നു നീങ്ങുന്നു എൻ അരികിലായി
എന്നെ കവച്ച് കാൽ വെച്ച് ചടുലമായി
അറിയുന്നു ഞാൻ എന്റെ മുഖവും ഒരു വേള
അവൻ നോക്കിമറയുന്നു വേഗം
മന്ദസ്മിതം തൂവി മനസ്സ് മന്ത്രിക്കുന്നു
പോവുന്നവൻ ദൂരെ... ദൂരെ വീണലിയുവാൻ....



Gaze

Krishnakumar Maibam | 8 Computer

Gazing at the distant stars, the memory of you returns to me
Resting my arms on a chair with my mind deep in thought,
My first encounter with you recalls me
Though we are apart, my heart longs to see you
The memory of you remains forever like the footprints in my mind
Your silent whisper disturbs me every now and then
The vision of you haunts me
The more I long for you, the more I am left wilderness
To every stranger I saw, their faces seems to be yours
My heart longs to reach the feelings within you
On! Beloved lass ! I Surrender unto thee
Come! please feel me with more joys and happiness
My soul longs for yours with a tender hug and kiss on your forehead
As a blessing from me
My passion seeks to bloom and my desire readies to unfold
With your smile as radiant as the rainbow, pulls me to reach near you
Yet you are far away from me
For the time is still afar, I have to wait for the ultimate union
Till then let there be sunshine in our love
If I missed you in my life, the vision of you will remain forever in my mind
although the faceless crowd is too huge to point a finger,
I will always long to see you face in the cloud

പുഴുത്ത ലോകമേ...
അവിഞ്ഞ സംസ്കാരമേ...
നിന്റെ അനീതി പീഠമെന്നെ കുറ്റക്കാരനാക്കി...
ശരി തന്നെ,
ഞാനെന്റെ മകളെ ബലാത്സംഗം ചെയ്തു.
ഇരുട്ടറയിലിട്ട് വർഷങ്ങളോളമുപയോഗിച്ചു.
അതിന് നിനക്കെന്ത്...?
എന്റെ മാത്രം ബീജമല്ലേ അവളുടെ ഹേതു...?
നീയാര് എന്നെ ചോദ്യം ചെയ്യാൻ.
വളർച്ചയുടെ രേഖ കുത്തനെ കുതിയ്ക്കട്ടെ...
ആയിരമുപഗ്രഹങ്ങൾ നീ ഒരുമിച്ചയയ്ക്കുക.
ചരിത്രങ്ങൾ തിരുത്തികൊണ്ടേയിരിക്ക,
എന്നെയും, ഒപ്പം അഷ്ടിക്കായ് മോഷ്ടിച്ചവനെയും
ഒരുമിച്ചു തുറങ്കിലിടുക
പഠിക്കരുത്... ഒന്നും.
ബുദ്ധിയില്ലാത്ത ലോകമേ....
ഒന്നുകൂടി പറയാം
നിങ്ങൾക്കുമുന്നിലെ പ്രവാചകനാണ് ഞാൻ,
എനിക്കു പഠിപ്പിക്കാനൊരു മതമില്ല,
എന്നെയയച്ചതൊരു ദൈവവുമല്ല.
ഞാൻ നിന്നിൽ നിന്നു തന്നെ ഉരുവം കൊണ്ടവൻ-
നിന്റെ രൂപഭാവം നീ തന്നെ കാൺക
എന്നെ കേൾക്ക,
എന്റെ വാക്കുകേൾക്ക...

പ്രബോധനം

(ജോൺ ഫ്രിസ്റ്റൽ 24 വർഷം മകളെ ഇരുട്ടറയിലിട്ട് പീഡിപ്പിച്ചു.)

ഉനൈസ് വി.പി.സി. | 3 സിവിൽ

വിനോദ് കെ.യു. | 7 ഇലക്ട്രോണിക്സ്

മാർച്ചിനോട്...

പ്രിയമാർച്ച്
ഞാനിവിടെ നിന്നും പുറപ്പെടും മുമ്പ്
നിനക്കൊരിക്കൽ കൂടി മടങ്ങിവരേണ്ടിയിരിക്കുന്നു.
കാലം തെറ്റിപ്പൂത്ത കണിക്കൊന്നകൾക്കും മീതെ
ഇപ്പോൾ നീയും കൊഴിഞ്ഞു പോവുക.
ഊതിപ്പടർന്നൊരീ ചുടലത്തീയിലെൻ പ്രാണനെരിയുന്നത്
നീ കാണാതെ പോകട്ടെ.
ചേക്കുറങ്ങാക്കിളി കുയിലുണർത്തുന്ന
ഗ്രീഷ്മതാപങ്ങളിലുൾപൊട്ടിയർന്നൊരീരില-
ച്ചാർത്തുമായ് നീയിനിയും വരാം
അതിനായിപ്പോൾ നീയും മടങ്ങുക.
വിഷുപക്ഷി പാടിത്തളർന്നെത്തി-
യൊഴിഞ്ഞുപോം വർഷ ഘനമൗനങ്ങൾ
ചേമ്പിലക്കു വിളിച്ചോടിയൊളിക്കയാം
ശ്രാവണകന്യകർ, ഓണനിലാവുകൾ
ഇരുളറിയിലാരോ കൊളുത്തിയീ ദീപങ്ങൾ
കവിതകൾക്കുള്ളിലെ ചിരിയായുയിർക്കയാണെങ്കിലും
ശാന്തി പർവ്വങ്ങളിലുൾത്താപ വർഷമായ്
വരികയായ് പിന്നെയും മാർച്ച്.

ഇനിനീയരികിലെക്കോടിയടുക്ക വേ
ളരവ് വിഴുങ്ങുമിടനാഴിക്കിയിലെൻ
പ്രാണൻ പകുത്തെടുത്തോർമ്മയിലൊടുങ്ങുന്നതെന്തേ!
ഹരിതവർണ്ണങ്ങളാം സൗഹൃദക്കടലുകൾ-
നേരിലുറച്ചൊരീ പാരസ്പര്യങ്ങളിൽ
എന്റെ ചിന്തകൾക്കുറങ്ങാൻ നിന്റെ ഹൃദയം-
മതിയെന്നുറക്കെ മൊഴിഞ്ഞൊരീ സന്ധ്യകൾ-
കള്ളുകോപ്പയ്ക്കുള്ളിൽ തിളച്ച കവിമൊഴികൾ
പിന്നെ....
പറയാൻ മറന്നൊരീവാക്കിനാൽ കരളിലെ-
കനൽവെന്തുരുകിയ പ്രാണഹർഷങ്ങളെ-
കവിതയായ് എഴുതാൻ മടിച്ചറ്റൊരീ പ്രണയത്തെ-
മൗനം പരിഷ്വിച്ച സ്നേഹക്കുശുമ്പിനെ-
ഓർമ്മതൻ ജാലക വാതിൽ വലിച്ചടച്ചെങ്ങോ
മറയുന്നു നീ മാർച്ച്
എന്റെ നിതാന്തമായ മൗനം
എന്റെ പ്രണയം തന്നെയായിരുന്നുവെന്നെന്നെ
ഓർമ്മയുണർത്തി വീണ്ടും മടങ്ങുന്നു നീ മാർച്ച്
വീണ്ടും മടങ്ങുന്നു നീ മാർച്ച്.

Angel's Finger

I fell asleep
My whole being disappeared
Through an invisible trip door
The sign board read
Enter the land of dreams
A babe in swaddling clothes beamed at me
I saw a thousand cradles rocking
To the lullaby of the stars
And a white horse waiting for a rider
Placed in a quite other life story
I felt the angel's finger on me
The dream fades.
Like innocence outgrown
This misty world of flimsy fantasies
This moon - blanched space
And moon light serenade
I keep to myself, for fear
That I may be subjected
To ink blot test.
Or even worse
Others may deconstruct or post modernise my dreams.

Baaji Krishnan | S_2 M.Tech, IEM

പാഠം ഒന്ന്

ചില്ലക്ഷരം
പോലെയാണ്
ജീവിതം
പറയാൻ തുടങ്ങും
മുമ്പെ
തീരും

പാഠം രണ്ട്

ലിംഗത്തിലും
അച്ഛൻ
അമ്മയ്ക്കെതിരെന്ന്-
പറഞ്ഞത്
അമ്മിണി
ടീച്ചറാണ്,
ചാരായത്തിന്
എതിർലിംഗവും
ബഹുവചനവും
ഇല്ലെന്നു
പറഞ്ഞതും

പാഠം മൂന്ന്

കർത്താവില്ലാത്ത
കർമ്മത്തിന്റെ
പാപം
പേറുന്നവൾ
കർമ്മിണി
കർത്തരിയുടെ
ഫുൾസ്റ്റോപ്പിനു-
മൊടുവിൽ-
സ്നേഹം, ദയ, കാരുണ്യം...

ഫൈസൽ കെ.കെ. । 3 കമ്പ്യൂട്ടർ

Reshmi. V.S.| 3 Electrical



The Token of love !

About my School life

Many years back,
Here came with some packs
The lovely innocent faces
With their hopes in closed suit cases

To receive those little kids
There were a lot of smiling heads
With them they too joined
And lived in the family as they coined

They forgot every pain
As they knew what they gain
From every tasks they faced
And from no where it could be chased

They played under the mango trees
They sang under the banyan trees
They grew under the roof of sky
Under the love of carrying eye

As the springs and autumns went
They grew taller and learnt to bent
Their heads in much humility
Which showed their great ability.

They became their leacher's pets
And enjoyed the love which other rarely gets
They realised in their deepest thoughts
That they had been joined as knots.

But never in their nights they dreamt
That time has got a role to attempt
And now the chain are to be broken
Which remained as love's token!

But their souls will never depart
As the heart cannot forget its part
The bond of love will ever survive
As it is not able to deprive

Those kids are always grateful
To you teachers who are most beautiful
Your children will reach the summit
Because you are the best, we admit.

അപാരജന്മങ്ങൾ

ജിജോ ജോൺ | S1 MCA

കാൽക്കാശ് വിലയില്ലാത്തകരത്തുരുമ്പിന്റെ
കാട്ടുപാത്രങ്ങൾ ഒരുപാടു കണ്ടുഞാൻ
കാട്ടാള ഹൃദയങ്ങൾ ചേർത്തുവച്ചൊട്ടിച്ച
കാലനും വേണ്ടാത്ത വാഴയില പ്രേതങ്ങൾ
ചിന്തയുടെ നൻമയിൽ പൂത്തുലയും പൂവുകൾ
കല്ലാക്കി മാറ്റിയ കരിങ്കല്ല് ഹൃദയങ്ങൾ

ഒരു പാട് നാളുകൾ ഒരുപാട് നന്മകൾ
പലതായി മാറ്റിയ തിൻമയുടെ കയ്യുകൾ
ഇത്തിരിച്ചോരയിൽ ഒത്തിരി മധുരങ്ങൾ
കയ്പാക്കിമാറ്റിയ കാഞ്ഞിരക്കുറ്റികൾ

ഇന്നിവിടെ കാണുന്ന തെമ്മാടിത്യാഗങ്ങൾ
നാളേയ്ക്കായ് കരുതുന്നോരാദർശ കഴുതകൾ
താടി വളർത്തിയ പേക്കൂത്തു കോലങ്ങൾ
ദൈവങ്ങളാകുന്ന ഭീകരക്കാഴ്ചകൾ
പിഞ്ചിളം മേനിക്കും ചീട്ടുവിലയിട്ട

കഴുകന്റെ കണ്ണുള്ള കച്ചവടത്തെണ്ടികൾ
ദേശവികാരത്തെ നഗ്നത മാറ്റുവാൻ
ഉടുതുണിയാക്കിയോരാഭാസച്ചുവടുകൾ
എന്നെയും നിന്നെയും ജാതിയുടെ വിടവിട്ട്
പാലയ്ക്കാക്കുരുവാക്കി മാറ്റിയ നിയമങ്ങൾ
മാറിയ വിപ്ലവം നാറിയവിപ്ലവം
കാപട്യ കറുപ്പിന്റെ കച്ചവട വിപ്ലവം

ഇനിയിവിടെ വിരിയില്ല പുതുമയുടെ വിപ്ലവം
ഇനിയിവിടെ പെയ്യില്ല ആശയപ്പെരുമഴകൾ
പുതുമയുടെ വിപ്ലവം വിരിയേണമെങ്കിലോ...
ആശയപ്പെരുമഴ പെയ്യേണമെങ്കിലോ...
നമ്മളെടുക്കുക കടലാസുചതുരങ്ങൾ
കുത്തിക്കുറിക്കുക പുതുമയുടെ വിപ്ലവം
കൈകളിലേന്തുക ഇരുതലവാളുകൾ
വെട്ടിയരിയുക ഈ അപാരജന്മങ്ങളെ...

അഞ്ജു എം. | 5 കമ്പ്യൂട്ടർ

ഏകാന്തത

ഏകാന്തത അവൾക്ക് ഏറെയിഷ്ടമായിരുന്നു,
ഏകാന്തതയ്ക്ക് അവളെയും
ചിലപ്പോഴൊക്കെ അതവളെ ഭയപ്പെടുത്തി,
ഏങ്കിലും അവൾ ഏകാന്തതയെ അഗാധമായ് സ്നേഹിച്ചു
അവരുടെ കൂടിക്കാഴ്ച-
അതൊരിക്കലും യാദൃശ്ചികമായിരുന്നില്ല...
ഓർമവച്ചകാലം മുതൽ
അവൾ ഏകാന്തതയുടെ കൂട്ടുകാരിയായിരുന്നു
ഇടയ്ക്കെപ്പൊഴോ ചില അസ്വാരസ്യങ്ങൾ...
താൻ ഏകയായിരുന്നില്ലെങ്കിൽ എന്നവൾ
മോഹിച്ചു തുടങ്ങി,
പക്ഷെ, അവളെ ആർക്കും വിട്ടുകൊടുക്കാൻ
ഏകാന്തത തയ്യാറായിരുന്നില്ല
ഇന്ന്, അവൾ ഏകാന്തതയുടെ ജീവിതസഖിയാണ്...
അവർക്ക് പരസ്പരം പരാതികളില്ല പരിഭവങ്ങളും.
എങ്കിലും... ഇടയ്ക്ക് ജാലകക്കോണിലൂടെ
തുറന്ന ആകാശം കാണുമ്പോൾ,
കാറ്റിന്റെ പരിലാളനകളേല്ക്കുമ്പോൾ,
അവൾ അറിയാതെ ഓർത്തുപോകാറുണ്ട്...
താൻ ഏകയായിരുന്നില്ലെങ്കിലെന്ന്...

നീയും ഞാനും

നീയും ഞാനും തമ്മിൽ വൈരുദ്ധ്യങ്ങളുണ്ടായിരുന്നു.
അതു മറികടക്കാൻ
ഞാനും ഞാനും തമ്മിൽ വൈരുദ്ധ്യങ്ങളുണ്ടാക്കി
തീർത്തു.
പക്ഷേ ഞാനറിഞ്ഞില്ല
നീയും അതു തന്നെയാണ് ചെയ്യുന്നതെന്ന്.

Confession

I wanted darker days
And darker nights
To perceive
To grow
They come to me
But only made me
sleep well

അരാഷ്ട്രീയവാദി

അവർ അരാഷ്ട്രീയവാദികളായിരുന്നു
രാഷ്ട്രീയത്തെ പേടിക്കുന്നവർ
എപ്പോഴോ അവരുടെ പേക്കൂത്തുകൾ
ചോദ്യം ചെയ്യപ്പെട്ടു
ഇന്നവർക്ക് രാഷ്ട്രീയമുണ്ട്
അസ്ഥിത്വമില്ലാത്ത രാഷ്ട്രീയ

മൂന്ന് വൈരുദ്ധ്യങ്ങൾ

കെ. നിതിൻ | 7 ഇലക്ട്രിക്കൽ
സിജീഷ് ജോഷി | 8 കമ്പ്യൂട്ടർ

തിരികെ

ഉടയുന്നു മൗനം, പിറക്കുന്നു വാക്കുകൾ
വേനൽ മരിക്കുന്നു, പെയ്യുന്നു പെരുമഴ
ഉയിരിന്റെയാഴത്തിലെവിടെയോ പെയ്യുന്നു
പുഴയൊഴുക്കുലയുന്നു, പെയ്യുന്നു പെരുമഴ
മണ്ണിൻ മണം കൊണ്ടു മനസ്സിന്നു മയിലായി
മഴവരമ്പത്തു കളിക്കാൻ വരില്ലിനി
മണ്ണിനും, മേലേ മുകിൽക്കീറിനും, നീളെ
നീളുമീ വഴികൾക്കുമന്യയായ് തീർന്നു ഞാൻ
തനിയേ നടന്നു തഴമ്പിച്ച പാദങ്ങ-
ളിനിമേൽ നടക്കാൻ വിറയ്ക്കുന്നതെന്തിനോ?
ഒരു യാത്ര മാത്രമോ ജീവിതം? മരണത്തി-
നപ്പുറം നിത്യമാം നിദ്രയോ ജീവിതം?
വഴിക്കൂട്ടിനായി പൊതിച്ചോറിലെന്നമ്മ
കൂട്ടിക്കുഴച്ചിട്ട സ്നേഹമോ ജീവിതം
പേ പിടിച്ചലറുന്ന കടലല്ലീ ജീവിതം....?
പേടിപ്പെടുത്തുമിരുട്ടാണു ജീവിതം....
പെരുവഴിത്തിണ്ണയിൽ പെയ്ത്താണു ജീവിതം
പെരുമാളു നീട്ടും പ്രസാദമോ ജീവിതം ?
ഒരു നേരമന്നത്തിനൊരു നൂറു കാൽച്ചോട്ടി-
ലലയുന്ന പൈതലിൻ മിഴിയിലോ ജീവിതം ?
തനിയേ നടക്കുമ്പൊളിരുളിന്റെ വാനിൽ നി-
ന്നെൻനേർക്കു പെയ്യുമീ മഴയെന്തു ജീവിതം?
പിൻവഴിയിലിരുളാണു കാവൽ, തനിച്ചു ഞാ-
നിനിയെത്ര ദൂരം.... ശപിച്ചതോ കാലമേ...
പാപം പുരണ്ട പകക്കാറ്റു വീശുന്നു
പകലിന്റെ പ്രേതം പടിഞ്ഞാറു മായുന്നു..
അലയാഴിയാഴങ്ങളറുതി ചോദിക്കുന്നു
കഴുമരം വാപിളർന്നലറി വിളിയ്ക്കുന്നു
പ്രണയാഗ്നി പോലും കരിന്തിരിയിലാളുന്നു
പ്രണവതപമന്ത്രമെന്നുള്ളത്തിലുരുകുന്നു
നാഗപടമുരിയുന്നു സംഹാരമൂർത്തികൾ
നരബലി തിരക്കുന്നു നാരായനേരുകൾ
പെരുമഴയിലേയ്ക്കന്നു പടിയിറങ്ങിപ്പോയ
പുലരി തന്നോർമയിൽ രാവുകൾ ചായവേ
വിഷസർപ്പദംശനം കൊണ്ടെന്റെയാത്മാവു
വീണ്ടുമെന്നുള്ളിലുറങ്ങിക്കിടക്കവേ
പൊരുളു തിരയുന്നു ഞാൻ, ശാപമാം രാശിയിൽ
ജാതകദ്വേഷങ്ങളെരിയുന്ന മാത്രയിൽ
അകലെയാണുദയം! വയൽക്കൊറ്റി പാറുന്ന
വഴിയിലേയ്ക്കിനിയും തിരിച്ചുപോകട്ടെ ഞാൻ

അമല എം. എസ് | 3 സിവിൽ

The Maiden

There in the sea shore high,
Where waves break into crystals;
She stood with a golden glow
Her hands held tightly together

A gentle breeze made its way,
And flew her black raven hair
With the breeze it went along,
But more like the wave it rode.

Her beauty beyond a living wonder;
Diamonds were her eyes that sparkled
Beyond the gentle sea it went,
Searching for someone, for a vision

Still as a mountain she stood on
Seasons and years, they came and went
Not a sign of hope did she ever see
Like a soul her search she kept on.

Smrithy Elizabeth | 5 Electronics

ഖലീൽ ഖയാം

ദുഃഖങ്ങളേ.... ദുഃഖങ്ങളേ... വരിക
വന്നെന്നെ പുൽകുക
മനസ് സങ്കടങ്ങളുടെ ആഴക്കടലിലെ
കണ്ണില്ലാത്ത പരൽമീനായ് തീരും വരെ...
വരിക വന്നെന്നെ പുൽകുക

ആർത്തിരമ്പുന്ന തിരയുടെ ഗർവ്വിനെ-
ചോദ്യം ചെയ്യാൻ മറന്ന സമൂഹമേ...
നീയവന ആരാധിച്ചിരിക്ക;
എങ്കിലും എനിക്ക് ദുഃഖങ്ങളെ തരായ്ക പറ്റില്ല.

സൃഷ്ടിയുടെ രക്ഷിതാവേ നീ കേൾക്ക
എന്റെ കണ്ണുകളെ നീ പറിച്ചെടുക്ക
അന്ധകാരത്തിലേക്കല്ല, കാഴ്ചയുടെ-
അർത്ഥങ്ങളിലേക്ക്, അർത്ഥങ്ങളുടെ
കാഴ്ചയിലേക്ക് എന്നെ നയിക്ക.

എന്റെ ദിനരാത്രങ്ങൾ വ്യഥകളുടേതുമാത്രമാക്ക
വ്യഥകളുടെ കുത്തൊഴുക്കിൽ വിണ്ടു കീറിയതാവട്ടെ
എന്റെ ഹൃദയം...
വ്യർത്ഥമായ സ്വപ്നങ്ങളല്ലാതെ, വിജയത്തിന്റെ
ലാഞ്ചനപോലും എനിക്ക് തരികയരുത്.

പ്രേയസിയെ എന്നിൽ നിന്ന് വലിച്ചടർത്തുക
അവൾ എന്റെ ഹൃദയത്തിന്റെ; അല്ല,
എന്റെ ഹൃദയം തന്നെ കൊണ്ടുപോകിലും

സത്യത്തിൽ, അസത്യത്തെക്കാൾ അസ്വീകാര്യമാണ്
എന്റെയീ പ്രാർത്ഥനകളെന്നിരിക്കിലും
ഒരു മാത്രയെന്റെയീ ചപല ഹൃദയമണപൊട്ടി-
യൊഴുകുന്ന കണ്ണുനീർചാലുകൾ തീർത്ത്-
തിരിഞ്ഞു നടക്കാനൊരുങ്ങുമെങ്കിലും,
ജഗന്നിയന്താവേ....

ആ ചപല ഹൃദയം തന്നെയെന്നെയങ്ങ്
കീഴ്പ്പെടുത്തും മുൻപ് പറയട്ടെ,
നൽകുക... നിന്റെ കഴിവിന്റെ അപാരതയിൽ
നീ സൃഷ്ടിച്ച അതി തീഷ്ണങ്ങളായ
ദുഃഖങ്ങളെ എന്നിലേക്ക്, അല്ല;
ഈ തപിക്കുന്ന ഹൃദയത്തെ തള്ള നീ...
അതി തീഷ്ണതയുടെ കാരാഗൃഹത്തിലേക്ക്,
താപസിദ്ധാന്തങ്ങൾക്കപ്പുറത്തെ നരകത്തിലേക്ക്.

ദുഃഖമെന്ന വാക്കേ... നീയെത്ര നിസ്സഹായനാണ്
അതിൻ കയറ്റിറക്കങ്ങൾ പറയാൻ നിനക്കെ-
ന്നാണ് നാക്കുമുളക്കുന്നത്...
എങ്കിലും ജഗത് പൊരുളേ നിനക്കറിയും-
ദുഃഖമെന്നു ഞാൻ വിവക്ഷിക്കുന്നത് അതിന്റെ-
യേതു മാത്രയെയാണെന്ന്.

അല്ലയോ സൃഷ്ടി സംഹാര മൂർത്തിയേ...
ഈ ധിക്കാരി അർച്ചന മറന്നുപോയിരിക്കുന്നു.
അതിനായ് ഭാവവുമില്ല...
എനിക്ക് ചിന്ത തന്നെയാണല്ലോ അർച്ചന
ചിന്തകൾ വിരിയാൻ എനിക്ക് ദുഃഖങ്ങൾ തരിക
ദുഃഖങ്ങളുടെ ചുടുകളത്തിൽ-
ചിത്തഭ്രമക്കാരനായ് പിടയുമ്പോൾ
ഞാൻ സമുന്നതിയിലേക്കുയരും
സന്താപത്തിന്റെ നരകമുൾക്കൊണ്ട
സന്തോഷത്തിന്റെ സ്വർഗ്ഗം തിരിച്ചറിഞ്ഞ
അതിന്റെ സമുന്നതി തിരിച്ചറിഞ്ഞ
സമുന്നതിയിലേക്കെന്നെ നീ നയിക്ക.

ഒടുക്കത്തിൽ നിന്ന് ഒരു തുടക്കം

മനോജ് എസ്. ആർ. | 8 സിവിൽ

ജരാനരകൾ ബാധിച്ചൊരു ബാല്യവും
ഒക്കത്തുപേറി അമ്മ നടക്കുന്നു
വാക്കുകൾ തൊണ്ടയിൽ കുരുങ്ങിടുമ്പോൾ,
ചിന്തയിൽ നാമ്പുകൾ കരിഞ്ഞിടുമ്പോൾ.
ജീവനും തേജസ്സും ചേതനയും അറ്റിടുമ്പോൾ,
പോകട്ടെ പോകട്ടെ എന്റെയീ മകനും
ബാല്യം തീർന്നതിൻ തുടക്കത്തിലേക്ക്.
പിരിയട്ടെ പിരിയട്ടെ ബീജമായ് അണ്ഡമായ്
പിരിയട്ടെ പിരിയട്ടെ മോഹമായ് സ്വപ്നമായ്...
രൗദ്ര താണ്ഡവങ്ങൾ ഏറ്റുവാങ്ങാത്ത
മണ്ണിൽ വീണ്ടും ജനിക്കാനായ് പിരിയട്ടെ...
ചുടുചോരവീണ് ചുടലപറമ്പായൊരു മണ്ണ്
തണുത്തിടുമ്പോൾ
വീണ്ടും പിറക്കട്ടെ എന്റെയീ മകനും,
ഓജസ്സു നശിക്കാത്ത മനുവിന്റെ ബാക്കിയായ്.
അവൻ അറിയാതിരിക്കട്ടെ രക്തത്തിൽ
സാക്ഷിയായൊരു മണ്ഡപത്തെ,
വയ്ക്കാതിരിക്കട്ടെ ചോരപ്പൂക്കളതിൻ അകതളത്തി-
അറിയാതിരിക്കട്ടെ മോഹങ്ങൾ പൊലിഞ്ഞതുപോം
രമ്യ ഹർമ്മയങ്ങളെ,
തറയ്ക്കാതിരിക്കട്ടെ അവന്റെ ഹൃത്തുക്കളിൽ കൂരമ്പുകൾ,
മീട്ടാതിരിക്കട്ടെ അവന്റെ ഹൃദയതന്ത്രികൾ
ഇനിയും പാഴ് ശ്രുതികൾ,
തിരയാതിരിക്കട്ടെ ആഭിചാരങ്ങളെ പറയാതിരിക്ക
പുലഭ്യങ്ങളെ,
വരയ്ക്കാതിരിക്കട്ടെ വിരിമാറിൽ വീണ്ടും
കത്തികൊണ്ട് കോലങ്ങൾ...
ശാന്തനായിരിക്കാൻ ശാന്തിമന്ത്രങ്ങൾ
മറന്നിടാത്തൊരു കാലത്തിൽ വീണ്ടു പിറക്കട്ടെ
പാർത്ഥനായല്ല പാർത്ഥിവനായുമല്ല
കാറ്റിലെങ്ങും കരിമരുന്നിൻ ഗന്ധം പരത്തിയ
കാരിരുമ്പിൻ കരുത്തോടെ കർണ്ണനായ് പിറക്കട്ടെ
മരവിക്കാഞ്ഞൊരു ബാല്യം ജനിക്കുമെങ്കിൽ
എൻ മകനും നല്കുക പുതിയൊരു ജനനം.
പുണ്യങ്ങൾ വറ്റിവരുളുന്ന മണ്ണിൽ വീണ്ടും
പുണ്യമായ് പിറക്കട്ടെ എന്റെയീ മകനും

സ്നേഹ
പൂർവ്വം...

കാലത്തിന് തൂവലുകൾ നഷ്ടപ്പെടാറുണ്ട്
കാലചക്രത്തിന്റെ പുനരാവർത്തനത്തിൽ
അവ കുത്തിയൊലിച്ചു പോവുന്നു.
ജീവിതത്തിനും ....

നിറമുള്ള ഒത്തിരി തൂവലുകൾ നഷ്ടപ്പെടാറുണ്ട്
സൗഹൃദത്തിന്റെ...
ബന്ധങ്ങളുടെ...
ഒത്തിരിയൊത്തിരി തൂവലുകൾ

അനുഭവങ്ങളുടെ കനത്ത തീക്കാറ്റിൽ
മനസ്സ് പൊള്ളിയടരുന്നു
എനിക്ക്,
അഭയങ്ങളെല്ലാം നഷ്ടപ്പെടുന്നതുപോലെ
നോക്ക്,

മഞ്ഞിന്റെ തുണുപ്പുള്ള
സാന്ത്വനത്തിന്റെ നനവുള്ള വാക്കുകൾ
നീയെനിക്കായ് ബാക്കിവയ്ക്കുമോ ?
എങ്കിൽ...

സ്നേഹത്തിന്റെ നനുത്ത നിലാവിനെ
നിനക്കായ് ഞാൻ പകുത്തുനൽകാം
പകരം വെയ്ക്കാൻ ഒന്നുമില്ലാതെ ഹൃദയത്തിൽ
അവശേഷിക്കുന്നത് അതുമാത്രമാണ്

നമ്മളെയറിഞ്ഞുകൊണ്ട്
നമുക്കി സൗഹൃദത്തണലിൽ
ഇത്തിരി നേരമിരിയ്ക്കാം
നിറവും, സുഗന്ധവും, മധുരവുമുള്ള
ഒരു കാലത്തെ നമുക്ക് സ്വപ്നം കാണാം അല്ലേ...?

രാജേഷ് വി. | 7 ഇലക്ട്രിക്കൽ

वक्त

उमर्
गुज़र्ती गयी ।

उमर का सफर है,
पता ना चला
कि कब यह गुजर के....
खत्म है हुआ।

जीवन
एक मोम सा...
पिघल है गया।
दिल को कभी
इत्मिनान ना हुआ।

उमर नही होती
इन वादियों को,
उमर नही लगती
इन खुशबुओं को,
आज भी, इनमें....

जवानी सी ताजगी है।
इस महौल में जिए
हम ही जवान नही।
उमर की नज़र
जो लगें .....

तो मौत आ गया।
जी कर मुझे
जी ना भरा,
तभी कहीं से
आगया
फैसला
वक्त का.... ।

किसी से
अल्विदा भी ना कह सका,
कि गिर गया
परदाह जिन्दगी के
तमाशो पर
खामोशी का.....।

श्रुथिन् ।5 मेक्कानिक्कल्

നീയറിയുവാൻ

റസിൽ എം.എസ് | 7 ഇലക്ട്രോണിക്സ്

ഓർമ്മതൻ തീരത്തായെൻ മനസ്സിൽ
താളമായ് നീ വഞ്ഞീടുമ്പോൾ
ആശിച്ചുപോയ് പോയി ഞാൻ കണ്ടിരിക്കാൻ
എങ്കിലും നീയെങ്ങോ മാഞ്ഞുപോയി

ജീവിതയാത്രയിലൊിക്കാനാശിച്ചിട്ടെത്ര
ഋതുക്കൾ കടുപോയി; എന്നിട്ടും
നിന്നോമൽ പുഞ്ചിരി കാണുവാൻ മാത്രമായ്
എത്രനാളെത്രനാൾ കാത്തിരിപ്പൂ

മൗനത്തിൻ വാക്കിന്റെയുള്ളിലെ സമ്മതം
നിൻ സമ്മതമെന്നു നിനച്ചിരുന്നു
മൗനത്തിൻ വാക്കിന്റെയുള്ളിലെ ദുഃഖങ്ങൾ
ഓർമ്മതൻ തേങ്ങലായ് തീർന്നീടുമ്പോൾ

എന്നോർമ്മതൻ പടിവാതിലിൽ നിൻമുഖം
മിഴിയിൽ മഴയാൽ നിറഞ്ഞീടുമ്പോൾ
ആ നിമിഷത്തിലും ആശിച്ചുപോകുന്നു
ഈ മഴ; അവളായിരുന്നെങ്കിൽ

ഒരിന്ത്യൻ കോളേജ് വിദ്യാർത്ഥിയുടെ ആത്മഗതം

- സച്ചിദാനന്ദൻ -

ക്ലാസ്സ് മുറികൾക്ക് എല്ലായിടത്തും ഒരൊറ്റ മുഖച്ഛായയാണ്.
ശവകുടീരങ്ങളുടെയോ നങ്ങാടികളുടെയോ ഛായ.
അധ്യാപകർക്കെല്ലാം ഒരൊറ്റമുഖഛായയാണ്
ഇംഗ്ലീഷ് പഠിപ്പിക്കുവർക്ക് ഷേക്സ്പിയറിന്റെ ഛായ .
സമ്പദ് ശാസ്ത്രം പഠിപ്പിക്കുവർക്ക് ആഡംസ്മിത്തിന്റേത്
സയൻസ്ക്കാർക്ക് ഗലിലീയോവിന്റേത് .
പത്തുവർഷത്തെ അധരവ്യായാമം കഴിയുമ്പോൾ
എല്ലാവരും ഗാന്ധിയുടെ മഹാത്മ ഛായ കൈവരിക്കുന്നു .
സഹനത്തിന്റെ മരുഭൂമിപോലെ അതേ മുഴുക്കഷണ്ടി -
ഗീതാരഹസ്യം പോലത്തെ അതേ പാഴ് ചിരി -
നർമ്മദയുടെ ക്ലാവു കയറിയ അതേ കൂപ്പുകൈ
ജീവിച്ചിരിക്കുവരുടെ മുഖഛായ ഒരാൾക്കുമില്ല
എല്ലാവരും ഗ്രന്ഥപുരകളിലെ എണ്ണഛായ ചിത്രങ്ങളിൽ നിന്നോ
കാഴ്ച ബംഗ്ളാവുകളിലെ പ്രതിമ കൂടുകളിൽ നിന്നോ
ഇറങ്ങിവന്നപോലെ
കൃമികളുടെ ഭാഷയിൽ അവർ
യജമാനൻമാരുടെ തറവാട്ടു മഹിമകൾ വർണ്ണിക്കുന്നു
ഗുഹകൾ പോലുള്ള സ്റ്റാഫ് മുറികളിലിരുന്ന്
നുണ പറഞ്ഞും തുമ്മിയും അലവൻസുകളെക്കുറിച്ച് ചർച്ച ചെയ്തും
അസൂയയും അമ്ളാധ്യക്യവും ആസ്മയും സിനിസിസവും ബാധിച്ച്
എല്ലാ ഇൻഡ്യക്കാരെയും കാത്തുനിൽക്കുന്ന
വിവർണ്ണമായ നിർവ്വാണത്തിലേക്ക്
കണ്ണടയും കാലുറയുമിട്ട് സാവധാനം നടക്കുന്നു
എങ്കിലും ഞാനിവരെ വെറുക്കുകയില്ല, കാരണം
ക്ളാസ്സ് മുറി മുഴുവൻ ഒരു പെരുമ്പാമ്പിന്റെ വായിലാണ്.
ഈ വായക്കകത്ത് നിസ്സഹയരായ ഇരകളുടെ അദൃശ്യ സാഹോദര്യം
പഠിക്കുന്നവനെയും പഠിപ്പിക്കുന്നവനെയും ഒരുമിപ്പിക്കുന്നു.
ഓഹോ ഞാൻ കണ്ടിട്ടുണ്ട്
ഓർവെല്ലിന്റെ വളിച്ച കമ്യൂണിസ്റ്റ് വിരോധയും
ബർണാഡ് ഷായുടെ വിടുവായൻ അഹന്തകളെയും പറ്റി
ഓഹോ ഞാൻ കേട്ടിട്ടുണ്ട്
ചക്രവർത്തിമാരുടെ ദാനശീലത്തെയും
ഭരണഘടനയിലെ മൗലികാവകാശങ്ങളെയും പറ്റി
കൈ നനയാതെ പിടിച്ച മീനിനെയും
ചോരചിന്താതെ കൈപറ്റിയ സ്വാതന്ത്ര്യത്തെയും പറ്റി,
സ്വകാര്യ മൂലധനത്തിന്റെ മഹനീയ സംഭാവനയെപ്പറ്റി
മതസ്ഥാപകരുടെ വിശാലമായ മനുഷ്യ സ്നേഹത്തെപ്പറ്റി
ലോകമഹായുദ്ധങ്ങളുടെ കാരണങ്ങൾ
ഞാൻ എണ്ണി കാണാതെ പറയാം
ഇത്രകൂടി പറയാം,
ക്ലാസ്സിലിരുന്ന് ഉറക്കം തൂങ്ങുവർ ഭാഗ്യവാന്മാർ
അവർക്ക് അവരുടെ സ്വപ്നമെങ്കിലും നഷ്ടപ്പെടുന്നില്ലല്ലോ
വിശന്നുമരിക്കുന്ന കുഞ്ഞിന്റെ നിലവിളി
ഞങ്ങളിൽ നിന്നൊളിച്ചു വയ്ക്കാൻ
നിങ്ങളുടെ ചാർട്ടുകൾക്കും ഗ്രാഫുകൾക്കും
ബാലൻസ് ഷീറ്റുകൾക്കും കഴിയില്ല.
നിങ്ങളുടെ ഉപമകൾക്കും ഉത്പ്രേക്ഷകൾക്കും
ഞങ്ങളെ തടയാനാവില്ല
ബ്ളാക്ക് ബോർഡിലെ എട്ടുകാലിയെയും
ഭൂപടത്തിനു പിന്നിലെ കറുത്ത ചുണ്ടെലിയെയും
പാഠപുസ്തകങ്ങളിലെ പാമ്പിൻ മുട്ടകളെയും ഞങ്ങൾ കണ്ടു കഴിഞ്ഞു
ഞങ്ങളുടെ വളർച്ചയുടെ കടലാക്രമണം തടയാൻ

നിങ്ങൾ കപട ചരിത്രങ്ങളും പരിഷ്കാരങ്ങളും കൊണ്ട് പാഴ്ചിറ കെട്ടുന്നു
ഒരിടത്ത് നിങ്ങൾ ഞങ്ങളുടെ ചിന്തയുടെ പഴുതടയ്ക്കുമ്പോൾ
മൂന്നിടത്ത്അതൊന്നിച്ച് ചോദ്യങ്ങൾ തെറിപ്പിച്ച് വരമ്പുമുറിക്കിന്നു.
വാക്കുകളെ ജീവിത്തിൽ നിന്നടർത്തി മാറ്റുന്ന
നിങ്ങളുടെ ചതിയൻഗ്രന്ഥങ്ങൾ വലിച്ചെറിഞ്ഞ്
ഞങ്ങൾ വലിയ വായനകളിലേക്ക് പോകുന്നു
ഞങ്ങൾ കരിയായ പൂസ്തകങ്ങളെ വായിക്കുന്നു
ത്രിവർണ്ണ പുറംചട്ട മാറ്റി
ഞങ്ങൾ ഇൻഡ്യയെ നഗ്നമായി വായിക്കുന്നു
നിങ്ങൾ തുണ്ടംതുണ്ടമാക്കി മുറിച്ച ജിവിതത്തെ
ഒന്നിച്ചു കൂട്ടിവച്ച് ഞങ്ങൾ മുഴുവനും തപ്പി തപ്പി വായിച്ചെടുക്കുന്നു
പഠനമുറികളിലും പരീക്ഷണശാലകളിലും പണിയാലയങ്ങളിലുമിരുന്ന്
ഞങ്ങൾ ഭാവിയുടെ ജാതകം ഗണിക്കുന്നു
നിശൂന്യമായ കോടിക്കണക്കിന് കുട്ടികൾ
ലോകമെമ്പാടും നിറയ്ക്കപ്പെടുവാൻ കാത്തു നിൽക്കുന്നു
കുസൃതിയും വിശുദ്ധിയും നിറഞ്ഞ അവരുടെ മനസ്സുകളിലൂടെ
ഒരു സുവർണ്ണ നദി സ്വപ്നം നിക്ഷേപിച്ചൊഴുകുന്നു.
ഒരു വാൽ നക്ഷത്രത്തെ കാണുന്നപോലെ ഒരിക്കൽ
സെന്റ് പീറ്റേഴ് സ് ബർഗിലെ കുട്ടികൾ ആ സ്വപ്നം കണ്ടു
പിന്നെ യാങ്സീ തീരത്തെ കർഷക കുഞ്ഞുങ്ങളുടെ
കൊച്ചുകണ്ണുകളെ ദീപ്തമാക്കികൊണ്ട് അതാ മുന്നിപ്പാഞ്ഞു
വിയറ്റ്നാമിലെ ക്ളാസ്സു മുറികളെ മുഴുവൻ
അത് അതിന്റെ രക്ത തേജസ്സിൽ സ്നാപനം ചെയ്യിച്ചു
ക്യൂബയിലെ കൗമാരത്തെമുഴുവൻ അത് ആയുധമണിയിച്ചു
ഈ ഞങ്ങൾ ആ വാൽ നക്ഷത്രത്തെ കണ്ടിരിക്കുന്നു
ബുദ്ധഗയയിൽ നിന്ന് വീരഭൂമിയോളം
ഞങ്ങളതിനെ പിൻചെന്നിരിക്കുന്നു
പണിയെടുക്കു കൈകളുമായ് ഞങ്ങൾ
ഞങ്ങളുടെ അറിവിന്റെ കൈകളിണക്കിയിരിക്കുന്നു.
തലമുറകൾ ഉഴുതുമറിച്ച കറുത്ത മണ്ണിൽ നിന്ന്.
ഞങ്ങൾ സൂര്യനെ നോക്കി മുളയ്ക്കുന്നു.
ചന്ദ്രനെ കണ്ട സമുദ്രം പോലെ
ഞങ്ങൾ വെളിച്ചത്തിലേക്ക് തിരയടിച്ചുയരുന്നു.

Belong to you, my Native

Arun Shaan | 8 Electronics

As the sun smiled over my head and bed
Waking me up, to that some routine of life
Handful breakfast, with shoes in my hands
Sat back the car for my second schedule sleep

"Missed", I screamed, searching my bay
Searching my car, Searching my office
Searching its floor, carpets and shelves
for that something, unknown but precious

Its the rush of life, that dismantled your mind
For is miss nothing", as by my doctor
But one night, found it in my dreams
And my eyes rolled fast under my kids

As the sun smiled, I got my start
And dove myself, alone to the far
From the land of buildings that hide outsky
To the land of green lushy fields

Handed my soil and walking through graves
Where my forefathers slept, silent in peace
Knett down there, my fore head in soil,
Felt its fragrance, I missed so long.
A thousand hands that pushed me here
Now taking me back, back to my native.

ഒരു വസന്തത്തിന്റെ ഓർമ്മയ്ക്ക്...

കരളിൽ കാലംതെറ്റിപ്പൂത്ത കണിക്കൊന്ന-
യിതളുകളെന്നേ കൊഴിഞ്ഞുപോയി
വിതുമ്പിവരണ്ടയെന്നധരങ്ങളിലൂറും
മന്ദസ്മിതമെന്നേ മാഞ്ഞുപോയി
ഒരു രാഗം കൂടിയിനി ശ്രുതിമീട്ടാനാവില്ലെൻ
വീണയെന്നേ പാടാതെയായി
ജാലകച്ചില്ലിലൂടെന്നെ താരാട്ടുവാൻ
രാത്രിമഴയും വരാതെയായി
ഇടറുന്ന കണ്ഠത്തിലെവിടെയോ ഉഴറിയെൻ
കുഞ്ഞുപാട്ടൊന്നു കാണാതെയായി
ഒരു വർഷകാലമൊരുമിച്ചു വന്നിട്ടും
എന്റെ സ്വപ്നങ്ങൾ പൂക്കാതെയായി
ഇനി വരാനില്ലൊരു വസന്തവും
ഇല്ലയിനി വിടരുവാനായൊരു കുഞ്ഞുപൂവും
വരികൾ മറന്നുപോയ്, വാക്കുകൾ തീർന്നുപോയി
ഇനിയില്ലയെന്നിലൊരു കവിതപോലും.

അശ്വതി ബാബു ।3 സിവിൽ

THEY were the curtain pullers
Who kept repelling the limelight
THEY were the actual bloomers of the bud
Who spared their heart to do their part
THEY were the makers of the feast
Who discovered the final taste
Everything evolved thru them
Still they stand beside
Only to watch
What happens, to their
Part in the Story
And 'THEY' ARE

BINOY.S
ARUN.G
VINEETH.S
ARUN.C.K
JITHIN.A.G
AL AMEER
JIJU THOMAS
ARUN PURUSHOTHAMAN
ASWATHY BABU
ARADH.S
TONY GEORGE
SARATH MOHAN
SUJIN .P.S
NOUFAL BASHEER
ANUROOP P.V.
PRAJIN
PRAVEEN
ARUN .V.A
BAIJU
REJISH
JAGADISH
GEORGIN
DILEEP
RENJITH
ALWIN
KIRAN
ALL INMATES OF LHS, MH, PG HOSTEL.
PRADEEP
SINESH
BIJU
ASHITH AND ALL OTHER STAFFS & MANAGEMENT OF
WILD THOUGHTS & PENTA OFFSET, KOTTAYAM.

കവർ സ്റ്റോറി

വൈരുദ്ധ്യങ്ങളുടെ ആത്മാവിലേക്ക്

വൈരുദ്ധ്യങ്ങൾക്ക് ചമയവും അലങ്കാരവുമില്ല. എല്ലാം ഒരു പ്രവാഹമാണ്, വൈരുദ്ധ്യങ്ങളുടെ പ്രവാഹം.പിന്നിട്ട വഴികൾ കൂട്ടികിഴിച്ചു നോക്കിയപ്പോഴാണ് ഇതു മനസ്സിലാക്കിയത്. അങ്ങനെയാണ് ഞങ്ങൾ വൈരുദ്ധ്യത്തെത്തേടി ഒരു യാത്ര നടത്തിയത്. അരിസ്റ്റോട്ടിലിന്റെ വൈരുദ്ധ്യമില്ലായ്മയുടെ സിദ്ധാന്തം പറയുന്നു "ഒരു കാര്യം ഇങ്ങനെയാണെന്നും അല്ലെന്നും ഒരേ സമയത്തും സന്ദർഭത്തിലും പറയുവാൻ പറ്റില്ല". അങ്ങനെ വരുമ്പോൾ അതു വൈരുദ്ധ്യമായി. പരമ്പരാഗത മാഗസ്സിൻ ശൈലികളെ വെല്ലുവിളിച്ചു കൊണ്ട് 'ഒടുക്കം' / 'അവസാനം' ഇല്ലാതെ ,നന്ദിപ്രകടനങ്ങളും വിടപറച്ചിലുമില്ലാതെ ഈ മാഗസിൻ പുറത്തിറങ്ങുന്നു. രണ്ടു വീക്ഷണങ്ങളെ പോലെ, വൈരുദ്ധ്യത്തിന്റെ രണ്ടു വിവക്ഷകളെ പോലെ രണ്ടു പുറങ്ങളിൽ നിന്നും മാഗസ്സിൻ തുടങ്ങുന്നു. ഒരു ക്ലൈമാക്സ് ഇല്ലാതെ അന്തമായി നീളുന്നു. ഇതാണ് മാഗസ്സിന്റെ തുടക്കം, എന്ന് ഒരു പുറത്തെ വിശേഷിപ്പിച്ചാൽ, ആണെന്നും അല്ലെന്നും ഉത്തരം പറയാവുന്ന അവസ്ഥ. അങ്ങനെ ഒരു വൈരുദ്ധ്യം അവിടെ പ്രഥമ ദൃഷ്ട്യാ സൃഷ്ടിക്കപ്പെടുന്നു. നമുക്കു ചുറ്റിലും കാണുന്ന വൈരുദ്ധ്യങ്ങളുടെ നിലയ്ക്കാത്ത പുഞ്ചിരി താളുകളിലുടനീളം പറ്റിയിരിക്കുന്നു. കണ്ണുതുറന്നാൽ കാണുന്നവയ്ക്ക് , നിർവ്വചനം കൊടുക്കാൻ പറ്റാതിരിക്കുമ്പോൾ അവ നമ്മെ നോക്കി കൊഞ്ഞനം കുത്തുമ്പോൾ, നല്ലതും ചീത്തയുമായ ഒരുപാടുകാര്യങ്ങൾ, മഴവെള്ളപാച്ചിൽ പോലെ വന്നും മറഞ്ഞുമിരിക്കുന്നു. കാണേണ്ടത് കണ്ടില്ല എന്നു നടിച്ച് ഉറക്കെ പൊട്ടിച്ചിരിക്കുമ്പോഴാണ് വൈരുദ്ധ്യങ്ങൾക്ക് ജീവൻ വയ്ക്കുന്നത്. നന്മ വിതച്ച് നന്മകൊയ്യാൻ പറ്റാതെ ഒരു കൂട്ടം തലകുനിച്ചിരിക്കുമ്പോൾ തിന്മ വിതച്ച് തിന്മയല്ലാതെ മറ്റെന്തോ കൊയ്യുന്ന മറ്റൊരു കൂട്ടർ ഈ ജീവന് നിലനില്പിനുള്ള കരുത്തു നൽകുന്നു. അതു കൊണ്ട് തന്നെ വൈരുദ്ധ്യങ്ങൾക്ക് സൗന്ദര്യവും വൈകൃത്യവുമുണ്ട്. മാഗസ്സിന്റെ പ്രവർത്തനം നിരീക്ഷണങ്ങളിലൂടെയാണ് പുരോഗമിക്കുന്നത്. അങ്ങനെയാണ് വാക്കും പ്രവർത്തിയും വേർപിരിയുന്ന ഘട്ടവും പണക്കാരനും പാവപ്പെട്ടവനും തമ്മിലുള്ള ബന്ധവും വൈരുദ്ധ്യത്തിന്റെ ഏണിപ്പടികൾ കയറി ഉന്നതിയിലേക്ക് പറന്നുപോവുന്നത് കണ്ടത്. അങ്ങനെയാണ്, പട്ടിണി കിടക്കുന്നവരുള്ളപ്പോൾ 240 കോടിയുടെ ബർത്ത് ഡേ ഗിഫ്റ്റുകൾ വാർത്തകളിൽ പ്രസക്തമാവുന്നതെന്തു കൊണ്ട് എന്ന് ചിന്തിച്ചു തുടങ്ങിയത്. മാറ്റങ്ങൾ വൈരുദ്ധ്യാത്മകമാണ്. അത് വൈരുദ്ധ്യത്തിന്റെ സൗന്ദര്യമാണ്. അതുകൊണ്ട് നിങ്ങൾ വൈരുദ്ധ്യങ്ങളെ തിരിച്ചറിയുവാൻ ഓരോ താളും ഒരുക്കപ്പെട്ടിരിക്കുന്നു. ചിന്തകൾക്ക് മങ്ങലേൽക്കുമ്പോൾ നാം നമ്മിലെ വൈരുദ്ധ്യങ്ങൾ കാണുന്നു. നമുക്കു ചുറ്റുമുള്ളവയും. ഈ മാഗസ്സിനിലെ ഓരോ താളുകളും നിങ്ങളെ ഒരുപക്ഷെ ഇത്തരം ചിന്താഗതികളിൽ കൊണ്ടെത്തിച്ചേക്കാം.. പ്രവർത്തനങ്ങളിൽ നിന്ന് ഞങ്ങൾ മനസ്സിലാക്കിയ വൈരുദ്ധ്യമാണിത്.

TO THE OTH

SIDE OF CONTRADICTIONS


ER SIDE OF CONTRADICTIONS
TO THE OTHER
Come in
1 RUPEE 1955

GOVT. RAJIV GANDHI INSTITUTE OF TECHNOLOGY, KOTTAYAM 2008

CONTRADICTIONS

വൈരുദ്ധ്യങ്ങൾ

Equipping students for better placements
Konfidence
Programme conducted at the College itself
The Best Value for Money offering in the Market
Programmes conducted by IIM graduates & team
100's of Konfidencians placed in MNC's till date.
• Aptitude tests designed in tune with tests of companies
• Training towards approaching aptitude tests
• Builds verbal, non-verbal and analytical skills of participants
• Soft skill improvement modules
• Mock interviews and group discussions
• Offline support using internet resources
• Mock test papers
• Continuing support even after the course
For more details contact:
Konfidence
33/740 - C, Link Retreat,
Vennala P.O, Ernakulam 682028.
Ph: +91 94472 35913
konfidence@rediffmail.com

മൂകമായ ഒച്ചപ്പാടുകൾ
വിജനമായ ആൾക്കൂട്ടങ്ങൾ
സത്യസന്ധമായ കളവുകൾ
സമാധാനത്തിന്റെ യുദ്ധങ്ങൾ

ഇങ്ങനെ അസംഖ്യം
വൈരുദ്ധ്യങ്ങളിലേക്ക്...

തലച്ചോറ്

Thoughts

9

മണ്ണാങ്കട്ടയും

കരിയിലയും

49

SKETCHES

വ്യക്തിത്വങ്ങൾ/ഓർമ്മക്കുറിപ്പുകൾ

71

CHRONICLES

Reports

83

MESSAGE

Launching of the college magazine every year necessitates the combined effort of staff and students of the institution. It is a matter of pride that RIT is capable of publishing magazine of good quality year after year.

Our Institution has completed 17 years of service. The prominence and reputation of an institution is determined by the academic calibre and infrastructural facilities. It is gratifying to see that the institution is making steady progress in this respect. Let us all work together to achieve the goal of excellence in performance.

The initiative and drive shown by the magazine committee is appreciable. I wish all success to this venture.

J.T. Kuncheria
Principal



"The Spirit of creation is simply the spirit of contradiction"

CREDITS

CHIEF EDITOR
Prof. J.T. Kuncheria

STAFF EDITOR
Biju Augustine P

STUDENT EDITOR
K. Nithin

ILLUSTRATIONS/CARTOONS
Rahul Chandran

COVER
Jamsheed

PHOTOGRAPHY
Jiju Thomas
Sarath V.K

LAYOUT
Wild Thoughts
Sujin P.S, Tony George

PRINTING
Penta Offset, Kottayam

PRINTED & PUBLISHED BY
K. Nithin
on behalf of the Principal
RIT Kottayam

വൈരുദ്ധ്യങ്ങൾ: പല പോസുകളിൽ

കോളേജു മൈതാനത്തോടു ചേർന്നുള്ള ക്യാമ്പസ്സിന്റെ പിൻവാതിലിലൂടെ കടന്നു നടന്നു; ഇടതൂർന്നു വളർന്ന റബ്ബർ മരക്കൂട്ടങ്ങൾ വിദൂരതയെ കീഴടക്കുന്നു. ചക്രവാളം പോലും മറയ്ക്കുന്നു. കോളേജിന്റെ ബാഹ്യഗരിമകൾ പിന്നോട്ടടുക്കി പുതിയ ഒരു ലോകത്തിലേക്കെന്നപോലെ ഞങ്ങൾ അവർക്കിടയിലേക്കിറങ്ങി.

പത്തടി നടന്നാൽ മോളിക്കുട്ടിക്ക് ക്യാമ്പസിനകത്തേക്ക് കടക്കാം. എന്നാൽ അതിൽ കവിഞ്ഞ്… ക്യാമ്പസ്സ് അവരുടേത് കൂടിയാകുമെന്ന് അവളല്ല അവിടത്തെ ഒരു കുട്ടിയും സ്വപ്ന പോലും കാണുന്നില്ല. വീടിന്റെ ഉമ്മറത്തിരുന്ന് നോക്കിയാൽ തലയെടുപ്പോടെ ഉയർന്നു നില്ക്കുന്ന കെട്ടിടങ്ങൾ കാണുമ്പോൾ, മൈതാനിയിൽ ആരവങ്ങൾ കേൾക്കുമ്പോൾ, ആ കൊച്ചുഹൃദയം പിടഞ്ഞു പോവാറുണ്ടത്രേ! രാത്രിയിൽ ഇരുട്ടു തിന്നുമ്പോൾ ക്യാമ്പസ്സിനകത്തെ വഴിവിളക്കു കത്തു

ലേറ്റിരിക്കുന്നു. എങ്കിലും ഒന്നും അപ്പാടെ മറഞ്ഞുപോയിട്ടില്ല.

അവിടെ ജീവിക്കുന്ന എല്ലാകുട്ടികൾക്കുമുണ്ട് കോളജിന്റെ അകത്തളങ്ങളിലൂടെ ഓടിനടക്കുവാനുള്ള ആഗ്രഹം. മുതിർന്നവരാകട്ടെ കോളജ് പണക്കാരന്റെ മക്കൾക്ക് വേണ്ടിയാണെന്ന് പറഞ്ഞ് വ്യാകുലപ്പെടുകയാണ്. കത്തുന്ന മാതൃഹൃദയങ്ങൾക്ക് മക്കളെ ഒരു എഞ്ചിനീയറായി കാണണമെന്നുണ്ട് അകത്തേക്കു നോക്കുമ്പോൾ അത്താഴത്തിനോ പ്രാതലിനോ അടുപ്പു പുകയ്ക്കാൻ....? കോളേജിന്റെ ചട്ടക്കൂട്ടങ്ങൾക്കിടയിൽ നിന്നുകൊണ്ട് നമുക്ക് ചിന്തിക്കുവാനുള്ള സമയമില്ല. ഒരു പക്ഷെ നമ്മൾക്ക് എല്ലാ സുഖസൗകര്യങ്ങളും ഉള്ളതാവാം നമ്മെ താഴ്മയിലേക്ക് തിരിഞ്ഞുനോക്കാൻ പ്രേരിപ്പിക്കാത്തത്.

കോളേജിനെ ആശ്രയിച്ചു കഴിയുന്ന ഒരുപാടുപേർ ഇവർക്കിടയിലുണ്ട്. കോളേജ് പരിസരങ്ങളിൽ ജോലി ചെയ്യുന്നവർക്കു പോലും ചിലപ്പോൾ കോളേജിനെ ശരിക്ക് അറിയില്ലായിരിക്കാം...! മക്കൾ കോളേജിലേക്ക്

ന്നതും നോക്കി ഏറെയിരിക്കും. കത്തിയെരിഞ്ഞമർന്ന മെഴുകുതിരി തറയെ ചുംബിച്ചുകിടക്കുമ്പോൾ പുസ്തകം മടക്കി വയ്ക്കും. പിന്നെയൊരു ഉറക്കമാണ് ഉറക്കത്തിൽ മനസ്സുനിറയെ ക്യാമ്പസ്സാണ്. ക്യാമ്പസ്സിൽ വർണ്ണശമ്പളമായ വസ്ത്രങ്ങളിഞ്ഞുകൊണ്ട് മോളിക്കുട്ടിക്ക് കയറിചെല്ലണമെന്നുണ്ട്. ആന്തരികമായതെല്ലാം കണ്ടറിയണമെന്നുണ്ട് പക്ഷെ...

ഇത് നമ്മളറിയാത്ത അല്ല നമ്മൾക്ക് അറിയാൻ ആഗ്രഹമില്ലാത്ത ഒരു ലോകമാണ്. വൈരുദ്ധ്യങ്ങളുടെ ഒരു നൂലാമാല... ദുരിതങ്ങൾ ചടുലനൃത്തം നടത്തുമ്പോൾ അവർക്ക് ചിരിക്കാൻ മാത്രമാണ് കഴിയുന്നത്. നമുക്ക് ചിന്തിക്കുവാനേറെയുണ്ട്. പക്ഷെ

വരാൻ ആഗ്രഹം പ്രകടിപ്പിക്കുമ്പോൾ തടഞ്ഞു നിർത്തും. കോളേജിൽ നിന്ന് ശബ്ദകോലാഹലങ്ങൾ കേൾക്കുമ്പോൾ, അവർക്കറിയാം. കോളേജിനകത്തേക്ക് തങ്ങളെ എന്തോ പിടിച്ചു വലിക്കുന്നുണ്ടെന്ന്...

ഒടുവിൽ എല്ലാം കഴിയുമ്പോൾ... അവശേഷിക്കുന്ന അലങ്കാര വസ്തുക്കളുടെ മേൽ ചാടിവീണ് അവ പെറുക്കിയെടുത്ത് കുട്ടികളുടെ ഒരു യാത്രയുണ്ട്. ഗമയിൽ...

ഒരു ദൂരദർശിനി ഉപയോഗിച്ച് ക്യാമ്പസ്സിൽ നിന്ന് നോക്കുകയാണെങ്കിൽ ഒരുപാടു കൂനകൾ കാണാം. ഇത് നമ്മുടെ ദൃഷ്ടിയിൽ, പക്ഷെ അവരുടെ സ്വർഗ്ഗമാണത്. 3 സെന്റ് സ്ഥലത്ത് വിയർപ്പുകൊണ്ട് പടുത്തുയർത്തിയ വീട്... ഒരു മഴയും, വേനലും, ശരത്കാലവും ഒന്നും ഈ വീടിനകം ചുംബിക്കാതെ കടന്നുപോയിട്ടുണ്ടാവില്ല. ഹോസ്റ്റലുകൾക്കകത്ത് നമ്മൾ സുഖനിദ്രയിലേക്ക് വഴുതിവീഴുമ്പോൾ അവർക്ക് രാത്രികൾ ദുരിതങ്ങളുടേതാണ്...

അവരെ കാർന്നു തിന്നാത്ത രോഗങ്ങളില്ല... ഒട്ടിച്ചേർന്നു കിടക്കുന്ന വീടുകളെ വേർതിരിക്കാൻ സീമകളും.. ഗ്രൗണ്ടിനോടു ചേർന്ന കോളജ് ഗെയിറ്റും അടച്ചിടുമ്പോൾ യാത്ര ദുരിതവുമായി... കോളജുകളിലൂടെ സ്കൂളിലേക്ക് പോകുമ്പോൾ കെട്ടിടങ്ങൾ നോക്കിനിന്നിരുന്ന മോളിക്കുട്ടിക്ക് ഇപ്പോൾ ഓർമ്മകൾക്ക് മങ്ങ

കോളേജിനെയും ചുറ്റുപാടിനെയും താരതമ്യം ചെയ്യുന്നത് തന്നെ വളരെ വലിയ വൈരുദ്ധ്യമാണ്. ഒരു ഭാഗത്ത് ആഘോഷങ്ങളുടെയും ആരവങ്ങളുടെയും മാറ്റൊലിയാണെങ്കിൽ മറുവശത്ത് തേങ്ങലിന്റെയും, സ്വപ്നങ്ങളുടെയും മൂകമായ പുഞ്ചിരിയാണ്. എങ്കിലും കൂട്ടിക്കിഴിച്ചു നോക്കുമ്പോൾ നമ്മെക്കാൾ കോളേജിന്റെ സ്പന്ദനങ്ങൾക്ക് വഴി തെളിച്ചതും ഇവരാണ്. അക്കൂട്ടത്തിൽ ചിലരുടെ വിയർപ്പുകൾ ഒഴുകിയൊലിച്ച് ഉറച്ചുയർന്ന കെട്ടിടങ്ങൾ, സഹകരണങ്ങളുടെ ഉണർത്തുപാട്ടിൽ ഉറയ്ക്കപ്പെട്ട നമ്മുടെ ചുറ്റുപാടുകൾ, എല്ലാം ഇവരുടെ തീക്ഷ്ണമായ പ്രവർത്തനങ്ങളിൽ നിലകൊണ്ടിരിക്കുന്നു. ഒരെത്തിനോട്ടംപോലും നടത്താൻ നാം അർഹരല്ല കാരണം അവരിലേക്ക് ഇറങ്ങിച്ചെല്ലണമെങ്കിൽ നമുക്ക് നമ്മളിലേക്ക് ഇറങ്ങിച്ചെല്ലേണ്ടിവരും. നമ്മുടെ ചുറ്റുപാടുകളിലേക്ക്...

ഇക്കൂട്ടത്തിൽ പലരും ഇന്നും നമ്മുടെ കോളജിനെ ആശ്രയിക്കുന്നു. നമ്മളിൽ നിന്നും തികച്ചും വ്യത്യസ്ഥമാണ് ഇവരുടെ ജീവിതശൈലി... പാമ്പാടിയുടെയും നെടുങ്കുഴിയുടെയും ഈ കോളജിന്റെയും ചരിത്രമറിയുന്ന ഇക്കൂട്ടർക്ക് പക്ഷെ നമ്മൾ വലിയ വിലയൊന്നും കല്പ്പിക്കില്ലായിരിക്കാം. ഒരുവശം പ്രകൃതിയുടെ പച്ചപ്പിനൊത്ത് ഉല്ലസിക്കുമ്പോൾ മറുവശം തളർന്നുറങ്ങുകയാണ്. പഴയകാല നാടൻ കളികൾ പലതും ഇവർക്കിടയിലുണ്ട്. കാൽപന്തുകളിയാണ് ഇവയിൽ പ്രധാനം. ഫുട്ബോളും ക്രിക്കറ്റും നമുക്കിടയിൽ അരങ്ങുതകർക്കുമ്പോൾ കാൽപന്തുകളി ഇവരിൽ മാത്രം ഒതുങ്ങിനില്ക്കുകയാണ്. റബ്ബർമരങ്ങൾക്കിടയിൽ കുടിലുകൾ മാതിരിയുള്ള വീടുകളിൽ ദു:ഖങ്ങളുടെ ശാശ്വത സംഗീതം മുഴങ്ങുമ്പോൾ മറുവശത്ത് തങ്ങളിൽ മാത്രമൊതുങ്ങുന്നവരുടെ ഒരു പ്രവാഹമാണ്.

കോളജ് ഗ്രൗണ്ടിനടുത്തു നിന്ന് നോക്കുമ്പോൾ തന്നെ വ്യക്തമല്ലെങ്കിലും ചെറിയ വീടുകൾ കാണാം, മറിച്ചും. എങ്കിലും ഒരു ഒറ്റനോട്ടത്തിന്റെ നിർവൃതിയിലൊതുങ്ങുന്ന വൈരുദ്ധ്യത്തിന്റെ സീമ, ഇതാണ് നമുക്കും അവർക്കുമിടയിലെ വേർതിരിവ്(വരമ്പ്) ഒരൊറ്റ വരയ്ക്ക് അപ്പുറവും ഇപ്പുറവും കറുപ്പും വെളുപ്പും പോലെ...

ഇവരിൽ ചില കുരുന്നു മനസ്സുകളിൽ കോളേജിലേക്കോടിയെത്താനുള്ള വ്യഗ്രതയും, സ്വപ്നങ്ങളും തഴച്ചുവളർന്നുകൊണ്ടേയിരിക്കുന്നു. ആഗ്രഹങ്ങൾ മൂടിവച്ചുകൊണ്ട് ദിനരാത്രങ്ങൾ കഴിച്ചുകൂട്ടുമ്പോഴും പഠനത്തിലും മറ്റു പഠനേതര വിഷയങ്ങളിലും ഇവർ ശ്രദ്ധ പുലർത്തുന്നു. ഭാവനയുടെ പുൽനാമ്പുകൾ കുരുന്നു മനസ്സുകളിൽ മൊട്ടിടുമ്പോൾ അത് പ്രകൃതിയോടുള്ള സ്നേഹമായി മാറും... അത്തരത്തിൽ ഞങ്ങൾക്കു ലഭിച്ച ഒരു അനുഭവമാണ് താഴെക്കൊടുത്തിരിക്കുന്ന കവിത.



നമുക്കു ചിന്തിക്കുവാനേറെയുണ്ട്.. ചിന്തകളുടെ അതിർവരുമ്പുകൾ കടന്ന് നാം ഇവർക്കിടയിലേക്കൊന്നു ആഴ്ന്നിറങ്ങിയെങ്കിൽ. കാഴ്ചകൾക്ക് മങ്ങലേല്ക്കും മുമ്പ് ഇത്തരത്തിലുള്ളവരെക്കൂടി നമ്മൾ അറിഞ്ഞിരിക്കേണ്ടതുണ്ട്.. ചിരപരിചിതമായ നമ്മുടെ കോളജിന്റെ ചുറ്റുവട്ടത്ത് ഇരുട്ടു തിന്നുന്ന ഒരുപറ്റം പേരുടെ ദു:ഖങ്ങൾ നാം തിരിച്ചറിഞ്ഞെങ്കിൽ... കണ്ണെത്തും ദൂരത്താണ്.

വൈരുദ്ധ്യങ്ങൾ അവ നമ്മെനോക്കി പുഞ്ചിരിക്കും, കരയും പിന്നെ...

വിനീഷ് പി.
രാഹുൽ പി.എസ്
രാഹുൽ കെ.എസ്.

ജിൻ സെബാസ്റ്റ്യൻ | 5 കംപ്യൂട്ടർ

The Great Indian Contradictions

"ഭാരതമെന്നുകേട്ടാലഭിമാന പൂരിതമാകണമന്തരംഗം

കേരളമെന്നു കേട്ടാലോ തിളയ്ക്കണം ചോര നമുക്കു ഞരമ്പുകളിൽ

ഈ വരികളിൽ ഉൾകൊണ്ടിരിക്കുന്ന ദേശസ്നേഹം ഉത്തമമാണ്. ജാതിമതഭേതമന്യേ ഏവർക്കും ഉൾക്കൊള്ളാവുന്നതാണീ വരികൾ. എന്നാൽ ഇക്കാലത്ത് ഈ വരികൾ കേട്ടാൽ ആരുടെയൊക്കെ ചോര തിളയ്ക്കും? ആരുടെയൊക്കെ അന്തരംഗം അഭിമാന പൂരിതമാകും?

ചോദിക്കാൻ കാരണമുണ്ട്, ആ കാരണം ഇന്ത്യയുടെ ഐക്യത്തെ ചോദ്യം ചെയ്യുന്ന ചിലരുടെയെങ്കിലും പ്രവർത്തിയാണെന്നറിയുമ്പോൾ ഭയമുണ്ട്. വൈരുദ്ധ്യതകൾ നിറഞ്ഞ ഇന്ത്യയെക്കുറിച്ചുള്ള വിചിന്തനം ഇവിടെ തുടങ്ങുന്നു.

രണ്ടു ദശാബ്ദങ്ങൾക്കു മുമ്പു തുടങ്ങിയതാണ് ഈ ഭയവും അതിനുള്ള കാരണവും. തൊണ്ണൂറുകളുടെ ആദ്യങ്ങളിലായിരുന്നു ഇതിന്റെ തുടക്കം. ബാബറിമസ്ജിദിന്റെ തകർച്ചയും, തുടർന്നുണ്ടായ ബോംബെ കലാപവും, ഇന്ത്യയുടെ ഭാവിയെക്കുറിച്ചുള്ള ഏകദേശം ധാരണ തന്നിരുന്നു. തികച്ചും സ്വാർത്ഥമായ താൽപര്യങ്ങളിൽ മേലായിരുന്നു ഈ കലാപം. ഇതിന്റെ തുടർച്ചയായി 2002ൽ ഗുജറാത്തിലുണ്ടായ വർഗ്ഗീയ കലാപം, ഗുജറാത്തിലെ ഹിന്ദുക്കളെയും മുസ്ലീങ്ങളെയും രണ്ടായി വിഭജിച്ചു. ഇതിനുപകരം ചോദിക്കാനായി ബോംബുകൾ പൊട്ടിച്ചുകൊണ്ടിരിക്കുകയാണ് തീവ്രവാദികൾ. ഈ തീവ്രവാദികളെല്ലാം ഇന്ത്യക്കാരാണ് എന്നത് ഐക്യതയെയും അഖണ്ഡതയെയും കുറിച്ച് അഭിമാനത്തോടെ പറയുന്ന നമുക്ക് തിരിച്ചടിയാണ്. ഇന്ത്യൻ വൈരുദ്ധ്യതയെ വിളിച്ചു പറയുന്നതാണ് ഇത്.

സമകാലീന ഇന്ത്യയുടെ അവസ്ഥ കൂടുതൽ വഷളായിക്കൊണ്ടിരിക്കുകയാണ്. നാനാത്വത്തിൽ ഏകത്വം എന്ന ഇന്ത്യയുടെ ആശയം കാറ്റിൽ പറത്തുകയാണ് സമീപകാലത്തെ സംഭവവികാസങ്ങൾ. ഒ.ബി.സി. റിസർവേഷൻ ഉണ്ടായിരുന്നിട്ടും എസ്സി/ എസ്റ്റി റിസർവേഷനുവേണ്ടി ഗവൺമെന്റിനെ വെല്ലുവിളിക്കുന്ന ഗുജ്ജർ കലാപം തന്നെ അതിൽ പ്രധാനപ്പെട്ടത്. ലോകത്താകമാനം ഭക്ഷ്യക്ഷാമം നേരിടുന്ന ഈ അവസരത്തിൽ ഭക്ഷണം റയിൽ പാളത്തിലേക്കെറിഞ്ഞ് ട്രെയിൻ തടഞ്ഞ പ്രക്ഷോഭകാരികളുടെ പ്രവൃത്തി സമകാലീന ഇന്ത്യയുടെ വൈരുദ്ധ്യമാണ്.

യു.പി. യിലെ ഗുജ്ജർ കലാപത്തിൽ നിന്നും കാശ്മീരിലേക്കുപോവുമ്പോൾ കേൾക്കാൻ കഴിയുന്നത് നിരുത്തരവാദികളായ ചിലരുടെ നിലവിളികളാണ്. ആ നിലവിളികളുടെ കാഠിന്യം ഇന്നു കൂടിയിട്ടില്ല. ഒരു കലാപമായി അമർനാഥ് പ്രശ്നം മാറിയാൽ ആ നിലവിളികളിൽ ഇന്ത്യയുടെ ഐക്യം ഒരിക്കലും പൂർവ്വസ്ഥിതിയിലെത്താത്തവിധം മുങ്ങി പോകും.

മുകളിൽ പറഞ്ഞവയെല്ലാം മതാധിഷ്ഠിതമാണെങ്കിൽ ചില കുതിരക്കച്ചവടങ്ങളുടെ പ്രസക്തിയും നമ്മുടെ ചർച്ചക്കു ഭാഗമാക്കേണ്ടതാണ്. സമീപകാലത്തെ പാർലമെന്റ് പ്രശ്നങ്ങളിൽ നാം ബോധവാൻമാരാണല്ലോ? ആണവക്കരാറും തുടർന്നുള്ള പ്രശ്നങ്ങളെയും തുടർന്ന് വിശ്വാസവോട്ടു തേടേണ്ടിവന്നു. കേന്ദ്ര ഗവൺമെന്റ്, മുഖം രക്ഷിക്കാനും, ഭൂരിപക്ഷം ഉറപ്പാക്കി സർക്കാരിനെ നിലനിർത്താനും വേണ്ടി പണം വാരിയെറിഞ്ഞു. തങ്ങൾക്കു കിട്ടിയ നോട്ടുകെട്ട് പാർലമെന്റിൽ ബി.ജെ.പി. എം.പിമാർ ഉയർത്തിക്കാട്ടിയപ്പോൾ സ്വാർത്ഥ താൽപര്യങ്ങൾക്കു വേണ്ടി രാജ്യാഭിമാനത്തെ അടിയറവു വയ്ക്കാനും തയ്യാറായ സർക്കാർ അധികാരത്തിൽ തിരിച്ചെത്തി. എങ്ങനെ വിശ്വസിക്കും ഇവരെ? വോട്ടുചെയ്യുന്നതോടെ തീരും ആ ജനങ്ങളുടെ ജനാധിപത്യ ഉത്തരവാധിത്വവും അതുകഴിഞ്ഞ് അധികാരികളിൽ അധികാരവുമില്ലാതെയാവുന്ന ജനങ്ങളും ഇന്ത്യൻ ജനാധിപത്യത്തിന്റെ ശാപമാണ്. ഇന്ത്യൻ വൈരുദ്ധ്യതയുടെ മറ്റൊരു മുഖം.

ഇതുവരെയും കേരളക്കരയിലേക്കു കടന്നിരുന്നില്ല ഈ മതഭ്രാന്തിന്റെ വയറസുകൾ, എന്നാൽ ഗുജറാത്തിൽ മോഡി ജയിച്ചാൽ 'ഹിന്ദുത്വത്തിന്റെ പോരാളി' എന്നു മുറവിളികൂട്ടാനും, ജിഹാദിന്റെ പേരിൽ തീവ്രവാദത്തിനു പരിശീലനം നൽകാനും, ഇന്ത്യുടെ ജനസംഖ്യ വർദ്ധനവിനെ വക വയ്ക്കാതെ സ്വന്തം സമുദായം വികസിക്കാൻ കുട്ടികളുടെ എണ്ണം കൂട്ടാൻ പറയുന്ന മതമേലദ്ധ്യക്ഷൻമാരും കേരളത്തിൽ വിലസുമ്പോൾ, ചോരതിളക്കേണ്ടത് സ്വന്തം മതത്തിനുവേണ്ടിയല്ല, സ്വന്തം രാജ്യത്തിനു വേണ്ടിത്തന്നെയാണെന്ന തിരിച്ചറിവ് പുതുതലമുറയ്ക്കുണ്ടാവണം.

ഇന്ത്യൻ വൈരുദ്ധ്യതയുടെ വിവിധമുഖങ്ങളാണ് നാം കണ്ടത് വൈരുദ്ധ്യത്തിന്റെ വൈകൃതമില്ലാത്ത ഇന്ത്യക്കായി നമുക്കുപ്രവർത്തിക്കാം നാളെയുടെ ഇന്ത്യ മുറുക്കിപ്പിടിക്കുന്ന വാക്യം ഐക്യം എന്ന ഒന്ന് മാത്രമാകട്ടെ എന്ന് നമുക്കാശിക്കാം.

തലച്ചോറ്



Thoughts

ഞാൻ ചിന്തിക്കുന്നു. അതുകൊണ്ട് ഞാനുണ്ട്
–റെനെ ദെക്കാർത്തെ

ഞാൻ ഉപയോഗിച്ചു തീർക്കുന്നു. അതു
കൊണ്ട് ഞാനുണ്ട്
– വൈരുദ്ധ്യം

Best Compliments from

T.I.M.E.

Join our Classes for

CAT, MAT

(MBA ENTRANCE)

MCA 2009

Entrance Classes for

NIMCET, JNU, AMRITA, TANCET, MG, KERALA UNIVERSITIES

CAMPUS RECRUITMENT TRAINING PROGRAM.

Our latest result:-

844 Students in to **IIMS ALONE**

Enroll immediately !!!!

T.I.M.E.

Triumphant Institute of
Management Education Pvt. Ltd.

Baker Junction, **Kottayam-1**,

Above Syndicate Bank, Kanjikuzhi, KOTTAYAM-4, Tel: 2577689, 3200362

NATIONALLY REPUTED INSTITUTE WITH 153 CENTRES IN 81 CITIES

As per the critics view, the nuclear policy is affecting the India's Independent foreign policy. India's stand against Iran in IAEA two times is really a good example of India's favourism. USA granted Nuclear deal as their primary aim to prevent the trilateral co-operation between Iran,Pakistan & India in gas pipeline A1 initiative. We will be able to see the poor stand taken by India in approving CSI (Container security initiative) The US launched CSI in January 2002.

Nuclear panDemonium

ആണവകരാർ നാനാർത്ഥങ്ങൾ

1997, John Botton, who would later be Bush's Ambassador to UN wrote in the Wall Street Journal, in which he claimed

"Treaties are law only in the domestic purpose... In their international operation, they are only political obligation".

These words are a testimony to the US actions.Even though they signed in the different agreements (eg:- Kyoto agreement) they continue to violate the specific terms mentioned in it. They even denounced UN. This action finally ended up with Iraq war. This greivious history belongs to US.

At this juncture, the question of the acceptance of 123 agreement reaches its highest stature.

How did the idea of Indo US nuclear deal get into political deliberations?

Before entering this, the history of nuclear proliferations can be discussed as a prelude.

Leonard Weiss, as staff director in the US senate subcommittee on Energy and Nuclear proliferation

Prajin P | 5 Electronics

was the chief architect of Nuclear Non proliferation treaty (1978) .India is not a member of NPT get.

NPT contains a section 123 and this is the basis for 123 agreement. But this law prevents US from entering into nuclear relationships with those countries who hadn't signed NPT. But Bush's administration circumvents these statuatory obligations by treating India as a non nuclear weapon state.

The declarations concerning the Indo-US nuclear deal entered into its full spirit only when US and India signed in 10 year defence framework agreement.

This is only a continuation of the activities pursued by NDA who made an agreement called NSSP in Jan 2004. (Next step for strategic partnership)

The military alliance of India with US and nuclear deal were the repercussion of DFA.

On the behalf of this treaty, India was forced to despatch its 15 ships including the multi functions aircraft carrier INS Viraat for US assistance in the gulf region.

They started combined military exercises near Vishakapattanam & Kolkatta.

Are these activities signalling the tendency of India to submerge its sovereignty along with these practises in the deep sea?

Against 123

In LDF's view:- In the recent statement of Prakash Karat, "Is Manmohan Singh really concerned about his row to Bush rather than taking actions to curb the increasing inflation rates & food prices?"

The only answer is "Sir don't think about the matters that the common people are suffering. Don't u know, we are living in India where our honorable (Agriculture minister) ,BCCI president Sharad Pawar is so rigourous to honor sachin when thousands of farmers are committing suicides in Vidharbha Maharashtra due to the wrong policies pushed by in the agricultural Sector.When agricultural minister is like this then what about PM??......

Badly affecting Indian foreign policy and sovereignty

As per the critics view, the nuclear policy is affecting the India's Independent foreign policy. India's stand against Iran in IAEA two times is really a good example of India's favourism. USA granted Nuclear deal as their primary aim to prevent the trilateral co-operation between Iran,Pakistan & India in gas pipeline A1 initiative. We will be able to see the poor stand taken by India in approving CSI (Container security initiative) The US launched CSI in January 2002.It envisages the screening containers at foreign ports by US custom officials along with their counterparts in the host nations. India is on the verge of signing this treaty.

Is this not a action resulting to the infringement of our sovereignty & threats to national security?

HYDE ACT

India US peaceful atomic Energy co-operation act (The Hyde Act named after Illinois congress man & chairman of the committee on international relations Henry.J. Hyde) was designed to create an expectation of congressional approval and to assert presidential privilege.The Hyde Act is stacked with rules on proliferation far in excess of what was required to circumvent the extent US law. So it poses a real threat to the sovereignty as we can't predict how it could affect our strategy and economy.

By operationalising this deal, we gain merely a 4 percent increase in energy generation Nuclear power contributes only 3% of the total energy and by 2020, if all projections regarding nuclear powers go well, it could go only upto 7% of our total energy generation. Why go in for a long range strategic alliance with the US for this petty energy gain when it can be substituted by other sources of power generation.Why should we make our strategic autonomy a heritage to US ?

Favouring 123

People favouring 123 are of the view that this treaty will be a strong basis of our alliance with USA.This will help us to enhance our energy resources where the hike on oil prices is still continuing.

Think !!! whether we have to become a slave country who once strictly followed the policies enshrined in NAM ???

1947 - ൽ വിദേശ ശക്തികളിൽ നിന്നു മുക്തയാകുമ്പോൾ ഭാരതം, അവസാനതുള്ളി സത്തും പിഴിഞ്ഞെടുത്ത് വലിച്ചെറിയപ്പെട്ട കരിമ്പിൽ ചണ്ടിപോലെയായിരുന്നു. ജനകോടികളുടെ ദൈനംദിന ആവശ്യങ്ങൾ മുതൽ രാജ്യത്തിന്റെ പ്രതിരോധം ശക്തിവരെ ഒന്നേ എന്നു തുടങ്ങേണ്ടുന്ന അവസ്ഥ! സ്വതന്ത്ര ഭാരതത്തിലെ തലമുതിർന്ന നേതാക്കൾ ആദ്യം ചെയ്തത് സാമ്പത്തിക - സാമൂഹിക വികസരത്തിനുവേണ്ടിയുള്ള പരിപാടികളുടെ ആസുത്രണമായിരുന്നു.

എല്ലാ വികസനപദ്ധതികളുടെയും ആവിർഭാവം

നിരീക്ഷണബുദ്ധിയും പ്രായോഗിക ക്ഷമതയുള്ള മസ്തിഷ്കങ്ങളിൽ നിന്നാകയാൽ അത്യന്നത നിലവാരമുള്ള അടിസ്ഥാന ശാസ്ത്ര ഗവേഷണ, സാങ്കേതിക പരിശീലന സ്ഥാപനങ്ങൾ രാജ്യമൊട്ടുക്കെ സ്ഥാപിക്കപ്പെട്ടു. തൽഫലമായി ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസേർച്ച്, കൗൺസിൽ ഓഫ് ഇൻഡസ്ട്രിയൽ ആന്റ് സയന്റിഫിക് റിസർവ്വ് തുടങ്ങിയ സ്ഥാപനങ്ങൾ ഉടലെടുക്കുകയും, ഇവയിൽ ചിലതെങ്കിലും ലോകോത്തര മികവു പുലർത്തുന്നവയായി പരിണമിക്കുകയും ചെയ്തു.

ഇന്ന് ശാസ്ത്ര സാങ്കേതിക രംഗത്ത് അമേരിക്കയും റഷ്യയും കഴിഞ്ഞാൽ ഏറ്റവും സമൃദ്ധമായ മാനവവിഭവശേഷി ഉള്ളത് ഇന്ത്യക്കാണ് എന്നത് ഓരോ ഇന്ത്യൻ പൗരനും അഭിമാനാർഹമായ വസ്തുതയാണ്.

ഇങ്ങനെ അല്ലലും തല്ലലുമില്ലാതെ ഭാരതത്തിന്റെ യുവതലമുറകൾ ബുദ്ധിരാക്ഷസൻമാരായി വളർന്നുകൊണ്ടിരിക്കെയാണ്. Braindrain അഥവാ മസ്തിഷ്ക ചോർച്ച എന്ന ഭീകരൻ തലപൊക്കിയത്. രാജ്യത്തിന്റെ പ്രതിവർഷവരുമാനത്തിന്റെ സിംഹഭാഗവും ചിലവഴിച്ച് വിദ്യാഭ്യാസമേഖലയെ പോഷിപ്പിച്ച് കഴിവും സാമർത്ഥ്യവുമുള്ള യുവതലമുറയെ ഇന്ത്യ ഉൽപാദിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ അതിലും സമർത്ഥമായി പ്രസ്തുത അമൂല്യ രത്നങ്ങളെ അമേരിക്ക, കാനഡ,

മെറിൻ റ്റി. സജി | 3 സിവിൽ

മസ്തിഷ്ക ചേ(ാ)ർച്ച

ഇന്ന് 300 - ഓളം ഗവേഷണ കേന്ദ്രങ്ങൾ ഇന്ത്യയിൽ പ്രവർത്തിക്കുന്നു. ഇതിൽ നൂതന ശാസ്ത്ര വിഷയങ്ങളായ മൈക്രോബയോളജി, നാനോടെക്നോളജി, കെമിക്കൽ ബയോളജി തുടങ്ങിയവയുടെ ഗവേഷണ കേന്ദ്രങ്ങളും ഉൾപ്പെടുന്നു. അണുബോംബിന്റെ ഉൽപാദനം, അതിവേഗ മിസൈലുകൾ, 'അർജ്ജുൻ' ടാങ്കറുകൾ എന്നിവ കൈവശമുണ്ടെങ്കിലും ഇന്ത്യയുടെ സുരക്ഷയ്ക്കാവശ്യമായ ആയുധങ്ങൾക്കുവേണ്ടി നമുക്കിപ്പോഴും ഒരളവുവരെ വിദേശരാജ്യങ്ങളെ ആശ്രയിക്കേണ്ടിവരുന്നു.

ഇംഗ്ലണ്ട്, ആസ്ത്രേലിയ തുടങ്ങിയ വൻകിട രാജ്യങ്ങൾ കവർന്നെടുത്തു. ഇതിൽ ഡോക്ടർമാരും അദ്ധ്യാപകരും നഴ്സുമാരും മാത്രമല്ല വിവിധ വിജ്ഞാനശാ ഉന്നത വിദ്യാഭ്യാസം നേടിയ ശാസ്ത്രജ്ഞാൻമാരും ഉൾപ്പെട്ടു. ഇതിനുപുറമെ 20-ാം നൂറ്റാണ്ടിലെ IT വിപ്ലവത്തിൽ പൂവണിഞ്ഞ അനേകായിരും എൻജിനീയർമാരെയും മറ്റ് ഐ.റ്റി. പ്രൊഫഷനൽസിനെയും പെരുത്ത പണത്തിന്റെ മടിശീലകാട്ടി മൈക്രോ സോഫ്ട് പോലുള്ള മൾട്ടിനാഷണനൽ കമ്പനികൾ വിലക്കുവാങ്ങി.

ഒരു ഇന്ത്യൻ വിദ്യാർത്ഥിയെ എം.ബി.ബി.എസ്. വരെ പഠിപ്പിക്കുമ്പോൾ ഭാരതസർക്കാരിനു വരുന്ന ചിലവ് ശരാശരി 10 ലക്ഷം രൂപയാണ് എന്നാൽ ഇതിൽ 1 ലക്ഷം രൂപയ്ക്കുള്ള സേവനം പോലും 50 ശതമാനത്തിലധികം വിദ്യാർത്ഥികൾ രാജ്യത്തിനു നൽകുന്നില്ല. എന്നതാണ് വാസ്തവം നമ്മുടെ രാജ്യത്തിന്റെ പണവും സൗകര്യങ്ങളും ഉപയോഗിച്ച് പഠിച്ചിട്ട് അമേരിക്കയിൽ സേവനം നടത്തുന്നത് ദേശീയ താല്പര്യങ്ങളുമായി ഒരിക്കലും പൊരുത്തപ്പെടുകയില്ല എന്നത് ഇനിവരുന്ന തലമുറകളെങ്കിലും ഓർക്കുന്നത് നന്നായിരിക്കും.

ജനസംഖ്യയിൽ ലോകരാഷ്ട്രങ്ങളിൽ 2-ാം സ്ഥാനത്തു നിൽക്കുന്ന ഇന്ത്യയ്ക്ക് ജനങ്ങളുടെ ആവശ്യങ്ങളെ തൃപ്തികരമായി നേരിടാൻ ഇപ്പോൾ ലഭ്യമായതിന്റെ 2 മടങ്ങെങ്കിലും സേവനങ്ങൾ ആവശ്യമുണ്ട്. 1000 രോഗികൾക്ക് 1 ഡോക്ടർ എന്ന ലോകാരോഗ്യ സംഘടന (WHO) യുടെ കണക്ക് ഇന്ത്യയെ സംന്ധിച്ചിടത്തോളം വിദൂരഭാവിയിൽ പോലും നടക്കാത്തത്ര പൊള്ളയായ സ്വപ്നം മാത്രമാണ്. ആവശ്യമായ ഉപാദകൾ കൊടുക്കുകയും പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഏറ്റവും അനുയോജ്യമാക്കുകയും ചെയ്താൽ ഇന്ത്യൻ വിദ്യാർത്ഥികൾ ലോകത്തിലെ തന്നെ ഒന്നാംകിടക്കാരാകും. ഹോമിബാബ, വിക്രം സാരാഭായി, പ്രൊ. അമർത്യസെൻ, ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവ് ഡോ. എം.എസ്. സ്വാമിനാഥൻ, 6 തവണ നോബൽ സമ്മാനത്തിന് നിർദ്ദേശിക്കപ്പെട്ട മലയാളിയായ പ്രൊഫ. ഇ.വി.എസ്. സുദർശൻ എന്നിങ്ങനെ എത്രപേരുണ്ട് ഇന്ത്യയുടെ ഹിറ്റ് ലിസ്റ്റിൽ!

ഇന്ന് 300 - ഓളം ഗവേഷണ കേന്ദ്രങ്ങൾ ഇന്ത്യയിൽ പ്രവർത്തിക്കുന്നു. ഇതിൽ നൂതന ശാസ്ത്ര വിഷയങ്ങളായ മൈക്രോബയോളജി, നാനോടെക്നോളജി, കെമിക്കൽ ബയോളജി തുടങ്ങിയവയുടെ ഗവേഷണ കേന്ദ്രങ്ങളും ഉൾപ്പെടുന്നു. അണുബോംബിന്റെ ഉൽപാദനം, അതിവേഗ മിസൈലുകൾ, 'അർജ്ജുൻ' ടാങ്കറുകൾ എന്നിവ കൈവശമുണ്ടെങ്കിലും ഇന്ത്യയുടെ സുരക്ഷയ്ക്കാവശ്യമായ ആയുധങ്ങൾക്കുവേണ്ടി നമുക്കിപ്പോഴും ഒരളവുവരെ വിദേശരാജ്യങ്ങളെ ആശ്രയിക്കേണ്ടിവരുന്നു.

ലോഹസമ്പത്തിന്റെയും ജൈവസമ്പത്തിന്റെയും കുത്തകകളായ ഇന്ത്യയെപോലുള്ള വികസ്വരരാജ്യങ്ങൾ ആഗോളവത്കരണത്തിന്റെ ആവിർഭാവത്തോടെ ഒരു തുറന്ന മാർക്കറ്റായി മാറി. വികസിതരാജ്യങ്ങൾ ഇന്നും നമ്മെ ആവോളം ചൂഷണം ചെയ്യുന്നുണ്ടെന്നതാണ് സത്യം.

ഇന്ത്യയുടെ വികസനപദ്ധതികളിൽ എല്ലാവിധ സഹായങ്ങളും എക്കാലത്തും വാഗ്ദാനം ചെയ്തുകൊണ്ടിരുന്ന അമേരിക്കയും മറ്റു കുത്തകളും പൊഖ്റാനിലെ അണുബോംബ് പരീക്ഷണത്തോടെ ഇന്ത്യയെ ശക്തമായി എതിർത്തു. ലോകത്തിലെ വിരലിലെണ്ണാവുന്ന അണുശക്തികളിലൊന്നായി ഇന്ത്യമാറിയപ്പോൾ ലോകരാഷ്ട്രങ്ങൾക്ക് അതൊരു ഭീഷണിയായി തോന്നി. ഇന്ത്യൻ ശാസ്ത്രജ്ഞൻമാർക്ക് അന്താരാഷ്ട്ര സമ്മേളനങ്ങളിൽ നിന്നുപോലും ഭ്രഷ്ട് കല്പിക്കപ്പെട്ടു. സാങ്കേതികരംഗത്ത് നമുക്കു ലഭിച്ചുപോന്ന വിദേശ പിൻതുണകൾ പിൻവലിക്കപ്പെട്ടു.

ഇന്നും പരോക്ഷമായെങ്കിലും ഇന്ത്യയ്ക്ക് വികസനപാതകളിലെല്ലാം ഭീക്ഷണികളും വിലക്കുകളും നേരിടേണ്ടിവരുന്നുണ്ട്. ഇവയെ ഒക്കെ തൃണവൽക്കരിച്ച് ലോകത്തിന്റെ നെറുകയിലെത്തിയ ഊർജ്ജസ്വലതയും രാഷ്ട്രസ്നേഹമുള്ള സമർത്ഥരായ വിദ്യാർത്ഥികളെയാണ് ഇന്ത്യയ്ക്ക് ആവശ്യം നമ്മുടെ രാജ്യത്തിന്റെ വരുംകാല സ്വപ്നങ്ങൾ പൂവണിയാൻ നമുക്ക് നിരന്തരം അക്ഷീണം പ്രയത്നിക്കാം



Can NUCLEAR Catastrophe be averted?

Shanil P. | 5 Mechanical

Unlike most of problems facing makind; nuclear aims appear to be a quagmire a conundrum, a 'cul de sac' a problem without a solution. Reviewing chrono logically what the united states has done, one can find some relief in the Nuclear Test Ban Treaty of 1993, delayed for signatures by all the members of the united nations, in 1996. Even if that agreement had banned all testing, there would still be the potential horror of five nations with the veto for having the bomb themselves The nuclear non proliferation treaty on 1968 was again a step toward restricting the availability and use of nuclear weapons, but in the nature of things, it could not control or decelerate the arms race between the united states and Soviet Union.

The SALT agreement initiated a rational process of controlling nuclear strategic weapons by counting them and limiting the increase in no.of them. But as was seen, the SALT process did not touch tactical or danger weapons, nor did it restrict cruise missiles or other new deadly weapons of mass destruction. Those who sought to control the arms race by calling for a no- first use policy in Europe, failed to elicite support since their proposal was seen by many, as undermining the deterrance that had been the inchpin of America's nuclear strategy for many decades.

Is there, Then any solution,? Must we live for ever with the situation described by General Douglous Macarther in these words; "war has become a frankenstein, to destory both sides ---, no longer does it possess the chance of the winner of the dued... it contains rather the germs of double suicide in it" Is there a frame work, from which one can process some kind of solution? Will the one hundredth aniversary in Hiroshima in 2045 see the united states still tormented by possessing weapons, that it doesnot want to use, but that, nonethless, it will never relinquish?

Can we hope that the US and world might set aside nuclear weapons, as it abandoned chemical and and biological war fare after world war!? In the 1st world

But as was seen, the SALT process did not touch tactical or danger weapons, nor did it restrict cruise missiles or other new deadhy weapons of mass destruction. Those who sought to control the arms rance by calling for a no- first use policily in Europe, failed to elicib support since their proposal was seen by many, as undermining the deterrance that had been the inchpin of America's nuclear strotgy for may decades.

war, germ and nerve warfare took the place, Widespread revulsion at this practice led to international agreements in the 1920s, to ban biological and chemical weapons in war. These weapons were really not used in WW II. Those who refuse to succumb to the fatalist idea that nuclear weapons will be for ever the curse of man kind. Have hope that mankind can prevent it's own incineration by nuclear weapons just as it has prevented its as phyxiation by biological, and chemical poisons. A long examination of nuclear arms race ends with a sense of total incapacity to make any decision, as to what to do about it. One is frightened to realise that hundreds of nuclear strategists behind closed doors are planning new and appaling methods of destruction.

In 1980, Lord solly Zuckerman, writing in American Philosophical soceity, described the situation graphically. The scientists and technologists have "succeeded over the years in equating, if not confusing, nuclear destructive power with military strength, the men in the nuclear weapons laboratory of both sides have succeded in creating a world, with irrational foundation, on which a newset of political realities in turn had to be built. They have become the alchemists of our times, working in secret ways which cannot be divulged, causeing spells which embrace us all.

This statement was made by fred Ikle, a nuclear arms expert, in a foreign affairs magazine.

Some persons, horrified both at the prospect of the arms race and at the folly of doing nothing, will agree with Dr. Jerome Weisner's recommendation for an "open-ended unilateral moratorium". He asserted in an article in the Bulletin of the Atomic scientists in sept. 1982 issue that "A moratorium is a fresh approach" and that it is not nuclear disarmament", but a "unilateral path to a freeze". He urged the than president Reagon to declare a ten precentage reduction in nuclear weapons and then wait for a response from other sides. Dr. Weisner, one of the top leaders in the areas of arms control, for over quater of a century, had credibility when he urged that a "unilateral moratorium is a safe way out of this dilemma", and that it was the quickest, possibly the only way to start ... the road to disarmament. Reagen however was silent on the issue as the then Soviet Union was not responsive.

With pain and humiliation; one has to confess that, the answer to that question may be that no one really knows. Hence, let us sit calm and wait for the answer, which one or the other statesman will certainly come forward with.

▲

വെള്ളം, വായു, വസ്തുതകൾ

ഇവിടെ ഭാരതപ്പുഴയെന്ന് നിളയെ പറ്റിപ്പറഞ്ഞത് മറ്റെല്ലാ പുഴകളുടേയും പ്രതിനിധിയായാണ്. പുഴകൾ വരളുമ്പോൾ അനുപാതികമായി ശുദ്ധജല ദൗർലഭ്യം വളരും. അത്യന്തികമായി ഇത് വലിയ വിപത്തിലേക്കും വഴിതെളിയിക്കും.

രാഹുൽ കെ.എസ്. | 5 ഇലക്ട്രോണിക്സ്

ശ്രീനാരായണ ഗുരു പറഞ്ഞ ഒരു കഥയുണ്ട്, തന്റെ അമ്മയുടെ ഹൃദയവുമായി പോവുമ്പോൾ, മകൻ ഒന്നു വീഴാൻ ആഞ്ഞു. ആ നിമിഷം അമ്മയുടെ ഹൃദയം മകന്റെ കയ്യിലിരുന്ന് പിടഞ്ഞു. അധമനായ മകൻ തന്റെ ഹൃദയം കൊണ്ടു പോവുമ്പോഴും, അമ്മയുടെ ഹൃദയം നിലയ്ക്കുന്നില്ല.

ഒന്നോർത്തുനോക്കൂ, മുകളിൽ പറഞ്ഞ കഥയ്ക്ക് സാദൃശ്യമുള്ള എന്തെങ്കിലും ഇപ്പോൾ നടക്കുന്നുണ്ടോ? അന്വേഷിച്ച് പത്രത്താളുകളിലേക്ക് പോകേണ്ട കാര്യമില്ല... ഇന്ന്, ഈ നിമിഷത്തിൽ പുറത്തേക്കു പോവുക, അടുത്തുള്ള പുഴയ്ക്കരുകിൽ പോയിരിക്കുക നമുക്കറിയാം, നമ്മുടെ പ്രകൃതിയുടെ തുടിക്കുന്ന ഹൃദയങ്ങളായ പുഴകളുടേയും അരു

വികളുടേയും ദയനീയ സ്ഥിതി. അതേതൊരു മനുഷ്യനേയും ചിന്തിപ്പിക്കാതിരിക്കില്ല. പക്ഷെ നാമൊന്നും ഒരിക്കലും തയ്യാറല്ല, നമ്മുടെ പുഴകളെയും അരുവികളെയും ആ പഴയ പ്രതാപത്തിലെത്തിക്കാൻ, അവയുടെ സമൃദ്ധിയാസ്വദിക്കാൻ നാമെപ്പോഴും തിരിക്കിലാണ്.

എന്തിനധികം പറയുന്നു? നാം RIT യിലല്ലെ പഠിക്കുന്നത്, എന്താണ് ഇവിടുത്തെ സ്ഥിതി? വേനൽക്കാല മാസങ്ങളിൽ വെള്ളത്തിനായ് നാം നെട്ടോട്ടമോടാറില്ലെ? ശുദ്ധമല്ലാത്ത ജലം കുടിച്ച് മഞ്ഞപ്പിത്തവും അനുബന്ധ രോഗങ്ങളും വന്ന് ബുദ്ധിമുട്ടാറില്ലെ? ജലക്ഷാമം രൂക്ഷമാവുമ്പോൾ കോളേജ് അടച്ചിടാറില്ലെ?..... അങ്ങനെ അങ്ങനെ നമ്മളനുഭവിക്കാത്ത ബുദ്ധിമുട്ടുകളില്ല, ജലമില്ലാത്തതുകൊണ്ട്. അതുകൊണ്ടു തന്നെ ഈ ലേഖനത്തിന് പ്രസക്തിയേറുകയാണ്.

നിളയുടെ കഥാകാരനായ എം.ടിയെ കുറിച്ച് അറിയാത്തവരില്ലല്ലൊ? നിളയും അദ്ദേഹവും പ്രശസ്തമായത് നാലുകെട്ട് എന്ന പ്രശസ്ത നോവലിൽ നിന്നാണ്. ഇന്ന് ജ്ഞാനപീഠം വരെ എത്തിനിൽക്കുന്ന അദ്ദേഹം, തന്റെ തൂലികയിൽ പല പ്രാവശ്യം നിളയെ ചേർത്തിട്ടുണ്ട്. പക്ഷെ ഇപ്പറഞ്ഞ കഥയും നോവലുകളും എഴുതപ്പെട്ടത് കുറച്ചു വർഷങ്ങൾക്കു മുൻപാണ്. ഇപ്പോഴാണെങ്കിൽ നിളയിലേക്കൊന്നും നോക്കുക പോലുമില്ല. കാരണം വേനൽക്കാലത്ത് മൊട്ടപ്പറമ്പാണ് കേരളത്തിലെ ഏറ്റവും വിസ്താരമുള്ള പുഴയായ നിള. എന്നാൽ മഴക്കാലത്താണെങ്കിൽ നിറഞ്ഞു കവിയും. അങ്ങനെ അസന്തുലിതാവസ്ത നിലനിൽക്കുന്ന നിളയുടെ ഭാവിയിലേക്ക് നോക്കുമ്പോൾ കുറേ മണൽക്കുഴികളും പാഴ്ചെടികളും കാണാം.

ഇവിടെ ഭാരതപ്പുഴയെന്ന നിളയെ പറ്റിപ്പറഞ്ഞത് മറ്റെല്ലാ പുഴകളുടേയും പ്രധിനിധിയായാണ്. പുഴകൾ വരളുമ്പോൾ ആനുപാതികമായി ശുദ്ധജല ദൗർലഭ്യം വളരും. അത്യന്തികമായി ഇത് വലിയ വിപത്തിലേക്കും വഴിതെളിയിക്കും.

എറ്റവും പുതിയ കണക്കനുസരിച്ച് 6.1 ബില്യൺ വരുന്ന ലോക ജനതയിൽ 1 മില്യണേക്കാൾ കൂടുതൽ ശുദ്ധജല ദൗർലഭ്യം അനുഭവിക്കുന്നവരാണ്. ലോകാരോഗ്യസംഘടനയുടെ കണക്കനുസരിച്ച് 1 മില്യണിൽ പകുതിയോളം പേർക്കെങ്കിലും Schistosomiasis, trachoma, Jontis, Infection with ascaris എന്നിവയിലേതെങ്കിലുമൊന്ന് ഉണ്ടാകും. റ്റി.എൻ. നരസിംഹൻ (പ്രൊഫസർ, യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയ) പറയുന്നത് കണക്കിലേറെ ജലം ഇന്ത്യ ഉപയോഗിക്കുന്നു എന്നാണ്. ജലദൗർലഭ്യത്തിന്റെ ഒരു കാരണം തന്നെയല്ലെ ഇത്? ജലദൗർലഭ്യം അനുഭവിക്കുന്ന ഇന്ത്യയിൽ നരസിംഹന്റെ പഠനം പ്രാധാന്യമർഹിക്കുന്നു. പ്രസ്തുത പഠനത്തിലെ മുഖ്യ ഉള്ളടക്കം ഇന്ത്യൻ ഗവൺമെന്റിന്റെ വാട്ടർ പ്രൊജക്ടുകളെപ്പറ്റിയാണെങ്കിലും ബാഹ്യമായി എല്ലാവർക്കുമുള്ള മുന്നറിയിപ്പാണ് പഠനം.

പക്ഷെ ഇന്ത്യയെപ്പോലുള്ള വികസ്വര രാജ്യങ്ങൾ മാത്രമല്ല സമ്പന്ന രാജ്യങ്ങളും ജലദൗർലഭ്യമനുഭവിക്കുന്നുവെന്ന്. (World Water Federation (WWR) പറയുന്നു.

കാലാവസ്ഥാ വ്യതിയാനങ്ങളും, വിഭവങ്ങളുടെ ശുഷ്കമായ പരിചരണവും ഈ രാജ്യങ്ങളെ പ്രശ്നത്തിലാഴ്ത്തുന്നുവെന്ന് WWF പറയുന്നു. വികസിത രാജ്യമെന്നാൽ പണസമ്പത്തുകൊണ്ടു മാത്രമാണ്. മറിച്ച് ജലസമ്പത്തുകൊണ്ടല്ല എന്നും WWF, ജനീവയിൽ വച്ചു നടന്ന World water week-ൽ പറഞ്ഞു. എല്ലാ വികസിത രാജ്യങ്ങളെപ്പോലെ, അവയെല്ലാം ജലം ദുരുപയോഗം ചെയ്യുന്നുണ്ട്, 300 ഒളിംപിക് സിമ്മിംഗ് പൂളിന്റെ അത്രയും ജലം ലണ്ടൻ നഗരം ഒരു ദിവസം പാഴാക്കാറുണ്ടത്രെ.

RIT ക്കാരായ നമുക്കിതുവരെയും മഞ്ഞപ്പിത്തം മാത്രമേ വന്നിട്ടുള്ളു, എന്നാൽ കാലക്രമേണ്, ലോകാരോഗ്യ സംഘടന പറഞ്ഞ രോഗങ്ങൾ നമുക്കു വന്നുകൂടായ്കയില്ല.

മുകളിൽ പറഞ്ഞ കാര്യങ്ങൾ ചിന്തിക്കേണ്ടതാണ് അതിക്രമിച്ചിരിക്കുന്നു. വിശകലനം ചെയ്താൽ, മനുഷ്യചെയ്തികളാണ് ഇതിന് കാരണങ്ങൾ എന്നു മനസ്സിലാക്കാം.

വ്യവസായ വൽക്കരണവും വികസനവും മനുഷ്യനാവശ്യം വേണ്ടതുതന്നെ പക്ഷെ അവയുടെ അധിപ്രസരം ഇന്നു ഭൂമിയെ കാർന്നു തിന്നുകയാണ്.

ജലദൗർലഭ്യം മനുഷ്യ ചെയ്തികൾ മൂലം മാത്രമാണെന്ന് പറഞ്ഞുവല്ലോ. എന്നാൽ ജലം മാത്രമല്ല പ്രകൃതിയുടെ ഹൃദയം ഉൾക്കൊള്ളുന്നത്, മറിച്ച് ഭൂമിഉൾപ്പെടുന്ന ഈ അന്തരീക്ഷം കൂടിയാണ്. അതു മലിനപ്പെട്ടാൽ എല്ലാ തരത്തിലും അത് ജീവജാലങ്ങളെ ബാധിക്കും. പ്രസ്തുത വിവരണമെത്തിച്ചേരുന്നത് ആഗോള താപനം എന്ന ഭവിഷ്യത്തിലേക്കാണ്.

14-ാം നൂറ്റാണ്ടിലുണ്ടായ വ്യവസായ വളർച്ചയും അനുബന്ധസംരംഭങ്ങളും ലോക ജീവിതത്തെ മാറ്റി മറിച്ചു. ആ വ്യവസായ വളർച്ച ഇന്ന് കാർബൺ മോണോക്സൈഡും, മീഥെയ്നും, സി.എഫ്.സിയും പോലുള്ള മാരകവിഷങ്ങൾ പുറന്തള്ളാനുള്ള മാധ്യമമായി ഭൂമിയെ ഉപയോഗിക്കുന്നു. എന്താണ് ഇതിന്റെ പരിണിതഫലം?

Green House Effect-ഉം ആഗോള താപനവും

Inter Governmental Panel or Climate change (IPCC) പറയുന്നത്

കഴിഞ്ഞ നൂറു വർഷത്തിനിടെ ഭൗമോപരിതലത്തിലെ താപനില (0.74+- 0.18⁰C) ആയി ഉയർന്നിട്ടുണ്ട്. IPCCയുടെ അഭിപ്രായമനുസരിച്ച് മനുഷ്യനിർമ്മിതമാണ് ഈ താപമാറ്റം. ഉത്തരധ്രുവത്തിലെ മഞ്ഞുരുകാൻ വരെ കാരണമാകുന്ന ഈ പ്രതിഭാസം മനുഷ്യന്റെ നിലനില്പിനെ ത്തന്നെ ചോദ്യം ചെയ്യും.

IPCC യുടെ 2007ലെ റിപ്പോർട്ടനുസരിച്ച്, ഭൗമോപരിതലം ഇനിയും 1.1^{0}C മുതൽ 6.4^{0} C വരെ ചൂടുപിടിക്കും.

30-ാം ഓം അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആഗോളതാപനത്തിനെ പഠനവിഷയമാക്കുമ്പോൾ, പ്രസ്തുത വിഷയത്തിൽ നാം എത്ര ബോധവാൻമാരെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

78% നൈട്രജനും 21% ഓക്സിജനും ഭൂമിയിൽ ജീവൻ നിലനിർത്താനാവശ്യമായ ഘടനാപരമായ അനുപാതമാണ്. എന്നാൽ ഈ അനുപാതത്തെ വ്യതിചലിപ്പിച്ചുകൊണ്ട്, കാർബൺ മോണോക്സൈഡിന്റെ അളവ് വർദ്ധിച്ചിരിക്കുന്നു. 1750നും 200നും ഇടയ്ക്ക് Co2, Methene, nitrous oxide, എന്നിവ 31%, 151%, 17% യഥാക്രമം വർദ്ധിച്ചിരിക്കുന്നു.

ഭൂമിയിലെത്തുന്ന സൂര്യതാപത്തിൽ കുറച്ചുഭാഗം ഭൗമോപരിതലം ആഗിരണം ചെയ്യുന്നു. കുറച്ചുഭാഗം അന്തരീക്ഷത്തിലേക്കുതന്നെ പുറംതള്ളുന്നു. ഗ്രീൻ ഹൗസ് വാതകങ്ങളായ കാർബൺ മോമോക്സൈഡ്, മീതൈൻ, നൈട്രസ് ഓക്സൈഡ്, വേപ്പർ എന്നിവ ഭൂമിയിൽ നിന്നു അന്തരീക്ഷത്തിലേക്കു തള്ളപ്പെടുന്ന താപത്തെ അന്തരീക്ഷത്തിലെത്താത്തവിധം തടയുന്നു. ഇത് ഭൗമോപരിതലത്തിലെ താപവർദ്ധനവിന് കാരണമാവുന്നു. ഇതിനെയാണ് ഗ്രീൻഹൗസ് ഇഫക്ട് എന്നു പറയുന്നത്.

ആഗോളതാപനത്തിന്റെ മറ്റൊരു പ്രധാനകാരണം തന്നെയാണ് ഗ്രീൻഹൗസ് പ്രഭാവം.

ആഗോളതാപനത്തിന്റെ ഫലങ്ങൾ ഇവയാണ്.

* ഭക്ഷ്യ ഉത്പാദനം കുറയും

* വെള്ളപ്പൊക്കങ്ങൾ ഉണ്ടാക്കും

* കരജീവികളുടെ ജീവനെ ഇത് പ്രതികൂലമായി ബാധിക്കും

* ജല ദൗർലഭ്യം

* ദാരിദ്ര്യം വിട്ടുമാറാത്ത അവസ്ഥ

* മലേറിയ, ഡങ്കിപനി തുടങ്ങിയ രോഗങ്ങൾ

മുകളിൽ പറഞ്ഞ ദുരന്തഫലങ്ങൾ മുന്നിൽകണ്ട് 1997ൽ Kyoto protocol നടത്തുകയുണ്ടായി. ഡിസംബർ മാസത്തിൽ നടത്തിയ Protocol ന്റെ പ്രസക്തഭാഗങ്ങൾ ഇവയാണ്.

* രാജ്യങ്ങളെല്ലാം തന്നെ ഗ്രീൻഹൗസ് ഗ്യാസ് പുറത്തുവിടുന്നതിന്റെ അളവ് കുറയ്ക്കേണ്ടതാണ്. വ്യവസായ നിയന്ത്രണത്തിലൂടെ മാത്രമേ ഇതുസാധ്യമാവുകയുള്ളൂ.

* ഇത് കൂടാതെ രാജ്യങ്ങളിൽ വ്യവസായ നിയന്ത്രണത്തിനായി, മൂന്നു മെക്കാനിസം പറയുകയുണ്ടായി.

Emission tade, John implemention, Clean developement mechanism എന്നിവ

മുകളിൽ പറഞ്ഞ മുന്നറിയിപ്പുകളും, മുൻകരുതലുകളുമൊക്കെയുണ്ടെങ്കിലും വ്യക്തി പരമായി നമുക്കു ചെയ്യാൻ ചിലതുണ്ട്.

* സസ്യങ്ങൾ വച്ചു പിടിപ്പിക്കുക

* ഇന്ധനംത്തിന് പുതിയ സ്രോതസ്സ് കണ്ടെത്തുക

* ഊർജ്ജം ഉപയോഗ്യമാക്കുക

* ഭാവിയെക്കുറിച്ച് ബോധവാന്മാരാകുക.

* മലിന രഹിത ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തുക

ആഗോളതാപനത്തിന് ഇത്രയധികം മുൻകരുതലെടുക്കുമ്പോൾ അതിന്റെ തുല്യസ്ഥാനം കൽപ്പിക്കേണ്ട ഒരു കാര്യം കൂടി മുൻപ് പ്രസ്താവിച്ചിരുന്നു. ജലദൗർലഭ്യം.

ജലദൗർലഭ്യം പരിഹരിക്കാൻ ചിലത് നമുക്കും ചെയ്യാം.

* മഴവെള്ളസംഭരണികൾ സ്ഥാപിക്കുക

* ജലം മലിനമാക്കാതിരിക്കുക

* ജലം പാഴാക്കാതിരിക്കുക

* ജലസ്രോതസ്സുകളെ പ്രബലമായ രീതിയിൽ പരിചരിക്കുക

മാലിന്യനിക്ഷേപം ജലസ്രോതസ്സുകളിൽ നിന്നും നീക്കുക

തുടക്കത്തിൽ പറഞ്ഞ കഥയിലെ അമ്മയുടെ ഹൃദയം പിടയ്ക്കുന്നതുപോലെ, തന്റെ മക്കളായ ജീവജാലങ്ങൾക്കുണ്ടാകുന്ന ഹാനിയിൽ പ്രകൃതിയുടെ ഹൃദയം പിടക്കുന്നത് വരൾച്ചയിലൂടെയോ അസന്തുലിതാവസ്ഥയിലൂടെയോ ആവുമ്പോൾ നമ്മൾ എത്രകാലം നിലനിൽക്കും. ചിന്തിക്കേണ്ടത് നമ്മളാണ്.

Shabin M.A. |7 Electronics

തീവ്രം

RESURGENCE OF TERRORISM

TERRORISM has now really became a hurdle in our nation's development. Terrorists are incessantly working for the demolition of the peaceful life of the civilians across the world. Actually what do they need? Lakhs of innocent people are being killed in their brutal vengeance towards a particular sect of the society. Everyday we are hearing about different terrorist activities. Have you ever thought about "what is actually meant by terrorism?". Are Le-T, LTTE only terrorist organizations? Or the narrow interests leading to the conflagration of communal violence, deteriorating the normal life of people (eg: in Gujarat, protests against govt. in Jammu in the land transfer issue) belong to the group of terrorist activities.

While we considering, the impact of terrorist activities, 2 main points are really noteworthy.

1) International terrorism
2) Intra national terrorism

TERRORISM BEYOND BODERS

Terrorism is raising its deadly hands throughout the world. Beyond George W Bush's description of Iran, Iraq, North Korea as the Axis of evil, there are several nations/ organizations who are endorsing the terrorists groups. On September 11, 2001, the world saw a cold blooded terrorist activity that resulted in the death of thousands of people. World Trade Centre and portion of Pentagon collapsed when two airplanes hijacked by terrorists struck those huge buildings. In the previous year we saw Indian nationals participating in the terrorist activity in London. Taliban and ISI are assisting a lot of terrorist organizations. Even after the belligerent attempts of President Parvez Musharef to curb terrorism, a lot of people are being killed in Pakistan every day.

In a study conducted this year, it was revealed that the terrorist organization are receiving financial assistance from foreign countries. Saudi Arabia is one of the countries from which lot of money flows into the hands of terrorists.

But cricket Pundits and also this author believes that it is not test cricket but ODIs that is going to suffer. The purists who go with the tradition may stay with the Tests and the fast & furious spectator of the 21st century will vote for twenty 20s and the casualty will be one - day cricket. The cricket administrators will have to strike the right balance between the three forms, otherwise some one will have to lose out.

What has changed?

No one can doubt that IPL has extended the horizon's of thrill and excitement and has blurred the boundary between serious sports and pure entertainment. But has it really changed the way we look at the game of cricket and has it in anyway helped in the evolution of the game? The answer is a firm yes and in many ways.

1) It has definitely increased the popularity of the games

2) It has provided a good stage for some of the lesser known names. A small town boy like asnodkar would never have imagined he would make it to the bit limelight. But today, he knockes on the doors of the Indian team.

3) But, and a big but in the question 'is whether the commercialization of the game has shifted the power from the players to some business monarchs.' It was rude and certainly not right on the part of Vijay Mallya, a man without any cricket background, to accuse a tried and tested campaigner like Rahul Dravid of not showing loyalty to him.. But some would argue that the man who has staked his money does have the right to ensure that it is not in vain

4) And one thing is clear, what the cricket has gained, others sports have lost. May be Darwins's law applies here too... only the fittest survive and elimination is a must for keeping nature's order. And, we Indians must guard against elimination of Hockey, our national game.

The Plight of Indian Hockey

When everyone was immersed in this hit or get out form of cricket, something happened that hadn't happened for the last 80 years India did not qualify for olympics in men's hockey. Everyone knew this was coming but nobody believed it until India lost out to England in the qualifying tournament. The rich history of 8 golds may be a distant memory but everybody had expected much better of the men with the long sticks. The last gold come way back in 1980 and since then, the game has been going in a downward spiral.

It is interesting to note that the idea of IPL originated from the premier hockey league which hasn't really clicked because of improper administration and poor marketing. Many controversies have played the Hockey federation and this has been reflected in the poor results. The Hockey federation of India has been dispersed and new men at the ehelm are expected to bring India up from dire state. But something drastic has to happen or otherwise the fate of this game will follow that of the extinct dodo.

May be what India needs is a coach as vibrant and dedicated as the Kabir Khan in Chak de or a leader as charismatic as Shane Warne (to borrow from IPL), but any way, whatever needs to be done has to be done fast. Shilley has written If winter comes, can spring be far behind. So let's hope that the winter will be over soon and that the spring isn't too far away...

പാഠപുസ്തകത്തിലെ രാഷ്ട്രീയം

39

അനിൽ പി. |5 മെക്കാനിക്കൽ

ഏഴാം സ്റ്റാൻഡേർഡിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകം ഇന്നേറ്റവും ചർച്ചചെയ്യപ്പെടുന്ന ഒരു വിഷയമാണ്. ഇപ്പോഴത്തെ ഈ 'പാഠപുസ്തകവിവാദം' ഒരു തരത്തിൽ സാമൂഹികരംഗത്തെ ഒരു നല്ല ലക്ഷണമാണെന്നു വേണം പറയേണ്ടത്. എന്തെന്നാൽ വിദ്യാഭ്യാസം എന്നത് വിദ്യാർത്ഥികളുടെ മാത്രം കാര്യമാണ് എന്ന പഴയപതിവു മാറി, പാഠപുസ്തകത്തെക്കുറിച്ചും, പഠന സമ്പ്രദായത്തെക്കുറിച്ചും സമൂഹം ശ്രദ്ധാലുവാകുന്നുണ്ടല്ലോ.

കേരളത്തിൽ ഇന്ന് നടക്കുന്നത് കഥയറിയാതെയുള്ള ആട്ടം കാണലാണെന്നു വേണം പറയാൻ. മാറ്റങ്ങൾ ഉൾക്കൊള്ളാനും, അത് മനസ്സിലാക്കുവാനും ഉള്ള വൈമുഖ്യമാണ് ഈ പ്രക്ഷോഭങ്ങളുടെ അടിസ്ഥാനം.

ഈയടുത്ത കാലം വരെ സാമൂഹ്യശാസ്ത്രം എന്നാൽ രാജാക്കന്മാർ തമ്മിലുള്ള കലഹങ്ങളും, രാജാക്കൻമാരുടെ വംശാവലിയും യുദ്ധങ്ങളും, ഭരണനേട്ടങ്ങളും - മാത്രമായിരുന്നു മുഖ്യപഠനവിഷയം. ഈ തുരുമ്പിച്ച രീതി പരിഷ്ക്കരിച്ച് സാമൂഹ്യശാസ്ത്രം പഠിപ്പിക്കുമ്പോൾ സാമൂഹിക ഉച്ചനീചത്വങ്ങൾ, അവയ്ക്കെതിരായ പ്രക്ഷോഭങ്ങൾ, സാമാന്യജനതയുടെ ജീവിതം, സ്വത്തവകാശം തുടങ്ങി സമൂഹത്തെ സംബന്ധിക്കുന്ന വിഷയങ്ങൾ പഠിപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

സാമൂഹ്യ വിജ്ഞാനത്തിൽ ലോകനിലവാരത്തിന് തോളൊന്നു നിൽക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയണമെങ്കിൽ ഈ മാറ്റം അനിവാര്യമാണ്. പാഠപുസ്തകത്തിന്റെ ഉള്ളടക്കത്തിൽ വന്നമാറ്റം ഈ പശ്ചാത്തലത്തിൽ വേണം വിലയിരുത്താൻ.

ഈയടുത്ത കാലം വരെ സാമൂഹ്യശാസ്ത്രം എന്നാൽ രാജാക്കന്മാർ തമ്മിലുള്ള കലഹങ്ങളും, രാജാക്കൻമാരുടെ വംശാവലിയും യുദ്ധങ്ങളും, ഭരണനേട്ടങ്ങളും - മാത്രമായിരുന്നു മുഖ്യപഠനവിഷയം. ഈ തുരുമ്പിച്ച രീതി പരിഷ്ക്കരിച്ച് സാമൂഹ്യശാസ്ത്രം പഠിപ്പിക്കുമ്പോൾ സാമൂഹിക ഉച്ചനീചത്വങ്ങൾ, അവയ്കെതിരായ പ്രക്ഷോഭങ്ങൾ, സാമാന്യജനതയുടെ ജീവിതം, സ്വത്തവകാശം തുടങ്ങി സമൂഹത്തെ സംബന്ധിക്കുന്ന വിഷയങ്ങൾ പഠിപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

പ്രസ്തുത പാഠപുസ്തകത്തെക്കുറിച്ചുള്ള ഏറ്റവും വലിയ ആരോപണം മത വിഷയമാണ്. നമുക്കറിയാം, സാമൂഹിക ശാസ്ത്രം എന്ന വിഷയത്തിന്റെ പരിധിയിൽ വരുന്ന ഒന്നല്ല മതം. മതവിശ്വാസവും, മതതത്വങ്ങളുമല്ല; മറിച്ച് മതം സമൂഹത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്നുവേണം പഠിപ്പിക്കേണ്ടത്. മതം സമൂഹത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്നതിന് ഒരു ഉത്തമ ദൃഷ്ടാന്തമാണ് മിശ്രവിവാഹം ചെയ്ത ദമ്പതിമാരിൽ കുട്ടികൾക്ക് അച്ഛനമ്മമാരിൽ ആരുടെ ജാതിയാണ് കല്പിക്കേണ്ടത് എന്ന വിഷയം.

പ്രസ്തുത വിഷയം സമൂഹത്തിൽ ഇന്ന് വലിയ ഒരു ചോദ്യചിഹ്നമായി നിലനില്ക്കുകയാണ്. ഇതിന് ഒരു പരിഹാരമായാണ് "മതം ഇല്ല എന്ന് ചേർത്തോളൂ" എന്ന വാചകം പാഠത്തിൽ ഇടം നേടിയത്. എന്നാലിത് മതത്തിന് എതിരാണ് എന്ന വ്യാഖ്യാനം തികച്ചും ഖേദകരമാണ്. സത്യത്തിൽ മതസംബന്ധിയായി ഒരു സാമൂഹകവിപത്തിൽ നിന്നും തല്ക്കാലം തലയൂരാനുള്ള തന്ത്രംമാത്രമാണിത്.

"മതമില്ലെന്നു ചേർത്തോളൂ" എന്ന വാചകത്തിൽ നിന്നും 'മതം ഇല്ല' എന്ന വാക്കുകൾ മാത്രം അടർത്തിയെടുത്തിട്ട്, മതനിഷേധം പഠിപ്പിക്കുന്നു എന്ന് പറയുന്നത് വസ്തുതകളെ വളച്ചൊടിക്കലാണ്.

സാമൂഹിക ശാസ്ത്രത്തിലെ പ്രധാന പാഠ്യവിഷയം സമൂഹത്തിലെ ഉച്ചനീചത്വങ്ങളും, അതാതു സന്ദർഭങ്ങളിൽ അവയ്ക്കെതിരെയുണ്ടാകുന്ന പ്രതികരണങ്ങളുമാണ്. സാമൂഹിക ഉച്ചനീചത്വങ്ങൾക്കുള്ള പ്രധാന കാരണം മതപരമായ ആചാര അനുഷ്ഠാനങ്ങളാണ് എന്നത് നിഷേധിക്കാനാവാത്ത ഒന്നാണ്. അങ്ങനെ വരുമ്പോൾ 'മതം' സാമൂഹിക ശാസ്ത്ര പാഠ്യവിഷയമായി വരുന്നതിൽ തെറ്റുപറയാനൊക്കുമോ...?

സോഷ്യലിസവും, കമ്മ്യൂണിസവും, ഗാന്ധിസവും എല്ലാം സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരമായ മനുഷ്യ സമൂഹം രൂപകല്പനചെയ്ത് പ്രയോഗികമാക്കിയതാണ്. ഇവയൊക്കെ സാമൂഹ്യശാസ്ത്രത്തിൽ പഠനവിഷയമാകേണ്ടതു മാണ്. അതാണ് ആ വിഷയത്തിന്റെ സ്വഭാവം. എന്നാൽ കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണ് ഭരിക്കുന്നത് എന്ന ഒറ്റക്കാരണത്താൽ അവയൊക്കെ വിദ്യാഭ്യാസത്തിൽ നിന്ന് മാറ്റി നിർത്തപ്പെടണമെന്നത് തികച്ചു അശാസ്ത്രിയമാണ്.

മതത്തിന്റെയും ജാതിയുടേയും പേരിൽ പലപല അവകാശങ്ങളും ആനുകൂല്യങ്ങളും അനുഭവിക്കുന്ന വിഭാഗങ്ങൾ സമൂഹത്തിലുണ്ട്. മതം പിന്നേലേയ്ക്ക് മാറുന്ന ഒരു സാഹചര്യമുണ്ടായാൽ, മതപരമായ പരിഗണനകൾക്ക് പകരം മറ്റ് പരിണനനകൾ വന്നേക്കും എന്നു ഭയക്കുന്ന ചില നിക്ഷിപ്ത താല്പര്യക്കാരാണ് ഇന്നത്തെ ഈ അനാവശ്യ പ്രക്ഷോഭത്തിനു പിന്നിൽ എന്നു വേണം കരുതാൻ.

മതം സ്വാർത്ഥതാല്പര്യങ്ങൾക്കായി പ്രയോഗിക്കുന്ന വിഭാഗങ്ങളെ കൂട്ടുപിടിച്ച്, സംഘബലം കാട്ടി അധികാരത്തിന്റെ അപ്പം ഭക്ഷിക്കാമെന്ന് കരുതുന്ന ചില കൂട്ടരുണ്ട്. മതത്തെ ആശ്രയിക്കുന്നവരെ ഇളക്കിമറിക്കാൻ 'മതം അപകടത്തിൽ' എന്ന മുദ്രാവാക്യം മുഴക്കിയാൽ മാത്രം മതിയല്ലോ. അതാണ് ഇപ്പോൾ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത് നൂറുശതമാനം സാക്ഷരർ എന്ന് സ്വയം അഭിമാനിക്കുന്ന കേരളീയ സമൂഹത്തിൽ ഇത്തരമൊരു കാര്യം സംഭവിക്കാൻ പാടുണ്ടോ എന്ന് സമൂഹം ചിന്തിക്കേണ്ടിയിരിക്കുന്നു.

മതനിഷേധം, കമ്മ്യൂണിസ്റ്റ് - സോഷ്യലിസ്റ്റ് ആശയങ്ങളുടെ പ്രചരണം എന്നിവ ആരോപിക്കുന്ന വ്യക്തികൾ ആദ്യം ചെയ്യേണ്ടത് പ്രസ്തുത പാഠപുസ്തകം ഒരു മറിച്ചു നോക്കുക. പുസ്തകം വായിക്കാതെ, അതിലെന്താണ്. ഉള്ളതെന്ന് പഠിക്കാതെ വിമർശിക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുന്നവരെ അവരർഹിക്കുന്ന വിധത്തിൽ അവഗണിക്കുകയാണ് വേണ്ടത്.

ഇനിയിപ്പോൾ പ്രക്ഷോഭം കൂടിയേ കഴിയൂ എന്നാണെങ്കിൽ കലഹിക്കേണ്ടത് പാഠപുസ്തകങ്ങളിൽ പൊതുവേ കടന്നുകൂടിയിട്ടുള്ള അശുദ്ധങ്ങളായ ഭാഷാപ്രയോഗങ്ങളോടും ശൈലികളോടുമാണ്. ഇത് സാമൂഹികശാസ്ത്രത്തിന്റെ മാത്രം പ്രശ്നമല്ല. മാധ്യമങ്ങൾ വഴി നിത്യവ്യവഹാരത്തിൽ കടന്നു കൂടിയിട്ടുള്ള ഇത്തരം കരടുകൾ അരിച്ചെടുത്ത് നീക്കം ചെയ്യേണ്ടത് ആവശ്യമാണ്.

MEGATRONICS
Estd. 1989
Dealers:
ELECTRONICS COMPONENTS & DEVICES
T.V. D.V.D, PHONE, COMPUTER SPARE PARTS
D.V.D. PLAYERS, BEETAL LAND PHONE, DISH TV,
BIG TV, DD, DTH SYSTEM, HOME THEATRE,
NEAR FEDERAL BANK, T.B. ROAD, KOTTAYAM
PH: 2561314, MOB: 9048010446

ജീന ജോൺ | 5 ഇലക്ട്രിക്കൽ

രാഷ്ട്രീയത്തെ സംബന്ധിച്ച്

രാഷ്ട്രീയം എന്നാൽ രാഷ്ട്രത്തെ സംബന്ധിക്കുന്നത് എന്നാണ് അർത്ഥമാക്കുന്നത്. അത് സ്വാഭാവികമായും രാഷ്ട്ര നൻമയ്ക്ക് വേണ്ടിയുള്ളതായിരിക്കും. കുറച്ചു കൂടി വ്യക്തമായി പറഞ്ഞാൽ ചില സുപ്രധാന തത്വങ്ങളുടേയും സാംസ്കാരിക പാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിൽ അനേകവർഷങ്ങൾ കൊണ്ട് രൂപം കൊണ്ട ഒരു മഹത്തായ ദേശസങ്കല്പമാണ് രാഷ്ട്രീയം.

ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന ജനങ്ങളുടെ സർക്കാരാണല്ലോ നമുക്കുള്ളത്. ലോകത്തിൽ വച്ചേറ്റവും വലിയ ജനാധിപത്യം - അതാണ് നമ്മുടെ മാതൃരാജ്യമായ ഭാരതം. അങ്ങനെയുള്ള ഒരു ജനാധിപത്യരാഷ്ട്രത്തിൽ ജീവിക്കാൻ കഴിയുന്നതുതന്നെ മഹാഭാഗ്യമാണ്. രാഷ്ട്രത്തെ സംബന്ധിച്ചുള്ള ചർച്ചകൾ എപ്പോഴും ചെന്നെത്തുന്നത്. 'രാഷ്ട്രീയം' എന്ന പദത്തിലാണ്. 'രാഷ്ട്രീയം രാഷ്ട്രനൻമയ്ക്ക്' എന്ന വിഷയത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ആദ്യം എന്താണ് രാഷ്ട്രീയം എന്ന് മനസ്സിലാക്കാൻ ശ്രമിക്കുന്നത് ഉചിതമായിരിക്കും.

രാഷ്ട്രീയം എന്നാൽ രാഷ്ട്രത്തെ സംബന്ധിക്കുന്നത് എന്നാണ് അർത്ഥമാക്കുന്നത്. അത് സ്വാഭാവികമായും രാഷ്ട്രനൻമയ്ക്ക് വേണ്ടിയുള്ളതായിരിക്കും. കുറച്ചു കൂടി വ്യക്തമായി പറഞ്ഞാൽ ചില സുപ്രധാന തത്വങ്ങളുടേയും സാംസ്കാരിക പാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിൽ അനേകവർഷങ്ങൾ കൊണ്ട് രൂപം കൊണ്ട ഒരു മഹത്തായ ദേശസങ്കല്പമാണ് രാഷ്ട്രീയം. അവിടെ കേവലം വ്യക്തിയുടെയോ വ്യക്തികളുടേയോ താത്പര്യങ്ങൾക്കും ചിന്തകൾക്കും യാതൊരു സ്ഥാനവുമില്ല - രാഷ്ട്ര താത്പര്യത്തിനാണ് മുൻഗണന. രാജ്യത്തിന്റെ സാംസ്കാരികവും സാമ്പത്തികവുമായ പുരോഗതിയാണ് അതിന്റെ ആത്യന്തിക ലക്ഷ്യം അനേകം സംവത്സരങ്ങളിലൂടെ ഉരുത്തിരിഞ്ഞു വന്ന മഹത്തായ പാരമ്പര്യമുള്ള ഭാരതീയ സംസ്കാരത്തെ ഊട്ടി ഉറപ്പിക്കുക എന്ന ലക്ഷ്യബോധത്തോടെയാണ് നമ്മുടെ പൂർവ്വികർ വിദേശശക്തികളോട് പൊരുതിയത്. നമ്മുടെ സ്വാതന്ത്ര്യസമര പ്രസ്ഥാനമാകട്ടെ ദേശീയ താത്പര്യങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട് വൈദേശിക

Malayas World Tours

NEAR K.S.R.T.C. BUS STATION,
T.B. ROAD, KOTTAYAM - 686 001, KERALA
Phone: 91-481 - 2565913, 2569503
Fax: 91 - 481 - 2563503
Paikadu@hotmail.com

Courses

ACCOUNTING PACKAGES
ANNIMATION PACKAGES
WEB DESIGNING
GRAPHIC DESIGNING
SHORT TERM COURSES
PROFESSIONAL COURSES
JAVA
PHP
DBMS

Kerala Steds

COMPUTER EDUCATION AND MANAGEMENT STUDIES
(A Regd. Organization under
Govt. of Kerala & An Accredited Vocational Institute of N.I.O.S)
Ministry of H.R.D., Dept. of Education Govt. of India
C.M.S. College Road, Near Deepika Daily, Kottayam - 1.

Ph: 0881 - 2300981, Mob: 9447806219

Best Compliments from

DreamZ Net
Internet Cafe & D.T.P. Centre
R.I.T. Junction, Vellore P.O.
Pampady, Kottayam
Phone: 0481-2508627, 2500811

'സ്വന്തം കാര്യം സിന്ദാബാദ്' എന്നുള്ള രാഷ്ട്രീയക്കാരന്റെ മനസ്ഥിതി മാറേണ്ടിയിരിക്കുന്നു. സ്വരാജ്യത്തിനും ജനതയ്ക്കും വേണ്ടി അക്ഷീണം പരിശ്രമിക്കാൻ രാഷ്ട്രീയക്കാർ തയ്യാറെടുക്കണം. സത്യസന്ധതയും ആത്മാഭിമാനവും മനസ്സാക്ഷിയും സേവനതത്പരതയും അവർക്കുണ്ടാകണം - അഴിമതിയും അക്രമവും തുടച്ചു നീക്കാൻ അവർ മുന്നിട്ടിറങ്ങണം.

മായ സകലതിനേയും എതിർത്തു. ആ കാലയളവിൽ ഭാരതത്തിന്റെ പല നാട്ടുരാജ്യങ്ങളിലും പ്രാദേശിക ഭാഷകളിൽ രൂപം കൊണ്ട വിപ്ലവഗാനങ്ങൾ പോലും ഒരു ജനതയുടെ ആകമാനമുള്ള വികാരത്തെ പ്രകടിപ്പിച്ചുകൊണ്ടായിരുന്നു. അവിടെ വ്യക്തിപരമായ കഷ്ടനഷ്ടങ്ങൾ അനവധിയായിരുന്നു. എന്നാൽ രാഷ്ട്രനേതാക്കൾ രാജ്യത്തിനുവേണ്ടി എന്തുത്യാഗവും സഹിക്കാൻ തയ്യാറായിരുന്നു.

എന്നാൽ, ഇതാണോ ഇന്നത്തെ അവസ്ഥ? ഗാന്ധിജിയും നെഹ്റുവും വിഭാവനം ചെയ്തിരുന്ന ആ ഉത്തമഭാരതത്തെ വളർത്തിക്കൊണ്ടുവരുവാൻ ഇന്നത്തെ രാഷ്ട്രീയത്തിനു കഴിയുന്നുണ്ടോ? തീർച്ചയായും ഇല്ല! ഇന്ന് രാഷ്ട്രീയമെന്നാൽ സംഘബലം നേടുന്നവന് രാജ്യം കൊള്ളയടിക്കാനുള്ള സുവർണ്ണാവസരമായി മാറിയിരിക്കുന്നു. അഴിമതിയും സ്വജനപക്ഷപാതവും എങ്ങും കൊടികുത്തി വാഴുന്നു. ജനങ്ങളെ ഒരു പോലെ കണ്ട് രാജ്യം ഭരിക്കുവാൻ ഇന്നത്തെ രാഷ്ട്രീയക്കാരന് കഴിയുന്നില്ല. ജനങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ചോ അവയുടെ പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചോ അവർക്ക് ഒരു ചിന്തയുമില്ല. എങ്ങനെയും സ്വന്തം കീശ നിറയ്ക്കുക മാത്രമാണ് അവരുടെ ലക്ഷ്യം. ജനങ്ങളുടെ യഥാർത്ഥപ്രശ്നങ്ങളിൽ നിന്ന് മുഖം തിരിച്ചു നിൽക്കുന്ന ഇത്തരക്കാർ രാഷ്ട്രത്തിന്റെ തീരാശാപമാണ്. പലപ്പോഴും രാജ്യത്തിന്റെ പൊതുസമ്പത്തുകളായ മണ്ണും ജലസ്രോതസ്സുകളും വരെ ഇവർ വിറ്റു തുലയ്ക്കുന്നു. തൊഴിലില്ലായ്മയും ദാരിദ്ര്യവും നിരക്ഷരതയും താണ്ഡവമാടുന്ന നമ്മുടെ രാജ്യത്ത് രാഷ്ട്രീയ കൊലപാതകങ്ങളും നിത്യ സംഭവമായി തീർന്നിട്ടുണ്ട്.

രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള മത്സരങ്ങൾ പലപ്പോഴും സമരം, ബന്ദ്, നശീകരണം തുടങ്ങിയ മാർഗ്ഗങ്ങളിൽ ചെന്നവസാനിക്കുന്നു. സമരങ്ങളുടെ മറവിൽ പൊതുമുതൽ നശിപ്പിക്കാനുള്ള പ്രവണത ഏറി വരുകയാണ് ഈ പ്രവണതയാകട്ടെ സാധാരണക്കാരായ നികുതി ദായകരോട് ചെയ്യുന്ന ഏറ്റവും വലിയ വഞ്ചനയാണ്. മാത്രമല്ല, ഏതു കാര്യവും നേടിയെടുക്കുന്നതിന് വിദ്യാർത്ഥികളെ ഉപാധികളാക്കുന്ന രീതിയും കണ്ടുവരുന്നുണ്ട്. ഇതും ആശാസ്യമല്ല. വിദ്യാർത്ഥികളുടെ പ്രഥമകർത്തവ്യം പഠിക്കുക എന്നതാണ്. പഠിച്ചു വളർന്ന് നാളെയുടെ വാഗ്ദാനങ്ങളായി മാറേണ്ട നമ്മുടെ വിദ്യാർത്ഥികൾ പലപ്പോഴും ആവേശത്തിന്റെ തീച്ചൂളയിൽ വീണ് ചിറകറ്റുപോകുന്നു. അതുവഴി രാഷ്ട്ര പുരോഗതിക്കായി ഉപയോഗപ്പെടുത്തേണ്ട അവരുടെ കഴിവുകൾ അകാലത്തിൽ നഷ്ടപ്പെട്ടു പോകുന്നു. കാമ്പസ് രാഷ്ട്രീയത്തിന്റെ രക്തസാക്ഷികളായി ജീവൻതന്നെ നഷ്ടപ്പെട്ടവർ എത്രയധികമാണ്. വിദ്യാർത്ഥികളെ വിദ്യാഭ്യാസത്താൽ ഉദ്ബുധരാക്കേണ്ട ജനനായകർ തന്നെ സ്വാർത്ഥലാഭത്തിനായി അവരുടെ ജീവൻ കുരുതി കൊടുക്കുകയോ? വേലി തന്നെ വിളവു തിന്നുന്ന അവസ്ഥയല്ലേ നാമിന്നു കാണുന്നത്.

പക്ഷേ, ഇത്തരമൊരു അവസ്ഥ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമായ ഇന്ത്യയ്ക്ക് ശോഭനീയമാണോ? തീർച്ചയായും അല്ല! അതിന് ആദ്യം തന്നെ വേണ്ടത് കഴിവുറ്റ ഒരു ഭരണകൂടം മാത്രമല്ല. ആത്മാർത്ഥതയുള്ള ഒരു പ്രതിപക്ഷം കൂടിയാണ്. തൊട്ടതിനും പിടിച്ചതിനുമൊക്കെ ആരോപണങ്ങളുന്നയിക്കാതെ ആത്മാർത്ഥമായി തെറ്റുകൾ ചൂണ്ടിക്കാണിക്കാൻ ആ പ്രതിപക്ഷത്തിനു കഴിയണം. അടുത്തതായി 'സ്വന്തം കാര്യം സിന്ദാബാദ്' എന്നുള്ള രാഷ്ട്രീയക്കാരന്റെ മനസ്ഥിതി മാറേണ്ടിയിരിക്കുന്നു. സ്വരാജ്യത്തിനും ജനതയ്ക്കും വേണ്ടി അക്ഷീണം പരിശ്രമിക്കാൻ രാഷ്ട്രീയക്കാർ തയ്യാറെടുക്കണം. സത്യസന്ധതയും ആത്മാഭിമാനവും മനസ്സാക്ഷിയും സേവനതത്പരതയും അവർക്കുണ്ടാകണം - അഴിമതിയും അക്രമവും തുടച്ചു നീക്കാൻ അവർ മുന്നിട്ടിറങ്ങണം. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളോടും അടുത്തിടപഴകാർ അവർക്കു കഴിയണം. അങ്ങനെ രാഷ്ട്രീയക്കാർ ജനങ്ങളോട് ചേർന്ന് നിന്ന് രാജ്യപുരോഗതിക്കുവേണ്ടി യത്നിക്കണം.

അടുത്തതായി വിദ്യാർത്ഥികളിൽ ഫലപ്രദമായ ഒരു രാഷ്ട്രീയാവബോധം ഉണ്ടാക്കിയെടുക്കാൻ നിലവിലുള്ള വിദ്യാഭ്യാസത്തിനു കഴിയണം. നമ്മുടെ രാജ്യത്തിനാവശ്യം നല്ല ഡോക്ടർമാരേയും നല്ല എൻജിനീയർമാരേയും മാത്രമല്ല. ധർമ്മബോധമുള്ള പൗരൻമാരേയും നീതിനിഷ്ഠയുള്ള ഭരണകർത്താക്കളേയും കൂടിയാണ്. ഇവിടെയാണ് മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രസക്തി - വിദ്യാർത്ഥികളെ രാഷ്ട്രീയത്തിലേക്ക് നയിക്കുന്നത് കേവലം ധന അധികാര മോഹങ്ങളായിരിക്കരുത്, മറിച്ച് ദേശ ഭക്തിയും സേവന തത്പരതയും ആയിരിക്കണം.

മുകളിൽ പറഞ്ഞിരിക്കുന്നത് വെറും ഉട്ടോപ്യൻ ചിന്താഗതിയാണെന്ന് പലർക്കും തോന്നിയേക്കാം. എന്നാൽ ഒന്നോർക്കുക.... പലരും നടന്ന വഴിയിൽ നിന്ന് മാറി നടന്നപ്പോഴല്ലേ വിപ്ലവങ്ങൾ സൃഷ്ടിക്കപ്പെട്ടത്? വിപ്ലവമുള്ള ഈ യുവഹൃദയങ്ങളിൽ 'രാഷ്ട്രീയം രാഷ്ട്ര നൻമയ്ക്കായി മാറിക്കൂടേ? '

Mortgaged Childhoods

ബാല്യം പണയത്തിലാണ്

ഒരു നാണയത്തിനു രണ്ടു വശങ്ങളുള്ളതു പോലെ സമൂഹത്തിനും നല്ല വശവും ദുഷിച്ച വശവുമുണ്ട്. ആ ദുഷിച്ച വശത്തിന്റെ ഏറ്റവും പ്രത്യക്ഷോദാഹരണമാണ് 'ബാലവേല'. ബാലവേല എന്നാൽ 'നിയമം വഴി നിജപ്പെടുത്തിയ വയസ്സിനു താഴെയുള്ള കുട്ടികളെക്കൊണ്ട് ചെയ്യിക്കുന്ന നിർബന്ധിത ജോലി' എന്ന് അർത്ഥമാക്കാം. അത് ഫാക്ടറിജോലിയോ, പാറമടയിലെ ജോലിയോ, ഖനികളിലെ ജോലിയോ എന്തുമാകാം. ഒരർത്ഥത്തിൽ 'ബാലവേല' എന്നാൽ തുമ്പികളെക്കൊണ്ട് കല്ലെടുപ്പിക്കുക എന്നാണ്.

പണ്ടു മുതലേ ഭാരതത്തിൽ കുട്ടികളെ ദൈവത്തിന്റെ പ്രതിരൂപമായാണ് കണ്ടുവരുന്നത്. കവി വൈലോപ്പിള്ളിയുടെ 'മാമ്പഴം' എന്ന കവിതയിൽ പറയുന്നതുപോലെ 'ദീർഘദർശനം ചെയ്യും ദൈവജ്ഞരാണ്' കുഞ്ഞുങ്ങൾ. ആ കുഞ്ഞുങ്ങളെക്കൊണ്ട് അവരുടെ കൊക്കിലൊതുങ്ങാത്ത ജോലികൾ ചെയ്യിക്കുന്നത് കാടത്തമാണ്.

'സരസം കാൽകുടഞ്ഞോമൽ-
ക്കരയുഷ്ഷാം നുകർന്നിഹ
ചിരിച്ചീടുന്ന മധ്യേ താൻ

അശ്വതി മധു | 5 ഇലക്ട്രോണിക്സ്

'ദൈവത്തിന്റെ സ്വന്തം നാട്' എന്നു വിശേഷിപ്പിക്കുന്ന കേരളത്തിൽപ്പോലും ബാലവേല ഇന്നും നിലനിൽക്കുന്നു എന്നത് ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യമാണ്. മുതിർന്നവരെ അപേക്ഷിച്ച് തുച്ഛമായ വേതനം കൊടുത്താൽ മതി എന്നതുകൊണ്ടാവാം കുട്ടികളെ ജോലിക്കു വയ്ക്കാനാണ് മുതലാളിമാർക്കും പ്രിയം അങ്ങനെ, ചെയ്യുന്ന ജോലിക്ക് അർഹിക്കുന്ന വേതനം കിട്ടാതെ ആവശ്യത്തിനു ഭക്ഷണം പോലും കിട്ടാതെ സ്വന്തം ബാല്യം ബലികഴിച്ച് വിധിയെ പഴിചാരി ജീവിക്കുന്ന ഒരുപാടു കുഞ്ഞുങ്ങൾ ഉണ്ട്.



കരയുന്നതിനു ബാലകൻ' എന്ന വരികൾ സൂചിപ്പിക്കുന്നതനുസരിച്ച് ഇത്രമാത്രം നിഷ്കളങ്കരായി വിരാജിക്കുന്ന കുട്ടികളെക്കൊണ്ട് ഭിക്ഷാടനം വരെ നടത്തിക്കുന്ന ഒരു ദുഷിച്ച വ്യവസ്ഥിതി അതിന്റെ കരാളഹസ്തം നീട്ടി വന്നിരിക്കുന്നു ചക്ഷുശ്രവണഗളസ്ഥമാം ദർദുരത്തെപ്പോലെ ഈ വ്യവസ്ഥിതിയിൽ നിന്നുള്ള മോചനം ഇന്നും കിട്ടാക്കനിയായി അവശേഷിക്കുന്നു.

അന്താരാഷ്ടസംഘടനയായ 'ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ കണക്കനുസരിച്ച് ലോകത്തകമാനം 218 മില്ല്യകൾ കുട്ടികളെക്കൊണ്ട് വേലയെടുപ്പിക്കുന്നു. ഈ കുട്ടികളുടെ പ്രായം അഞ്ചു വയസ്സിനും ഏഴുവയസ്സിനും ഇടയ്ക്കാണ്. കണ്ണാരം പൊത്തിക്കളിക്കേണ്ട പ്രായത്തിൽ കഷ്ടപ്പെട്ട് ജോലി ചെയ്യേണ്ടി വരുന്ന ഈ കുഞ്ഞുങ്ങളുടെ വിധി സാധാരണക്കാരുടെ ചിന്തകൾക്കുമപ്പുറമാണ്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പല കുടുംബങ്ങളും തങ്ങളുടെ കുട്ടികളെക്കൊണ്ട് ജോലിയെടുപ്പിക്കുന്നു. ഇതിന് അവർ പറയുന്ന കാരണം തങ്ങളുടെ ഏക വരുമാന മാർഗം ആ കുട്ടികൾ ചെയ്യുന്ന ജോലിയാണെന്നാണ്. അതിനു വേണ്ടി കുഞ്ഞുങ്ങളുടെ പഠിപ്പുപോലും അവർ നിർത്തി വയ്ക്കുന്നു. പതിന്നാലു വയസ്സിനു താഴെയുള്ള ഏതൊരു കുഞ്ഞിനു വിദ്യാഭ്യാസം കൊടുക്കുക എന്നത് പരമപ്രധാനമായ കർത്തവ്യമായി കരുതപ്പെടുന്ന ഭാരതത്തിൽ പല കുഞ്ഞുങ്ങളുടെയും ബാല്യം ഇത്തരുണത്തിൽ പാഴായിപ്പോകുന്നു.

'ദൈവത്തിന്റെ സ്വന്തം നാട്' എന്നു വിശേഷിപ്പിക്കുന്ന കേരളത്തിൽപ്പോലും ബാലവേല ഇന്നും നിലനിൽക്കുന്നു എന്നത് ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യമാണ്. മുതിർന്നവരെ അപേക്ഷിച്ച് തുച്ഛമായ വേതനം കൊടുത്താൽ മതി എന്നതുകൊണ്ടാവാം കുട്ടികളെ ജോലിക്കു വയ്ക്കാനാണ് മുതലാളിമാർക്കും പ്രിയം അങ്ങനെ, ചെയ്യുന്ന ജോലിക്ക് അർഹിക്കുന്ന വേതനം കിട്ടാതെ ആവശ്യത്തിനു ഭക്ഷണം പോലും കിട്ടാതെ സ്വന്തം ബാല്യം ബലി കഴിച്ച് വിധിയെ പഴിചാരി ജീവിക്കുന്ന ഒരുപാടു കുഞ്ഞുങ്ങൾ ഉണ്ട്.

ഈ കുഞ്ഞുങ്ങളെ രക്ഷിക്കേണ്ടത് അത്യാവശ്യമാണ്. തുമ്പികളെക്കൊണ്ട് കല്ലെടുപ്പിക്കുന്ന ഈ പ്രവണത അവസാനിപ്പിച്ചേ മതിയാകൂ. പലസംഘടനകളും ഇതിനായി മുന്നിട്ടിറങ്ങിയിട്ടുണ്ട്. യു. എൻ. ഓയുടെ നിർവചനമനുസരിച്ച് ഒരു കുട്ടിയുടെ ശാരീരികമോ മാനസികമോ ആത്മീയമോ സാമൂഹികമോ ആയ ആരോഗ്യത്തിന് ഹാനികരമായ ഏതൊരു ജോലിയിൽ നിന്നും ഏതൊരു വിധത്തിലുള്ള ചൂഷണത്തിൽ നിന്നും അവൻ സംരക്ഷിക്കപ്പെടേണ്ടതാണ്. യു. എൻ. ഓയുടെ ഒരു അന്വേഷണ റിപ്പോർട്ടിൽ പറയുന്നത് ഭാരതത്തിൽ ഒൻപതുവയസ്സുള്ള കുഞ്ഞുങ്ങൾ പോലും വേതനമൊന്നും കൂടാതെ 9 മുതൽ 16 മണിക്കൂറുകൾ വരെ ജോലി ചെയ്യുന്നു എന്നാണ്. പശ്ചിമ ബംഗാളിൽ നിന്നുള്ള ഒരു കുട്ടി നിരീക്ഷകനോടു പറഞ്ഞ വാക്കുകളിൽ നിന്നു തന്നെ അവരോടു കാണിച്ച ക്രൂരത വ്യക്തമാണ്. കഠിനമായി അദ്ധ്വാനിച്ചില്ലെങ്കിൽ ശിക്ഷാനടപടികളുണ്ടായിരുന്നു. പലപ്പോഴും പ്രഭാതം മുതൽ പ്രദോഷം വരെ ആ കുട്ടികൾക്കു വിശ്രമമന്യേ ജോലി ചെയ്യേണ്ടി വന്നു. പല കുട്ടികളും രോഗബാധിതരായിത്തീർന്നു.

ഇന്ന് പല വ്യവസായ സ്ഥാപനങ്ങളും ബാലവേല ഒന്നു കൊണ്ടു മാത്രം മനുഷ്യാവകാശ പ്രവർത്തകരുടെ ശക്തമായ നിരീക്ഷണവലയത്തിലാണ്. 2005-ൽ ഡൽഹിയിലുള്ള വസ്ത്ര നിർമ്മാണ ഫാക്ടറികൾ മനുഷ്യാവകാശ പ്രവർത്തകരും പോലീസും ചേർന്നു റെയ്ഡു ചെയ്തപ്പോൾ 480 - ഓളം കുട്ടികൾ മോചിപ്പിക്കപ്പെട്ടു. ആ കുഞ്ഞുങ്ങളുടെ പ്രായം ആറു വയസ്സിനും പതിനാലു വയസ്സിനും ഇടയ്ക്കായിരുന്നു. ഈ സംരംഭം ഡൽഹി സമൂഹത്തിന്റെയും സർക്കാരിന്റെയും കണ്ണു തുറപ്പിച്ചു. ഇത് ഡൽഹിയിലെ മാത്രം കാര്യമാണ്.

ഇത്തരം സംരംഭങ്ങൾ ലോകമെമ്പാടും ആരംഭിക്കണം. രാഷ്ട്രത്തിന്റെ ഭാവി നിർണയത്തിൽ ഭാഗഭാക്കാകാൻ കഴിയുന്ന ഒരു പുതിയ തലമുറയെ വാർത്തെടുക്കാൻ കഴിയണം. തീർച്ചയായും, പ്രതിബന്ധങ്ങൾ നിരവധിയാണ്. പക്ഷേ, എല്ലാ പ്രതിബന്ധങ്ങളെയും തരണം ചെയ്ത് മുന്നേറിയാൽ മാത്രമേ 'ബാലവേല നിർമ്മാർജ്ജനം' എന്ന സ്വപ്നം യാഥാർത്ഥ്യമാകൂ.

അശ്വതി ബാബു | 3 സിവിൽ

നൂറുകോടിക്ക് 3 മെഡൽ

അന്താരാഷ്ട്ര കായിക മത്സരങ്ങൾ ഇന്ത്യയെ സംബന്ധിച്ചിടത്തോളം അപമാനകരമാണെന്ന വസ്തുതയ്ക്കു വ്യക്തമായ ഉദാഹരണമാണ് 2008 ബെയിജിംഗ് ഒളിമ്പിക്സിൽ ഇന്ത്യയ്ക്കു ലിഭിച്ച വിരലിലെണ്ണാവുന്ന മെഡലുകൾ സൂചിപ്പിക്കുന്നത്.നൂറു കോടിയിലധികം ജനങ്ങൾ അധിവസിക്കുന്ന ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഈ നേട്ടം തികച്ചും ഒരു വിരോധാഭാസമാണ്.

ജനസംഖ്യ വർധനവിന്റെ കാര്യത്തിൽ മറ്റു വികസിത രാഷ്ട്രങ്ങളെക്കാളും മുൻ നിരയിലാണ് ഇന്ത്യയുടെ സ്ഥാനം. ഇതര മേഖലകളായ കാർഷിക - സാമ്പത്തിക - വ്യാവസായിക മേഖലകളിലും ശാസ്ത്ര സാങ്കേതിക വിദ്യയിലും ലോകത്തിന്റെ നെറുകയിലെത്തുന്ന ഇന്ത്യ എന്തു കൊണ്ടാണ് ട്രാക്കിൽ മറ്റു രാജ്യങ്ങളോടൊപ്പമെത്താൻ ഓടിക്കിതയ്ക്കുന്നത്.?

ചൈനയും അമേരിക്കയും പോകട്ടെ കഷ്ടിച്ച് 30 ലക്ഷം ജനസംഖ്യയുള്ള ജമൈക്കയുടെ നാമം പോലും ഒളിമ്പിക്സിന്റെ താളുകളിൽ സുവർണ്ണ ലിപികളിലാണ്.

വേഗതയുടെ പുതിയ ആകാശങ്ങൾ വിരചിക്കാൻ ഉസൈൻബോൾട്ടെത്തിയപ്പോൾട്രാക്ക് സ്വർണ്ണഭൂമിയാകുന്ന അപൂർവ്വ കാഴ്ചയാണ് കണ്ടത്. വേഗം ബോൾട്ടിനു മുമ്പിൽ വഴിമാറിയപ്പോൾ 12 വർഷം അപ്രതിരോധ്യമായി നിന്ന ലോക റെക്കോഡിനെ മുട്ടുകുത്തിച്ചു കൊണ്ട് ബോൾട്ട് ജമൈക്കയുടെ അഭിമാനം വാനോളമുയർത്തി.

ആദ്യത്തെ ഇരട്ട ലോക റെക്കോഡ് എന്ന പദവിയും ഇനി ജമൈക്കക്കു സ്വന്തം. ബോൾട്ടിന്റെ ചുവട് പിടിച്ചെത്തിയവർ പിന്നെ മെഡലുകൾ തൂത്തുവാരുകയായിരുന്നു.

ഓട്ടത്തിലും ഹർഡിൽസിലുമായി പിന്നെ മെഡൽ നേട്ടം വനിതകളുടെതായിരുന്നു.

ഇതരരാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ പിന്നിലാണെങ്കിലും ഇന്ത്യയ്ക്കു അഭിമാനത്തിനു വകയുണ്ടാക്കാൻ ശതകോടിയിലേറെ വരുന്ന ഇന്ത്യൻ ജനതയുടെ 108 വർഷം നീണ്ട കാത്തിരിപ്പിനു അറുതി വരുത്താൻ പുരുഷൻമാരുടെ 10 മീറ്റർ എയർ റൈഫൾസിൽ ഇന്ത്യയുടെ അഭിനവ് ബിന്ദ്ര സുവർണ്ണ വെടിനാദം മുഴക്കി. അങ്ങനെയാണ് ഭാരതത്തിന് അപ്രാപ്യമായ വ്യക്തിഗത സ്വർണ്ണം അഭിനവിന്റെ കൈകളിൽ സുരക്ഷിതമായത്. ആറു തുടർന്നുള്ള ദിനങ്ങളിൽ ഇന്ത്യയുടെ പുലിക്കുട്ടികളായ സുശീൽ കുമാറും വിജേന്ദർകുമാറും ഇടിക്കൂട്ടിൽ നിന്നും മെഡലുകൾ വാരി. ബോക്സിംഗിൽ ഇന്ത്യയുടെ സുശീൽ കുമാറും വിജേന്ദർകുമാറും വെങ്കല മെഡലുകൾ നേടി .

ഇന്ത്യയുടെ മെഡൽ വേട്ട കഴിഞ്ഞു. 100 കോടിയിലധികം വരുന്ന ഭാരതീയർക്ക് 3 മെഡലുകൾ സമ്മാനിച്ച് ബെയ്ജിംഗ് ഒളിമ്പിക്സിന് തിരശ്ശീല വീണു. കായിക രംഗത്തെ ഈ അരാജകത്വത്തിന് മുഖ്യ കാരണം കായിക മേഖലയോട് ഇന്ത്യ പ്രൊഫഷണൽ മനോഭാവം പുലർത്താത്തതു തന്നെയാണ്. അടിസ്ഥാന സൗകര്യം സാമ്പത്തികവുമെല്ലാം മറ്റു രാജ്യങ്ങളോടു കിടപിടിക്കുന്ന രീതിയിൽ ഇന്ത്യയ്ക്കുമുണ്ട്. എന്നാൽ അതു പ്രയോജനപ്രദമായി ഉപയോഗിക്കാത്തതിലാണ് ഇന്ത്യയുടെ പരാജയം .ശാസ്ത്രീയമായി രൂപകല്പന ചെയ്ത പരിശീലന സമ്പ്രദായങ്ങളും യന്ത്ര സാമഗ്രികളും പരിചയ സമ്പന്നരായ പ്രൊഫഷണലുകളുടെ മേൽനോട്ടവും കൃത്യവും അർപ്പണ ബോധവുള്ള പരിശീലനവും. ഇതാണ് റഷ്യയും ചൈനയും അമേരിക്കയും പോലെ മുൻകിട രാജ്യങ്ങൾ മുൻ നിരയിലെത്തുന്നതിന്റെ രഹസ്യം. ഇതിന്റെ അഭാവം തന്നെയാണ് മുൻവർഷങ്ങളിൽ സ്വർണ്ണം നേടിയ ഇന്ത്യയുടെ ഹോക്കി ടീമിന് ഇത്തവണ യോഗ്യത നേടാനാവഞ്ഞത്.

നമ്മുടെദേശീയസംസ്ക്കാരം കായികാഭ്യാസങ്ങളോട് നീതി പുലർത്തുന്നില്ല എന്നു തന്നെ പറയാം. അനാവശ്യമായ രാഷ്ട്രീയ ഇടപെടലുകളും വ്യക്തമായ സംഘാടകത്വത്തിന്റെ അപര്യാപ്തതയും നമ്മുടെ കായിക മേഖലയെ തളർത്തുന്നു. പശ്ചാത്യ രാജ്യങ്ങളിൽ പരിശീലനത്തിനു വേണ്ട ശാസ്ത്രീയ സൗകര്യങ്ങൾ സ്വകാര്യമേഖലയിൽ തന്നെ ലഭ്യമാക്കുമ്പോൾ ഇന്ത്യയിലെ രാഷ്ട്രീയ നേതാക്കളുടെ കൈപിടിയിലുള്ള സ്പോർട്സ് രംഗം വീണ്ടും അരാജകത്വത്തിന്റെ പാതയിലെത്തുന്നു. കായിക താരങ്ങളെ വേണ്ട രീതിയിൽ പ്രോത്സാഹിപ്പിക്കാത്തതും ഇന്ത്യയുടെ ഒരു പരാജയ കാരണമാണ്. വാഗ്ദാനങ്ങൾ നിറവേറ്റാൻ വർഷങ്ങളോളം കാല താമസമെടുക്കുന്നതും പരിശീലനത്തിനാവശ്യമായ സഹായം നൽകാത്തതും അന്താരാഷ്ട്ര കായിക മത്സരങ്ങളിൽ ഇന്ത്യ പിന്തള്ളപ്പെടാൻ കാരണമാകുന്നു.

ഈ പ്രതിസന്ധികളെയെല്ലാം അതിജീവിച്ച് വിജയങ്ങൾ നേടുന്നവരോ സർക്കാർസംവിധാനങ്ങളെ മറികടന്ന് പരിശീലനത്തിനായ് സ്വന്തം പണം വിനിയോഗിക്കുന്നവരാണ്. അഭിനവ് ബിന്ദ്ര തന്നെ ഉത്തമ ഉദാഹരണം. കൃത്യമായ പരിശീലനം ലഭിച്ചാൽ ആർക്കും നേടാവുന്ന വിജയമാണ് തന്റേതെന്നാണ് ബിന്ദ്ര പറഞ്ഞത്. വിജേന്ദറും സുശീൽ കുമാറുമൊക്കെ സാമ്പത്തികമായി മുൻ നിരയിലല്ല. ആവശ്യമായ പരിശീലനവും സഹായങ്ങളും നൽകിയെങ്കിൽ മാത്രമേ ഇനിയുള്ള അന്താരാഷ്ട്ര മത്സരങ്ങളിലും ഇന്ത്യയെ മുൻ നിരയിലെത്തിക്കാൻ അവർക്കു സാധിക്കൂ. കായിക രംഗത്ത് അനിവാര്യമായ മാറ്റങ്ങൾക്കും പരിശീലന പദ്ധതികൾക്കും തുടക്കം കുറിച്ചാൽ ഇന്ത്യയ്ക്ക് ഇനിയും ഉയരങ്ങളിലെത്താം.

▲

ഒരു അരാഷ്ട്രീയവാദി കൂടി ജനിക്കുന്നു...

ഇതെഴുതാൻ തീർത്തും യോഗ്യതയില്ലാത്തൊരാൾ

"നാലാം ക്ലാസ്സ് വിദ്യാർത്ഥിനിയെ പീഡിപ്പിച്ച 65 കാരൻ അറസ്റ്റിൽ"ധിക്കാരിയുടെ കണ്ണുകളിലാണ് ആ വാർത്ത ഉടക്കിയത്. "കഷ്ടം, നശിച്ച നാടും നാറിയ നാട്ടാരും, അവൻ പരിഭവിച്ചു."

"ഒരു കാലത്തും ഈ നാട് നന്നാവാൻ പോകുന്നില്ല. ഉറപ്പ്" ധിക്കാരിയുടെ രക്തം തിളച്ചു. മടിയൻ, ആയാസപ്പെട്ട് തലകുലുക്കി സമ്മതം അറിയിച്ചു."ഹാ അങ്ങനെ തറപ്പിച്ചു പറയാൻ വരട്ടെ" വിവേകിയായിരുന്നു അത്.

ക്രിയാത്മകമായി ഇടപെടുവാനും, യുക്തിസഹമായി ചിന്തിക്കുവാനും ഫലപ്രദമായി അത് അവതരിപ്പിക്കുവാനും വിവേകിയെ കഴിഞ്ഞേ ആരുമുള്ളൂ. വിവേകി തുടർന്നു.

"ഏതോ ഒരു അസുരവിത്തു കാണിച്ച ന്യായീകരണമില്ലാത്ത ക്രൂരതയ്ക്ക്, പക്ഷെ നാടിനെയും നാട്ടുകാരെയും അധിക്ഷേപിച്ചിട്ട് കാര്യമുണ്ടോ?"

അത്രയും നേരം ഈ സംഭാഷണങ്ങൾ ശ്രദ്ധയോടെ കേൾക്കുകയായിരുന്ന കൂർമ്മബുദ്ധി ഇടപ്പെട്ടു.

"കാര്യമുണ്ട്, ധിക്കാരി പറഞ്ഞതിലും കാര്യമുണ്ട്." വിവേകിയുടെ അടുത്ത കൂട്ടുകാരനായ കൂർമ്മബുദ്ധിയുടെ ഈ പ്രതികരണം ഏവരെയും അത്ഭുതപ്പെടുത്തി.

"സമൂഹത്തിൽ പൊതുവെ ബാധിച്ചിട്ടുള്ള മൂല്യച്യുതിയുടെ ബഹിർസ്ഫുരണങ്ങളാണ് ഇതെല്ലാം."

ധിക്കാരി, " അതെ അതു തന്നെയാണ് ഞാൻ പറഞ്ഞു വരുന്നത്. റോഡിൽ രക്തത്തിൽ കുളിച്ച് മരണം മുന്നിൽ കണ്ട് പിടക്കുന്നവരെ കണ്ടിട്ടും കാണാത്ത പോലെ കടന്നു പോകുന്നവർ, നൊന്തുപെറ്റ കുഞ്ഞിനെ ചോരമണം മാറും മുമ്പേ കുപ്പത്തൊട്ടിയിൽ ഉപേക്ഷിച്ച് പോകുന്ന അമ്മമാർ, കാവിയുടെ മറവിൽ വ്യഭിചാരവും കൊള്ളയും കൊള്ളിവെപ്പും നടത്തുന്ന കള്ളനാണയങ്ങൾ, നാട്ടിലെ പാവങ്ങളുടെ കണ്ണീര് മറന്ന് ആഗോള ഭീമന്റെ ചെരുപ്പ് നക്കുന്ന നയനിർമ്മാതാക്കൾ, സ്വന്തം മകളിലും എന്തിന് ചത്ത് വിറങ്ങലിച്ച ശവത്തിൽപോലും കാമം കാണുന്ന കഴുകക്കണ്ണുകൾ, കുടിച്ചും, വലിച്ചും, പെണ്ണുപിടിച്ചും നശിക്കുന്ന യുവതലമുറ-"

സ്വാർത്ഥൻ, "മതി നിർത്ത്... ഇങ്ങനെ പറയാനാണെങ്കിൽ ഒരുപാട് നീളും. ഇന്നത്തെ കാലത്ത് അവനവന്റെ കാര്യം നോക്ക്, അത്യാവശ്യം നന്നായി പഠിച്ച് ഒരു ജോലി, കുടുംബം, കുട്ടികൾ, അങ്ങനെ, അങ്ങനെ...

അല്ലാതെ ലോകത്ത് നടക്കുന്ന കാര്യങ്ങളെ കുറിച്ച്, ചിന്തിച്ച് തല പുണ്ണാക്കാനാണെങ്കിൽ അതിനേ നേരം കാണൂ." തന്റെ നിലപാട് സ്വാർത്ഥൻ ഭംഗിയായി അവതരിപ്പിച്ചു.

കൂർമ്മബുദ്ധിക്ക് അത് ഒട്ടും ഇഷ്ടപ്പെട്ടില്ല "ഹും, ജനിച്ച് പോയതു കൊണ്ടു മാത്രം ജീവിക്കാം അല്ലേ" നേരിയ പുച്ഛത്തോടെ അവൻ തുറന്നടിച്ചു..

"ശരി, ധിക്കാരി പറഞ്ഞതു വച്ചു നോക്കിയാൽ, സമൂഹത്തിൽ പൊതുവെ ഒരു മൂല്യച്യുതി ഉണ്ട്."

വിവേകി അങ്ങനെയാണ്. തെറ്റു പറ്റിയാൽ തുറന്നു സമ്മതിക്കും. "പക്ഷെ നമുക്ക് എന്തു ചെയ്യാനാകും?" വിവേകി ആരാഞ്ഞു. ചർച്ച

“നമ്മാളാരും ഗാന്ധിയോ, ലിങ്കണോ, മാർട്ടിൻ ലൂതർ കിങ്ങോ, മദർ തെരേസയോ കുറഞ്ഞ പക്ഷം ഒരു നെൽസൺ മണ്ടേലയോ അല്ല. നമ്മൾ സാധാരണക്കാരാണേ...

നമ്മളെകൊണ്ട് കഴിയില്ലേ... ''വിദ്യാഭ്യാസം!'' പെട്ടെന്നായിരുന്നു കൂർമ്മബുദ്ധി അത് പറഞ്ഞത്.

“അതെ, വിദ്യാഭ്യാസം, അതു മാത്രമാണ് ഇതിനുള്ള പരിഹാരം.”

“എന്തു വിഢിത്തമാണ് ഇയാൾ പറയുന്നത്.” വിവേകിക്ക് യോജിക്കാൻ കഴിഞ്ഞില്ല.

“സമ്പൂർണ്ണ സാക്ഷരത നേടിയ മാവേലിനാടിന്റെ കാര്യമാണ് ഇവിടെ പറഞ്ഞത്.”

“നമുക്ക് വിദ്യാഭ്യാസം എന്നാൽ ഇപ്പോഴും തറ, പറ, പന മാത്രമാണ്.

വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്നത് പുതിയ തലമുറയ്ക്ക് നമ്മുടെ മഹത്തായ സംസ്ക്കാരം പകർന്നു നൽകുക എന്നതാണ്, പരസ്പരസ്നേഹം, സഹകരണം, മനുഷ്യത്വം. ഇതെല്ലാമാണ് വിദ്യാഭ്യാസംകൊണ്ട് ഉദ്ദേശിക്കുന്നത്.

കള്ളപ്പറയും ചെറുനാഴിയും കള്ളത്തരങ്ങളും ഒന്നുമില്ലാതിരുന്ന മാനുഷരെല്ലാവരും ഒന്നു പോലെവാണിരുന്ന നാടാണിതെന്നോർക്കണം.”

“ജീവന് മതമില്ല എന്നു പറഞ്ഞപ്പോൾ തെരുവിൽ പുസ്തകം കത്തിച്ച സമൂഹത്തെയാണോ ഈ പാഠം പഠിപ്പിക്കുന്നത് ?”

ധിക്കാരി കയർത്തു.

''വേണം നമുക്ക് ഉത്തരവാദിത്തമുള്ള പൗരന്മാരെ'' വിവേകി ചർച്ചയിൽ ഒരു പുതിയ വീഥി തെളിച്ചു.

“പൗരധർമ്മം എന്തെന്നറിയുന്ന പൗരന്റെ ശക്തി തിരിച്ചറിയുന്ന പൗരാവകാശത്തിനുവേണ്ടി പോരടുന്ന തലമുറയെയാണ് വളർത്തി കൊണ്ടുവരേണ്ടത്.”

കൂർമ്മബുദ്ധി ''തീർച്ചയായും അങ്ങനെ ഒരു തലമുറ ഉണ്ടായാൽ ഭരണത്തിനു വേണ്ടി കുതിരകച്ചവടം നടത്തുന്നവർ, ആയിരവും പതിനായിരവും കോടികൾ തട്ടിപ്പും വെട്ടിപ്പും അഴിമതിയും തിരിമറിയും കുംഭകോണവും കോഴയും കൈക്കൂലിയുമൊക്കെയായിട്ട് വിഴുങ്ങുന്ന ഭരണകർത്താക്കൾ, അവരെ വഴിപിഴപ്പിക്കാനും പിഴച്ച വഴിയെ അവരെ പരിക്കില്ലാതെ നടക്കുവാനും എല്ലാ ഒത്താശയും ചെയ്യുന്ന ബ്യൂറോക്രസി, തനിക്ക് ശേഷം തന്റെ മക്കൾ മാത്രം മതി ഭരിക്കാൻ എന്ന് അത്യാഗ്രഹിക്കുന്ന രാഷ്ട്രീയ പടുക്കൾ, എല്ലാത്തിനും ഒരു അറുതിയുണ്ടാവും.”

അവൻ പ്രതികരിച്ചു തീവ്രമായി. “ഒരിക്കലും നടക്കാത്ത ഒരുപാടു കാര്യങ്ങൾ. ഇത്രയും നേരം മൗനം ഭജിച്ചിരുന്ന സ്വാർത്ഥന് സഹിക്കാവുന്നതിലും അപ്പുറത്തായി കാര്യങ്ങൾ നിങ്ങൾ ഇവിടെ പറഞ്ഞു. നമ്മൾ ഒരാൾ വിചാരിച്ചാൽ എന്തു നന്നാവാനാണ് ഈ നാട് ? നിങ്ങൾ പറയുന്നത് പോലെ ജീവിച്ചാൽ സമൂഹം എങ്ങനെയാണ് നമ്മളെ നോക്കി കാണുന്നതെന്ന് അറിയാമോ? പുച്ഛത്തോടെ, അറപ്പോടെ, വെറുപ്പോടെ''

അങ്ങനെ ജീവിച്ചിരുന്നവരാരെങ്കിലും ഗതി പിടിച്ചിട്ടുള്ളതായി കേട്ടിട്ടുണ്ടോ ഇതിന് മുമ്പ്? നവാബ് രാജേന്ദ്രൻ, ഉത്തരവാദിത്തമുള്ള പൗരൻ, കാരാഗൃഹത്തിന്റെ ഇരുട്ടിലിട്ട്, തല്ലി ചതച്ചു നിയമപാലകർ, പൊന്നുമകനെ ഒരു നോക്ക് കാണാൻ കൊതിച്ചു, എരിഞ്ഞടങ്ങുന്നതുവരെ ഈച്ചരവാര്യർ, സത്യവാൻ ഹരിചന്ദ്രനെകൊണ്ടെത്തിച്ചു ചുടലപ്പറമ്പിൽ.. നിങ്ങൾക്ക് ഗാന്ധിജിയുടെ ഏറ്റവും വലിയ ശത്രു ആരെന്നറിയാമോ.. നാഥുറാം ഗോഡ്സെ വിനായക് അല്ല, സ്വന്തം മകൻ! കുടുംബം നോക്കാതെ നാട് നന്നാക്കാൻ ഇറങ്ങിയ അച്ഛനെ തള്ളിപ്പറഞ്ഞ് തെരുവിൽ ദരിദ്ര നാരായണൻമാരുടെ കൂടെ പിച്ചതെണ്ടി ജീവിച്ചു. രാഷ്ട്രപിതാവിന്റെ പുത്രൻ. അങ്ങനെ എത്ര എത്ര ഉദാഹരണങ്ങൾ. നിങ്ങൾ ആദ്യം സ്വന്തം കാര്യം നോക്ക്, പിന്നെ മതി നാടും നാട്ടാരുമെല്ലാം. സ്വാർത്ഥന്റെ ശബ്ദം അന്തരീക്ഷത്തിൽ മുഴങ്ങി കൊണ്ടിരുന്നു.

മടിയൻ സ്വാർത്ഥന്റെ ഓരോ വാക്കും തലയാട്ടി സമ്മതിച്ചു...

* * * * * * * * * *

കൈയിലിരുന്ന മനോരമ പത്രം മടക്കി വച്ചിറങ്ങി, റ്റി.റ്റി ടേബിളും കടന്ന് പടവുകളേറി അവൻ റൂമിലെത്തി വർദ്ധിത ഊർജ്ജത്തോടെ പഠനത്തിൽ മുഴുകി...

മണ്ണാങ്കട്ടയും കരിയിലയും

കഥകൾ

പുനർജ്ജനിക്കുന്ന അനുഭവങ്ങൾ
പറയാതെ പോയ സത്യങ്ങൾ
കഥകൾ ഇവയൊക്കെയാകുമ്പോൾ
കഥയെന്ന തലക്കെട്ട് വൈരുദ്ധ്യമാകുന്നു.

തിരക്കഥ

വിനീഷ് പി. | 5 മെക്കാനിക്കൽ

മുഖാന്തരം

രംഗം 1

സ്ക്രീനിൽ കനത്തമഴ. നേരം പുലരുന്നതേയുള്ളു. മഴത്തുള്ളികൾ റോഡിൽ അങ്ങിങ്ങ് വീണ് ചിതറിക്കൊണ്ടിരിക്കുന്നു. കനത്ത മഞ്ഞ് പെയ്യുന്നതിനാൽ റോഡ് അവ്യക്തമാണ്. കുടപിടിച്ചുകൊണ്ട് റോഡിലൂടെ ഒരു സ്ത്രീ നടന്നുവരുന്നു. വിജയനമായ സ്ഥലം. റോഡിന്റെ ഇരുവശത്തും മരങ്ങളാൽ മനോഹരമായി ശോഭിച്ചു നിൽക്കുന്ന പ്രകൃതി. മഴ ചാറ്റലേറ്റു നനഞ്ഞ സാരി മുട്ടോളം കയറ്റിപ്പിടിച്ചിട്ടുണ്ട്. മുടി ചിന്നിച്ചിതറി കിടക്കുന്നു. പ്രായം (28). സ്ക്രീനിൽ യുവതിയുടെ മുഖം അവ്യക്തമായി കാണിക്കുന്നു. (രംഗം 1 ഒരു ഇരുട്ടും വെളിച്ചവും കലർന്ന പശ്ചാത്തലം).

രംഗം 2

നാട്ടിൻ പുറത്തെ ഒരു ക്ലബ്ബ്... അകത്ത് പൊട്ടിച്ചിരിയും ബഹളവും,,,

"She is pretty gorgeous" എല്ലാവരും ഉറക്കെചിരിക്കുന്നു. ക്ലബ്ബിനു മുകളിൽ 'യുവധ്വനി' ക്ലബ്ബ് എന്ന് എഴുതിവച്ചിരിക്കുന്നു... പുറത്ത് മഴ പെയ്തുകൊണ്ടേയിരിക്കുന്നു.

രംഗം 3

സൂര്യരശ്മികൾ ഏതാണ്ട് ശക്തിപ്രാപിച്ചു തുടങ്ങി. ഈ സമയം രാവുണ്ണിമാഷ് (60-62) ഒരു കാലൻ കുടയുമെടുത്ത് ദൂരെ നിന്ന് നടന്നുവരുന്നു, (കുടവയർ, ബനിയൻ, ഒരു നീല കൈലിമുണ്ട്, അരയിൽ തടിച്ച ബെൽട്ട്, കൈയ്യിലൊരു ടോർച്ച്) ക്ലബ്ബാണ് ലക്ഷ്യം. (ക്യാമറ കുറച്ചു ദൂരെ സെറ്റ് ചെയ്ത് വച്ചിരിക്കുന്നു).

മാഷ് തന്റെ കടയുടെ മുന്നിൽ എത്തുന്നു.... കടയുടെ മുന്നിൽ പ്രാവുകൾ എന്തോ കൊത്തിപ്പെറുക്കുന്നു. മാഷെകണ്ടഭാവത്തിൽ അവ പറന്നകലുന്നു. ക്യാമറ അവയ്ക്കുനേരെ തിരിക്കുന്നു. ക്ലബ്ബിനു മുന്നിൽ എത്തിയപ്പോൾ പൊട്ടിച്ചിരിക്കും ബഹളത്തിനും ശക്തിപ്രാപിക്കുന്നു.

ഈ പിള്ളേർക്കു വീടും കുടിയുമൊന്നുമില്ലേ..?' എന്തു വന്നാലും കുറ്റിയടിച്ചു നിൽക്കുന്നത് കാണാം. മാഷ് ഏകനായി പിറുപിറുക്കുനനു.

മാഷ് കട തുറക്കുന്നു, ചായയ്ക്ക് വെള്ളം വയ്ക്കുന്നു. മിഠായികുപ്പിയിൽ അരിച്ചു നടക്കുന്നു. ഉറുമ്പിനെ ദൂരെ ക്കളഞ്ഞുകൊണ്ട്.

“ഒന്നു വായുസഞ്ചാരം കടക്കട്ടേന്നു വിചാരിച്ചപ്പോൾ എന്നുശല്ല്യമാണപ്പാ?....”

“മാഷേ കടുപ്പത്തിലൊരു ചായ ”

പുറത്തുനിന്ന് കയറിവന്ന കേശവൻ ചോദിച്ചു.

കറുത്തനിറം ..(50-52) വയസ്സ്. കണ്ടാൽ തന്നെ ഒരു തൊഴിലാളിയുടെ വേദന മുഖത്ത് വരച്ചുവച്ചിട്ടുള്ളതായി തോന്നു. കുടയില്ല, പാതി മഴനനഞ്ഞിട്ടുണ്ട്..

രംഗം 4

സ്ക്രീനിൽ രാവുണ്ണിമാഷിന്റെ കട കടയിൽ രണ്ടുമൂന്ന് പേർ ഇരുന്ന് ചായകുടിക്കുന്നു. വരാന്തയിൽ ഒരു പഴക്കുല തൂക്കിയിട്ടിരിക്കുന്നു. മുഴുവനും പഴുത്തിട്ടില്ല. യാദൃശ്ചികമായി രംഗം 1 ൽ പറഞ്ഞ സ്ത്രൂ രൂപം കടയുടെ മുന്നിലേക്ക് വരുന്നു. ഇപ്പോഴാണ് തുടക്കത്തിൽ നിന്ന് വ്യത്യസ്തമായി സ്ത്രീരൂപത്തിന്റെ മുഖം Zoom ചെയ്തുകാണിക്കുന്നുത്. കടയുടെ മുന്നിലെത്തിയ സ്ത്രീരൂപം.

" ഇവിടെ എവിടെയാ കന്യാസ്ത്രീ മഠം", (സ്ത്രീ)

"ആരാപ്പാ ഇത്, ഇത് വരെ കണ്ടില്ലല്ലോ.." (മാഷ്)

"കാസർഗോഡ് നിന്നാണ്ണ്, (സ്ത്രീ)

" എന്താപ്പാ ഒറ്റയ്ക്ക്, ഭർത്താവുകൂടെയുണ്ടോ" (മാഷ്)

സ്ത്രീ രൂപത്തിന്റെ നെറ്റിചുളിയുന്നു.... മുഖത്ത് നേരിയ തോതിൽ ഇരുട്ടിവ്യാപിക്കുന്നു. ചുണ്ടുകൾ മെല്ലെ ചലിപ്പിക്കാൻ തുടങ്ങിയെങ്കിലും വിഴുങ്ങി. തണുപ്പിന്റെ ഗാഡതയിൽ പോലും ചുണ്ടുകൾ നന്നേ വിണ്ടുകീറിയിട്ടുണ്ടെന്ന് ഒരൊറ്റ ദൃഷ്ടിയിൽ മനസ്സിലാക്കാം. (സ്ത്രീയിൽ നിന്ന് ഉത്തരം കിട്ടാതിരുന്നപ്പോൾ)

"പേരെന്താ'... (മാഷ്)

"സ്റ്റെല്ല".

"ദാ... ആ കാണുന്നതാ പഴയനിരത്ത്. അതിലൂടെ ഒരു അഞ്ചുമീറ്റർ നടന്നാൽ നേരെ വലത്ത് കാണുന്നതാ"...

ഒരു നന്ദവാക്കുപോലും പറയാതെ സ്ത്രീ നടന്നകലുന്നു. ഉയർത്തിപ്പിടിച്ച സാരിതുമ്പ് താഴ്ത്തിതന്നെ ഇടുന്നു.

രംഗം 5

സ്ക്രീനിൽ ഒരു ടൗൺ ദൃശ്യമാകുന്നു. കാരപ്പറമ്പ് എന്ന് പലകടകളുടേയും പേരിനുതാഴെ എഴുതിവച്ചിരിക്കുന്നു.. റോഡിലൂടെ അങ്ങിങ്ങ് വാഹനങ്ങൾ ഒഴുകി നീങ്ങുന്നു. ക്യാമറ പ്രത്യേക രീതിയിൽ അവയെ വരച്ചുകാട്ടുന്നു. നല്ലതിരക്ക്, ഒരു മെറീന ടെക്സ്റ്റയിൽസിനു മുന്നിൽ വൻ ജനക്കൂട്ടം അവിടെ പിച്ചതെണ്ടുന്നതിനിടയിൽ പോക്കറ്റടിച്ച ഒരു ബാലനെ എല്ലാവരും ചേർന്ന് തല്ലുന്നത് കാണാം. അങ്ങിങ്ങ് പച്ചക്കറിചന്തകൾ, മൊത്തത്തിൽ നല്ല ബഹളം... തെരുവ് സർക്കസ് ടൗണിൽ അരങ്ങേറുന്നു.

ജനക്കൂട്ടത്തിനിടയിലൂടെ സ്റ്റെല്ല നടന്നു വരുന്നു... കാരപ്പറമ്പ് പ്രൈവറ്റ് ബസ്റ്റാന്റ് എന്ന് എഴുതി വച്ച ഭാഗത്തേക്ക് നീങ്ങുന്നു. അവിടെ നിന്നപ്പോൾതന്നെ അവരുടെ ചുണ്ടുകൾ വിറയ്ക്കുന്നു അറിയാതെ ഒരുകൈകൊണ്ട് സാരി തുമ്പ് ഞെരിക്കുന്നു.

രംഗം 6

നേരം ഉച്ചയോടടുത്തു രക്തസാക്ഷികളുടെ സ്മരണയ്ക്ക് എന്ന് എഴുതിവച്ച ബോർഡിനുതാഴെ കണ്ടേ പേരുകളിലൊന്നിൽ പറ്റിപ്പിടിച്ചിരിക്കുന്ന പൊടിപടലങ്ങൾ അവർ തുടച്ചുമാറ്റുന്നു.

"ജോഷൻ *I am sorry* എനിക്കിത് നേരത്തേ തോന്നിയില്ല, കാരണം ഇവിടം അന്വേഷിച്ചു കണ്ടുപിടിക്കാൻ പറ്റുമെങ്കിലും താമസം പറ്റുമായിരുന്നില്ല... വിതുമ്പുന്നു.

രംഗം 7

പശ്ചാത്തലത്തിൽ കന്യാസ്ത്രീമഠം...കന്യാസ്ത്രീ മഠത്തിനു മുന്നിൽ ഒരു വൻ ഫ്ളവർഷോ അരങ്ങേറുന്നു. കന്യാസ്ത്രീ മഠത്തിനു മുന്നിലെ ഗ്രൗണ്ടിലാണ് നടക്കുന്നത്. തെങ്ങുകളാൽ ചുറ്റപ്പെട്ട ഗ്രൗണ്ട്. ഗ്രൗണ്ടിൽ കശുമാവ് തൈകളുമുണ്ട്.

" ഇവിടെ മുമ്പ് കണ്ടിട്ടില്ലല്ലോ" (സ്റ്റെല്ലയോട്) ഒരു യുവാവ് ചോദിക്കുന്നു. നല്ല വെളുത്ത നിറം ജീൻസ് ഷർട്ടുമാണ് വേഷം, മുടി ഇരുവശത്തേക്കും ചീകി വച്ചിട്ടുണ്ട്, സ്റ്റൈലൻ നിൽപ്പ്.

" ഇവിടെ കുറച്ച് ദിവസം അതിഥിയാ'യ. (സ്റ്റെല്ല)

" പേര്" (യുവാവ്)

"I am stella"

"I am Sudheesh"

അവർ അവിടെ പിരിയുന്നു... സ്റ്റെല്ല തന്റെ റൂമിലേക്ക് പോവുന്നു.

രംഗം 8

കന്യാസ്ത്രീമഠം.... അവിടെ സ്റ്റെല്ലയോഡ് 'ഒരു മദർ' കാര്യങ്ങൾ അന്വേഷിച്ചറിയുന്നു.

" ജോൺ പോളച്ചൻരെ പ്രത്യേക നിർദ്ദേശപ്രകാരമാണ് സ്റ്റെല്ലയെ ഇവിടെ താമസിക്കാനനുവദിച്ച്ച്. മദർ പറയുന്നു... (ഏകദേശം (58-60) പ്രായം എങ്ങിലും നല്ല ഐശ്വര്യം തുളുമ്പുന്ന മുഖം. Slight colour ... കൈകൾക്ക് ചുളിവ് ബാധിച്ചിരിക്കുന്നു. മുടികൾ ഏറെക്കുറെ നരച്ചിരിക്കുന്നു.)

"അറിയാം മദർ...."

" ആട്ടെ, മോളേന്താ ഇവിടെ...

" ഏയ് ഒന്നുമില്ല്'ല്ല..

(രാത്രിയായതിനാൽ ലൈറ്റുകളെല്ലാം തെളിഞ്ഞിരിക്കുന്നു... സ്റ്റെല്ലയ്ക്ക് എന്തോ അസ്വസ്ഥ തോന്നുന്നു.)

" മദർ... ലൈറ്റൊന്ന് അണച്ചോട്ടേ'ട്ട....

" ശരി, അല്ല ഉദ്ദേശ്യകാര്യം പറഞ്ഞില്ല" (മദർ)

" വല്ലാത്ത തലവേദന, നാളെ ..."

Good night, കർത്താവ് കൂടെയുണ്ട് (മദ.)

" ഇപ്പോഴും എപ്പോഴും ഉണ്ടാവട്ടെ" (സ്റ്റെ.)

രംഗം 9

സ്റ്റെല്ലയ്ക്ക് കിടക്കാനൊരുക്കിയിരിക്കുന്ന മുറി.. മുറിയിൽ രണ്ടു സിസ്റ്റർമാരുണ്ട്, ഏലിയാനും, കത്രീനയും.... കാണാൻ നല്ല ഭംഗി... മെലിഞ്ഞ ശരീരം പ്രായം ഏലിയാസ് (20-22) കത്രീന (21-23)... സ്റ്റെല്ല റൂമിൽ എത്തിയതോടെ ഏലിയാസിനു കിടക്കാൻ സ്ഥലമില്ലാതായി. മുറിയിൽ നേരിയ മഞ്ഞവെളിച്ചം. ക്യാമറ , മൂവരുടെ മുഖത്തും മാറിമാറി ഉറ്റുനോക്കുന്നു.

" ഞാൻ സിസ്റ്റർ.. ജിജിയുടെ റൂമിലേക്ക് പോകാം"... (ഏലി)

" അനു, സിസ്റ്ററിന്റെ റൂമിലേക്ക്... (കത്രീ)

അതു പറഞ്ഞയുടനെ ഏലിയാസ് പുറത്തേക്ക് പോവുന്നു...നൈറ്റ് ഡ്രസ്സാണ് വേഷം".

(അവളും ജിജിസിസ്റ്ററും എന്നും.... വഴക്കാണ്.... സ്വഭാവം തീരെ നന്നല്ലാ അതാ...)

" ആരുടെ..." (സ്റ്റെല്ല

"ജിജീടെ"...

(പലകുശലങ്ങൾ പറഞ്ഞ് അവർ തമ്മിൽ ഒരു ആത്മ ബന്ധം ഉടലെടുക്കുന്നു)

" സ്റ്റെല്ല ജനലിനരികിൽ നിന്നുകൊണ്ട് പുറത്തേക്ക് നോക്കുന്നു. ക്യാമറ ചന്ദ്രനെ (moon) ഫോക്കസ് ചെയ്യുന്നു.... ഈ സമയം സ്റ്റെല്ലയുടെ മനസ്സിൽ പഴയകാല ഓർമ്മകൾ ഓടിയെത്തുന്നു. ഒരു ട്യൂബ് ലൈറ്റ് തെളിയാനാഞ്ഞുവരും പോലെ ദൃശ്യങ്ങൾ സ്ക്രീനിൽ മിന്നിക്കൊണ്ടിരിക്കുന്നു.... സ്റ്റെല്ല വിയർക്കുന്നു, ബെഡ്ഡിലേക്ക് തളർന്നിരിക്കുന്നു.

"എന്താ... സ്റ്റെല്ലാ എന്തുപറ്റി ....".

'വിയർത്തുകുളിച്ച സ്റ്റെല്ല... എല്ലാം കത്രീനയോട് തുറന്ന് പറയുന്നു, ഇവിടെ സംഭാഷണം കേൾക്കുവാൻ സാധിക്കില്ല.. ക്യാമറ അവരെ ഇരുവരേയും മാറിമാറി കേന്ദ്രബിന്ദുക്കളാക്കി ചലിച്ചുകൊണ്ടിരിക്കുന്നു. സ്റ്റെല്ല.... വിയർക്കുന്നതിനോടൊപ്പം കത്രീനയും വിയർക്കുന്നു.

(സ്റ്റെല്ല തന്റെ ബാഗു തുറന്ന് കുറേ നോട്ടുകെട്ടുകൾ പുറത്തെടുക്കുന്നു.... കത്രീനയ്ക്ക് നൽകുന്നു. പെട്ടന്ന് കറണ്ട് പോകുന്നു... ഇപ്പോൾ സ്ക്രീനിൽ നേരിയ മെഴുകുതിരി വെളിച്ചം മാത്രം..... ഇരുവരുടേയും മുഖം മാത്രം മെഴുകുതിരി വെളിച്ചത്തിൽ തെളിഞ്ഞു കാണാം...)

രംഗം 10

Flash Back

സ്ക്രീനിൽ വർണ്ണശമ്പളിതമായ അവസ്ഥ അങ്ങിങ്ങ് കടലാസുതുണ്ടുകൾ പറന്നു നടക്കുന്നു. സി.ജി. കോളേജാണ് സ്ക്രീനിൽ ദൃശ്യമാകുന്നുത്. decorative ആയി തോന്നിക്കുന്ന കെട്ടിടങ്ങൾ... ആകെ അവിടെ എന്തോ പരിപാടി നടക്കുന്നതിന്റെ കോലാഹലം.. കോളജ് ഡേ ആഘോഷിക്കാനുള്ള ബദ്ധപ്പാടിലാണ് എല്ലാവരും. കോളജ് യൂണിയൻ മെമ്പർമാരെല്ലാം നല്ല തിരക്കിലാണ്. സ്റ്റെല്ല പുറത്ത് ജോഷനോട് സംസാരത്തിന്റെ തിരക്കിലും (ജോഷൻ കോളജ് വിദ്യാർത്ഥിയല്ല, ജോഷനും സ്റ്റെല്ലയും നല്ല സുഹൃദ്ബന്ധമാണ്... ജോഷൻ സി.ജി. കോളേജിലെ പൂർവ്വ വിദ്യാർത്ഥിയാണ്. യൂണിയനിലെ ചെയർമാനുമായിരുന്നു. യൂണിയൻ ഇലക്ഷൻ നടക്കേണ്ടുന്ന സമയമടുത്തപ്പോൾ സ്റ്റെല്ലയെ കാണാൻ എത്തുന്നതാണ്.

കോളജ് ഡേ നടക്കുന്നു എന്ന ഭാവം പോലും സ്റ്റെല്ലയുടെ മുഖത്ത് നിഴലിച്ചിരുന്നില്ല. അവളും ജോഷനും അഗാധമായി എന്തോ സംസാരത്തിലാണ്. അടുത്ത യൂണിയന്റെ കാര്യമാണെന്ന് സംസാരശകലം മനസ്സിലാക്കിതരുന്നു.

"നോക്കാം, ആഞ്ഞുപിടിക്കാം" (സ്റ്റെല്ല)

"വോട്ടെല്ലാ..."

"ശ്രമിക്കാ.." (സ്റ്റെല്ല)

രംഗം 11

കന്യാസ്ത്രീ മഠത്തിലെ മുറി... സ്റ്റെല്ലയും കത്രീനയും ഉറങ്ങിയിട്ടില്ല...

"ഈ പണം അവർക്ക് നീ നൽകണം..."

"വീട്"... (കത്രീ)

"മങ്ങാട്ടുപറമ്പ് (സ്റ്റെ)

"ശരി" (കത്രീ)

കരണ്ടു വന്നിട്ടില്ല, കത്തി മരിക്കുന്ന മെഴുകുതിരികളുടെ എണ്ണം കൂടിവരികയാണ്.

"പിന്നീടെന്തുണ്ടായി" (കത്രീ)

"പിന്നെ വോട്ടെടുപ്പ് അതുകഴിഞ്ഞ് പെട്ടെന്നാണ് ആകെ ഒരു ബഹളം കേട്ടത് ഓടിക്കിതച്ച് എല്ലാവരും വീടുകളിലേക്കോടി" എന്താണെന്നറിയാ... ൻ, ഞാ.. നാണ്, ജോഷനെ..." വിതുമ്പുന്നു

(കത്രീന ഒന്നും മനസ്സിലാകാത്ത വിധത്തിൽ നെറ്റി ചുളിക്കുന്നു...

സ്റ്റെല്ല കട്ടിലിലിരുന്നുകൊണ്ട് അലസ്സമായിക്കിടന്ന പുതപ്പ് ഞെരിക്കുന്നു...

"ആ ബഹളം എല്ലാ സീറ്റുകളും നഷ്ടപ്പെട്ട ദുഃഖത്തിൽ എതിർപാർട്ടിക്കാർ ഉണ്ടാക്കിവച്ചതായിരുന്നു. അതിൽ അനിരുദ്ധനെ തല്ലുന്നത് പിടിച്ചുമാറ്റാൻ.. (ഈ സമയം ഈ സീനുകളെല്ലാം കാണിക്കുന്നു)... അതെ ഞാനാണ് തള്ളിവിട്ടത്... ചുണ്ടുകൾ മേൽപല്ലുകൊണ്ട് കടിക്കുന്നു... പിന്നെ... കുത്തേറ്റ് ജോഷൻ.. പിട

യുന്നതാണ്...." (സ്ക്രീനിൽ ജോഷന്റെ മരണം കാണിക്കുന്നു)... വീണ്ടും വിതുമ്പുന്നു... ശബ്ദം കൂടുന്നു..)

കത്രീന തോളിൽ കൈവയ്ക്കുന്നു...

"Its Okey...please കരയരുത്"

രംഗം 12

പശ്ചാത്തലത്തിൽ കിളികളുടെ ശബ്ദം.. സ്റ്റെല്ലയും സിസ്റ്റർ കത്രീനയും നടന്നുവരുന്നു. ക്യാമറയിൽ നല്ല ഭംഗിയോടെ ഈ Sheet എടുക്കുന്നു. കാറ്റ്കൊണ്ട് അവരുടെ മുടി പാറിപ്പറക്കുന്നു... യാത്രയ്ക്കിടയിൽ അവർ സംസാരിക്കുന്നു...

"ഇവിടെ എങ്ങനെ മനസ്സിലാകക്കി, എന്താ കാസർകോഡ്" കത്രീ)

"ഞാൻ ബസ്സിറങ്ങിയത് കുറച്ചു അകലെയാ പിന്നെ ഇവിടം വരെ നടന്നു..."

"എവിടുന്നാ ഇത്രയും കാശ്" (കത്രീ)

(പിന്നിട്ട വഴികളെക്കുറിച്ച് എനിക്ക് നേരിയ തോതിൽപോലും ഓർക്കണമെന്നില്ല, എല്ലാം എന്റെ പ്രതിച്ഛായ തകർത്തിരിക്കുന്നു. എന്റെ വീട് വീട്ടുകാർ എന്നിവയ്ക്കുപരി ഞാൻ സ്നേഹിച്ചത്. വാക്കുകൾ മുറിയുന്നു. അതുകൊണ്ട്... ഒരു സ്ത്രീയും ചെയ്യാത്ത മാർഗ്ഗം... ഞാൻ വിതുമ്പുന്നു)

"കത്രീന ഞെട്ടിത്തെറിക്കുന്നുന്നു... മുഖം വിളറുന്നു.

പക്ഷെ പുറത്ത് കാണിക്കുന്നില്ല...

"നിങ്ങളെ കണ്ടാൽ" കത്രീ)

"ജീവിതത്തിലാർക്കും ആരെയും മനസ്സിലാക്കുവാൻ കഴിയില്ല.. എല്ലാം ഒരു നിമിത്തമാണ്, വിധിയെപ്പറ്റി ആലോചിച്ചിട്ട് കാര്യമില്.. ജോൺ പോളച്ചൻ ഒരു പക്ഷെ.. എന്നെ മുൻപ് അറിയുന്നത് കൊണ്ടാവാം)

രംഗം 13

സ്ക്രീനിൽ കരിങ്കൽ ക്വാറി.... അതിനടുത്തായി ഒരു കൊച്ചുകുടിൽ.. കുടിലിനു പുറത്ത് ജോഷന്റെ അമ്മയിരിക്കുന്നു (53-58). മുണ്ടും കുപ്പായവും വേഷം.... കറുത്തിട്ടാണ്... അച്ഛൻ കേളു അകത്ത് കിടപ്പിലാണ് ശ്വാസം മുട്ടലാണ് രോഗം....

"കത്രീന കയ്യിലുള്ള പണം അവരെ ഏൽപ്പിക്കുന്നു, പഞ്ചായത്തിന്റെ ധനസഹായമാണ് എന്നു പറയുന്നു ജോഷന്റെ...."

"പറഞ്ഞു തീരും മുമ്പ് ആ അമ്മ കരയുന്നു...

കത്രീന വേഗത്തിൽ തിരിച്ചു നടക്കുന്നു.

രംഗം 14

"എന്താണ് നിങ്ങൾ ആ പണം ഏൽപ്പിക്കാഞ്ഞത്..."

"അത് കളങ്കപ്പെട്ട കൈകൊണ്ട്) വീണ്ടും വിതുമ്പുന്ന

(ഈ രംഗം ചിത്രീകരിക്കുന്നത് ഒരു പുൽമേട്ടിൽ നിന്നാണ്. യാത്രാമദ്ധ്യേ ഉള്ളതാണ്. ഇവിടുന്നു നാലു കി.മി നടന്നാൽ മെയിൽ ബസ്റ്റാന്റിൽ എത്താം)

പ്രകൃതി ഭംഗി നന്നായി ഇവിടെ വരച്ചുകാട്ടുന്നു. ചെടികൾ അങ്ങിങ്ങ് കാറ്റിൽ ആടി ഉലയുന്നു.

"ഞാൻ യാത്ര തിരിക്കുകയാണ്" സ്റ്റെല്ല...

"അപ്പോൾ മദർ"....

കാണാനുള്ള ശക്തിയില്ല.....

യാത്ര തിരിക്കുന്നു....

"ഇനിയെന്താണ് ഭാവി പരിപാടി" (കത്രീ)

"എല്ലാവരെയും സഹായിച്ച് ഈ ജീവിതം നശിക്കുന്നത്കൊണ്ട്, മറ്റുപലരും രക്ഷപ്പെടുമെങ്കിൽ"

രംഗം 15

സ്ക്രീനിൽ കനത്തമഴ... നേരം പുലരുന്നതേയുള്ളൂ. മഴത്തുള്ളികൾ റോഡിൽ അങ്ങിങ്ങ് വീണ് ചിതറിക്കൊണ്ടിരിക്കുന്നു. കനത്തമഞ്ഞ് പെയ്യുന്നതിനാൽ റോഡ് അവ്യക്തമാണ്... കുടപിടിച്ചുകൊണ്ട് റോഡിലൂടെ നടന്നുവന്ന സ്ത്രീരൂപം, ഒരു ചെറിയ കടത്തിണ്ണയിൽ കയറി നിൽക്കുന്നു... പെട്ടെന്ന് ഒരു പാണ്ടിക്കുട്ടി... ദേഹമാസകലം ചെളിയുണ്ട്. നടന്നുവരുന്നു. മഞ്ഞ് പെയ്തുകൊണ്ടേയിരിക്കുന്നു. വിജനമായ സ്ഥലം.. കുട്ടിക്ക് നന്നേ വിശക്കുന്നുണ്ടെന്ന് മനസ്സിലാക്കിയ സ്ത്രീരൂപം നൂറുരൂപ എടുത്ത് നീട്ടുന്നു.

"പോയി വല്ലതും കഴിച്ചു വാട്ടോ...."

കുട്ടി ആ കാശുമേടിച്ച് റോഡിലൂടെ ഓടി മറയുന്നു. മഞ്ഞായതിനാൽ ദൃഷ്ടിപഥത്തിൽ നിന്ന് പെട്ടെന്നു തന്നെ ആ കുട്ടി മറഞ്ഞുപോവുന്നു.

പെട്ടെന്ന്... ഒരു ടാറ്റാ സുമോ വന്നു നിർത്തുന്നു.

സ്ത്രീ രൂപം അതിലേക്കു കയറുന്നു.

"പേരെന്താ?..."

"സുജ...."

മഞ്ഞുപാളികൾക്കിടയിലേക്ക് ആ വാഹനം മറയുന്നു.. കാറ്റിൽ ഒരു കറുത്ത കുട റോഡിലൂടെ മലക്കം മറിഞ്ഞ് പറന്ന് നീങ്ങുന്നു.

ശുഭം

NIIT

PLACEMENT ASSURANCE

WiTH ThE 4- moNth ACCELERATeD ANIIT PRoGRAM FOr ENGINEERS.

NO MORE job searches for me!

IN THE PROGRAM

- Restricted to engineers and Master's Degree students in Computer Science / IT and Computer Applications.
- 16-week program with full-time student involvement required. 4 hours daily, 6 days a week. In addition to this, students are expected to work. on assignments and study on their own for a further 4 hours every day.
- Covers IT foundation skills, software engineering with specialization in NET & J2EE frameworks, Integration projects and Industry Readiness modules.
- Conducted in Accelerated Mode with intense lab sessions and special projects.
- Placement Assurance cover for all successful candidates meeting applicable conditions.
- Applicable for MCA students.

NIIT, LOGOS CENTRE, KOTTAYAM - 1. PH: 0481-2565934

മഹേഷ് എം. ജി । 5 കമ്പ്യൂട്ടർ

ആവർത്തനം

രാവിലെ കിട്ടിയ മെസേജ് കണ്ടമ്പരന്ന് പെട്ടെന്ന് തന്നെ കുളിച്ചൊരുങ്ങി, സുധിയെയും കൂട്ടിവിളിച്ച്, വിളിക്കാൻ പറ്റുന്നവരെയൊക്കെ വിളിച്ച് ഞങ്ങൾ പുറപ്പെട്ടു.

"ഇനിയും എത്രദൂരം പോണം..." പിന്നിലിരുന്ന് സുധി ചോദിച്ചു. "അറിയില്ല ആരോടെലും ചോദിക്കാം..." അങ്കലാപ്പിനിടയിൽ ഈവക കാര്യങ്ങളൊന്നും ഞാനോർത്തില്ല. വഴിചോദിച്ച് ഒരു വിധത്തിൽ ഞങ്ങളവിടെയെത്തിയപ്പോൾ വീടിന് മൂന്നിൽ കുറച്ചാളുകളെ ഉണ്ടായിരുന്നുള്ളൂ.

തലേന്നത്തെ മഴയിൽ ചെളിനിറഞ്ഞ വഴിയിലൂടെ, പാന്റ്സ് കേറ്റിവച്ച് ഞങ്ങൾ നടന്നു. വഴിയരികിൽ ആർക്കോവേണ്ടി ഓക്കാനിക്കാനെന്ന വിധത്തിൽ ഒരു പോലീസുകാരൻ നിൽപ്പുണ്ടായിരുന്നു. രണ്ട് കമ്പ് കുത്തി വീടിന്റെ ഭിത്തിയിലേക്ക് ചായ്ച്ച് നീല പ്ലാസ്റ്റിക്ക് ഷീറ്റുകൊണ്ട് ഒരു പന്തൽ കെട്ടിയിരുന്നു. നടക്കുമ്പോൾ മനസിലെ വിറയൽ കാലുകളിലേക്കും ബാധിച്ചുവോ എന്ന് ഞാനോർത്തു.

വീടുപണി നടക്കുന്നതേയുള്ളു. ഒരു മുറി മാത്രം കെട്ടി ഓലമേഞ്ഞിട്ടുണ്ട്. ബാക്കി മുറികളുടെ ഭിത്തി കെട്ടി പാതി വഴിയിൽ നിർത്തിയിട്ടേയുള്ളൂ.

ഇടിഞ്ഞു കിടക്കുന്ന മുറ്റത്തേക്കുള്ള പടവുകൾ കയറുമ്പോൾ എന്റെ ഉള്ളിലെവിടെയോ ഒരു ഭാരം തൂങ്ങുന്നുണ്ടായിരുന്നു.

കോളേജിൽ ആരോടും ഒന്നും സംസാരിക്കാറില്ലാതിരുന്ന രാജേഷിനെക്കുറിച്ച് ഞങ്ങൾക്കാർക്കും ഒന്നും തന്നെ അറിയില്ലായിരുന്നു. ഒരാളോടും ഒരതിരുകവിഞ്ഞ കൂട്ട് അവനില്ലായിരുന്നു.

മുറ്റത്തേക്ക് കടന്നപ്പോൾ പുകയുന്ന ചന്ദനത്തിരിയുടെ ഗന്ധം മൂക്കിലേക്ക് അടിച്ചുകയറി. അവിടെ തിങ്ങിനിറഞ്ഞു നിന്ന നിശ്ശബ്ദതയിൽ ചന്ദനത്തിരിയുടെ ഗന്ധം എന്നെ ഭയപ്പെടുത്തി. മുറ്റത്തിട്ട പന്തലിൽ ഏതാനും പേരാൽ ചുറ്റപ്പെട്ട് വെള്ളത്തുണിയിൽപൊതിഞ്ഞ്...

ഒരു മാത്രയേ നോക്കിയുള്ളൂ... സുധിയുടെകയ്യിൽ ഞാനിറുക്കിപ്പിടിച്ചു. അവൻ ചോദ്യഭാവത്തോടെ എന്നെ നോക്കി

"കൂടെ പഠിക്കുന്നന്നോരാണോ" ആരോ ചോദിച്ചു.

"ഉം." "ഇന്നലെ വൈകുന്നേരാ... സംഭവം... ഇവിടാരുമില്ലായിരുന്നു..." എന്താ കാരണംന്ന്...?

അതാണ് മനസിലാവാത്തത് എന്താവും കാരണം "വേറെവല്ലതും... ഏയ് ഇപ്പോഴത്തെ പിള്ളേരല്ലേ..."

ഒരു മൂലയിൽ രണ്ട് മൂന്ന് ചാനൽ റിപ്പോർട്ടർമാർ നിൽപ്പുണ്ടായിരുന്നു.

ഞങ്ങളകത്തേക്ക് കടന്നു. രണ്ടിഷ്ടികവച്ച് അതിന് മുകളിൽ പലകനിരത്തി കുറെ പുസ്തകങ്ങളും ബുക്കുകളും അടുക്കിയിരിക്കുന്നു. മങ്ങിയ വെളിച്ചത്തിൽ ഇരുണ്ട് മെല്ലിച്ചൊരു സ്ത്രീ ഭിത്തിയിൽ ചാരി കാലും നീട്ടിയിരിക്കുന്നു, നിശ്ചലയായി. മടിയിൽ ഒരു പെൺകുട്ടി തലചായ്ച്ച് കിടക്കുന്നു.

"അമ്മ...." "നന്നായി പഠിച്ചിരുന്ന കുട്ട്യല്ലേ... എന്താ ഇനിപ്പറഞ്ഞിട്ട് കാരണം..."

രാജേഷ്... സൗഹൃദത്തോടെ ഇന്നേവരെ ഒരു വാക്കുപോലും സംസാരിച്ചിട്ടുപോലുമില്ല. എങ്കിലും അവനാരുമല്ല എന്ന് വിശ്വസിക്കാൻ കഴിയുന്നില്ല.

പുറത്തേക്കിറങ്ങിയപ്പോൾ ക്ലാസിലെ ഏതാനും പേർകൂടി വന്നിരുന്നു. രാജേഷിനെക്കുറിച്ച് ഞങ്ങൾ ശബ്ദമില്ലാതെ ചർച്ചചെയ്തു. രാജേഷ് ആദ്യമായി ഞങ്ങളുടെ സംസാരത്തിൽ കടന്നുവന്നു. ശരീരത്തിൽ പറ്റിപ്പിടിച്ച ഒരു മഞ്ഞുതുള്ളി തട്ടിക്കളയുന്ന ലാഘവത്തോടെയായിരുന്നു എല്ലാവരും.

"വൈകിട്ട് ആറുമണികഴിഞ്ഞേ ദഹിപ്പിക്കൂ...

നമ്മളിനി നിക്കണോ....?" ആരോടും യാത്ര പറയാതെ ഞങ്ങളിറങ്ങി

"നീയെന്താടാ ഇത്ര മൂഡോഫായിട്ടിരിക്കുന്നെ?" പോകുന്ന വഴിക്ക് സുധി ചോദിച്ചു. ഞാനൊന്നും പറഞ്ഞില്ല. വീട്ടിൽച്ചെന്നിട്ടും രാജേഷ് അവസാനിച്ചിരുന്നില്ല. പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥിയുടെ മരണം ചാനലുകാർക്ക് ഓണസദ്യകിട്ടിയ ആരവം. രാഷ്ട്രീയപരമായി കൈയിലെടുത്ത് പ്രസംഗിക്കുന്നവർ, സാമൂഹ്യ സേവന സംഘടനകൾക്ക് തങ്ങളുടെ ഉദാരമനസ്കത ഒന്നുകൂടി ജനങ്ങളെ ഓർമപ്പെടുത്താൻ കിട്ടിയ അവസരം.

ടിവിയിൽ ശ്രദ്ധിച്ചുകൊണ്ടിരിക്കെ വീണ്ടുമൊരു മെസേജ്. "ഡാ നാളെ കോളേജ് അവധിയാ.... നമുക്ക് അഭിലാഷിൽ നൂൺഷോക്ക് പോകാം..."



Binod Mathew | 4 M.C.A.

To Anamika life was like a shell which conceived surprises. Like a butterfly she flew from moment to moment which in turn broke infront of her exposing its pearl. She was like a child who had got into a wonderland who viewed it with wide open, shining eyes. She spent hours in the kitchen experimenting with dishes and found a lot of time for sitting before the computer mailing her friends.

When Purushothaman came from the office, the door was open and he heard sound from the kitchen. He went to the kitchen door and found Anamika busy with making something. When she saw him she said "There is tea on the table". He asked "what the hell are you doing here"

"I am making a birthday cake for my friend" she turned her back to him. We could see the long hair of hers. Purushothaman's eyes narrowed. Then he heard the sound of rats running on the roof.

She said " Go and buy a rat trap, these rats will eat all the house up". She tossed him a half eaten potato.

Purushothaman stood there for some more time and without having the tea went out.

Purushothaman was a man of mathematics :- Mathematics of profit and loss. Always he longed for happinesses and achievements. What is achieved would soon lose its lustre and which would make him again unsatisfied.

When he reached the street it was full of people buying selling and arguing. The sky was dark and it started drizzling. Instead of going to a shop to buy a rat trap he continued his walk and went to a loose women.

The woman with a little eyelashes like the part of a little flattened bow, think lips and insolent eyes (greeted him with a crude smile) and made him sit on a bench and sat opposite to him.

She asked "where is that little kitten Anamika of yours"

Purushothaman's light dark face still darkened and reddish being were clearly seen in his' eyes.

"I didn't came here to flirt with you" he stammered. The woman burst out into a meretricious laughter exposing her stained teeth. It made him more restless. Then suddenly her face became rude and lips lightened. "never believe women, they will cheat you".

Purushothaman diverted his face and looked out side. He could see the leaves moving up and down as large drops of rain fell on them.

The woman served him locally brewed hooch

It was specially brewed with added cashew to increase vigour. Along it there was fried fish flavoured with pepper and cardamom.

Soon what he had engulfed began to act on him He felt someone grabbing his brain and every part of his body burning. Soon Purushothaman was in an ocean and himself a solitaire. He wandered through the ocean. He was driven by a fluctuating storm and his wills followed the wind. Finally the storm died down and ocean became calm.

When Purushothaman reached the street on his way home it was empty. There was nobody in the street except some stray dogs. The sky was clear with stars shining brightly. Purushothaman walked with tottering steps. Yet he manged to stagger through the drenched road- with some of the stray dogs following him barking aloud. One of them even showed the valour to came close to him threatining to bite him. Purushothaman lifted one of his legs to kick the dog. lost his balance and fell down. Still the alcohol and his brain were fighting each other to get control over his body. He began to think he lived in a prehistoic age and strange animals were attacking him stange sounds came out of him.

When Purushothaman regained conscious ness it was late midnight. He resumed his way back home.

When he reached home there was light in the drawing room and the door was not latched. He pushed open the door. Anamika was sitting on a chair with her head resting on her folded hands on the table. She was sound asleep. There was a birthday cake on the table and it was embelleshed with words.

"Happy birthday to my dearest friend Purushothaman"

There were three or four rats on the table and the cake was half eaten. Purushothaman's heart ached He thought he would pluck his heart out and rub it on the floor. One of the rats which couldn't clints the wall was running frantically here and there through the floor searching a hide. Purushothaman took a stick and began running behind the rat.



With best compliments from

GENIUS BOOK CENTRE
& PHOTOSTAT

RIT JN., NEDUMKUZHI, VELLOOR, P.O. PAMPADY, PH: 2506894

DTP (ENG & Mal), Scanning, CD - Writing
Spiral Binding & Lamination

എന്റെ വളർച്ച ഏകദേശം പൂർണ്ണമായി.......

ഇതുപോലെ സുരക്ഷിതത്ത്വം നൽകുന്ന ഇടം വേറെയില്ലെന്ന് മനസ്സിലായി- എന്റെ അമ്മയുടെ ഗർഭപാത്രം. അതിനകത്തിരുന്ന്, പുറത്ത് സംഭവിക്കുന്നവയെല്ലാം ഊഹിക്കാനും ആശ്വാസം തരുന്നതും, ചിലപ്പോൾ പേടിപ്പെടുത്തുന്നതുമായ ശബ്ദങ്ങൾ കേൾക്കുവാനും സ്നേഹത്തോടെയുള്ള തലോടലിന്റെ സുഖം അകത്തേക്ക് പ്രവേശിക്കുന്നതും എനിക്കറിയാൻ സാധിക്കുന്നു. ഇടയ്ക്കുള്ള എന്റെ ചലനങ്ങൾക്ക് സാന്ത്വനമായ് അമ്മയുടെ വാക്കുകൾ കേൾക്കുന്നു.....

ജനിക്കാൻ പോകുന്ന എന്നെക്കുറിച്ച് അവർക്ക് ഒരുപാട് പ്രതീക്ഷകൾ.... ആൺകുട്ടിയാണോ....? പെൺകുട്ടിയാണോ....? എന്ത് പേരിടണം അച്ഛന്റേതോ അതോ അമ്മയുടേതോ ഛായ....? എന്റെ മുത്തശ്ശിയുടെ പ്രതീക്ഷകൾ എന്റെ ചേച്ചിയുമായ് പങ്കുവയ്ക്കാറുണ്ട്. അവർ തമ്മിൽ സംസാരിക്കുന്നത് കേൾക്കാൻ തന്നെ എന്ത് രസമാണെന്നോ കഥകളും, കവിതകളും ചേച്ചിയുടെ സംശയങ്ങളും എല്ലാം മുത്തശ്ശിയോടാണ്, എന്നെക്കാളും മുൻപ് ഈ സുരക്ഷിത സ്ഥാനത്ത് വസിച്ച ചേച്ചിക്ക് അടുപ്പം. ഒരു പക്ഷേ എനിക്ക് അമ്മയോടായിരിക്കാം.....?

വി. വിപിൻ | 6 MCA

ഞാൻ ജനിക്കണോ...?

"നിന്റെ അനിയൻ വന്നാൽ നിനക്കവന്റെയൊപ്പം കളിക്കാം, ചിരിക്കാം, പാട്ട് പാടാം, ഞാൻ പറഞ്ഞു തന്ന കഥകൾ നീ അവന് പറഞ്ഞുകൊടുക്കുമോ... മുത്തശ്ശിയുടെ ചോദ്യം ചേച്ചിയോടാണല്ലോ."

"എന്റെ കളിപ്പാട്ടങ്ങളും, കഥാപുസ്തകങ്ങളും എല്ലാം ഞാനവന് കൊടുക്കും." എന്റെ ചേച്ചിയും സമ്മതിക്കുന്നുണ്ട്.

പക്ഷേ അവർക്കാർക്കുമറിയില്ല പിറക്കാനുള്ളത് അനിയനല്ല, എന്റെ ചേച്ചിയുടെ പ്രിയപ്പെട്ട അനുജത്തിയായ് ആണ് ഞാൻ ചെല്ലുന്നതെന്ന്, ആ സത്യം എന്റെ ജനനശേഷം മാത്രമേ വെളിപ്പെടുകയുള്ളൂ...

അനിയനെ പ്രതീക്ഷിച്ച എന്റെ ചേച്ചിക്കു മുൻപിൽ അനിയത്തിയാണ് വന്നതെന്ന് അറിഞ്ഞാൽ എന്തായിരിക്കാം പ്രതികരണം. കളിപ്പാട്ടങ്ങളും കഥാപുസ്തകങ്ങളും എനിക്ക് നല്കുമോ.... മറിച്ചായാലും എന്റെ ചേച്ചിയെ എനിക്ക് ഇപ്പോൾ തന്നെ വളരെ ഇഷ്ടമാണ്..... ചേച്ചിയും കാഴ്ചയിൽ എന്നെപ്പോലെ തന്നെയായിരിക്കുമോ എന്നറിയുവാനുള്ള ആകാംക്ഷ എന്നിൽ നിറഞ്ഞിരിക്കുകയാണ്...

ചേച്ചിക്ക് മുത്തശ്ശി പറഞ്ഞുകൊടുത്ത കഥകളിൽ നിന്നും എനിക്കേറെയിഷ്ടം അഭിമന്യുവിന്റെ കഥയാണ്, മഹാഭാരതത്തെക്കുറിച്ചും, യുദ്ധത്തെക്കുറിച്ചും, ചക്രവ്യൂഹത്തെക്കുറിച്ചും മുത്തശ്ശി വിവരിക്കുന്നത് ഞാൻ കേൾക്കുന്നുണ്ട്, അർജ്ജുനൻ അഭിമന്യുവിന്റെ അമ്മയോട് യുദ്ധ തന്ത്രങ്ങളും ചക്രവ്യൂഹം ഭേദിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകളിൽ നിന്നും, അവയെക്കുറിച്ച് മനസ്സിലാക്കിയിരുന്നു അഭിമന്യു.

"അഭിമന്യുവിനെപ്പോലെ, നമ്മൾ പറയുന്നത് എന്റെ അനിയനും അമ്മയുടെ വയറ്റിലിരുന്ന് കേൾക്കുന്നുണ്ടാവും അല്ലേ..... മുത്തശ്ശി? ചേച്ചിയുടെ ചോദ്യം. 'അതെ' എന്നും പറഞ്ഞ് ഉറക്കെ ചിരിക്കുന്ന മുത്തശ്ശി....."

എന്തൊരു കഷ്ടമാണ് ഇവർക്ക് ഞാനൊരു പെൺകുട്ടിയാണെന്ന് എങ്ങിനെയാണ് മനസ്സിലാക്കിക്കൊടുക്കുക, അഭിമന്യുവിനെ പോലെതന്നെ ഈ അനുജത്തിയും കേൾക്കുന്നുണ്ട് ചേച്ചീ... എന്ന് ഞാൻ എങ്ങിനെ അറിയിക്കും.

അച്ഛൻ അമ്മയോട് പറയുന്നതും ഞാൻ കേൾക്കുന്നുണ്ട്. ചേച്ചിയുടെ വിദ്യാഭ്യാസത്തെയും, അതിനുള്ള ചിലവുകളെക്കുറിച്ചുമാണ് ഉന്നതവിദ്യാഭ്യാസം നല്കുകയും, ഉയർന്ന നിലയിൽ ചേച്ചിയെ കല്ല്യാണം കഴിപ്പിച്ചു അയയ്ക്കുകയും ചെയ്യണം എന്ന ആഗ്രഹമാണ് അച്ഛൻ പറയുന്നത്. തുടർന്ന് അച്ഛന്റെ നെടുവീർപ്പ് കേൾക്കുന്നുണ്ട്. ആ കാലം ആഗതമാകുമ്പോൾ രണ്ടാമത്തെ മകൻ തന്നെ സഹായിക്കാനുണ്ടാവും, അമ്മയെ സംരക്ഷിക്കുവാനുണ്ടാവും എന്ന പ്രതീക്ഷയും അച്ഛൻ അമ്മയോട് പറയുന്നുണ്ട്.

ഞാൻ അച്ഛന്റെ മകനായല്ല പിറക്കുന്നത് മകളായാണ് എന്ന് അറിയിക്കുവാൻ അതിയായി ആഗ്രഹിക്കുന്നു. അമ്മയുടെ സുഖവിവരങ്ങൾ അച്ഛൻ അന്വേഷിക്കുന്നത് കേൾക്കുന്നുണ്ട്. "എന്റെ മോൻ ഉറക്കമാണോ എന്ന ചോദ്യത്തിന് മറുചോദ്യമായ് അമ്മ ചോദിച്ചത് ഇപ്രകാരമാണ് "മോനല്ല, മോളാണ് എങ്കിലോ....."

എന്റെ അമ്മ എന്നെ തിരിച്ചറിഞ്ഞുവോ?

മകനെകൊണ്ട് മാത്രമേ സംരക്ഷിക്കുവാൻ കഴിയൂ എന്ന വിശ്വാസം മാറ്റിമറിക്കുവാൻ, പിറക്കാൻ പോകുന്ന ഈ മകളെക്കൊണ്ട് കഴിയും എന്ന് ഉറക്കെ വിളിച്ചു പറയണമെന്ന്

The One Stop Solution for All Engineering Titles

For a wide variety of titles on various Engineering subjects

Visit D C Books Academic Sales Division,
Polachirakkal Mansion, CMS College Road, Kottayam
T 0481-256 0599 E dcbacademic@yahoo.com

dcb H.O. D C Books, Kottayam *A Chain of 40 Bookshops all over India.*
T 0481-2563114, 2301614 F 0481-2564758 W www.dcbooks.com
Visit our online bookstore at www.dcbookstore.com

The Marana
Surrounded by Greenery & Nature
HOME IN THE CAMPUS
RIT CAMPUS, VELLOOR P.O., 686 501,
PAMPADY, KOTTAYAM
Phone: 0481 - 2505223

Why live outside the CAMPUS, When you can live in it?

എനിക്ക് തോന്നി. അച്ഛനെയും അമ്മയേയും സംരക്ഷിക്കുവാൻ, എന്റെ ചേച്ചിയെ സഹായിക്കുവാൻ എനിക്ക് കഴിയും എന്നത് എന്റെ ജനനത്തിന് ശേഷം ഞാൻ തെളിയിക്കും.

"രണ്ടാമത്തെയും പെണ്ണാണെങ്കിൽ നീ തന്നെ വളർത്തിക്കോ..... അതിനെ പഠിപ്പിക്കുവാനും കെട്ടിച്ചയയ്ക്കുവാനും ഉള്ളത് എന്റെ കൈയിലെവിടുന്നാ..? എനിക്കതിനെ വേണ്ടാ......"

എന്റെ അച്ഛന്റെ മറുപടി കേട്ട്, എന്നിലുണ്ടായ ചലനം എന്റെ അമ്മയ്ക്ക് വേദനയുളവാക്കി. മനഃപ്പൂർവ്വം വേദനിപ്പിച്ചതല്ല ഞാൻ, ഭയന്നു പോയി- എന്നെ വേണ്ടാ എന്നു തന്നെയാണോ ആ പറഞ്ഞത്?

അസഹ്യമായ വേദന കാരണം അമ്മയെ മറ്റെവിടെയോ കൊണ്ട് എത്തിച്ചു. ആരോടോ അച്ഛൻ ചോദിക്കുന്നത് കേട്ടു - 'തീയതി അടുത്തോ ഡോക്ടർ?'

"ഇല്ല...... അതിനുള്ള സമയമായിട്ടില്ല. അടുത്തമാസമെങ്കിലും ആവും.....?"

"എന്നാൽ സ്കാൻ ചെയ്ത് കുട്ടി ആണാണോ പെണ്ണാണോ എന്ന് പറഞ്ഞുതരാമോ ഡോക്ടർ - അച്ഛന്റെ ശബ്ദം"

"നിങ്ങളെന്താണ് മിസ്റ്റർ ഈ പറയുന്നത് അത് നിയമവിരുദ്ധമല്ലേ.....?"

ഇത് ഗവൺമെന്റ് ഹോസ്പിറ്റലൊന്നുമല്ലല്ലോ.......? പ്രൈവറ്റല്ലേ, ഒന്ന് സ്കാൻ ചെയ്തൂന്ന് വച്ച് ആരും അറിയില്ല, ഡോക്ടറെ വേണ്ട വിധത്തിൽ കാണാം".

അച്ഛന്റേയും ഡോക്ടറുടേയും വാഗ്വാദങ്ങൾ തുടർന്നുകൊണ്ടേയിരുന്നു. അമ്മ സമ്മതിക്കുന്നില്ലെങ്കിലും അച്ഛന്റെ നിർബന്ധത്തിന് മുൻപിൽ അതൊന്നും വിലപോകുന്നില്ലെന്ന് എനിക്ക് മനസ്സിലായി. എന്താണവർ ചെയ്യാൻ പോകുന്നത്? പുറത്ത് പരിചയമില്ലാത്ത പല ശബ്ദങ്ങളും കേൾക്കുന്നുണ്ട്. എന്താണെന്ന് മനസ്സിലാകുന്നില്ല. കുറച്ച് കഴിഞ്ഞ് ഡോക്ടറുടെ സ്വരം കേട്ടു "ഇത്തവണയും പെൺകുഞ്ഞാണ്."

അമ്മയുടെ തലോടൽ എനിക്ക് സാന്ത്വനമരുളുന്നു. മുത്തശ്ശിയുടേയും ചേച്ചിയുടെയും ശബ്ദങ്ങൾ അടുത്തടുത്ത് വരുന്നു.

"ഡോക്ടർ എന്താണ് പറഞ്ഞത് മോനേ?"

"എന്ത് പറയാൻ ഒരു പെൺകുഞ്ഞിനെക്കൂടി ദൈവം വിധിച്ചിരിക്കുന്നു."

"പെൺകുഞ്ഞായാലെന്താടാ, ദൈവം തരുന്നത് രണ്ട് കൈയ്യും നീട്ടി സ്വീകരിക്കുക"

"അമ്മയ്ക്ക് അതൊക്കെ പറയാം, എന്റെ ബുദ്ധിമുട്ട് എനിക്കല്ലേ അറിയൂ."

എന്റെ അമ്മയുടെ തേങ്ങലുകളാണല്ലോ ആ കേൾക്കുന്നത്, തുടർന്ന് അച്ഛന്റെ ശബ്ദം, "നീ കരയേണ്ട കാര്യമൊന്നുമില്ല, ഞാനൊരു സത്യം പറഞ്ഞു എന്ന് മാത്രം, എന്റെ സമ്പാദ്യവും എല്ലാം നിനക്ക് അറിവുള്ളതല്ലേ നീ തന്നെ ആലോചിച്ച് നോക്ക്, നമ്മുടെ ആദ്യത്തെ മോൾക്ക് വരുന്ന ചിലവുകളെക്കുറിച്ച്, നിന്നെയും അമ്മയേയും ഞാൻ എങ്ങിനേയും സംരക്ഷിക്കും, പക്ഷേ, മോൾക്കുള്ള ചിലവ് ദിനം പ്രതി വർദ്ധിച്ചു വരികയാണ് അവൾ 'വയസ്സറിയിക്കുന്നത്' മുതലങ്ങോട്ട് ചിലവുകളുടെ ഒരു ഘോഷയാത്രയാണ്, അന്നേക്കുള്ള ആഭരണങ്ങൾ, വസ്ത്രങ്ങൾ, ബന്ധുക്കൾക്കും നാട്ടുകാർക്കും ഭക്ഷണം കൊടുക്കണം, വിദ്യാഭ്യാസ ആവശ്യങ്ങൾക്കുള്ള ചിലവ് കെട്ടിച്ചയക്കാറാകുമ്പോൾ പെണ്ണുകാണാൻ വരുന്ന ഓരോ സംഘത്തിനും, ആ ചടങ്ങിനായുള്ള ചിലവ്, ഏതെങ്കിലുമൊരു വിവാഹം ഉറച്ചാൽ തന്നെ, വിവാഹനിശ്ചയത്തിനുള്ള ചിലവ്, എന്തിനേറെ, കെട്ടിച്ചയച്ചു വീട്ടിൽ എന്തെങ്കിലും കാര്യം വന്നാൽ ഇവിടുന്നും കൊണ്ട് പോകണം വല്ലതും, പിന്നെ വരുന്നത് അവളുടെ പ്രസവം, ഓരോ പ്രസവം കഴിഞ്ഞ് തിരിച്ചയയ്ക്കുമ്പോഴും അതിനനുസരിച്ചുള്ള മര്യാദകൾ, കുട്ടിക്ക് സ്വർണ്ണം, പാത്രങ്ങൾ എന്നിവയെല്ലാം.... ഇതിനെല്ലാം ഞാനൊരുത്തൻ തന്നെ സമ്പാദിച്ചിട്ട് വേണം, ഇനി രണ്ടാമതൊരു മോളുകൂടി ഉണ്ടായാലുള്ള സ്ഥിതി..... നീ എന്റെ ഭാഗത്ത് നിന്നും ആലോചിക്ക് മറിച്ച് ആൺകുഞ്ഞാണെങ്കിലോ, നമുക്കൊരു സഹായമാവും, തുടർച്ചയായുള്ള ചിലവുകൾ നിയന്ത്രിക്കാം, കുറച്ച് കാര്യങ്ങൾ മുതിർന്നവനാകുമ്പോൾ അവനെ ഏല്പിക്കുകയും ചെയ്യാം".

എന്തോ പറയുവാൻ തുനിയുന്ന അമ്മ വാക്കുകൾ കിട്ടാതെ വിഷമിച്ചപ്പോൾ മുറപടി പറയുവാൻ അച്ഛൻ നിർബന്ധിക്കുന്നതും കേട്ടു, അമ്മയുടെ ശബ്ദം "ഇതേ ത്യാഗങ്ങൾ തന്നെയാണല്ലോ എന്റെ അച്ഛനും സഹിക്കുന്നതെന്ന് എന്തേ നിങ്ങൾ മനസ്സിലാക്കുന്നില്ലേ, ഇത് മാത്രമേ എനിക്ക് പറയുവാനുള്ളൂ."

വീണ്ടും അച്ഛന്റെ സ്വരം "ഞാൻ മനസ്സിലാക്കാത്തതിന്റെയല്ല പ്രശ്നം, ഇനി നമ്മൾ എങ്ങിനെ ജീവിക്കും, എന്റെ വർദ്ധിക്കാത്ത വരുമാനത്തിന്റെ പരിധി നിനക്ക് അറിയാവുന്നതല്ലേ എന്നിട്ടാണോ നീ ഈ പറയുന്നത്. ഇത് നമുക്ക് വേണ്ടാ............. നീ...... ഇത് നശിപ്പിക്കുവാൻ സമ്മതിക്കണം" അച്ഛൻ ഇടറിയ സ്വരത്തിൽ പറഞ്ഞുനിർത്തി.

"അതിനുള്ള സമയം കഴിഞ്ഞു പോയിരിക്കുകയാണ്" അവളുടെ സ്വരം. ഇതെല്ലാം കേട്ട് ജനിക്കുവാൻ പോകുന്നതിന്റെ സന്തോഷം മുഴുവൻ എന്നിൽ കെട്ടടങ്ങി. അഭിമന്യു ചക്രവ്യൂഹ പ്രവേശനം എന്തിനാണ് നടത്തിയത്? സ്വന്തം അച്ഛനേയും മറ്റും യുദ്ധത്തിൽ സഹായിക്കുവാൻ ഇവിടെ എന്റെ ജന്മം എന്തിനാണ്? എന്റെ അച്ഛനെ രണ്ടാമതൊരു 'ചിലവുകളുടെ' ചക്രവ്യൂഹത്തിൽ പ്രവേശിപ്പിക്കുവാനോ......?

ഞാൻ പെൺകുഞ്ഞാണെന്ന് അവർ എങ്ങിനെയോ മനസ്സിലാക്കി, എന്റെ അമ്മയുടേയും, അച്ഛന്റേയും, മുത്തശ്ശിയുടേയും, ചേച്ചിയുടേയും മുഖം കാണുന്നതിന് മുൻപ് തന്നെ എന്നെ ഇല്ലാതാക്കുവാൻ ശ്രമിക്കുന്നു. എനിക്കായ് എടുത്ത് വയ്ക്കപ്പെട്ട ചേച്ചിയുടെ കളിപ്പാട്ടങ്ങളും, കഥാപുസ്തകങ്ങളും നിഷേധിക്കുവാൻ ശ്രമിക്കുകയാണ്. ഈ ലോകം തന്നെ എനിക്കെതിരെ തിരിഞ്ഞിരിക്കുകയാണോ? എന്റെ ജനനം അസാദ്ധ്യമായി തീരുവാൻ പോവുകയാണ്. ഞാൻ ജനിച്ചാൽ എന്റെ ജീവിതത്തിൽ സംഭവിക്കാൻ പോകുന്നതിന്റെയും, അവയുടെ ചിലവിന്റെയും, കേട്ടു. എന്നിട്ടും അവരൊക്കെ ജീവിക്കുന്നു. എന്നെയോ ആ ബുദ്ധിമുട്ടിൽ നിന്നും ബുദ്ധിപൂർവ്വം ഒഴിവാക്കാൻ ശ്രമിക്കുന്നു.

എനിക്കെന്താണ് ഈ സന്ദർഭത്തിൽ ചെയ്യാനാവുക..........? എപ്പോഴായാലും അവർ എന്നെ ഇല്ലാതാക്കുവാൻ തീരുമാനിക്കുന്നു. ഈ പാപം ഞാനായിട്ട് എന്തിനവർക്ക് നല്കണം. എന്താണിതിനൊരു പരിഹാരം.

കുറച്ച് ദിവസങ്ങൾക്ക് ശേഷം ആ അമ്മ പ്രസവിച്ചു. പക്ഷേ അതൊരു ചാപിള്ളയായിരുന്നു.

ഗർഭപാത്രത്തിനകത്തിരുന്ന് കേൾക്കുകയും, ചിന്തിക്കുകയും, ജീവിച്ച് പ്രവർത്തിക്കുവാൻ കഴിഞ്ഞില്ലെങ്കിലും, ആശ്രിതത്ത്വം ഭീരുത്വമാണ് എന്ന് മനസ്സിലാക്കുകയും, കുറഞ്ഞ പക്ഷം മരിച്ചു ജനിച്ച് ചിലർക്കെങ്കിലും ആശ്വാസം നൽകി അവൾ കടന്നുപോയി.



COACHING FOR

ALL ELECTRONICS LAB PRACTICALS

B-Tech IN

EC, CS, EE, EI & IT

MAIN FEATURES:

a. Crystal clear idea about circuit theory and design.
b. Trouble shooting techniques of circuits.
c. Examination based extra questions and all combination questions.
d. Examination Viva-voce.

- Highly experienced faculty.
- Also working on all holidays.
- Guide and undertake **mini & main projects.**

EXCEL ELECTRONICS LAB

SAVIDHA, PALAMPADOM NAGAR, OLD BOAT JETTY ROAD,
THIRUNAKKARA, KOTTAYAM-1
Ph:0481-2582209, 9447257114, 9846173708

തീർത്ഥാടനം

ഗുരുവായൂരേക്കാണ് പോക്ക് ലീവിന് വന്ന മകനെ കൂടാതെ സ്വന്തം അമ്മയെയും കൂട്ടിയതിന്റെ സംതൃപ്തി അയാളുടെ മുഖത്തുണ്ട്. സേതുവിന്റെ അംബാസിഡർ ടാക്സിയിലാണ് യാത്ര. വീട്ടിലെ മാരുതികാറിൽ അമ്മയും കൂടിയാവുമ്പോൾ ബുദ്ധിമുട്ടാവും. മാത്രമല്ല അമ്മയടക്കം അഞ്ചു പേരുടെ ചിലവ് കമ്പനിയിൽ നിന്ന് റീംബേഴ്സ്മെന്റ് കിട്ടുമല്ലോ? സത്യത്തിൽ അതാണല്ലോ യാത്രയുടെ മൂലകാരണം. സേതുവിന്റെ കൂടെ അവർ ആദ്യമായിട്ടായിരുന്നു. അപ്പുറത്തെ അനിലിന് സുഖമില്ലാതിരുന്നത് കൊണ്ടാണ് സേതുവിനെ വിളിക്കേണ്ടി വന്നത്. സേതു, ദുശ്ശീലങ്ങളൊന്നുമില്ലാത്ത ഒരു പാവത്താൻ. അങ്ങനെയാണ് തോന്നിയത്. സമയത്തിലും, നാളിലുമൊക്കെ ഭയങ്കര വിശ്വാസമാണ് അയാൾക്ക്, എന്തു പറയുമ്പോഴും അയാളുടെ അച്ഛൻ കുമാരനെ ഉദ്ധരിക്കുന്നതും ഒരു ശീലം.

ഡ്രൈവിംഗിനെക്കുറിച്ചും, റോഡിന്റെ പരിതാപകരമായ അവസ്ഥയെപറ്റിയും, പിന്നെ നാട്ടിലെ വസ്തുകച്ചവടങ്ങളെ സംബന്ധിച്ചും, ഇടയ്ക്കെപ്പോഴോ നാടിന്റെ മൊത്തം മൂല്യച്യുതിയെക്കുറിച്ചുമൊക്കെ ഉദാഹരണസഹിതം ചർച്ചകൾ പുരോഗമിച്ചപ്പോഴേക്കും ഉച്ചയായി. നഗരത്തിൽ നിന്നു ഭക്ഷണം കഴിച്ചു പൊരിച്ച മീനും മീൻകറിയും വെവ്വേറെ വാങ്ങി. അയാൾ ഇടയ്ക്ക് അമ്മയുടെ മുഖത്തേക്കു നോക്കി. അമ്മയും ഭാര്യയും തമ്മിൽ ശീതസമരമുണ്ടെന്നതു വ്യക്തം. എന്നാലും വയസ്സാംകാലത്തും മകൻ കൂടെ കൂട്ടിയതിന്റെ സന്തോഷമുണ്ട്, മുഖത്ത്. മൂത്തമകനും ഇളയവനും തമ്മിൽ മുൻ സീറ്റിൽ ഇരിക്കാൻ നടത്തിയ പോര് തീർന്നിട്ടില്ലെന്നു തോന്നുന്നു. രണ്ടിനേയും പിടിച്ചു. പിറകിലിരുത്തിയിരിക്കയാണ്.

നവീൻ പി. ഹരിഹരൻ | 5 മെക്കാനിക്കൽ

വണ്ടി നീങ്ങി. ഡിവൈഡറിന്റെ ഇടയിലൂടെ അപ്പുറത്ത് കടക്കാൻ സേതു വേഗം കുറച്ചു. വണ്ടി വളയ്ക്കാൻ തുടങ്ങിയതും, വലിയ ശബ്ദത്തോടെ വണ്ടിയൊന്നു കുലുങ്ങി, നിന്നു. ആ ഞെട്ടലിൽ നിന്നും സർവശക്തിയുമെടുത്ത് അയാൾ തിരിഞ്ഞു നോക്കി, ആദ്യം മക്കളെ, പിന്നെ അമ്മയെ ഇല്ല, ഒന്നും സംഭവിച്ചിട്ടില്ല.

അപ്പൊഴേക്കും ഒരു ഭ്രാന്തനെപോലെ സേതു ആ ജീപ്പിനു നേരെ കുതിച്ചിരുന്നു. ജീപ്പിൽ നാലു തടിയന്മാരും ഒരു വയസ്സച്ചാരും ഉണ്ട്. ഗൗരവം അഭിനയിച്ച് സേതുവിന്റെ ആളായി അയാളും പോയി സേതു നിന്നു വിറയ്ക്കുകയാണ്. "എന്റെ ബോണറ്റും ലൈറ്റുമെല്ലാം പൊട്ടി, സീറ്റിന്റെ പെയിന്റ് പോയി. പത്തയയ്യായിരം രൂപേന്റെ പണീണ്ട്. ഇതെന്തായാലും കേസാക്കും..."

അവർ തിരിച്ചൊന്നും പറയുന്നില്ല. വയസ്സൻ ഒരു ദയനീയ ഭാവത്തോടെ ഇറങ്ങി വന്നു "നിങ്ങൾ പ്രശ്നമുണ്ടാക്കരുത്, ഞങ്ങൾ അത്യാവശ്യമായി പോവുകയാണ്", എന്റെ കൈയിൽ തൽക്കാലം ഇത്രേയുള്ളു ഒരു തീർപ്പുണ്ടാക്കണം, പ്ലീസ്...?

"ഞാനിപ്പം എന്തു പറയാനാ, നിങ്ങൾ മുതലാളിയോട് കാര്യം പറ." അയാളെ ചൂണ്ടി സേതു പറഞ്ഞു... സേതുവിന്റെ മുഖത്തടത്തിൽ ഒരു കള്ളച്ചിരി തെളിഞ്ഞോ... വയസ്സന്റെ കയ്യിൽ നിന്നു നാല് അഞ്ഞൂറിന്റെ നോട്ടുകൾ വാങ്ങി, നിർവ്വികാരനായി അയാൾ വണ്ടിയിൽ കയറി. കാശ് സേതുവിനു കൊടുത്തു.

സേതു പിന്നെയും വേവലാതി പറഞ്ഞു കൊണ്ടിരുന്നു. എപ്പോഴോ വണ്ടി പുതിയ ഹൈവേയിലേക്ക് കയറി. അപാരമെന്നപോലെ വീതി, അനന്തതയിലേക്ക് നീളുന്ന കറുപ്പ് വര. ഡ്രൈവിംഗ് പഠിച്ചിറങ്ങിയവൻ ആവേശം കൊണ്ടു തുളുമ്പി പോവും.

വണ്ടിയുടെ ബ്രേക്കിന്റെ ഒച്ച കേട്ടാണുണർന്നത്. കുറച്ചു ദൂരത്തായി ഒരു ടാങ്കർ വണ്ടിയും, ടാറ്റാ സുമോയും... ഒരാൾ അവരെ കൈവീശി വിളിക്കുന്നു. ചോര പടർന്ന കൈ കൊണ്ട്.

എന്തെങ്കിലും പറയുന്നതിനു മുമ്പേ സേതു റിവേഴ്സ് എടുത്തു, അതിവിദഗ്ദ്ധമായി പിറകിലെ രണ്ടോ മൂന്നോ വണ്ടികൾക്കിടയിലൂടെ, അവരോടു മാറിനിക്കാൻ ആക്രോശിച്ചുകൊണ്ട്.

എന്നിട്ട് റേസിംഗ് കാറിനെ പോലെ തിരിച്ചെടുത്ത് വന്ന വഴിയേ പാഞ്ഞു... പെട്ടെന്ന് ഒരു ചെറിയ റോഡിലേക്കു കയറി മുന്നോട്ട് പോയി, ഇപ്പോൾ ഹൈവേക്ക് സമാന്തരമായി നീങ്ങുകയാണ് കാറ്. അവിടത്തെ ആൾക്കൂട്ടം അവ്യക്തമായി കാണാം. സേതു ശാന്തനായി പറഞ്ഞു, "മുമ്പൊരിക്കൽ ഇങ്ങനെ പെട്ടതാ, അന്ന് അവരെ ആസ്പത്രീല് കൊണ്ടോയി എന്റെ സീറ്റിലും ഗ്ലാസിലും എല്ലാം വൃത്തികേടായി, ചോരയും ചളിയും ഹോ... മാത്രമല്ല ഒറ്റ പൈസ കിട്ടീല്ല."

അയാൾ തുടർന്നു, "മാത്രമല്ല, അവര് സാറിനേയും, ചേച്ചിയേം ഒക്കെ ഇറക്കി വിടും ആ സുമോ നമ്മളെ ബേക്കിലായിരുന്നു. സത്യം പറഞ്ഞാൽ ഗുരുവായൂരപ്പനാണ് ആ ജീപ്പിനെ കൊണ്ട് നമ്മളെ ഇടിപ്പിച്ചത് ഇല്ലെങ്കിൽ ചെലപ്പോ ആ അപകടം നമ്മക്കായേനെ ഭഗവാന്റെ ഓരോ ലീലകള്."

അയാൾ തിരിഞ്ഞു നോക്കി.

ഇളയ മകൻ അയാളെ രൂക്ഷമായി നോക്കി, ആരാഞ്ഞു, "അച്ഛാ, ഗുരുവായൂര് എപ്പോ എത്തും."

▲



ഓർമ്മയ്ക്കായ്

അവൻ അവളെ സ്നേഹിച്ചിരുന്നു. തിരക്കൊഴിഞ്ഞ ഇടനാഴികളിൽ അവൻ അവളുടെ കണ്ണുകളിൽ എത്രയോ തവണ നോക്കി നിന്നിട്ടുണ്ട്. അവളോടൊന്നു മിണ്ടാൻ എത്രയോ തവണ അവൻ കൊതിച്ചിട്ടുണ്ട്. ദൗർഭാഗ്യമെന്ന് പറയട്ടെ അവന് അവളോട് തോന്നിയ വികാരത്തിന് അവന്റെ കൂട്ടുകാർ നല്കിയ പേര് പ്രണയമെന്നായിരുന്നു. പക്ഷേ ഭൂതകാലം വിരൽ ചൂണ്ടുന്നിടത്ത് അവന്റെ അനുജത്തിയുണ്ടായിരുന്നു. അവളോടുള്ള വാത്സല്യമുണ്ടായിരുന്നു.

മഴ ചാറുന്ന ആ രാത്രിയിൽ അവൻ തന്റെ മേശവലിപ്പിൽ നിന്നും ഡയറിയെടുത്തു തുറന്നു. അതിൽ പതിനൊന്നു വയസ്സ് പ്രായമുള്ള പെൺകുട്ടിയുടെ ചിത്രം അവനെ നോക്കിപ്പുഞ്ചിരിച്ചു. രണ്ടു തുള്ളി കണ്ണുനീർ ആ ചിത്രത്തിൽ വീണു ചിതറി. അവന്റെ അനുജത്തിയുടെ ഓർമകൾ അവനിൽ ഇരച്ചു കയറി. കാവിൽ ഉത്സവം കാണുവാൻ എന്നും തുള്ളിച്ചാടി കൂടെയുണ്ടായിരുന്നവൾ— തിമിർത്തുപെയ്യുന്ന ഇടവപ്പാതിയിൽ കുടയുടെ ഓരം ചേർന്നു കൂടെ നടന്നവൾ— ആമ്പൽപ്പൂക്കളെയും പുഴയിലെ പരൽമീനിനെയും സ്നേഹിച്ചിരുന്നവൾ. അവളെക്കുറിച്ചുള്ള ഓർമകൾ തുടങ്ങുന്നതു തന്നെ ആ പുഴയോരത്തു നിന്നായിരുന്നു. കർക്കിടകത്തിലെ തിമിർത്തു പെയ്ത മഴയിൽ കുളം നിറഞ്ഞു, പുഴ അലറിപ്പാഞ്ഞു. കുതിച്ചു പാഞ്ഞ പുഴ എപ്പഴോ അവന്റെ അനുജത്തിയെയും കൂടെക്കൊണ്ടു പോയി. ഒപ്പം അവന്റെ സ്വപ്നങ്ങളെയും. അവളെക്കുറിച്ചുള്ള ഓർമകൾ മാത്രം ജലപ്പരപ്പിൽ പൊന്തിക്കിടന്നു.

കാലം കടന്നുപോയി. പിന്നെയും ആറു തവണ പുഴ നിറഞ്ഞു കവിഞ്ഞു. അവൻ പഠനത്തിന്റെ പാതകൾ പിന്നിട്ടു. ഇടക്കെവിടെ വച്ച് അവൻ അവളുടെ മുഖം കണ്ടു. ആ കണ്ണുകളിൽ തന്റെ അനുജത്തിയുടെ നിഷ്കളങ്കത കണ്ടു. ആ വാത്സല്യം അവന്റെ കണ്ണുകളിൽ സ്ഫുരിച്ചു. കഴിഞ്ഞു പോയ കാലം അവനു വെച്ചു നീട്ടുന്നത് കണ്ണീരിന്റെ നനവുള്ള ഒരു പിടി ഓർമകൾ മാത്രം. ഇനിയും മരിക്കാത്ത ഒരു പിടി നീറുന്ന ഓർമകൾ.

രാഹുൽ ചന്ദ്രൻ | 5 ഇലക്ട്രിക്കൽ

Face Off

I saw a girl who was walking through the fields.The wind that blows flutters her dark coat and tries to take her hat away with it. She crossed the field and gazed into the path ahead ,the dense forest.To reach the dream city ,she must cross this enchanting and mysterious forest.She heard people talking and turned back and was astonished to see the villagers.Their talk took away her courage.She turned back and walked away.On the way back she stopped by the river. She looked into the river and found that she had lost her face and there is no reflection of her in the river. And believe me she is not the only one out there faceless....



Vinita Mariam Varghese | 7 Computer

ഡിനിൽ ബി. | 7 മെക്കാനിക്കൽ



ദൃഷ്ടി

കഥാകൃത്ത് ഉമ്മറക്കോലായിലിരുന്ന് പുറത്തേക്ക് നോക്കി... മുറ്റത്തിന്റെ കോണിലായുള്ള മൽഗോവൻ മാമ്പഴത്തിന്റെ കൊമ്പിൽ തന്റെ ദൃഷ്ടി ഉടക്കി താഴെ വീണു. ഉള്ളിൽനിന്നും നുരഞ്ഞുപൊങ്ങിവന്ന ദീർഘനിശ്വാസത്തിനുശേഷം കഥാകൃത്ത് തന്റെ പഴയകാലത്തെക്കുറിച്ച് ഓർത്തുപോയി. പണ്ട്, മണപ്പുറത്തായിരുന്നപ്പോൾ എന്തു രസമായിരുന്നു. ആ കുളിരുള്ള പ്രഭാതത്തിൽ, ഒരു കടുംകാപ്പിയും കുടിച്ച്, ഉമ്മറത്തെ ചാരുകസേരയിലിരുന്ന്, ഇടതൂർന്നു പെയ്യുന്ന ചാററൽ മഴയുടെ തണുപ്പിനെ ഭേദിച്ച് തന്റെ ദൃഷ്ടി അകലങ്ങളിലേക്ക് പായാറുണ്ടായിരുന്നു. ഇടയ്ക്കു ചിലപ്പോൾ 'കടവിൽ'ക്കാരുടെ കദളിവാഴത്തോട്ടത്തിലെ വാഴയിലയിൽ ഇടിച്ച്, മറ്റുചിലപ്പോൾ അവരുടെ ചെങ്കണ്ണൻ തെങ്ങിലുടക്കിനിൽക്കാതെ അങ്ങനെ കണ്ണെത്താദൂരത്തേക്കുള്ള ആ വീക്ഷണം ഒടുവിൽ തന്നിൽത്തന്നെ മടങ്ങിവരുമ്പോൾ തന്റെ പോരായ്മകളെ മനസ്സിലാക്കാനുള്ള ആ അവസരം എനിക്കതെന്നേ നഷ്ടമായിരിക്കുന്നു. ഒരു നീണ്ട നേരത്തെ സർഗ്ഗചിന്തകൾക്ക് ശേഷം കഥാകൃത്ത് ഒന്ന് പിറകിലേക്ക് നോക്കി. അതാ അങ്ങകലെ വെള്ളിമേഘങ്ങൾ... ഒന്നു ചിന്തിച്ച് കഥാകൃത്ത് തിരുമാനിച്ചു. ഇനി കസേര പുറകോട്ട് തിരിച്ചിടാം.

ചുട്ടുപൊള്ളുന്ന ചൂടിലും നെറ്റിയിലെ വിയർപ്പിൻ തീക്കനൽതെറിപ്പിച്ച്, വിയർപ്പിനെ ചുടുപിടിപ്പിച്ച് കേശവൻ കുലത്തൊഴിൽ ചെയ്യുമ്പോഴും അയാളുടെ മനസ്സിൽ ഒരു ചെറിയ സ്വപ്നം മത്രമേ ഉണ്ടായിരുന്നുള്ള. ഒരു വീട്...

നെഞ്ചിലെ കിതപ്പിനെ സംഗീതമാക്കിക്കൊണ്ട് ചുട്ടുപഴുത്ത ഇരുമ്പിനെ ആഞ്ഞടിക്കുമ്പോൾ താൻ തന്റെ കൈവിരുതുകൊണ്ട് ഒന്നുണ്ടാക്കുകയല്ല മറിച്ച് തന്റെ സ്വപ്നങ്ങൾക്കൊപ്പം ഒരു യാത്രപോകുകയാണ് എന്നയാൾക്കുതോന്നി...

പത്താംക്ലാസ്സുപാസായ മകൾ വിമലയ്ക്ക്, സെന്റ് തെരാസേസ് സ്കൂളിൽ സയൻസ് വിഭാഗത്തിൽ സീറ്റുമേടിച്ചുകൊടുക്കാൻ സേവ്യർ അച്ചന്റെ മുന്നിൽ നിന്ന് കണ്ണീർ വാർത്തപ്പോൾ, സമഗ്രികൾക്കായി കാർത്തുവിന്റെ കെട്ടുതാലിവിറ്റപ്പോൾ കേശവൻ താനാരുമല്ലെന്ന് 'അയാൾക്ക്' തോന്നി.

റോഡരികിൽ ഇടിവെട്ടേറ്റതുപോലെ ഒരഞ്ചുസെന്റ് സ്ഥലം, ഒരു ഓലമേഞ്ഞ വീട്, ഒരു റേഡിയോ ഇത്രയും മതി കേശവനെയറിയാൻ... നിലാവുള്ള ദിവസം അകത്ത് മെഴുകുതിരിയുടെ ആവശ്യമില്ല എന്നു പറഞ്ഞ് കാർത്യായനിയും കേശവനും

പിൻവാതിലിലൂടെ നോക്കുമ്പോൾ

ജോസഫ് ജോൺ | 5 സിവിൽ

പൊട്ടിച്ചിരിക്കാറുണ്ട്... ആ ചിരിയിൽ ഒരുപോട് ദുഃഖങ്ങൾ തങ്ങളറിയാതെ കോർത്തുപിണഞ്ഞു ചേരാറുമുണ്ട്...

വിമലയേക്കുറിച്ച് കേശവനെന്നും വേവലാതിയാണ്. മകൾക്ക് കൗമാരമാണെന്നോർക്കുമ്പോൾ കാർത്തുവിനും... ജോലിത്തിരക്കിനിടയിലും അയാൾ ഷർട്ടിൽ പറ്റിയ വിയർപ്പു ണങ്ങും മുമ്പേ സ്കൂളിനു മുന്നിലെത്തും... അച്ഛന്റെ കൈത്തു മ്പിൽ പിടിച്ച് മകൾവരുന്നതും കാത്ത് അമ്മ ഉമ്മറത്തിരിക്കും... സായാഹ്നത്തിൽ വെറുതെ എന്നും കാറ്റ് ആ കൂരയെ തഴുകി കടന്നുപോകും...

വിമല പ്ലസ്ടു പാസ്സായപ്പോൾ കേശവന്റെ നെഞ്ചിൽ ആള ലായിരുന്നു... ഇനി വിൽക്കാനും പെറുക്കാനുമൊന്നുമില്ല... ടയർ കമ്പനി നടത്തുന്ന നാണുവിനെ കണ്ടപ്പോൾ റോമെറ്റീരിയ ലിന്റെ വിലയിലെ കുതിച്ചുകയറ്റവും നിരത്തിവച്ചുകൊണ്ട് കൈയ്യൊഴിഞ്ഞപ്പോൾ മകളുടെ സ്വപ്നങ്ങൾക്ക് പൂമാല ചാർത്താൻ തനിക്ക് കഴിയാതെ പോയതിൽ മനംനൊന്ത് അയാൾ ആ ടയർ കമ്പനിയുടെ ഒരു മൂലയിൽ മാനത്തേക്ക് കണ്ണും നട്ടിരുന്നു... കണ്ണിൽ നിന്നടർന്നു വീണ കണ്ണീർത്തുള്ളി കൾ അയാളുടെ ചുണ്ടുകളിൽ മരിച്ചപ്പോൾ താനൊഴുക്കുന്ന വിയർപ്പിന് തന്റെ സ്വാദുമുകുളങ്ങളിലെവിയെയോ സ്ഥാനം കണ്ടെത്താൻ കഴിയുന്നുണ്ടെന്നയാൾക്കു തോന്നി.. പാതിയറ്റമ നസ്സുമായി കുടിലിലെത്തിയപ്പോൾ അയാൾക്കെന്തന്നില്ലാത്ത സന്തോഷംതോന്നി.. ഈശ്വരൻ വകയായിട്ട് ഒരു കുടിലെ ങ്കിലും തന്നല്ലോ....?

നാട്ടിലെ ബാങ്കുകളൊന്നും അയാളെ വകവയ്ക്കാതെ വന്ന പ്പോൾ നാട്ടിൽ വല്ലവരുടേയും കാൽക്കൽ വീഴുക എന്ന തീരു മാനം കേശവനെ പ്രതീക്ഷയുടെ മുൾമുനയിലെത്തിച്ചു...

മകളെ ബിരുദവും, ബിരുദാനന്തര ബിരുദവും പഠിപ്പിക്കാൻ അയാളുടെ കൈയ്യിലെ തുക അയാളെ അനുവദിക്കില്ല എന്ന ബോധത്തോടെ അയാൾ തന്റെ കുലത്തൊഴിലിൽ ശ്രദ്ധ ചെലു ത്തി.. അന്നന്നത്തെ അന്നത്തിന്റെ വകകണ്ടെത്താൻ അയാൾ ചൂടിനോട് മല്ലിട്ടപ്പോൾ അയാളെനോക്കി അയാളുടെ കൂരയും, തിണ്ണയും പൊട്ടിച്ചിരിക്കുന്ന പോലെ അയാൾക്കു തോന്നി... മകൾക്ക് കൗമാരത്തിന്റെ തുടിപ്പ് തഴച്ചുവളരുന്നത് കേശവന്റെ മനസ്സിലേക്ക് തീ കോരിയിട്ടുകൊണ്ടിരുന്നു...

അങ്ങനെയിരിക്കെയാണ് പഞ്ചായത്തിന്റെ 'പാർപ്പിടം' പദ്ധതി കേശവനെ അനുഗ്രഹിച്ചത്... ഈ പദ്ധതി പ്രകാരം ഒരേ ക്കർ സ്ഥലവും ഒരു വീടും കേശവന്റെ പേരിൽ ആ നാട്ടിൻപു റത്ത് കിലോമീറ്ററുകൾക്കപ്പുറം കുറിക്കപ്പെട്ടു... കേശവനും കാർത്യായനിക്കും അതിരറ്റ സന്തോഷമായി..

തന്റെ അഞ്ച് സെന്റ് സ്ഥലം വിറ്റ് പടിയിറങ്ങുമ്പോൾ...

താൻ നട്ട പപ്പായ തൈകൾ തന്നെ നോക്കികരയു ന്നപോലെ അയാൾക്ക് തോന്നി... തന്റെ അച്ഛനും അമ്മയും ഉറങ്ങുന്ന മണ്ണ് തന്റെ വിയർപ്പിന്റെ രുചി യറിഞ്ഞ കൂര, തന്റെ രഹസ്യങ്ങളറിഞ്ഞ ചുറ്റുപാ ട്... എല്ലാം തന്നിൽ നിന്ന് മാഞ്ഞുകൊണ്ടിരിക്കുക യാണ് എന്ന ചിന്ത അയാളെ വല്ലാതെ വേദനിപ്പി ച്ചു... കരഞ്ഞുകൊണ്ട് കൂരയിൽ നിന്ന് പടിയിറ ങ്ങുമ്പോഴും... വിമലയുടെ കൈയ്യിൽ കിടന്നു കൊണ്ട് റേഡിയോ... ശാശ്വതസംഗീതം മുഴക്കി ക്കൊണ്ടേയിരുന്നു...

പുതിയ ചുറ്റുപാടും, വീടും പറമ്പും കാർത്യായനിക്ക് നന്നേ ഇഷ്ടപ്പെട്ടു... വൈദ്യുതിയുടെ വെളിച്ചത്തിൽ തന്റെ പുസ്തകം തുറന്നുവച്ചപ്പോൾ വിമലയ്ക്ക് പൊട്ടിക്കരയണമെന്ന് തോന്നി... തന്റെ തൊഴിലിനെ മറന്നുകൊണ്ട് കേശവൻ പറമ്പിലെ തെങ്ങു കളേയും മറ്റും പരിചരിച്ചുകൊണ്ടിരുന്നു...

ഈ ഇടവമാസം കാർത്തുവിന് വിശേഷങ്ങളുടേതായിരു ന്നു... മഴപെയ്യുമ്പോൾ വിമലയെ കെട്ടിപിടിച്ചുകിടക്കാറുള്ള തും... മഴവെള്ളം പായത്തുമ്പത്ത് വീഴാറുള്ളതുംമറ്റും ഓർത്ത് കാർത്തു മകളെ തലോടിക്കൊണ്ടിരുന്നു... പക്ഷേ... തന്റെ മണ്ണിനെ വിട്ടുവന്ന കേശവന് ആ മണ്ണിന്റെ മണം മൂക്കിനെ പണ്ടെപ്പോഴോ മഥിച്ചിരുന്നതായി തോന്നി...

കാർത്തുവിന് വീടിന് ചുറ്റുപാടും ഒരുപാട് ബന്ധങ്ങൾ സ്ഥാപിക്കാൻ കഴിഞ്ഞപ്പോൾ കുടുംബശ്രീയിലൂടെ ഒരുപാട് വനിതകളുടെയിടയിൽ തന്റെ കഴിവുകൾ പ്രകടിപ്പിക്കാൻ കഴി ഞ്ഞു... അങ്ങനെയിരിക്കെ ഒരുപാട് കാർഷിക ലോണുകളും അവർ തരപ്പെടുത്തി... വീടിന്റെ തെക്കുഭാഗത്ത് വാഴകൃഷി... മു മ്പിൽ അഞ്ചാറ് തെങ്ങിൻതൈ... വടക്കുഭാഗത്ത് പച്ചക്കറികൾ അങ്ങനെയങ്ങിനെ മനോഹാരിതയുടെ അതിർവരമ്പുകൾക്ക പ്പുറം പുതിയ ഒരു നാളെ തങ്ങളെ കാത്തിരിക്കുന്നത് പോലെ അവൾക്ക് തോന്നി..

ഒരു ഇടവമാസത്തിലെ മഴവെള്ളപ്പാച്ചിലാണ് കാർത്തുവിന്റെ മനസ്സിനെ മുറിവേൽപ്പിച്ചത്; പച്ചക്കറികളും, വാഴകളും മറ്റും കാറ്റും, കാറും കാർന്നുതിന്നപ്പോൾ. ഉമ്മറത്ത് തളർന്ന് മൂന്ന് 'ആത്മാക്കൾ' വിതുമ്പിക്കൊണ്ടിരുന്നു... ഇനിയും പരീക്ഷണങ്ങളുടെ കൂരമ്പുകൾ തങ്ങൾക്ക് അപരിചിതമാണെന്ന് ഈശ്വരൻ ചിന്തിക്കുകയാണെന്ന മട്ടിൽ...

ബാങ്കുനോട്ടീസുകൾ വീടിന്റെ ഉമ്മറത്തു നിരന്നു വീഴാൻ തുടങ്ങിയപ്പോഴാണ്... വിമലയുടെ ബിരുദപഠനം അവസാനിച്ചത് ഒടുവിൽ തുടർപഠനത്തിനായി അച്ഛനെ മോഹമറിയിച്ചപ്പോൾ കൈമലർത്തുക എന്നതല്ലാതെ അയാൾക്കുമറ്റൊന്നും പറയാനു ണ്ടായിരുന്നില്ല...

അന്ന് രാത്രി കേശവന് തീരെ ഉറക്കംവന്നില്ല. ശക്തമായ മിന്നൽ തന്റെ ശരീരത്തെ കീറിമുറിക്കുന്നതായി അയാൾക്ക് തോന്നി... എത്രപെട്ടെന്നാണ് പൂർണ്ണങ്ങളെല്ലാം മാഞ്ഞുപോയ ത്... പാതിയറ്റത് എന്തോ.... തിരിച്ചുകിട്ടിയത് പോലെ തോന്നിയ താണ്... അതുറയ്ക്കും മുമ്പേ...

ഒരിക്കൽകൂടി അയാളെ തന്റെ കൂരയും മണ്ണും, ചുറ്റികയും ചൂടും മാടിവിളിക്കുന്നത് പോലെ തോന്നി... ദിനങ്ങൾക്കു മുമ്പിൽ തന്റെ ജീവിതത്തിൽ ആകെയൊരു ദുഃഖം വിമലമാത്ര മായിരുന്നു... ഇന്ന് കാർത്തുവും, വീടും എല്ലാം... മനസ്സിൽ മറ്റാർക്കും കത്തിച്ചുവായ്ക്കാത്ത ഒരു തിരി ഈശ്വരൻ തനി ക്കായി കത്തിച്ചുമാറ്റിവച്ചതെന്തേ...

കോരിച്ചൊരിയുന്ന മഴയിൽ ഒരു തോർത്തു മാത്രം ചുമലി ലിട്ടുകൊണ്ട് അയാൾ മെല്ലെ പിടിയിറങ്ങി... സമതലങ്ങൾക്ക പ്പുറം ഒരായിരം പേർ തന്റെ പിൻഗാമികളായുള്ളവർ അയാളെ ചിരിച്ചുകാണിക്കുന്നതുപോലെ അയാൾക്കു തോന്നി..

അകത്ത് വിമലയും കാർത്തുവും നിശയുടെ നിശബ്ദത യിൽ, മൂകരായി ഉറങ്ങുകയാണ്... നനഞ്ഞതോർത്ത് പിഴിഞ്ഞ് മുഖം തോർത്തികൊണ്ട് അയാളൊന്നുമാത്രം ചിന്തിച്ചിരിക്കാം....

"ഈ രാത്രി പുലരാതിരുന്നെങ്കിൽ..."

▲

A lost life

Ambily Antony | 8 Electronics

BE aware every morning that you may not last the day and every evening that you may not last the night.... Nearer to thee...

"Is there something which is more certain than life falling into the hands of death? Yet it is that we all dread-dead sure! Waiting is a dreadful task-so why not now?"

Immature logic! A logic that had gifted her 25 years of torment!

Wisdom creeps in rather late with the grey at the temples, as a gleam in the cataract afflicted eyes. Youth and wisdom is a rare mix-the winning recipe.

The momentary void felt as one log off from the virtual world and encounter the stark reality is really unbearable for a weak old heart. Her mind was terribly injured by the train of thoughts as she knelt down to pray before the altar of the chapel with other similar unwanted human forms. The sad note in the hymn being recited by the nuns could melt even the hardest of the rocks. Some were sobbing; others were at the verge of breakdown, their eyes welling up with tears. Still hard is to clutch your rosary, tightly shut your eyes and bear it all. That is exactly what she was doing now.

She felt soft, warm hands on her shoulders urging her to stand up. She turned to face the discerning smile of Sr. Agnes. She didn't bother to return the smile as she slowly made an attempt to rise, firming her weak knees and supporting herself on the enormous church pillar.

Yes, she was now on her own legs-a fact quite hard to believe after all these years. Thoughts of her torso lying half paralyzed for years on a bed in a dark corner of a damp room in the asylum were itself a torture. Then one day as though by some miracle her feet became tangible, they trembled by a gush of energy and soon she was toddling about. It was just 2 months back.

Now Sr. Agnes was guiding her along the sunlit verandah and into the common room. She helped her to a rocking chair by the window, smiled again and hurried out to attend to others still in the chapel. The clock was striking nine. She was supposed to be working now-no, it was rather her hobby-embroidery and knitting. She took out the half-knit jacket from the basket kept on the window sill and soon was busy-her face quite solemn and seemingly absorbed in what she was doing, or was she?

****

Rose was rather cross today with her mom for not letting her play in the rain. Her toddler brother Ryan had messed up her storybooks and was now pulling her plaited hair. What can be more annoying to a five year old girl? Determined, she got up from her swing and went out to play in the mud puddle. Before long she heard her mother calling her for lunch. She ran in wiping her muddy fingers on her frock.

"Where is Ryan?"

"I dun no!"

Memories were not clear after this. Did she hear someone shouting that the baby has drowned? Blank...

Yes, now she was in the hospital bed shivering under thick blankets.

Back at home, there was no Ryan. "Gone... Thou art with Christ...."

On school reopening Lena came to school with her cute little brother. If only Ryan was there.....

Fight. The end of which saw Lena and Rose with a broken arm each. Rose was taken to a child psychologist but with little results. As she grew up so did her illness. She was considered a threat to little children around-a monster. Soon she was under the treatment of a reputed psychiatrist and quickly recovered; but the society took long to recover from its fears. This gave room for thoughts to end her aimless, miserable life. The deed however spared her life but left her half paralyzed.

****

The bell rang sharp in her ears. The jacket was almost done. As she sat at the table for lunch with her friends at this shelter; she had new plans, her mind was younger and her life clearer than ever before her eyes. She quickly finished the meal and proceeded to her room for a nap. Lying on the bed, the same set of events was churning her brain blocking out sleep, which she now most wanted. "Close your eyes... think of nothing... lay still... sleep...."

****

Little Rose and her family were going out on a holiday. Ryan as usual was annoying her. He was wearing a blue jacket. Mom and Dad were busy packing. They all got into the car and rode off happily to a beautiful sunshine valley-green grass, springs and blossoms all around. All but her got off. They were now calling out to her. Hey Rose... Be quick!!!

"Wait... I....I'm coming!" As she finally pulled herself out she felt baby hands clutching her plaited hair. A cool breeze swept past carrying the fragrance of fresh jasmine buds.

****

. Agnes was astonished to find the old lady still asleep in her bed. A blue baby jacket lay close by-its sleeve entangled in her grey hair. Sr. Agnes rested her hand on the lady's forehead. It was ice cold.

____

Best Wishes from

RITAAN

RIT Alumni Association

Come out as an RITan + get into RITAAN

Strategic Development Programme
...targeting the silver jubilee of the college in 2016, the association plans capital development activities in the College.....

Current Development Programme
...the association establishes intranet connectivity between the various blocks of the College by December 2008.....

Be proud of...

Features
- *Over 2000 members*
- *Hub for all alumni*
- *Chapters across the globe*
- *Yearly get-together*
- *Frequent executive meetings*
- *Quarterly Newsletter, VAANI*
- Exclusive Home page

Programmes
- *Strategic Development Programme*
- *Current Development Programme*
- *Scholarship for students*
- *Lunch Assistance for students*
- *Best Teacher Awards*
- *Books for Library*
- *Techno-managerial Sessions*

WELCOME

To the members of tomorrow...

SKETCHES



വ്യക്തിത്വങ്ങൾ / ഓർമ്മക്കുറിപ്പുകൾ

നശ്വരതയ്ക്ക് തൊടാനാവാത്ത
വൈരുദ്ധ്യത്തിന്റെ സൗന്ദര്യം
സ്ഫുരിക്കുന്ന ഒരുപറ്റം
ഔട്ട്ലൈൻസ്

വിനോദ് കെ.യു. | 7 ഇലക്ട്രോണിക്സ്

കടമ്മനിട്ടയുടെ ഭാഷ കീഴാളന്റെ ഭാഷയാണ്. ഒപ്പം ആഢ്യവും, കാല്പനികവും ഒക്കെയാണ്. ആ ഭാഷ ആസ്വാദകനുമായി സംവദിക്കുന്നത് മൂർത്തമായ മനുഷ്യപ്രകൃതിയുടെ അടിസ്ഥാനത്തിലാണ്. ചൊല്ക്കാഴ്ചയിലൂടെയും കവിയരങ്ങുകളിലൂടെയും കവിതയുടെ നിത്യപ്രചാരകനായ കവി തന്റെ കവിതകളിലെല്ലാം നാടോടി സംസ്കാരത്തിന്റെ ഭാവി ശില്പങ്ങൾ പകർത്തിയിട്ടുണ്ട്. പടയണിയുടെ താളഘടനയിൽ കവി ഒരു ബിന്ദുവിൽ ഏകോപിപ്പിക്കുന്നത് വാക്കും ഭാവവും താളവുമൊക്കെയാണ്. അത് ആന്തരികമായ ഒരു പ്രവൃത്തിയാണെന്ന്, കടമ്മനിട്ട വിശ്വസിക്കുന്നു.

മാനുഷികതയുടെ പാട്ടുകാരൻ

"കൂടുതൽ നല്ല മനുഷ്യനായിത്തീരാനാണ് എല്ലാവർക്കും ആഗ്രഹം. അതിനുവേണ്ടി നാം പ്രവർത്തിക്കുന്നു. പ്രയത്നിക്കുന്നു. ആ അർത്ഥത്തിൽ കവിതയും ഒരു പ്രവർത്തനമാണ്." മാനുഷികതയുടെ മൂല്യത്തെ മുൻനിർത്തി കവിതയെന്ന വരമൊഴിയെ മലയാളിക്ക് ഇങ്ങനെ നിർവ്വചിച്ചുതന്നത് കടമ്മനിട്ട രാമകൃഷ്ണനാണ്. വരമൊഴിയുടെ സൗന്ദര്യം വാക്കുകളിൽ മാത്രമല്ല മറിച്ച് അർത്ഥപൂർണ്ണതയിലും ഭാവതീവ്രതയിലുമാണെന്ന് അനശ്വരനായ കവി സമർത്ഥിക്കുന്നത് സ്വന്തം കവിതകളിലൂടെ തന്നെയാണ്. കടമ്മനിട്ടക്കവിതകളുടെ ആസ്വാദകർ ബുദ്ധിജീവികൾക്കും വിദ്യാർത്ഥികൾക്കും പുറമേ തൊഴിലാളികളും നാട്ടിൽപുറക്കാരും ആണ് എന്നത് കടമ്മനിട്ടയുടെ കവിത എത്ര ജനകീയമാണ് എന്നതിന് തെളിവാണ്.

കടമ്മനിട്ടയുടെ ഭാഷ കീഴാളന്റെ ഭാഷയാണ്. ഒപ്പം ആഢ്യവും, കാല്പനികവും ഒക്കെയാണ്. ആ ഭാഷ

ആസ്വാദകനുമായി സംവദിക്കുന്നത് മൂർത്തമായ മനുഷ്യപ്രകൃതിയുടെ അടിസ്ഥാനത്തിലാണ്. ചൊല്ക്കാഴ്ചയിലൂടെയും കവിയരങ്ങുകളിലൂടെയും കവിതയുടെ നിത്യപ്രചാരകനായ കവി തന്റെ കവിതകളിലെല്ലാം നാടോടി സംസ്കാരത്തിന്റെ ഭാവ ശില്പങ്ങൾ പകർത്തിയിട്ടുണ്ട്. പടയണിയുടെ താളഘടനയിൽ കവി ഒരു ബിന്ദുവിൽ ഏകോപിപ്പിക്കുന്നത് വാക്കും ഭാവവും താളവുമൊക്കെയാണ്. അത് ആന്തരികമായ ഒരു പ്രവൃത്തിയാണെന്ന്, കടമ്മനിട്ട വിശ്വസിക്കുന്നു.

കവിത കവിക്ക് സ്വന്തം സത്വത്തെ കണ്ടെത്താനുള്ള ശ്രമമാണ്. ലോകത്തിന്റെ വർണ്ണശബളതകളിലുമല്ല

കവി തന്റെ സ്വത്വത്തെ തേടുന്നത്. മറിച്ച് പൊള്ളുന്ന നോവുകളിലാണ്, തെരുവുദൈന്യങ്ങളിലാണ്, വിയർപ്പിന്റെ നനവിലാണ്.

"അല്ലല്ല തോഴരേ,
ഞാനിവിടെയാണ്
ഈ വെറും മനുഷ്യന്റെ വ്യഥഭംഗങ്ങളിൽ
ഇക്കൊടും നോവിൽ കരാളസംഗങ്ങളിൽ..."

-ഞാനിവിടെയാണ്-

എങ്കിലും വീർപ്പുമുട്ടലുകൾക്കിടയിലും പുതിയവെട്ടത്തിന്റെ അനിവാര്യമായ മാറ്റങ്ങളുടെ, പുലരിവിടരുന്നത് കവി സങ്കല്പിക്കുന്നുണ്ട്.

ബിംബഭാവങ്ങളുടെ തീവ്രമായ ആവിഷ്ക്കാരമാണ്, കടമ്മനിട്ട കവിതകളുടെ മറ്റൊരു സവിശേഷത. ചിന്തയുടെ ചട്ടക്കൂടുകൾ ഭേദിച്ചതുകൊണ്ടുതന്നെയാണ് വിപ്ലവ പരതയെ കവിതയിൽ സൃഷ്ടിക്കുവാൻ കടമ്മനിട്ടയ്ക്കു കഴിയുന്നത്. സ്വയം ഉത്തരം കണ്ടെത്താനുള്ള ചോദ്യങ്ങൾ സമൂഹത്തിന്റെ മനസാക്ഷിയോടുള്ള ചോദ്യങ്ങളായിരുന്നു. കുറത്തിയെന്ന ബിംബത്തെ കവി ആവിഷ്ക്കരിച്ചതും അതുകൊണ്ടുതന്നെ. ആ കുറത്തി കീഴാളരുടെ, മർദ്ദിതരുടെ പ്രതിരൂപമാണ്. ആ കുറത്തി ഇങ്ങനെ ചോദിക്കുന്നു.

മാറ്റത്തിന്റെ വെട്ടം വീശേണ്ടത് യുവത്വമാണെന്ന് കടമ്മനിട്ടയ്ക്കറിയാമായിരുന്നു. അതിനുള്ള ആഹ്വാനമാണ് 'ഉയിർത്തെഴുന്നേൽപ്പ്' പ്രണയത്തിന്റെ നിരർത്ഥകതയും അതേസമയം അതിന്റെ അനശ്വരതയും ഭാവവിരേചനതയിലൂടെ ആവിഷ്ക്കരിക്കാൻ കവിക്ക് കഴിഞ്ഞിട്ടുണ്ട്. 'ശാന്ത', 'പരാതി', 'പുഴുങ്ങിയമുട്ടകൾ' തുടങ്ങിയ കവിതകൾ അത്തരത്തിലുള്ളതാണ്. മൂല്യശോഷണമാണ് മാനുഷികതയുടെ അന്ത്യത്തിന്റെ ആരംഭം എന്ന് കവി മുൻകൂട്ടി കണ്ടിരുന്നു.

"നിങ്ങളെന്റെ കറുത്ത മക്കളെ ചുട്ടുതിന്നുന്നോ?
നിങ്ങളവരുടെ നിറഞ്ഞ കണ്ണുകൾ ചൂഴ്ന്നെടുക്കുന്നോ?
നിങ്ങൾ ഞങ്ങടെ കുഴിമാടം കുളം തോണ്ടുന്നോ?
നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായെന്ന്"

-കുറത്തി-

നഷ്ടമാകുന്ന ഗ്രാമീണതയുടേയും, നന്മയുടെയും, സംസ്കാരത്തിന്റെയും വക്താവാണ് കടമ്മനിട്ടയുടെ കുറത്തി. സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടവരുടെ ആത്മാവാണ് കുറത്തി.

തിമിരം ബാധിച്ച് മനുഷ്യത്വം നഷ്ടപ്പെട്ടുപോയ നാഗരികതയുടെ വികൃതമുഖം 'നഗരത്തിൽ പറഞ്ഞ സുവിശേഷം' എന്ന കവിതയിൽ കവി വ്യക്തമാക്കുന്നുണ്ട്. അത് വർത്തമാനത്തിന്റെ തന്റെ വർണ്ണനയാണ്.

"ഐസുകട്ടയിൽ സൂക്ഷിക്കുന്ന
മീൻകണ്ണിന്റെ കാഴ്ചയാണീ നഗരത്തിന്
ശവക്കല്ലറകളുടെ നിറമാണീ നഗരത്തിന്
മക്കളുടെ മുമ്പിൽ ഉടുതുണിയൂരിയെറിഞ്ഞ്
തെറിപ്പാട്ടുപാടി പൊട്ടിച്ചിരിക്കയും പൊട്ടിക്കരയുകയും
തലയറഞ്ഞഴിഞ്ഞാടിത്തളരുകയും ചെയ്യുന്ന
ഭ്രാന്തിത്തള്ളയാണീ നഗരം."

-നഗരത്തിൽ പറഞ്ഞ സുവിശേഷം-

'റിയലിസ'ത്തിന്റെ പുതിയ മുഖമാണ് 'ചിത'യിലും 'ഇരുട്ടിലും' ഞാൻ തെണ്ടി' യിലുമൊക്കെ കാണാൻ കഴിയുന്നത്. നന്മകൾക്കുവേണ്ടിയുള്ള ഉദ്ബോധനമാണ് 'കടിഞ്ഞൂൽപ്പൊട്ടൻ'. നന്മയ്ക്കുവേണ്ടിയുള്ള കവിയുടെ പാട്ട് ഇങ്ങനെയാണ്.

'നിവർന്നു നടക്കണമുണ്ണീ, നിന്നുണ്ണി കൈകൾ
നിറയെക്കോരേണ്ടതു നന്മകൾ, വസുന്ധര
പകരും സ്നേഹത്തിന്റെ നന്മകൾ, അറിവിന്റെ
നന്മകൾ; എല്ലാവർക്കും നീ നല്ലവനായിത്തീരു'

-കടിഞ്ഞൂൽപൊട്ടൻ-

മാറ്റത്തിന്റെ വെട്ടം വീശേണ്ടത് യുവത്വമാണെന്ന് കട മ്മനിട്ടയ്ക്കറിയാമായിരുന്നു. അതിനുള്ള ആഹ്വാനമാണ് 'ഉയിർത്തെഴുന്നേൽപ്പ്'. പ്രണയത്തിന്റെ നിരർത്ഥക തയും അതേസമയം അതിന്റെ അനശ്വരവും ഭാവവിരേ ചനതയിലൂടെ ആവിഷ്ക്കരിക്കാൻ കവിക്ക് കഴിഞ്ഞി ട്ടുണ്ട്. 'ശാന്ത', 'പരാതി', 'പുഴുങ്ങിയമുട്ടകൾ' തുടങ്ങിയ കവിതകൾ അത്തരത്തിലുള്ളതാണ്. മൂല്യശോഷണ മാണ് മാനുഷികതയുടെ അന്ത്യത്തിന്റെ ആരംഭം എന്ന് കവി മുൻകൂട്ടി കണ്ടിരുന്നു. 'ഇരുട്ട്' എന്ന കവിത മനു ഷ്യത്വത്തിന്റെ മാനവിക മൂല്യത്തിന്റെ മൃതിയാത്രയാ ണ്. പറയുന്തോറും ഏറിവരുന്ന വാക്കുകളുടെ മഹാ പർവ്വംപോലെ കടമ്മനിട്ട കവിതകൾ അവശേഷിക്കുന്നു. ഇവ സൃഷ്ടിക്കുന്നത് അനശ്വരതയുടെ ഒരു അധ്യായ മാണ്.

ജീവിതത്തിന്റെ കാതലായ അനുഭവങ്ങളും, സ്വന്തം വികാരങ്ങളും, സ്നേഹവും, ദുഃഖവും, മൗനവും, ഏകാ ന്തതയും പ്രണയവുമൊക്കെ ഭാവദാർഢ്യതോടെ ആവി ഷ്കരിച്ചതാണ് കടമ്മനിട്ടക്കവിതകൾ. കവിത കവിക്ക് സ്വന്തം അസ്തിത്വസത്യങ്ങളിലെത്തിച്ചേരാനുള്ള ശ്രമ മാണ്. അത് സ്മരണകളുടെ പുനഃരാവിഷ്ക്കാരമാണ്, പുതിയ അനുഭവങ്ങളുടെ തേടലും. അതുകൊണ്ട് തന്നെ വായനയുടെ ഒരു പുത്തൻ മാനം ഈ കവിതകൾ അർ ഹിക്കുന്നു.

കവിതയെക്കുറിച്ച് William Wordsworth ഇങ്ങനെ പറയുന്നു

"Poetry is the spontaneous over flow of feelings, it take its origin from emotion recollected in tranquility.

പ്രശാന്തതയിൽ സൃഷ്ടി നേടി സ്വച്ഛമായി ഒഴുകുന്ന കടമ്മനിട്ടക്കവിതകൾ മലയാളിക്ക് സുപരിചിതമാണ്. കവിയെയും മലയാളത്തിന്റെ പ്രിയപ്പെട്ട കവി മലയാ ളിക്ക് ഒരു കനത്ത നഷ്ടമായി ജീവിതയവനികയ്ക്കു പിന്നിൽ മറഞ്ഞു. തന്റെ മിത്തിക്കൽ കാവ്യസൃഷ്ടിക ളിൽക്കൂടി കലാസൃഷ്ടിയുടെയും എഴുത്തുകാരന്റെയും ലക്ഷ്യബോധത്തെ അദ്ദേഹം മലയാളത്തിനു കാണിച്ചു തന്നു.

മുറുക്കിച്ചുവന്ന ചുണ്ടുകളിൽ താളം മൂളി, ഇടംതോ ളിലെ തുവർത്തുമുണ്ട്കൊണ്ട് മുകളിലേക്കുയർത്തി പഞ്ചാരി മേളത്തിന് താളം പിടിച്ച് പടയണിക്കോലത്തി നുമുമ്പിൽ നടക്കുന്ന രാമകൃഷ്ണൻ കടമ്മനിട്ടക്കാരുടെ നിത്യ വിസ്മയമാണ്. കാവ്യ സൃഷ്ടിയുടെ ഇന്ദ്രലോകം തീർത്ത് മലയാളിക്കും. കടമ്മനിട്ട എന്ന ഗ്രാമീണതയിൽ നിന്ന് കടൽസ്പർശം പോലെ ഒരു ശബ്ദമുയ രുന്നു.

"നെല്ലിൻതണ്ടു മണക്കും വഴികൾ
എള്ളിൻനാമ്പു കുരുക്കും വയലുകൾ
എണ്ണംതെറ്റിയ ഓർമകൾ വീണ്ടും
കുന്നിൽച്ചെരിവിൽ മാവിൻകൊമ്പിൽ
ഉണ്ണികളായി ഉറങ്ങിയെണീല്ക്കും."

ആ ശബ്ദത്തിന്റെയുടമ ഇടനെഞ്ചിൽ ചേർത്തുപിടിക്കുന്നുണ്ട് ഒരു കുറത്തിയെയും പിന്നെ ഒരു ശാന്തയേയും. ▲

എം.ടി. വാസുദേവൻ നായർ എന്ന സാഹിത്യ പ്രതിഭ തന്റെ രചനാ ജീവിതത്തിന്റെ തന്നെ ഷഷ്ടി പൂർത്തിയും അതിന് ഇന്നത്തെ തിളക്കവും, മാനവും നൽകിയ, അദ്ദേഹത്തിന്റെ രചനാ ജീവിതത്തിന്റെ അടയാള ചിഹ്നവുമായി മാറിയ 'നാലുകെട്ടിന്റെ' സുവർണ്ണ ജൂബിലിയും ഒന്നിച്ചാഘോഷിക്കുകയാണ് ഇന്ന്; ഈ വർഷത്തിലൂടെ. മലയാളത്തെ സ്നേഹിക്കുന്ന ആർക്കും വിട്ടുനിൽക്കാനാവില്ല ഈ ആഘോഷങ്ങളിൽ നിന്ന്. കാരണം ആഘോഷിക്കുന്നത് മലയാളിയുടെ സ്വന്തം എം.ടി. യാണ്.

ആനന്ദ് പി.കെ. | 5 ഇലക്ട്രിക്കൽ

നാലുകെട്ട്.... അകവും പുറവും

ആയിരത്തിതൊള്ളായിരത്തി മുപ്പത്തിമൂന്നിൽ പാലക്കാട് കൂടല്ലൂർ ഗ്രാമത്തിൽ ജനിച്ചു. നാട്ടിൻപുറത്തുകാരന്റെ നൻമ മനസിൽ സൂക്ഷിച്ച എം.ടിയുടെ സാഹിത്യ ജീവിതത്തിലാകമാനം കൂടല്ലൂർ ഗ്രാമം മുറ്റിനിൽക്കുന്നതായി കാണാം. അദ്ധ്യാപന രംഗത്തും, പത്രപ്രവർത്തന മേഖലയിലും എം.ടി തന്റെ യൗവനം ചിലവഴിച്ചു. ആദ്യമെഴുതിയ നോവൽ 'വളരുന്ന തലമുറ' വെളിച്ചം കണ്ടില്ല. കാരണം എം.ടി. യുടെ തന്നെ വാക്കുകളിൽ

"നമ്മൾക്ക് നമ്മളെഴുതിയത് ശരിയായിട്ടില്ല; എങ്കിൽ അത് കളയാൻ തോന്നണം."

നാലുകെട്ട് യഥാർത്ഥത്തിൽ പട്ടിണി എന്ന ക്രൂരമായ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള വെളിപാടായിരുന്നു. ഭക്ഷണത്തിന്റെ മാത്രമല്ല ശരീരത്തിനാവശ്യമായ എന്തിന്റേയും 'പട്ടിണി' ജീവിതത്തെ വ്യാഖ്യാനിക്കാൻ ഒരുപക്ഷെ ഈ നോവൽ വേണ്ടിവരില്ല എന്നാൽ തിരിച്ചറിയാതെ പോവുന്ന ജീവിതത്തിന് ഇത് വേണ്ടി വന്നേയ്ക്കും.

....“വളർന്ന് വളർന്ന് വലിയ ആളാവും കൈകൾക്ക് നല്ല കരുത്തുണ്ടാവും അന്ന് ആരെയും ഭയപ്പെടേണ്ടതില്ല. തലയുയർത്തിപ്പിടിച്ചു നിൽക്കണം 'ആരെടാ' എന്നു ചോദിച്ചാൽ പതുങ്ങാതെ ഉറച്ചസ്വരത്തിൽ പറയാം ഞാനാണ് കോന്തുണ്ണി നായരുടെ മകൻ അപ്പുണ്ണി.” ഇത്തരത്തിൽ ആണത്തത്തെ മുഴുനീളെ പ്രകടമാക്കുകയാണ് അപ്പുണ്ണി. ഒരു പക്ഷേ തന്റെ അച്ഛനെ കൊന്ന (?)സെയ്താലിക്കുട്ടിയോടുള്ള പക വെണ്ണയുരുകും പോലെ പോയതും, അവസാനം അപ്പുണ്ണി സെയ്താലിക്കുട്ടിയുടെ അടുത്തെത്തി ഒരു പക്ഷേ അയാളുടെ കാവൽക്കാരനായതിനു പിന്നിൽ, ആ വൈരുദ്ധ്യത്തിനു പിന്നിൽ ജീവിതം എന്ന സത്യം മാത്രം...

‘പാതിരാവും പകൽവെളിച്ചവും’ എന്ന നോവലിലൂടെ എം.ടി. ഒരു നോവലിസ്റ്റായി. അതിനു മുൻപായി അദ്ദേഹം ധാരാളം ചെറുകഥകൾ എഴുതിയിരുന്നു. പടക്കം, പള്ളിവാളും കാൽചിലമ്പും, തെറ്റും തിരുത്തും, എന്നീ കഥകൾക്കും, രക്തം പുരണ്ടമണൽതരികൾ, വേദനയുടെ പൂക്കൾ എന്നീ സമാഹാരങ്ങൾക്കും അദ്ദേഹം ജന്മം നൽകി. ഒൻപത് നോവലുകൾ (എം.പി. മുഹമ്മദുമായി ചേർന്നെഴുതിയ അറബിപൊന്ന് അടക്കം) എം.ടി.യുടേതായി ഇന്നുണ്ട്. മഞ്ഞ്, കാലം, രണ്ടാമൂഴം, അസുരവിത്ത്, വാരണസി, പാതിരാവും പകൽവെളിച്ചവും...

OXYGEN
the digital shop
Pulimoottil Arcade, K.K. Road, Kottayam
Mobe: 99472 44450
Phone: (Off) 0481-3251712, 2577712
E-mail : oxygendigitalshop@yahoo.co.in Web : www.oxygendigitalshop.com

എം.ടി. യെ ആധാരമാക്കിയുള്ള ഒരു ചർച്ചയ്ക്കുമപ്പുറം ഇന്ന് മലയാള സാഹിത്യത്തിലെ നോവലുകൾക്ക് പുത്തനുണർവ്വു പകർന്നു നൽകിയ നാലുകെട്ടിനെപറ്റി സംസാരിക്കുകയാവും ഉചിതം. ഒരു പക്ഷെ എം.ടി. അതിലേക്ക് ഒതുങ്ങുന്നില്ല എങ്കിലും.

എം.ടി.യ്ക്ക് കുറച്ചുവർഷങ്ങൾക്കു മുമ്പായി ഉണ്ടായ ഒരനുഭവം പ്രതിപാദിക്കട്ടെ. അദ്ദേഹത്തിന്റെ ജന്മനാടായ കൂടല്ലൂരിലേക്ക് നാലുകെട്ടും തേടി ഒരു സംഘം എത്തി. മലയാള സാഹിത്യത്തിലെങ്കിലും ഇതൊരു പുതുമയാവും നോവലിന്റെ - ഓർക്കുക നോവലിസ്റ്റിന്റെയല്ല - ഉത്ഭവം തേടി ഇങ്ങനെയൊരു യാത്ര. അതായിരുന്നു അഥവാ അതാണ് മലയാളിയ്ക്ക് നാലുകെട്ട്; സാഹിത്യവുമായി പുലബന്ധം പോലും പുലർത്താത്ത ഏതൊരാൾക്കും നാലുകെട്ട് വായിക്കുമ്പോഴുണ്ടാവുന്ന ‘സുഖം’ അത് വിവരണാതീതമായിരിക്കും. മലയാളിയുടെ വായനാസുഖത്തെ അഥവാ സംസ്കൃതിയെ ഇത്രയധികം സ്വാധീനിച്ച മറ്റൊരു കൃതി ഇല്ല എന്നു തന്നെ പറയാം. (ഖസാക്കിനോടുള്ള ബഹുമാനം കാത്തുകൊണ്ടുതന്നെ പറയട്ടെ) നാലുകെട്ട് വായിച്ച ഏതൊരാൾക്കും ഒരു നോവൽ എങ്ങനെയാവണം എന്നതിന് കൃത്യമായ ഒരുത്തരമുണ്ടാവും. ഒരു പക്ഷെ അതുതന്നെയാവും നാലുകെട്ടിന്റെ വിജയവും. അതുകൊണ്ടാവണമല്ലോ 22-ാം പതിപ്പ് നാലുകെട്ടിന്റെതായി ഇന്ന് ഇറങ്ങുന്നത്.

അപ്പുണ്ണി എന്ന കേന്ദ്രകഥാപാത്രത്തിന്റെ ബാല്യകൗമാരയൗവ്വനങ്ങളുടെ ആകെതുകയാണ് നാലുകെട്ട്

നാലുകെട്ടിലേയ്ക്ക്...

നാലുകെട്ട് യഥാർത്ഥത്തിൽ പട്ടിണി എന്ന ക്രൂരമായ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള വെളിപാടായിരുന്നു. ഭക്ഷണത്തിന്റെ മാത്രമല്ല ശരീരത്തിനാവശ്യമായ എന്തിന്റേയും ‘പട്ടിണി’. ജീവിതത്തെ വ്യാഖ്യാനിക്കാൻ ഒരുപക്ഷെ ഈ നോവൽ വേണ്ടിവരില്ല എന്നാൽ തിരിച്ചറിയാതെ പോവുന്ന ജീവിതത്തിന് ഇത് വേണ്ടി വന്നേയ്ക്കും.

തീർത്തും ആണത്തം നിറഞ്ഞ ഒരു കഥാപാത്രമാണ് അപ്പുണ്ണി. നാലുകെട്ട് തുടങ്ങുന്നതു തന്നെ ആണത്തം മുറ്റി നിൽക്കുന്ന വാക്യത്തിലൂടെയാണ്.

“വളരും വളർന്ന് വലിയ ആളാവും കൈകൾക്ക് നല്ല കരുത്തുണ്ടാവും അന്ന് ആരെയും ഭയപ്പെടേണ്ടതില്ല. തലയുയർത്തിപിടിച്ചു നിൽക്കാം ‘ആരെടാ’ എന്നു ചോദിച്ചാൽ പരുങ്ങാതെ ഉറച്ചസ്വരത്തിൽ പറയാം ഞാനാണ് കോന്തുണ്ണി നായരുടെ മകൻ അപ്പുണ്ണി.” ഇത്തരത്തിൽ ആണത്തം മുഴുനീളെ പ്രകടമാക്കുകയാണ് അപ്പുണ്ണി. ഒരു പക്ഷെ തന്റെ അച്ഛനെ കൊന്ന (?)സെയ്താലിക്കുട്ടിയോടുള്ള പക വെണ്ണയുരുകും പോലെ പോയതും, അവസാനം അപ്പുണ്ണി സെയ്താലിക്കുട്ടിയുടെ അടുത്തെത്തി ഒരു പക്ഷെ അയാളുടെ കാവൽക്കാരനായതിനു പിന്നിൽ, ആ വൈരുദ്ധ്യത്തിനു പിന്നിൽ ജീവിതം എന്ന സത്യം മാത്രം. എന്നും മനുഷ്യജീവിതത്തോടു ചേർന്ന് നിൽക്കുന്നവയാണ് എം.ടി.യുടെ കൃതികളും കഥാപാത്രങ്ങളും. അപ്പുണ്ണിതൊട്ട് സുധാകരനിലൂടെ വേലായുധൻകുട്ടിയിലെത്തി നിൽക്കുന്നു അത്. അതുകൊണ്ടുതന്നെ ആ ജീവിതത്തിൻ മേൽ പലയിടങ്ങളിലും വൈരുദ്ധ്യം മുറ്റിനിൽക്കുന്നത് നമുക്ക് കാണാം.

ആഗ്രഹിക്കുകയും, ആഗ്രഹിച്ചത് നേടുകയും ചെയ്ത മിടുക്കനായ മലയാളിയുടെ സാമ്പത്തികവും കുടുംബപരവുമായ സ്വപ്നങ്ങളുടെ അൻപതു വർഷങ്ങൾക്കു മുമ്പ് രചിക്കപ്പെട്ട വിജയഗാഥയാണ് നാലുകെട്ട്. 1950 കളിൽ, നാലുകെട്ട് എം.ടി. യുടെ മനസ് മാത്രം വായിച്ച കാലം. രാഷ്ട്രീയപരമായി ഇന്ത്യയ്ക്ക് പ്രധാന്യമുള്ള കാലം കൂടിയായിരുന്നു അത്. അതിന്റെ ഒരു നിഴൽ (പ്രത്യക്ഷത്തിലില്ലെങ്കിൽ പോലും) നോവലിലുടനീളം കാണാം.

മറ്റൊരു തരത്തിൽ മരുമക്കത്തായ സമ്പ്രദായത്തിന്റെ ആഴത്തിലുള്ള ഒരു വിശകലനമാണ് നാലുകെട്ട്. മരുമക്കത്തായ സമ്പ്രദായത്തിന്റെ നന്മതിന്മകൾ വളരെ വിശദമായി എം.ടി. പ്രതിപാദിച്ചിരിക്കുന്നു. അമ്മാവന്റെ ഏകാധിപത്യവും അതിൽ കിടന്നു നീറുന്ന ഒട്ടനവധി മനുഷ്യ ജന്മങ്ങളും പല പേരുകളിലൂടെ എം.ടി. പറയുന്നു. എങ്കിലും ഇന്ന് നമ്മുടെ അണുകുടുംബങ്ങളല്ലേ തകർന്ന നാലുകെട്ട് ബാക്കി വെച്ചത്? നാലുകെട്ട് സൃഷ്ടിക്കുന്ന (?) മിഥ്യാലോകത്തിന്റെ ഉള്ളുകള്ളിയാണ് ‘നാലുകെട്ട്’.

യഥാർത്ഥത്തിൽ അപ്പുണ്ണി ഇതിനൊക്കെതിരായി പൊരുതുന്ന ഒരു യോദ്ധാവാണ്. നാലുകെട്ടിന്റെ ‘അന്ത്യം’ എം.ടി. യുടെ വാക്കുകളിൽ.... നോവലിലൂടെ.....

മുറ്റത്തെ ഒതുക്കുകല്ലിന്റെ മുമ്പിലെത്തിയപ്പോൾ ചെറുപ്പക്കാരൻ നിന്നു പിറകെ നടന്ന സ്ത്രീയോടു പറഞ്ഞു.

“അമ്മ കയറിക്കോളൂ.”

അവർ സംശയിച്ചു നിൽക്കുന്നത് കണ്ട് അയാൾ പറഞ്ഞു.

“ധൈര്യമായി കയറാം”

തലയിൽ നാലഞ്ചു വെള്ളിവരകൾ വീണ ആ മെലിഞ്ഞ സ്ത്രീ കോലായിലേക്ക് കയറി

അപ്പോഴും പ്രായം ചെന്ന മനുഷ്യൻ മുറ്റത്ത് നിൽക്കുകയായിരുന്നു.

ചെറുപ്പക്കാരൻ പറഞ്ഞു: വരൂ.

അയാൾ അമ്മയുടെ പിറകെ പ്രവേശിക്കാനർഹതയില്ലാത്ത ഒരിടത്തേയ്ക്ക് കയറുന്ന വൈഷമ്യത്തോടെ ഒതുക്കു കയറി.

അകത്തുകയറിയപ്പോൾ സ്ത്രീ പറഞ്ഞു.

“എന്തൊരിരുട്ടാ അപ്പുണ്ണ്യേ ഇവിടെ ?

“പകലും ഇതിനകത്ത് ഇരുട്ടാണ് ഇവിടെ കാരണവന്മാരുടെ പ്രേതങ്ങളുണ്ടാവും പകലും ?

അമ്മ സംഭ്രമത്തോടെ അയാളുടെ മുഖത്തു നോക്കി.

“അമ്മ പേടിക്കണ്ട നാലുകെട്ട് പൊളിക്കാൻ ഏർപ്പാടു ചെയ്യണം, ഇവിടെ കാറ്റും വെളിച്ചവും കടക്കുന്ന ചെറിയ വീടുമതി.

നാലുകെട്ടിന്റെ ‘അന്ത്യം’ !!!

* * *

‘നാലുകെട്ടും‘ എം.ടി.യും ഒരിക്കലുമവസാനിക്കുന്നില്ല. അത് തുടരുന്നു പുതിയ പേരുകളിൽ പുതിയ ശൈലികളിൽ.... നിളയുടെ തീരങ്ങളിൽ.... കൂടല്ലൂരിന്റെ വേരുകളിൽ....

നിഖിൽ ജോയ് |5 ഇലക്ട്രോണിക്സ്

ഇമ്മിണി ബല്ല്യ ഒന്ന്...

"ബഷീർ, അദ്ദേഹംനടന്നുതീർന്ന വഴിയാണ്;

ചാരിയിരിക്കുന്ന കസേരയല്ല.

ബഷീർ അദ്ദേഹത്തിന്റെ തലയ്ക്കു മുകളിലുള്ള നിഴലല്ല,

കത്തിയെരിയുന്ന സൂര്യനാണ്.

അദ്ദേഹംകൊണ്ടവെയിലാണ്;

അദ്ദേഹം ഇരുന്ന തണലുകളല്ല"

(എം.എൻ. വിജയൻ)

ലാളിത്യത്തിന്റെ ഭാഷയെ ജീവനുതുല്യം സ്നേഹിച്ച് ജീവിതത്തിന്റെ നാനാമൂലകൾ മുട്ടിയിരുമ്മിയ വൈക്കം മുഹമ്മദ് ബഷീർ. നൂറാം ജന്മദിനത്തിൽ ഒഴുകി നീങ്ങുമ്പോഴും ഹൃദയങ്ങളിൽ നിന്ന് ഹൃദയങ്ങളിലേക്ക് പ്രയാണം ചെയ്തുകൊണ്ടിരിക്കുന്ന ബേപ്പൂർ സുൽത്താൻ എന്ന നാമധേയം ലഭിച്ച ബഷീറിനെക്കുറിച്ച് പറയുവാനേറെയുണ്ട്. പക്ഷേ വിവരിക്കാൻ വാക്കുകൾക്ക് ശക്തിയില്ലാത്തത് പോലെ ലാളിത്യത്തിന്റെ ചുവ അപ്പാടെ വറ്റിപോവുന്നത് പോലെ.

എന്തിങ്ങനെ വ്യക്തിഹരണമല്ല ഇനി ലോകാവസാനംവരെ സംഭവിക്കട്ടെ ചുണ്ടത്ത് ഒരു കുറ്റി ബീഡിയും തിരുകി മാങ്കോസ്റ്റിൻ ചുവട്ടിലെ ചാരുകസേരയിലിരുന്ന് പുറം വെളിച്ചം നോക്കിക്കാണുന്ന ആ മഹാവ്യക്തി എങ്ങിനെ മനസ്സിൽ നിന്ന് മാഞ്ഞ് പോവാനാണ് സാഹിത്യഭാഷയ്ക്ക് പുതുജീവൻ നൽകിയ വൈക്കത്തിനടുത്ത് തലയോലപ്പറമ്പിൽ ജനിച്ച് ബഷീറിന് 2008 ജനവരി 20 ന് നൂറ് വയസ്സ്. അറിയിക്കുവാനല്ലെങ്കിലും, ഓർക്കപ്പെടാനും അറിയപ്പെടാനും ബഷീറിന് ഈ നൂറു ജൻമദിനങ്ങൾ വേണ്ടിയിരുന്നില്ല. 'അതാവും'...

ബഷീറിന് ബഷീറിന്റെ ഭാഷയിലൂടെ ബഷീറിനെ അറിയണമായിരുന്നു

നിലാവിനെയല്ല തന്റെ നിഴലിനെയാണ് അദ്ദേഹം സ്നേഹിച്ചത്

ഉന്നതിയിലല്ല താഴ്മയിലാണ് ബഷീർതന്നെകണ്ടത്

പറയേണ്ടതല്ല, പറയപ്പെടേണ്ടതാണ് അദ്ദേഹം ആഗ്രഹിച്ചത് അങ്ങിനെയാണ് അദ്ദേഹം അദ്ദേഹമായത്."

മറക്കുവാനാവാത്ത, അവിശ്വസനീയമായ വ്യക്തിത്വത്തിനു മുമ്പിൽ-

നമുക്ക് തലകുനിക്കാം, ഇനിയും പ്രയാണം...

ലാളിത്യത്തിന്റെ ഭാഷയെ ജീവനു തുല്യം സ്നേഹിച്ച് ജീവിതത്തിന്റെ നാനാമൂലകൾ മുട്ടിയിരുമ്മിയ വൈക്കം മുഹമ്മദ് ബഷീർ, നൂറാം ജൻമദിനത്തിൽ ഒഴുകി നീങ്ങുമ്പോഴും ഹൃദയങ്ങളിൽ നിന്ന് ഹൃദയങ്ങളിലേക്ക് പ്രയാണം ചെയ്തുകൊണ്ടിരിക്കുന്ന ബേപ്പൂർ സുൽത്താൻ എന്ന നാമധേയം ലഭിച്ച ബഷീറിനെക്കുറിച്ച് പറയുവാനേറെയുണ്ട്, പക്ഷേ വിവരിക്കാൻ വാക്കുകൾക്ക് ശക്തിയില്ലാത്തത് പോലെ ലാളിത്യത്തിന്റെ ചുവ അപ്പാടെ വറ്റിപോവുന്നത് പോലെ.

KALAMIC



MUSINGS

1989 May 21st - it was the night before the test flight of India's medium range surface to surface ballistic missile Agni-1. Our defence minister K.C. Panth had a meeting with his scientists. He was so sure of the success of the flight that he enquired "what do you want me to give you for celebrating tomorrows success?" One of his scientists replied :We need nothing other than 1 lakh saplings to be planted in RCI " This modest scientist was none other than our former president, the missile man, Dr. APJ. Abdul kalam.

Avul Pakkire Jainulabdeen Abdul Kalam was born in 1931 in Rameshwaram, the village of temples in Tamil Nadu. His parents who were poor, had no formal education, but their industrious nature always inspired young Kalam. He has credited his School teachers Iyyadurai Solomon as the one who taught him the great lesson of success in life. The lesson was that, "if you want to accomplish anything in life you will have to dream of it and will have to believe that you will definitely achieve it."

After doing his degree in Physics, he joined M.I.T and specialized in Aeronautical engineering. This institution played the key role in moulding Dr. Kalam, one of the pioneers in Indian Space research.

